വാല്യം 5
ഇഷ്യു 3

ഡിസംബർ 2019

# നിയമധ്വനി

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം





കേരള സർക്കാർ

നിയമ വകുപ്പ് പ്രസിദ്ധീകരണം



# നിയമധ്വനി

## പത്രാധിപ സമിതി

*ചീഫ് എഡിറ്റർ*
**പി. കെ. അരവിന്ദബാബു**
നിയമ സെക്രട്ടറി

*എഡിറ്റർ*
**എൽ. ശോഭാ നായർ**
അഡീഷണൽ നിയമ സെക്രട്ടറി

*അംഗങ്ങൾ*
**ഗ്രാൻസി. റ്റി. എസ്.**
ജോയിന്റ് സെക്രട്ടറി

**സോണിഷ്. കെ.**
സെക്ഷൻ ആഫീസർ

**ശ്രീരഞ്ജിത്. എം. സി.**
അസിസ്റ്റന്റ് ലീഗൽ ആഫീസർ

**സഞ്ജയ് കുമാർ. വി. കെ**
ലീഗൽ അസിസ്റ്റന്റ്



*പുറംതാൾ രൂപകല്പന*
**രൂപകല്പന വിഭാഗം**
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം-2020

*വിലാസം*
നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം-695 001.

*ഫോൺ*
0471-2517064, 0471-2517066



## പ്രസാധക കുറിപ്പ്

മലയാളികളുടെ മാതൃഭാഷയായ മലയാളം ദ്രാവിഡ ഭാഷാ കുടുംബത്തിൽപെടുന്നു. ദ്രാവിഡ ഭാഷയിൽ നിന്നുണ്ടായതാണ് മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, തുളു തുടങ്ങിയ ഭാഷകൾ എന്നാണ് ഭാഷയുടെ ഉത്പത്തിയെക്കുറിച്ചുള്ള പ്രധാന അവകാശവാദം. കൈരളി, മലനാട്ഭാഷ എന്നും അറിയപ്പെടുന്ന മലയാളം ഇന്ത്യയിലെ ശ്രേഷ്ഠഭാഷാ പദവി ലഭിച്ച അഞ്ചാമത്തേതും ഇന്ത്യൻ ഭരണഘടനയിലെ എട്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ഭാഷയാണ്. ദേശാഭിമാനത്തിന്റെ മുഖമുദ്രയായ മാതൃഭാഷയുടെ പ്രചുര പ്രചാരണത്തിനായി നിയമവകുപ്പിൽനിന്നും സാധാരണക്കാരന്റെ നിയമ അവബോധത്തിന് ഒരു മുതൽക്കൂട്ടാകാനുതകുന്ന രീതിയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും പ്രസക്തമായ പ്രമുഖ വിധിന്യായങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ഉൾക്കൊള്ളിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചു വരുന്ന **നിയമ ധ്വനി** യുടെ 2019 ഡിസംബർ മാസപതിപ്പ് മാന്യ വായനക്കാർക്ക് സമർപ്പിച്ചുകൊള്ളുന്നു.

എല്ലാ വായനക്കാർക്കും ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടെയും ക്രിസ്തുമസ് നവവത്സര ആശംസകൾ നേർന്നുകൊണ്ട്;

ആശംസകളോടെ,

**അരവിന്ദബാബു. പി. കെ**
നിയമ സെക്രട്ടറി.

നിയമ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം
19-11-2019

# സുപ്രീം കോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് രഞ്ജൻ ഗോഗോയി

&

ബഹു. ജസ്റ്റിസ് അഭയ് മനോഹർ സപ്രേ

&

ബഹു. ജസ്റ്റിസ് ആർ. ബാനുമതി

ക്രിമിനൽ അപ്പീൽ നം. 129/2014

രവിയും മറ്റുള്ളവരും

Vs

സ്റ്റേറ്റ് ഓഫ് കർണാടക

2018 മേയ് 9-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**മരണം സംഭവിച്ചിട്ടുള്ളതിനും പരേതന്റെ ചങ്ങാത്തത്തിൽ പ്രതിയെ അവസാനം കണ്ടതിനും ഇടയിലുള്ള ഇടവേള കുറ്റകൃത്യത്തിലേക്കുള്ള ഒരു നിഗമനത്തിൽ ന്യായമായി എത്തുന്നതാകണം, ഇടവേള വളരെയധികം വലുതാകുമ്പോൾ, നിലവിലെ കേസിലേതുപോലെ, ദൃഢീകരിക്കുന്ന തെളിവ് അന്വേഷിക്കുന്നതായിരിക്കും കോടതിക്ക് സുരക്ഷിതം. നിലവിലെ കേസിൽ ഒരു ദൃഢീകരണവും മുന്നോട്ടു വരുന്നില്ല.**

### വിധിന്യായം

1860-ലെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ (ചുരുക്കത്തിൽ ''ഐ.പി.സി'') 302-ാം വകുപ്പിൻകീഴിൽ അപ്പീൽവാദികളുടെ കുറ്റസ്ഥാപനം നിലനിർത്തുകയും 10,000 രൂപയോടൊപ്പം ഓരോരുത്തർക്കും ജീവപര്യന്തം തടവുശിക്ഷ സ്ഥിരീകരിക്കുകയും ചെയ്ത കർണാടക ഹൈക്കോടതിയുടെ 2013 ജൂൺ 19-ാം തീയതിയിലെ വിധിന്യായത്തേയും ഉത്തരവിനേയുമാണ് രണ്ട് അപ്പീൽവാദികൾ ഈ അപ്പീലിൽ ചോദ്യംചെയ്തിരിക്കുന്നത്. പ്രോസിക്യൂഷൻ കേസ് മൂന്ന് സാഹചര്യങ്ങളെ പൂർണ്ണമായി ആശ്രയിച്ചിരിക്കുന്നതും ആയത് ഹൈക്കോടതി താഴെ പറയും പ്രകാരം വിശദീകരിച്ചിരിക്കുന്നു:

(i) പരേതൻ പണം കടം വാങ്ങുകയും തിരിച്ചുകൊടുക്കാതെ രാമനഗരം വിട്ടു പോകുകയും ചെയ്തു.

(ii) പി.ഡബ്ല്യു.1 നോടും പി.ഡബ്ല്യു.2 നോടും സംസാരിച്ചിട്ടുള്ളതുപോലെ പരേതൻ എ1-ഉം എ2-ഉം ആയി ചങ്ങാത്തത്തിലായിരുന്നു.

(iii) ഡോക്ടറുടെ റിപ്പോർട്ട് മരണം കൊലപാതകമാണെന്ന് സൂചിപ്പിക്കുന്നു.

2. പ്രതി അപ്പീൽവാദികളും പരേതനും സുമയോടും (പി.ഡബ്ല്യു.1) രാമാനായിക്കിനുമൊപ്പം (പി.ഡബ്ല്യു.2) 2004

ഡിസംബർ 26-ന് കൃത്യമായ സമയം ഉച്ചയ്ക്ക് ഏകദേശം 1.30-ന് ഒരുമിച്ച് ഉണ്ടായിരുന്നു. മൃതശരീരം നാല് (4) ദിവസങ്ങളുടെ ഒരു ഇടവേളയ്ക്കുശേഷം, അതായത്, 2004 ഡിസംബർ 30-ന് വീണ്ടെടുത്തു. പോസ്റ്റുമോർട്ടം പരിശോധനയ്ക്ക് 30 മണിക്കൂറിനു മുമ്പുള്ള സമയമാണ് മരണം നടന്നിട്ടുള്ളതെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട് സൂചിപ്പിക്കുന്നു. മൃതശരീരം 2004 ഡിസംബർ 26-ന് 1.30 പി.എം. മുതൽ ഏകദേശം രണ്ട് (2) ദിവസങ്ങൾക്ക് ശേഷമാണ് വീണ്ടെടുത്തതെന്ന വസ്തുത, അതിനാൽ മെഡിക്കൽ തെളിവ് സൂചിപ്പിക്കുന്നു. മുകളിൽ പ്രസ്താവിച്ച തെളിവിന്റെ അടിസ്ഥാനത്തിൽ പ്രതിയുടെ കുറ്റസ്ഥാപനം നിയമപരമായി നിലനിൽക്കുന്നതാണോ എന്നതാണ് കോടതി അഭിമുഖീകരിക്കുന്ന തർക്കവിഷയം.

3. "അവസാനം ഒരുമിച്ചു കണ്ടു" എന്നത് തീർച്ചയായും പ്രതിക്കെതിരെയുള്ള സാഹചര്യത്തെളിവിന്റെ ഒരു ശക്തമായ ഭാഗമാണ്. എന്നിരുന്നാലും, ഈ കോടതിയുടെ അസംഖ്യം വിധിന്യായങ്ങളിൽ വിധിച്ചിട്ടുള്ളതുപോലെ, മരണം സംഭവിച്ചിട്ടുള്ളതിനും പരേതന്റെ ചങ്ങാത്തത്തിൽ പ്രതിയെ അവസാനം കണ്ടതിനും ഇടയിലുള്ള ഇടവേള കുറ്റകൃത്യത്തിലേക്കുള്ള ഒരു നിഗമനത്തിൽ ന്യായമായി എത്തുന്നതാകണം, ഇടവേള വളരെയധികം വലുതാകുമ്പോൾ, നിലവിലെ കേസിലേതുപോലെ, ദൃഢീകരിക്കുന്ന തെളിവ് അന്വേഷിക്കുന്നതായിരിക്കും കോടതിക്ക് സുരക്ഷിതം. നിലവിലെ കേസിൽ ഒരു ദൃഢീകരണവും മുന്നോട്ടുവരുന്നില്ല. മുകളിൽ സൂചിപ്പിച്ചതൊഴികെയും അവസാനം ഒരുമിച്ചു കണ്ടു എന്ന സാഹചര്യത്തിന്റെ ദൃഢീകരണത്തിന്റെ അഭാവത്തിലും പ്രതി അപ്പീൽവാദികൾക്കെതിരെ ആരോപിക്കപ്പെട്ട കുറ്റകൃത്യത്തിൽ, അവരുടെ ഇടപെടലിനെ സംബന്ധിച്ച് ന്യായീകരിക്കാവുന്ന സംശയം സ്വീകരിക്കാൻ കഴിയും എന്നാണ് ഞങ്ങളുടെ കാഴ്ചപ്പാട്. 1872-ലെ തെളിവു നിയമത്തിലെ 106-ാം വകുപ്പിൻകീഴിലെ ബാദ്ധ്യത മേൽപ്പറഞ്ഞ വസ്തുതാ സാഹചര്യത്തിൽ മാറിയിട്ടില്ലാത്തതും, ആ സ്ഥിതി ഈ കോടതി **മല്ലേഷപ്പാ Vs സ്റ്റേറ്റ് ഓഫ് കർണാടക** മനു/എസ്‌സി/7939/2007: (2007) 13 എസ്‌സിസി 399: എ.ഐ.ആർ 2008 എസ് സി 69-ൽ പ്രതിപാദിച്ചിരുന്നതും ആയതിൽ ഈ കോടതിയുടെ **മൊഹിബർ റഹ്മാൻ Vs സ്റ്റേറ്റ് ഓഫ് ആസ്സാം** [മനു/എസ് സി/0690/2002: (2002) 6 എസ്‌സിസി 715: എ.ഐ.ആർ 2002 എസ്.സി 3064] പ്രസക്തമാകുന്നതുമാണ്. **മൊഹിബുർ റഹ്മാൻ**-ലെ (മുകളിലെ) പ്രസ്തുത വീക്ഷണം താഴെ പ്രയോജനകരമായി എടുത്തു കാണിക്കാവുന്നതാണ്:

> 10. അവസാനം ഒരുമിച്ചു കണ്ട സാഹചര്യം, അതുകൊണ്ടുതന്നെ, പ്രതിയാണ് കുറ്റം ചെയ്തിട്ടുള്ളതെന്ന നിഗമനത്തിലേക്ക് നിർബന്ധമായും നയിക്കുന്നില്ല. പ്രതിയും കുറ്റകൃത്യവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനായി അവിടെ എന്തെങ്കിലും കൂടുതലായി ഉണ്ടാകണം. പ്രതിയെ പരേതന്റെ ഒപ്പം അവസാനമായി കണ്ടു എന്നും മരണം നടന്നു എന്ന വസ്തുതയ്ക്കും ഇടയ്ക്കുള്ള സ്ഥലത്തിന്റെയും സമയത്തിന്റെയും അടുപ്പത്തിന്റെ കാരണത്താൽ, വിവേകമുള്ള ഒരു മാനസികാവസ്ഥയ്ക്ക് എങ്ങനെയെന്നും ഏതു സാഹചര്യത്തിലാണ് ഇര മരണപ്പെട്ടതെന്നോ നരഹത്യയിൽ അയാൾക്കുള്ള ബാദ്ധ്യത വിശദീകരിക്കാൻ കഴിയുമോ എന്ന ചെറുക്കാനാവാത്ത ഒരു നിഗമനത്തിൽ എത്തിച്ചേരാവുന്ന കേസുകളും ഉണ്ടാകാം. നിലവിലെ കേസിൽ സമയവും സ്ഥലവും തമ്മിൽ

അത്തരം യാതൊരു അടുപ്പവുമില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ, പരേതനെ പ്രതിയോടൊപ്പം അവസാനമായി കണ്ടതിനു ഏതാണ്ട് 14 ദിവസത്തിനു ശേഷം മൃതശരീരം വീണ്ടെടുത്തിട്ടുള്ളതാണ്. രണ്ടു സ്ഥലങ്ങളും തമ്മിലുള്ള ദൂരം ഏതാണ്ട് 30-40 കിലോമീറ്ററാണ്. ഇരുപ്രതികളും പരേതനെ പിരിഞ്ഞിട്ടുള്ളതും, അപ്രകാരം അവസാനം ഒരുമിച്ചു കണ്ടതും (ലിലിമാ രാജ്ബോങ്ഷി, പി.ഡബ്ല്യു.6) സമയവും സ്ഥലവും സൂചിപ്പിച്ചുകൊണ്ട് ഇരയുടെ മരണവുമായി യാതൊരു അടുത്ത സാമീപ്യത്തിനും ആധാരമാകുന്നില്ല. ഡോക്ടർ രത്തൻ ത്ധാ ദാസ് പറയുന്ന പ്രകാരം മരണം സംഭവിച്ചിട്ടുള്ളത് 9-2-1991-ന് 5 മുതൽ 10 ദിവസങ്ങൾക്കു മുമ്പാണ്. 24-1-1991-നോ അതിനുശേഷം ഉടനെയോ പരേതൻ മരിച്ചിട്ടുണ്ടെന്ന് മെഡിക്കൽ തെളിവുകൾ സ്ഥാപിച്ചിട്ടില്ലാത്തതും, സ്ഥാപിക്കുവാൻ ലഭ്യമായ മറ്റ് യാതൊരു തെളിവും ഇല്ലാത്തതുമാണ്. പ്രതി മൊഹിബുർ റഹ്മാനെ സംബന്ധിച്ചിടത്തോളം, ഇത് അയാൾക്കെതിരെ ലഭ്യമായ ഏക സാഹചര്യത്തെളിവാണ്. വീണ്ടെടുക്കലിനെപ്പറ്റിയുള്ള തെളിവ് ഞങ്ങൾ പരിശോധിച്ചിട്ടുള്ളതും അയാളെ ഏതെങ്കിലും വീണ്ടെടുക്കലുമായി ബന്ധപ്പെടുത്തുവാൻ കഴിയുകയില്ലെന്നും വിധിച്ചിട്ടുള്ളതാണ്. മരണത്തിനു മുമ്പ് തിട്ടപ്പെടുത്താനാവാത്ത കുറച്ചു ദിവസങ്ങൾ അയാളെ പരേതനോടൊപ്പം കണ്ടതുകൊണ്ടുമാത്രം പരേതന്റെ മരണത്തിനു കാരണമായ കുറ്റം ചെയ്തതിന് അയാളെ ബാദ്ധ്യസ്ഥനാക്കാൻ കഴിയില്ല. ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ 201-ാം വകുപ്പിൻ കീഴിലുള്ള കുറ്റകൃത്യത്തെ സംബന്ധിച്ചിടത്തോളം സാരവത്തായ യാതൊരു തെളിവും അയാൾക്കെതിരെ ഇല്ല. കുറ്റവിമുക്തനാകാൻ അർഹനാണ്.

മുകളിൽ പരാമർശിച്ചതിന്റെ വെളിച്ചത്തിൽ, ഈ അപ്പീൽ അനുവദിക്കേണ്ടതും കുറ്റകൃത്യത്തിലുള്ള അവരുടെ ഇടപെടലിനെ സംബന്ധിച്ചുള്ള ന്യായമായ സംശയത്തിന്റെ അടിസ്ഥാനത്തിൽ പ്രതി അപ്പീൽവാദികളെ കുറ്റവിമുക്തരാക്കേണ്ടതാണ് എന്നാണ് ഞങ്ങളുടെ വീക്ഷണം. ഞങ്ങൾ അപ്രകാരം ഉത്തരവിടുന്നു. തത്ഫലമായി, ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ 302-ാം വകുപ്പിൻകീഴിലുള്ള പ്രതി അപ്പീൽവാദികളുടെ കുറ്റസ്ഥാപനവും ചുമത്തിയിട്ടുള്ള ജീവപര്യന്തം തടവുശിക്ഷയും അസ്ഥിരപ്പെടുത്തുന്നു. മറ്റേതെങ്കിലും കേസുമായി ബന്ധപ്പെട്ട് അവരുടെ കസ്റ്റഡി ആവശ്യമില്ലെങ്കിൽ പ്രതി അപ്പീൽവാദികളെ ഉടനെതന്നെ മോചിപ്പിക്കേണ്ടതാണ്.

*———————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആർ. ബാനുമതി

&

ബഹു. ജസ്റ്റിസ് ഇന്ദിരാ ബാനർജി

ക്രിമിനൽ അപ്പീലുകൾ 2368-2369/2009 129/2014

കമലയും മറ്റുള്ളവരും

Vs

എം. ആർ. മോഹൻ കുമാർ

2018 ഒക്ടോബർ 24-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**ഒരു ദീർഘകാല സമയത്തേക്ക് ഒരു പുരുഷനും സ്ത്രീയും ഭാര്യാഭർത്താക്കന്മാരായി ജീവിച്ച കേസുകളിൽ പോലും 125-ാം വകുപ്പ് പ്രകാരമുള്ള ഉപകാരപ്രദമായ നിബന്ധനയായ ജീവനാംശത്തിന്റെ ശരിയായ സ്വഭാവവും ഉള്ളടക്കവും നിറവേറ്റുന്നതിനുവേണ്ടി ക്രിമിനൽ നടപടി സംഹിതയുടെ 125-ാം വകുപ്പു പ്രകാരമുള്ള ജീവനാംശത്തിനു വിവാഹം സംബന്ധിച്ച കൃത്യമായ തെളിവ് ഒരു മുൻഉപാധിയല്ല.**

വിധിന്യായം

ജസ്റ്റിസ് ആർ. ബാനുമതി

അപ്പീൽവാദി ഭാര്യയ്ക്കും മക്കൾക്കും ജീവനാംശം നൽകുന്നതിന് എതിർകക്ഷിയെ നിർദ്ദേശിച്ചുകൊണ്ടുള്ള കുടുംബകോടതിയുടെ വിധിന്യായം അസ്ഥിരപ്പെടുത്തിയ കർണാടക ഹൈക്കോടതിയുടെ 16-6-2009 തീയതിയിലെ 103/2008-ഉം 21/2009-ഉം നമ്പർ ആർ.പി.എഫ്.സി.-യിൽ നിന്നുമാണ് ഈ അപ്പീലുകൾ ഉത്ഭവിച്ചിട്ടുള്ളത്.

2. 1-ാം അപ്പീൽവാദിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം അവരുടെ മാതാപിതാക്കളുടെ ഇച്ഛയ്ക്കുവിരുദ്ധമായി 18-7-1998-ൽ ശ്രീരംഗപട്ടണത്തിനടുത്തുള്ള കരിഘട്ട ക്ഷേത്രത്തിൽ വച്ച് നടന്നിട്ടുള്ളതും യഥാക്രമം 9-5-2001-നും 18-7-2003-നും 2-ാം അപ്പീൽവാദി മകളും 3-ാം അപ്പീൽവാദി മകനും ആ വിവാഹബന്ധത്തിൽ ജനിച്ചിട്ടുള്ളതും മൈസൂറിലെ സരസ്വതിപുരത്തുള്ള ഒരു വീട്ടിൽ അവർ വാടകയ്ക്കു താമസിക്കുകയും ചെയ്തിട്ടുള്ളതാണ് എന്നാണ് അപ്പീൽവാദികളുടെ കേസ്. 1-ാം അപ്പീൽവാദിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം നിലനിൽക്കുമ്പോൾ, എതിർകക്ഷി അയാളുടെ സഹപ്രവർത്തകയായിരുന്ന ഒരു അർച്ചനയെ 1-4-2005-ൽ

മറ്റു തെളിവുകളുമായി കൂടിച്ചേരുകയും വിവാഹത്തിന്റെ വസ്തുത വ്യക്തമായി സ്ഥാപിക്കുകയും ചെയ്യുന്നു.

21. വാക്കാലും പ്രമാണങ്ങളാലുമുള്ള തെളിവുകളെ അടിസ്ഥാനമാക്കി അവിടെ സാധുതയുള്ള ഒരു വിവാഹമുണ്ടായിരുന്നതായി കുടുംബകോടതി വിധിക്കുമ്പോൾ, റിവിഷണൽ കോടതിയായ ഹൈക്കോടതിക്ക് തെളിവ് പുനർനിശ്ചയിക്കുവാനും വസ്തുതാ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി അതിന്റെ കാഴ്ചപ്പാടുകൾ പകരം വയ്ക്കുവാനും സാദ്ധ്യമല്ല. ക്രിമിനൽ നടപടി നിയമസംഹിതയിലെ 125-ാം വകുപ്പ് പ്രകാരമുള്ള നടപടികളിൽ വിവാഹത്തിന്റെ കൃത്യമായ തെളിവ് ആവശ്യമില്ലെന്ന് ഹൈക്കോടതി അഭിപ്രായപ്പെടേണ്ടതില്ല. സാധുതയുള്ള വിവാഹത്തിന്റെ നിലനിൽപ്പിനെപ്പറ്റി കുടുംബകോടതി രേഖപ്പെടുത്തിയിട്ടുള്ള കണ്ടെത്തലുകളിൽ ഹൈക്കോടതി ഇടപേടേണ്ടിയിരുന്നില്ല.

22. ഫലത്തിൽ, 16-06-2009-ലെ ആർ.പി.എഫ്.സി. നമ്പർ 103/2008-ലേയും ആർ.പി.എഫ്.സി. 21/2009-ലേയും ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായം അസ്ഥിരപ്പെടുത്തുകയും ഈ അപ്പീലുകൾ അനുവദിക്കുകയും ചെയ്യുന്നു. എതിർകക്ഷികൾ മൈസൂർ കുടുംബകോടതി നിർദ്ദേശിച്ചതുപോലെ, ജീവനാംശ കുടിശ്ശിക അപ്പീൽവാദികൾക്ക് രണ്ടു മാസത്തിനുള്ളിൽ നൽകേണ്ടതാണ്. കൂടുതലായി, എല്ലാ ഇംഗ്ലീഷ് കലണ്ടർ മാസത്തിലും 10-നോ അതിനു മുമ്പായോ ജീവനാംശം തുടർന്നും കൊടുക്കേണ്ടതാണ്. അപ്പീൽവാദികൾക്ക് ജീവനാംശം കൂടുതൽ ലഭിക്കുന്നതിനുവേണ്ടി കുടുംബകോടതിയിൽ അപേക്ഷിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്.

*————*

## ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആർ. ബാനുമതി

&

ബഹു. ജസ്റ്റിസ് ഇന്ദിരാ ബാനർജി

(ക്രിമിനൽ അപ്പീൽ നമ്പർ 1550/2018)

[2016-ലെ പ്രത്യേക അനുമതി ഹർജി (ക്രിമിനൽ) നമ്പർ 382-ൽ നിന്നും ഉത്ഭവിച്ചത്]

എം. അർജുനൻ

**Vs**

ദി സ്റ്റേറ്റ്

2018 ഡിസംബർ 4-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഇന്ത്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പ് പ്രകാരം പരേതനെ അപമാനിക്കുന്നതിന് അസഭ്യഭാഷ ഉപയോഗിച്ചുകൊണ്ടുള്ള പ്രതിയുടെ പ്രവൃത്തി അതുകൊണ്ടുതന്നെ ആത്മഹത്യാപ്രേരണ രൂപപ്പെടുത്തുന്നില്ല. പരേതനെ ആത്മഹത്യ ചെയ്യുന്നതിന് പ്രകോപിപ്പിക്കുന്നതിന് അങ്ങനെയുള്ള പ്രവൃത്തി പ്രതി ഉദ്ദേശിച്ചിരുന്നു എന്ന് നിർദ്ദേശിക്കുന്നതിന് കഴിയുന്ന തെളിവ് ഉണ്ടാകണം.**

**ഇന്ത്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻകീഴിലെ കുറ്റകൃത്യത്തിന്റെ അനിവാര്യമായ ഘടകങ്ങൾ (i) പ്രേരണ; (ii) പരേതനെ ആത്മഹത്യ ചെയ്യുന്നതിന് സഹായിക്കുന്നതിനോ പ്രകോപിപ്പിക്കുതിനോ പ്രേരിപ്പിക്കുന്നതിനോ ഉള്ള പ്രതിയുടെ ഉദ്ദേശ്യം എന്നിവയാണ്.**

വിധിന്യായം

ജസ്റ്റിസ്. ആർ. ബാനുമതി

1. അനുമതി നൽകി.

2. ഈ അപ്പീൽ, 2007-ലെ 375-ാം നമ്പർ ക്രിമിനൽ അപ്പീലിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻകീഴിൽ അപ്പീൽവാദി-പ്രതിയുടെ കുറ്റസ്ഥാപനം ഹൈക്കോടതി ഉറപ്പിക്കുകയും, അപ്പീൽവാദിയുടെ തടവ് ശിക്ഷ മൂന്നു വർഷത്തിൽ നിന്നും മൂന്നു മാസങ്ങളായി കുറച്ചുകൊണ്ടുമുള്ള മദ്രാസ് ഹൈക്കോടതിയുടെ 2015 സെപ്റ്റംബർ 7-ലെ വിധിന്യായത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാണ്.

3. പ്രോസിക്യൂഷൻ കേസ്, 2001 ഡിസംബർ 2-ന് അപ്പീൽവാദി-പ്രതി, രാജഗോപാൽ എന്നു പേരുള്ള പരേതന്, കടമായി 80,000 രൂപ നൽകുകയും, ആയതിലേക്ക് ഒരു പ്രോമിസ്സറി നോട്ട് അയാൾ നേടുകയും ചെയ്തു എന്നാണ്. 2002 ഡിസംബർ 7-ന് അപ്പീൽവാദി-പ്രതി 50,000 രൂപ പലിശയായും മറ്റൊരു 50,000 രൂപ മുതൽ ആയും ആവശ്യപ്പെട്ടു. 2003 ജൂൺ 21-ന് ചില സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ, അയാൾ മുഴുവൻ

വായ്പാതുകയും കൊടുക്കുമെന്ന് പരേതൻ പറഞ്ഞു; എന്നാൽ അയാൾക്ക് അയാളുടെ വാഗ്ദാനം നിറവേറ്റാൻ കഴിഞ്ഞില്ല. അപ്പീൽവാദി-പ്രതിയുടെ ആരോപിക്കപ്പെട്ട പീഢനം കാരണം 2003 ജൂൺ 23-ന് ഏകദേശം 11.50 പി.എം-ന് പരേതൻ ആത്മഹത്യ ചെയ്തു. അയാൾക്ക് വായ്പ തിരികെ കൊടുക്കാൻ കഴിയാത്തതും അറ്റകൈ നടപടി സ്വീകരിക്കുന്നു എന്ന് പ്രസ്താവിച്ചുകൊണ്ട് പരേതൻ ഒരു ആത്മഹത്യാകുറിപ്പ് (എം.ഒ.1) എഴുതിയിരുന്നു എന്നും പറയപ്പെടുന്നു.

4. വാക്കാൽ തെളിവും ആത്മഹത്യാ കുറിപ്പും (എം.ഒ.1) പരിശോധിച്ചതിൽ, വിചാരണ കോടതി ഇന്ത്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻകീഴിൽ പ്രതി കുറ്റക്കാരനാണെന്ന് പ്രോസിക്യൂഷൻ തെളിയിച്ചു എന്നും അയാളെ മൂന്നു വർഷത്തെ കഠിനതടവിനും 500 രൂപ പിഴയും ചുമത്തി ശിക്ഷിച്ചു.

5. അപ്പീൽവാദി-പ്രതി ഫയൽ ചെയ്ത അപ്പീലിൽ, പണം വാങ്ങിയതും പ്രോമിസ്സറി നോട്ട് എഴുതി വാങ്ങിയതും അപ്പീൽവാദി നടത്തിയ ആരോപിത പീഢനവും പ്രോസിക്യൂഷൻ തെളിയിച്ചതായി ഹൈക്കോടതി വിധിച്ചു. പി.ഡബ്ല്യൂ-1 മുതൽ പി.ഡബ്ല്യൂ-5 വരെയുള്ളവരുടെ, അവർ പരേതന്റെ ഭാര്യയും പെൺമക്കളും ആൺ മക്കളുമാണ്, തെളിവും കൂടാതെ ആത്മഹത്യാകുറിപ്പും (എം.ഒ.1) പരാമർശിച്ചുകൊണ്ട്, ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 306-ാം വകുപ്പിൻകീഴിൽ അപ്പീൽവാദിയുടെ-പ്രതിയുടെ കുറ്റം പ്രോസിക്യൂഷൻ വ്യക്തമായി തെളിയിച്ചു എന്നും അപ്രകാരമുള്ള കണ്ടെത്തലിൽ, മേൽ 2-ാം ഖണ്ഡികയിൽ പറഞ്ഞപോലെ അപ്പീൽവാദി-പ്രതിയുടെ കുറ്റസ്ഥാപനം ഉറപ്പിക്കുകയും; എന്നാൽ തടവുശിക്ഷ കുറച്ചുകൊണ്ടും ഹൈക്കോടതി വിധിച്ചു.

6. ഞങ്ങൾ അപ്പീൽവാദിക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ മിസ്റ്റർ. എസ്. ഹരിഹരനെയും എതിർകക്ഷി-തമിഴ്നാട് സംസ്ഥാനത്തിന് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ മിസ്റ്റർ എം. യോഗേഷ് കണ്ണയേയും കേൾക്കുകയും ദോഷമാരോപിക്കപ്പെട്ട വിധിന്യായവും റിക്കാർഡിലെ തെളിവും/ വസ്തുതകളും പരിശോധിക്കുകയും ചെയ്തു.

7. ഹൈക്കോടതി ചൂണ്ടിക്കാണിച്ചപോലെ, പിഡബ്ല്യൂ-1 മുതൽ പിഡബ്ല്യൂ-5 വരെയുള്ളവർ പരേതൻ പണം വാങ്ങിയതിനെക്കുറിച്ചും പ്രോമിസ്സറി നോട്ട് എഴുതി കൊടുത്തതിനെയും കുറിച്ചും സംസാരിച്ചിട്ടുണ്ട്. പ്രതിയുടെ കുറ്റം തെളിയിക്കുന്നതിന് പ്രോസിക്യൂഷൻ കേസിന്റെ മുഖ്യാധാരം പരേതൻ എഴുതിയ ആത്മഹത്യാ കുറിപ്പ് (എം.ഒ.1) ആണ്. ആത്മഹത്യാകുറിപ്പ് പരിശോധിച്ചതിൽ, എം.ഒ.1-ൽ പരേതൻ, അയാൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനുള്ള കഴിവില്ലായ്മയും ആയത് തിരികെ കൊടുക്കുന്നതിനുള്ള അയാളുടെ കഴിവില്ലായ്മയുമാണെന്ന് കാണുന്നു. എം.ഒ.1-ന്റെ ഉദ്ദേശ്യം, പരേതൻ പണം തിരികെ നൽകുന്നതിന് സമ്മർദ്ദത്തിന് വിധേയനായിരുന്നുവെന്നും സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടിരുന്നു എന്നും മാത്രമാണ്. എം.ഒ.1(കത്തിൽ) പരേതൻ അറ്റകൈ നടപടിയായ ആത്മഹത്യ ചെയ്യുന്നതിന് അപ്പീൽവാദി-പ്രതി പ്രകോപനം ഉണ്ടാക്കിയെന്ന് സൂചിപ്പിക്കുന്ന യാതൊന്നും തന്നെയില്ല.

8. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻകീഴിലെ കുറ്റകൃത്യത്തിന്റെ അനിവാര്യമായ ഘടകങ്ങൾ (i) പ്രേരണ; (ii) പരേതനെ ആത്മഹത്യ ചെയ്യുന്നതിന്

സഹായിക്കുന്നതിനോ പ്രകോപിപ്പിക്കുന്നതിനോ പ്രേരിപ്പിക്കുന്നതിനോ ഉള്ള പ്രതിയുടെ ഉദ്ദേശ്യം എന്നിവയാണ്. പരേതനെ അപമാനിക്കുന്നതിന് അസഭ്യഭാഷ ഉപയോഗിച്ചുകൊണ്ടുള്ള പ്രതിയുടെ പ്രവൃത്തി, എങ്ങനെയായാലും, അതുകൊണ്ടുതന്നെ ആത്മഹത്യാ പ്രേരണ രൂപപ്പെടുത്തുന്നില്ല. പരേതനെ ആത്മഹത്യ ചെയ്യുന്നതിന് പ്രകോപിപ്പിക്കുന്നതിന് അങ്ങനെയുള്ള പ്രവൃത്തി പ്രതി ഉദ്ദേശിച്ചിരുന്നു എന്ന് നിർദ്ദേശിക്കുന്നതിന് കഴിയുന്ന തെളിവ് ഉണ്ടാകണം. ആത്മഹത്യ ചെയ്യുന്നതിനുള്ള ഘടകങ്ങളായ പ്രകോപനമോ/പ്രേരണയോ ബോദ്ധ്യപ്പെടാതിരുന്നാൽ, പ്രതിയെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻകീഴിൽ കുറ്റസ്ഥാപനം നടത്താൻ കഴിയില്ല.

9. ഞങ്ങളുടെ പരിഗണിത വീക്ഷണത്തിൽ, നിലവിലെ കേസ്സിൽ എം.ഒ.1 കത്തും പിഡബ്ള്യൂ-1 മുതൽ പിഡബ്ള്യൂ-5 വരെയുള്ളവരുടെ വാക്കാൽ തെളിവും പരേതന്റെ ആത്മഹത്യയും അപ്പീൽവാദിയുടെ/പ്രതിയുടെ പ്രകോപനമോ പ്രേരണയോ ആയി നേരിട്ട് ബന്ധമുണ്ടെന്ന് തെളിയിക്കുതിന് പര്യാപ്തമല്ല. പരേതന് പണം നൽകിയതുകൊണ്ട്, അപ്പീൽവാദി/പ്രതി ചില അസഭ്യവാക്കുകൾ പറഞ്ഞിരിക്കാം, എന്നാൽ, അതുകൊണ്ട് തന്നെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻ കീഴിലെ ഒരു കുറ്റകൃത്യം രൂപപ്പെടുത്തുന്നതിന് പര്യാപ്തമല്ല. റിക്കാർഡിൽ കൊണ്ടുവന്ന തെളിവിലും, കേസിലെ വസ്തുതകളിലും സാഹചര്യങ്ങളിലും നിന്ന്, ഞങ്ങളുടെ വീക്ഷണത്തിൽ, ഇന്ത്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിന്റെ ഘടകങ്ങൾ തെളിയിച്ചിട്ടില്ലാത്തതും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 306-ാം വകുപ്പിൻകീഴിലെ അപ്പീൽവാദിയുടെ/പ്രതിയുടെ കുറ്റസ്ഥാപനം നിലനിൽക്കത്തക്കതുമല്ല.

10. ഫലത്തിൽ, ദോഷമാരോപിക്കപ്പെട്ട ഉത്തരവ് അസ്ഥിരപ്പെടുത്തുകയും അപ്പീൽ അനുവദിക്കുകയും ചെയ്യുന്നു.

*——————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ്

&

ബഹു. ജസ്റ്റിസ് എൽ. നാഗേശ്വര റാവു

&

ബഹു. ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ

(ക്രിമിനൽ അപ്പീൽ നമ്പർ 71/2012, 620/2019, 621/2019, 622/2019 & 623/2019)

രൂപാലിദേവി

**Vs**

സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശും മറ്റുള്ളവരും

2019 ഏപ്രിൽ 9-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ക്രിമിനൽ നടപടി നിയമസംഹിതയിലെ 178-ാം വകുപ്പ്, കുറ്റകൃത്യം ഭാഗികമായി മറ്റൊരു പ്രദേശത്ത് നടത്തിയിട്ടുള്ളിടത്ത്, ആ പ്രദേശത്തെ കോടതിയെ കുറ്റകൃത്യം നടപടി ക്കെടുക്കുന്നതിന് അനുവദിച്ചുകൊണ്ട് 177-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന "സാധാരണ ചട്ട"ത്തിന് ഒരു ഒഴിവാക്കൽ സംജാതമാക്കുന്നു. കൂടാതെ, ഒരു പ്രാദേശിക പ്രദേശത്ത് നടത്തിയ കുറ്റകൃത്യം മറ്റൊരു പ്രാദേശിക പ്രദേശത്ത് തുടരുന്ന പക്ഷം, ഒടുവിൽ പറഞ്ഞ സ്ഥലത്തെ കോടതികൾക്ക് വിഷയത്തിൽ നടപടിയെടുക്കുന്നതിന് ക്ഷമതയുണ്ടാകും. 179-ാം വകുപ്പ് പ്രകാരം, ഒരു ക്രിമിനൽ പ്രവൃത്തിയിൽ നിന്നും ഉത്ഭവിച്ച അനന്തര ഫലത്താൽ, ഒരു കുറ്റകൃത്യം മറ്റൊരു കോടതിയുടെ വിചാരണാധികാര പരിധിയിൽ യാദൃച്ഛികമായി സംഭവിക്കുന്ന പക്ഷം, ആ അധികാരപരിധിയിലുള്ള കോടതിക്ക് കൂടി നടപടിയെടുക്കുന്നതിന് ക്ഷമതയുണ്ടാകും. അങ്ങനെ, ഒരു കുറ്റകൃത്യം ഭാഗികമായി ഒരു സ്ഥലത്തും ഭാഗികമായി മറ്റൊരിടത്തും നടത്തുകയോ, ആ കുറ്റം ഒരു തുടരുന്ന കുറ്റകൃത്യമാണെങ്കിലോ ഒരു ക്രിമിനൽ പ്രവൃത്തിയുടെ അനന്തരഫലം മറ്റൊരു സ്ഥലത്ത് നടത്തിയ ഒരു കുറ്റകൃത്യത്തിൽ കലാശിക്കുന്നിടത്തോ, "സാധാരണ ചട്ട" ത്തിനുള്ള ഒഴിവാക്കൽ ബാധകമാകുന്നതും, ഏത് കോടതിയുടെ അധികാരപരിധിയിലാണോ ആ ക്രിമിനൽ പ്രവൃത്തി നടത്തിയത് ആ കുറ്റകൃത്യം വിചാരണക്കെടുക്കുന്നതിനുള്ള അധികാരിത ആ കോടതിക്ക് ഇല്ലാതാകുന്നതുമാണ്.**

വിധിന്യായം

**ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ്**

1. "പ്രവൃത്തികളുടെയും സ്വഭാവത്തിന്റെയും കാരണത്താൽ, ഒരു സ്ത്രീ അവളുടെ ഭർത്തൃ ഭവനം ഉപേക്ഷിക്കാൻ നിർബന്ധിതയാകുന്നതും, അത് ക്രൂരത ആക്കിത്തീർക്കുന്നതും, അവൾ മാതാപിതാക്കളോടോ മറ്റു കുടുംബാംഗങ്ങളോടോ ഒപ്പം

എവിടെയാണോ അഭയം സ്വീകരിക്കുന്നത് അവിടത്തെ കോടതികൾക്ക് നിയമപരമായ നടപടി ആരംഭിക്കുന്നതിനും പരിശോധിക്കുന്നതിനും കഴിയുമോ." ഇതാണ് ഈ കൂട്ട അപ്പീലുകളിൽ തീരുമാനത്തിന് ഉന്നയിച്ച കൃത്യമായ ചോദ്യം.

2. മേൽപറഞ്ഞ തർക്കവിഷയത്തിന്മേൽ, ഈ കോടതിയുടെ അഭിപ്രായങ്ങൾ തീക്ഷ്ണമായി ഭിന്നിക്കുന്നതാകയാൽ, ഇവിടെ മേൽ സൂചിപ്പിച്ച തർക്കവിഷയത്തിന്റെ പരിശോധനയ്ക്കായി ഇപ്പോൾ ഒരു വലിയ ബഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടു.

3. **(i) വൈ. എബ്രഹാം അജിത്തും മറ്റുളളവരും Vs ചെന്നൈ പോലീസ് ഇൻസ്പെക്ടറും മറ്റുള്ളവരും (മനു/എസ്സി/0635/2004: (2004) 8 എസ്സിസി 100)-ലും**

**(ii) രമേഷും മറ്റുള്ളവരും Vs സ്റ്റേറ്റ് ഓഫ് തമിഴ്നാട് (മനു/എസ്സി/0174/2005 : (2005) 3 എസ്സിസി 507)-ലും**

**(iii) മനീഷ് രത്തനും മറ്റുള്ളവരും Vs സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശും മറ്റൊരാളും (മനു/എസ്സി/8617/2006 : (2007) 1 എസ്സിസി 262)-ലും**

**(iv) അമരേന്ദു ജ്യോതിയും മറ്റുള്ളവരും Vs സ്റ്റേറ്റ് ഓഫ് ഛത്തീസ്ഗറും മറ്റുള്ളവരും (മനു/എസ്സി/0680/2014 : (2014) 12 എസ്സിസി 362)-ലും**

ഒരു ഭർത്തൃ ഭവനത്തിൽ ഒരു ഭാര്യയോട് ക്രൂരത നടത്തി എന്ന കാരണത്താൽ, അവൾ മാതാപിതാക്കൾക്കുള്ള വീട്ടിൽ അഭയം സ്വീകരിക്കുകയും, മാതാപിതാക്കൾക്കുള്ള വീട്ടിൽ യാതൊരു അസാധാരണമായ നിർദ്ദിഷ്ട ക്രൂരപ്രവൃത്തിയും ഭർത്താവിനോ അയാളുടെ ബന്ധുക്കൾക്കോ നേരെ ചുമത്തിയിട്ടില്ലാത്ത പക്ഷം, മാതാപിതാക്കൾക്കുള്ള വീട് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കോടതികൾക്ക്, 498 എ വകുപ്പു പ്രകാരമുള്ള നടപടികൾ ആരംഭിക്കുന്നതിന് അനുമതിയില്ല എന്ന ഒരു കാഴ്ചപ്പാട് സ്വീകരിച്ചു. മേൽ കേസുകളിൽ ശ്രദ്ധിക്കപ്പെടേണ്ട ആവശ്യമായ വസ്തുതയുടെ കാതൽ, അവൾ ഭർത്തൃ ഭവനം ഉപേക്ഷിച്ചതിനുശേഷം മാതാപിതാക്കൾക്കുള്ള വീട്ടിൽ, ഏതെങ്കിലും ക്രൂരതയുടെയോ പീഢനത്തിന്റെയോ പ്രത്യക്ഷമായ പ്രവൃത്തി ഉണ്ടായതായി സങ്കടമുള്ള ഭാര്യയ്ക്ക് വേണ്ടി യാതൊരു ആരോപണവും ഉണ്ടായിരുന്നില്ല എന്നതാണ്. ഭർത്തൃഭവനത്തിൽ നടത്തിവന്നിരുന്ന ക്രൂരതാ കുറ്റകൃത്യം, സങ്കടമുള്ള ഭാര്യ, പിന്നീട് മാറിയ സ്ഥലമായ മാതാപിതാക്കൾക്കുള്ള വീട്ടിൽ നടക്കുന്നത്, ആയത്, ഒരു തുടർന്നുകൊണ്ടിരിക്കുന്ന കുറ്റകൃത്യമായി പരിണമിക്കണമെന്നില്ല എന്ന കാഴ്ചപ്പാട് ഈ സാഹചര്യങ്ങളിലാണ് മേൽപറഞ്ഞ കേസുകളിൽ പ്രകടിപ്പിച്ചത്.

4. **സുജാത മുഖർജി Vs പ്രശാന്ത് കുമാർ മുഖർജി** (മനു/എസ്സി/0636/1997 : (1997) 5 എസ്സിസി 30)-യിലും, **സുനിതാകുമാരി കശ്യപ് Vs സ്റ്റേറ്റ് ഓഫ് ബീഹാറും മറ്റൊരാളും** (മനു/എസ്സി/0402/2011 : (2011) 11 എസ്സിസി 301)-ലും, കൂടാതെ, **സ്റ്റേറ്റ് ഓഫ് എം.പി. Vs സുരേഷ് കൗഷലും** മറ്റൊരാളും (മനു/എസ്സി/1510/2001 : (2003) 11 എസ്സിസി 126)-ലും പ്രത്യക്ഷമായി ഒരു വ്യത്യസ്ത കാഴ്ചപ്പാട് സ്വീകരിച്ചു. എന്നിരുന്നാലും, പ്രസ്തുത കാഴ്ചപ്പാട്, തർക്കവിഷയത്തിലെ ഓരോ കേസുകളിലെയും സവിശേഷമായ വസ്തുതകളെ അടിസ്ഥാനമാക്കിയതാണെന്ന് കാണാവുന്നതാണ്. ഉദാഹരണമായി, സുജാത മുഖർജി (മുകളിലെ)-യിൽ ഭർത്താവ് ഭർത്തൃ ഭവനത്തിൽ ക്രൂരതാ പ്രവൃത്തികൾ നടത്തിയശേഷം, ഭാര്യ അഭയം സ്വീകരിച്ച അവളുടെ മാതാപിതാക്കൾക്കുള്ള വീട്ടിൽ കൂടി പോകുകയും

അവിടെ അവളെ ഉപദ്രവിച്ചു എന്ന നിർദ്ദിഷ്ട ആരോപണമായിരുന്നു. പ്രസ്തുത വസ്തുതയിന്മേൽ ഈ കോടതി, സുജാതാ മുഖർജി (മുകളിലെ)-യിൽ, ആ കുറ്റകൃത്യം ക്രിമിനൽ നടപടി നിയമസംഹിതയുടെ 178 (സി) വകുപ്പിൻകീഴിലെ തുടർന്നുകൊണ്ടിരിക്കുന്ന കുറ്റകൃത്യമാണെന്ന് വിധിച്ചു. സുനിതാകുമാരി കശ്യപ് (മുകളിലെ)-ൽ ഭാര്യയെ അവളുടെ മാതാപിതാക്കൾക്കുള്ള വീട്ടിൽ ഉപേക്ഷിച്ച അവളുടെ ഭർത്താവ് അവളെ ദ്രോഹിച്ചു എന്നും, കൂടാതെ, അതിനുശേഷം ഭർത്താവ് അവളെ കുറിച്ച് യാതൊരു അന്വേഷണങ്ങളും നടത്തിയില്ല എന്നുമുള്ള ഒരു ആരോപണമുണ്ടായിരുന്നു. ഭാര്യ അയാളുമായി ബന്ധപ്പെടാൻ ശ്രമിച്ചിട്ടും അയാൾ പ്രതികരിച്ചില്ല എന്ന് കൂടുതലായി ഒരു ആരോപണവും ഉണ്ടായിരുന്നു. പ്രസ്തുത വസ്തുതകളിൽ, 498 എ വകുപ്പിൻ കീഴിലെ കുറ്റകൃത്യത്തിന്റെ അനന്തരഫലങ്ങൾ മാതാപിതാക്കൾക്കുള്ള വീട്ടിലും സംഭവിച്ചതായ കാഴ്ചപ്പാട് കോടതി സ്വീകരിക്കുകയും, അതിനാൽ, ആ സ്ഥലത്തെ കോടതിക്ക് ക്രിമിനൽ നടപടി നിയമസംഹിതയുടെ 179-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ ആരോപിത കുറ്റകൃത്യത്തിൽ നടപടി സ്വീകരിക്കുവാൻ അധികാരിതയുണ്ട്. സമാനമായി, **സ്റ്റേറ്റ് ഓഫ് എം.പി. Vs സുരേഷ് കൗഷൽ** (മുകളിലെ)-ൽ ഭർത്തൃഭവനത്തിൽ വച്ച് ഭാര്യയ്ക്കുണ്ടായ ക്രൂരതയുടെ കാരണത്താൽ, ജബൽപൂരിലെ അവളുടെ മാതാപിതാക്കൾക്കുള്ള വീട്ടിൽ വച്ച് ഗർഭമലസിയതിനാൽ, ഭാര്യയുടെ മാതാപിതാക്കൾക്കുള്ള വീടിന്റെ സ്ഥലത്തുള്ള കോടതിക്ക്, ക്രിമിനൽ നടപടി നിയമസംഹിതയുടെ 179-ാം വകുപ്പിൻ കീഴിൽ പരാതി പരിഗണിക്കുന്നതിന് അധികാരിതയുണ്ടെന്ന് വിധിച്ചു.

5. നിലവിലെ റഫറൻസ് നൽകുമ്പോൾ, റഫർ ചെയ്ത ബഞ്ച്, പരിഗണിച്ച മേൽപറഞ്ഞ രണ്ട് വീക്ഷണങ്ങളും ഇതിനകം ശ്രദ്ധിച്ചപോലെ കോടതി മുമ്പാകെയുള്ള രണ്ട് സെറ്റ് കേസുകളിലെയും സവിശേഷ വസ്തുതകളെ അടിസ്ഥാനമാക്കിയതാണ്. രണ്ട് വീക്ഷണങ്ങളും കേസുകളുടെ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ കോടതി ആവിഷ്ക്കരിച്ച അങ്ങനെയുള്ള വീക്ഷണം നിലനിർത്താൻ സാധിക്കാവുന്നതാണ്. നിലവിലെ കേസിൽ കോടതി അഭിമുഖീകരിക്കുന്നതെന്താണോ അത് എങ്ങനെയായാലും വ്യത്യസ്തമാണ്. ക്രൂരത ഭർത്തൃഭവനത്തിൽ ഭർത്താവോ ഭർത്താവിന്റെ ബന്ധുക്കളോ നടത്തുന്നിടത്തും ഭാര്യ ഭർത്തൃഭവനം ഉപേക്ഷിക്കുകയും വേറെ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മാതാപിതാക്കളുടെ വീട്ടിൽ അഭയം തേടുകയും ചെയ്യുന്ന ഒരു കേസ്സിൽ, ഭാര്യയുടെ മാതാപിതാക്കളുടെ വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ കോടതികൾക്ക്, 498 എ വകുപ്പിൻകീഴിലെ ഒരു പരാതി പരിശോധിക്കുന്നതിന് അധികാരിതയുണ്ടോ. ഇത്, ഭാര്യ അഭയം തേടിയ മാതാപിതാക്കളുടെ വീട്ടിൽ വച്ച് ഭർത്താവ് യാതൊരു ക്രൂരതയോ പീഢനമോ പ്രത്യക്ഷമായി നടത്തിയിട്ടില്ലെന്ന ഒരു സാഹചര്യത്തിലാണ്.

6. അന്വേഷണ വിചാരണകളിലും വിചാരണകളിലും ക്രിമിനൽ കോടതികൾക്കുള്ള അധികാരിത കൈകാര്യം ചെയ്യുന്ന 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ XIII-ാം അദ്ധ്യായത്തിലെ വ്യവസ്ഥകളിലേക്കുള്ള ഒരു നോട്ടം ഇപ്പോൾ ആവശ്യമാകുന്നു. ക്രിമിനൽ നടപടി നിയമസംഹിതയുടെ 177-ാം വകുപ്പിൽ "ഏതൊരു കുറ്റവും, സാധാരണമായി ഏതു കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ അത് ചെയ്തിട്ടുള്ളത്, ആ കോടതി അന്വേഷണ വിചാരണ ചെയ്യുകയും വിചാരണ ചെയ്യുകയും ചെയ്യേണ്ടതാകുന്നു" എന്ന് കാണുന്നു. അതിനാൽ, സാധാരണഗതിയിൽ, ഏത് കോടതിയുടെ

തദ്ദേശാധികാരിതയ്ക്കുള്ളിലാണോ ആ കുറ്റകൃത്യം നടത്തിയത്, തർക്കവിഷയത്തിലെ ആ കുറ്റകൃത്യം നടപടിക്കെടുക്കുന്നതിന് അതിന് അധികാരമുണ്ട് എന്ന് വ്യക്തമാകുന്നു.

7. 178-ഉം 179-ഉം വകുപ്പുകൾ മേൽ ചട്ടത്തിന്റെ ഒഴിവാക്കലുകളാകുന്നതും താഴെ പറയും പ്രകാരം പ്രതിപാദിക്കാവുന്നതുമാണ്.

**178. അന്വേഷണവിചാരണയ്ക്കുള്ളതോ വിചാരണയ്ക്കുള്ളതോ ആയ സ്ഥലം.**-(എ) അനേകം തദ്ദേശ പ്രദേശങ്ങളിൽ ഏതിനുള്ളിൽ വച്ചാണോ കുറ്റം ചെയ്തിട്ടുള്ളതെന്ന് അനിശ്ചിതമായിരിക്കുമ്പോഴോ, അല്ലെങ്കിൽ

(ബി) കുറ്റം ഭാഗികമായി ഒരു തദ്ദേശ പ്രദേശത്തുവച്ചും ഭാഗികമായി മറ്റൊന്നിൽ വച്ചും ചെയ്യുന്നിടത്തോ, അല്ലെങ്കിൽ

(സി) കുറ്റം തുടരുന്ന ഒന്നായിരിക്കുകയും, ഒന്നിലധികം തദ്ദേശ പ്രദേശങ്ങളിൽ വച്ചു ചെയ്യുന്നത് തുടരുകയും ചെയ്യുന്നിടത്തോ, അല്ലെങ്കിൽ

(ഡി) അത് വ്യത്യസ്ത തദ്ദേശ പ്രദേശങ്ങളിൽ വച്ചു ചെയ്യുന്ന പല കൃത്യങ്ങൾ അടങ്ങിയിരിക്കുന്നിടത്തോ,

അങ്ങനെയുള്ള തദ്ദേശപ്രദേശങ്ങളിൽ ഏതിലെങ്കിലും അധികാരിതയുള്ള കോടതിക്ക്, അത് അന്വേഷണവിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാവുന്നതാണ്.

**179. കുറ്റകൃത്യം ചെയ്യുന്നതോ അനന്തരഫലം ഉണ്ടാകുന്നതോ ആയ സ്ഥലത്ത് കുറ്റം വിചാരണ ചെയ്യാമെന്ന്.**- ഒരു കൃത്യം എന്തെങ്കിലും ചെയ്തതു കാരണമായും അതിൽ നിന്നുണ്ടായ ഒരു അനന്തരഫലം കാരണമായും ഒരു കുറ്റമായിരിക്കുമ്പോൾ, ആ കുറ്റം അങ്ങനെ എന്തെങ്കിലും ചെയ്തതോ ആ അനന്തരഫലം ഉണ്ടായതോ ഏത് കോടതിയുടെ തദ്ദേശാധികാരിതയ്ക്കുള്ളിലാണോ, ആ കോടതിക്ക് അന്വേഷണ വിചാരണ ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യാവുന്നതാണ്.

8. 178-ാം വകുപ്പ്, കുറ്റകൃത്യം, ഭാഗികമായി മറ്റൊരു പ്രദേശത്ത് നടത്തിയിട്ടുള്ളിടത്ത്, ആ പ്രദേശത്തെ കോടതിയെ കുറ്റകൃത്യം നടപടിക്കെടുക്കുന്നതിന് അനുവദിച്ചുകൊണ്ട് 177-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന "സാധാരണ ചട്ട"ത്തിന് ഒരു ഒഴിവാക്കൽ സംജാതമാക്കുന്നു. കൂടാതെ, ഒരു പ്രാദേശിക പ്രദേശത്ത് നടത്തിയ കുറ്റകൃത്യം മറ്റൊരു പ്രാദേശിക പ്രദേശത്ത് തുടരുന്ന പക്ഷം, ഒടുവിൽ പറഞ്ഞ സ്ഥലത്തെ കോടതികൾക്ക് വിഷയത്തിൽ നടപടിയെടുക്കുന്നതിന് ക്ഷമതയുണ്ടാകും. 179-ാം വകുപ്പ് പ്രകാരം, ഒരു ക്രിമിനൽ പ്രവൃത്തിയിൽ നിന്നും ഉത്ഭവിച്ച അനന്തര ഫലത്താൽ, ഒരു കുറ്റകൃത്യം മറ്റൊരു കോടതിയുടെ വിചാരണാധികാര പരിധിയിൽ യാദൃച്ഛികമായി സംഭവിക്കുന്ന പക്ഷം, ആ അധികാര പരിധിയിലുള്ള കോടതിക്ക് കൂടി നടപടിയെടുക്കുന്നതിന് ക്ഷമതയുണ്ടാകും. അങ്ങനെ, ഒരു കുറ്റകൃത്യം ഭാഗികമായി ഒരു സ്ഥലത്തും ഭാഗികമായി മറ്റൊരിടത്തും നടത്തുകയോ, ആ കുറ്റം ഒരു തുടരുന്ന കുറ്റകൃത്യമാണെങ്കിലോ ഒരു ക്രിമിനൽ പ്രവൃത്തിയുടെ അനന്തരഫലം മറ്റൊരു സ്ഥലത്ത് നടത്തിയ ഒരു കുറ്റകൃത്യത്തിൽ കലാശിക്കുന്നിടത്തോ, "സാധാരണ ചട്ട"ത്തിനുള്ള ഒഴിവാക്കൽ ബാധകമാകുന്നതും, ഏത് കോടതിയുടെ അധികാരപരിധിയിലാണോ ആ ക്രിമിനൽ പ്രവൃത്തി നടത്തിയത് ആ കുറ്റകൃത്യം വിചാരണക്കെടുക്കുന്നതിനുള്ള അധികാരിത ആ കോടതിക്ക് ഇല്ലാതാകുന്നതുമാണ്.

9. ഈ ഘട്ടത്തിൽ, ഒരു തുടരുന്ന കുറ്റകൃത്യത്തിൽ എന്ത് മനസ്സിലാക്കാൻ കഴിയും എന്നതുകൂടി ശ്രദ്ധിക്കേണ്ടത് പ്രയോജനപ്രദമാകും. മുമ്പുള്ളത് പോലെ അല്ലാതെ

കോടതിയുടെ പരിഗണനയ്ക്കായി വന്നിട്ടില്ലാത്ത പ്രശ്നവിഷയം **സ്റ്റേറ്റ് ഓഫ് ബീഹാർ Vs ഡിയോകരൻ നെൻഷി (മനു/എസ്സി/ 0469/1972 : (1972) 2 എസ്സിസി 890)**-യിൽ ഈ കോടതി പരിഹാരം കണ്ടെത്തി. ഇതു സംബന്ധിച്ച് 5-ാം ഖണ്ഡിക ഫലപ്രദമായി ശ്രദ്ധിക്കാവുന്നതാണ്.

5. ഒരു തുടരുന്ന കുറ്റകൃത്യം തുടരലിന് വിധേയമാകുന്ന ഒന്നാകുന്നതും എപ്പോഴെങ്കിലും ചെയ്യുന്ന ഒന്നിൽ നിന്ന് വേർതിരിച്ചറിയുന്നതുമാണ്. അത് ഒരു ചട്ടമോ അതിന്റെ ആവശ്യമോ അനുസരിക്കുന്നതിലോ പാലിക്കപ്പെടുന്നതിലോ ഉള്ള ഒരു വീഴ്ചയിൽ നിന്നും ഉത്ഭവിച്ച അപ്പറഞ്ഞ കുറ്റകൃത്യങ്ങളിൽ ഒന്നാകുന്നതും ആയത് ഒരു ശിക്ഷ ഉൾക്കൊള്ളുന്നതും ആയതിന് വേണ്ട ബാദ്ധ്യത ആ ചട്ടമോ അതിന്റെ ആവശ്യമോ അനുസരിക്കുകയോ പാലിക്കപ്പെടുകയോ ചെയ്യുന്നതുവരെ തുടരുന്നതുമാണ്. അങ്ങനെയുള്ള ആജ്ഞാലംഘനമോ അനുസരിക്കാതിരിക്കലോ വീണ്ടും വീണ്ടും സംഭവിക്കുന്ന ഓരോ അവസരത്തിലും, അവിടെ ആ കുറ്റകൃത്യം നടക്കുന്നു. രണ്ട് തരത്തിലുമുള്ള കുറ്റകൃത്യങ്ങൾ തമ്മിലുള്ള വ്യത്യാസം, ഒരു പ്രവൃത്തിയോ വീഴ്ചയോ, ആയത് ഒരു തവണ മാത്രം കുറ്റകൃത്യം ആക്കിത്തീർക്കുന്നതും ഒരു പ്രവൃത്തിയോ വീഴ്ചയോ ആയത് തുടരുന്നതും തമ്മിലാകുന്നതും, അപ്രകാരം ഓരോ സമയമോ അവസരമോ ആയതിന്മേൽ അത് തുടരുന്നത് ഒരു പുതിയ കുറ്റകൃത്യം രൂപീകരിക്കുകയും ചെയ്യുന്നു. ഒരു തുടരുന്ന കുറ്റകൃത്യത്തിന്റെ സംഗതിയിൽ, അങ്ങനെ ഒരു കുറ്റകൃത്യത്തിന്റെ തുടർച്ചയുടെ ഘടകം ഉള്ളതും, ആയത് ഒരു പ്രവൃത്തിയോ വീഴ്ചയോ ഒരിക്കൽ മാത്രം നടക്കുമ്പോൾ ആയതിൽ ഉണ്ടാകുന്ന ഒരു കുറ്റകൃത്യത്തിന്റെ സംഗതിയിൽ ഇല്ലാത്തതുമാണ്.

10. ഒരു ഉത്തരവിനായി അവലംബിച്ച തർക്കവിഷയത്തിന് 178 (ബി) അല്ലെങ്കിൽ (സി) വകുപ്പിന്റെ വ്യവസ്ഥകളുമായി യാതൊന്നും തന്നെ ചെയ്യാനില്ല. യഥാർത്ഥത്തിൽ തീരുമാനിക്കേണ്ടത്, 179-ാം വകുപ്പ് രൂപപ്പെടുത്തിയ ഒഴിവാക്കൽ, ഭാര്യയുടെ മാതാപിതാക്കളുടെ വീട് സ്ഥാപിതമായ പ്രാദേശിക പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കോടതികൾക്ക് അധികാരിത നൽകുന്നതിന് എന്തെങ്കിലും സാംഗത്യം ഉണ്ടോ എന്നതാണ്.

11. മേൽ തർക്കവിഷയത്തിൽ ഉത്തരത്തിനായി, ഞങ്ങൾക്ക് ക്രിമിനൽ നിയമം (1983-ലെ 2-ാം ഭേദഗതി) ആക്റ്റിന്റെ (1983-ലെ 46-ാം ആക്റ്റ്) ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലേക്ക് നോക്കേണ്ടതുണ്ട്; ആയതിൻ പ്രകാരം 498 എ വകുപ്പ് ഇന്ത്യൻ ശിക്ഷാനിയമത്തിൽ ഉൾപ്പെടുത്തി. ആദ്യമായി ആ വകുപ്പ് തന്നെ ശ്രദ്ധയിൽ കൊണ്ടുവരാം.

**498 എ. ഒരു സ്ത്രീയുടെ ഭർത്താവോ, ഭർത്താവിന്റെ ബന്ധുവോ, ആ സ്ത്രീയെ ക്രൂരതയ്ക്ക് വിധേയമാക്കുന്നത്.**-ഒരു സ്ത്രീയുടെ ഭർത്താവോ, അല്ലെങ്കിൽ ഭർത്താവിന്റെ ഏതെങ്കിലും ബന്ധുവോ ഒരു സ്ത്രീയെ ക്രൂരതയ്ക്ക് വിധേയമാക്കുകയാണെങ്കിൽ മൂന്നു വർഷത്തോളം വരുന്ന കാലയളവിലേക്ക് തടവു ശിക്ഷയ്ക്കോ, പിഴയ്ക്കോ ശിക്ഷിക്കപ്പെടാവുന്നതാകുന്നു.

വിശദീകരണം.-ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, "ക്രൂരത" എന്നാൽ-

(എ) ഒരു സ്ത്രീയെ ആത്മഹത്യയിലേക്ക് നയിക്കുകയോ, മനസ്സിനോ ശരീരത്തിനോ കഠിനമായ ക്ഷതമോ, ഹാനിയോ ഉണ്ടാക്കുകയോ, ജീവന് അപകടം ഉണ്ടാക്കുകയോ, ആരോഗ്യത്തിന് കഠിനക്ഷതം ഉണ്ടാക്കു

കയോ ചെയ്യാനുതകുന്ന സ്വഭാവമുള്ള മനഃപൂർവ്വമായ ഏതെങ്കിലും പ്രവൃത്തിയോ;

(ബി) വസ്തുവോ വിലപിടിപ്പുള്ള ഏതെങ്കിലും സെക്യൂരിറ്റിയോ അന്യായമായി ആവശ്യപ്പെട്ടുകൊണ്ട് ഒരു സ്ത്രീയെയോ അവളുടെ ബന്ധുക്കളെയോ അതിനു നിർബന്ധിതരാക്കുന്ന നിലപാടോടുകൂടി, ആ സ്ത്രീയെ പീഢിപ്പിക്കുന്ന പ്രവൃത്തിയോ, ക്രൂരതയുടെ അർത്ഥത്തിൽ വരുന്നു.

12. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 498 എ വകുപ്പ്, 1983-ലെ ക്രിമിനൽ നിയമം (രണ്ടാം ഭേദഗതി) ആക്റ്റിനാൽ അവതരിപ്പിച്ചു. ഇന്ത്യൻ ശിക്ഷാനിയമത്തിലെ മേൽ പറഞ്ഞ ഭേദഗതിക്ക് പുറമെ, ആത്മഹത്യയാലുള്ള മരണത്തിന്റെ സംഗതിയിൽ പോലീസിന്റെ അന്വേഷണങ്ങളും അങ്ങനെയുള്ള മരണങ്ങളുടെ കാരണത്തിൽ മജിസ്ട്രേറ്റുമാരുടെ അന്വേഷണങ്ങളുമായി ബന്ധപ്പെട്ട 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 174-ഉം 176-ഉം വകുപ്പുകളുടെ വ്യവസ്ഥകളും കൂടി ഭേദഗതി ചെയ്തു. 498 എ വകുപ്പിൻ കീഴിലെ കുറ്റകൃത്യങ്ങളുടെ പ്രോസിക്യൂഷൻ സംബന്ധിച്ച്, 198 എ വകുപ്പ് കൂടി ക്രിമിനൽ നടപടി നിയമസംഹിതയിൽ ഉൾപ്പെടുത്തി. കൂടുതലായി, ക്രിമിനൽ നടപടി നിയമസംഹിതയിലെ ആദ്യ പട്ടികയിൽ ഒരു ഭേദഗതി വഴി, 498 എ വകുപ്പിൻ കീഴിലെ കുറ്റകൃത്യം വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യാവുന്നതും ജാമ്യം ലഭിക്കാത്തതുമാക്കി. അങ്ങനെയുള്ള ആത്മഹത്യ ആ വിവാഹിതയായ സ്ത്രീയുടെ വിവാഹ ദിവസം മുതൽ ഏഴ് വർഷത്തെ ഒരു കാലയളവിനുള്ളിൽ സംഭവിച്ചതും അവൾ ക്രൂരതയ്ക്ക് വിധേയമായിട്ടുള്ള പക്ഷം, ഒരു വിവാഹിതയായ സ്ത്രീമൂലമുള്ള ആത്മഹത്യാ പ്രേരണ സംബന്ധിച്ച അനുമാനത്തിനു വേണ്ടി വ്യവസ്ഥ ചെയ്തുകൊണ്ട് 1983-ലെ ക്രിമിനൽ നിയമം (രണ്ടാം ഭേദഗതി) ആക്റ്റിനാൽ ഇന്ത്യൻ തെളിവ് നിയമത്തിൽ 113 എ വകുപ്പ് അവതരിപ്പിച്ചതിന് ഗണനീയമായ പ്രാധാന്യമുണ്ട്. 113 എ വകുപ്പ് താഴെ പറയുന്നു:

113 എ. ഒരു വിവാഹിതയായ സ്ത്രീ മൂലമുള്ള ആത്മഹത്യയുടെ പ്രേരണ സംബന്ധിച്ച അനുമാനം.-ഒരു സ്ത്രീ ആത്മഹത്യ ചെയ്തതിന് അവളുടെ ഭർത്താവോ അവളുടെ ഭർത്താവിന്റെ ഏതെങ്കിലും ബന്ധുവോ പ്രേരിപ്പിച്ചതും അവളുടെ വിവാഹത്തീയതി മുതൽ ഏഴ് വർഷക്കാലയളവിനുള്ളിൽ അവൾ ആത്മഹത്യ ചെയ്തു എന്നുകാണുന്നതും അവൾ അവളുടെ ഭർത്താവിന്റെയോ അവളുടെ ഭർത്താവിന്റെ അങ്ങനെയുള്ള ബന്ധുവിന്റെയോ ക്രൂരതയ്ക്ക് വിധേയയായിട്ടുണ്ടെന്നുള്ള തർക്കവിഷയങ്ങളുള്ളപ്പോൾ, കോടതിക്ക്, കേസിന്റെ മറ്റെല്ലാ സാഹചര്യങ്ങളും കണക്കിലെടുത്ത്, അങ്ങനെയുള്ള ആത്മഹത്യ അവളുടെ ഭർത്താവിന്റെയോ ഭർത്താവിന്റെ അങ്ങനെയുള്ള ബന്ധുവിന്റെയോ പ്രേരണയാൽ ആണെന്ന് അനുമാനിക്കാവുന്നതാണ്.

വിശദീകരണം.-ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "ക്രൂരത" എന്നതിന് ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ (1860-ലെ 45) 498 എ വകുപ്പിലെ അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

13. മേൽപറഞ്ഞ ഭേദഗതിക്ക് പിറകിലുള്ള ഉദ്ദേശ്യം, നിസ്സംശയമായി, ഭാര്യയുടെ മേൽ ഭർത്താവിന്റെയോ ഭർത്താവിന്റെ ബന്ധുക്കളുടെയോ വർദ്ധിച്ചുവരുന്ന ക്രൂരതയും ആയത് അവളെ ആത്മഹത്യയിലേക്കോ, മാരകമായ പീഢനത്തിലേക്കോ നയിക്കുന്നതിനെ എതിരിടുന്നതിനും, കൂടാതെ, ഭാര്യയെയോ അവളുമായി ബന്ധമുള്ള ഏതെങ്കിലും ആളെയോ ഏതെങ്കിലും വസ്തു മുതലായവയ്ക്ക് വേണ്ടി

ഏതെങ്കിലും നിയമവിരുദ്ധ ആവശ്യം നേരിടുന്നതിന് നിർബന്ധിക്കുന്നതിനായി അവളോടുള്ള പീഢനം കൈകാര്യം ചെയ്യുന്നതിനാവശ്യപ്പെടുന്നതിനുമാണ്. നിലവിലെ കേസിൽ ഉത്ഭവിക്കുന്ന തർക്ക വിഷയത്തിന്റെ മറുപടി പറയുമ്പോൾ, ഭേദഗതിയുടെ മേൽപറഞ്ഞ ഉദ്ദേശ്യം അവഗ ണിക്കാൻ കഴിയില്ല. ജുഡീഷ്യൽ ഉദ്യമം, തീർച്ചായായും, അതിനാൽ, ഇതിനകം ശ്രദ്ധി ച്ചതുപോലെ, തർക്കവിഷയത്തിലെ വ്യവസ്ഥ കളുടെ അവതരണത്തിന്റെ പിറകിലെ വ്യക്ത മായ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ 1983-ലെ ക്രിമിനൽ നിയമങ്ങൾ (രണ്ടാം ഭേദഗതി) ആക്റ്റ് മുഖാന്തിരം അവതരിപ്പിക്കു കയും ഉൾപ്പെടുത്തുകയും ചെയ്ത നിയമ ങ്ങളിലെ വ്യവസ്ഥകൾ എപ്പോഴും കൂടുതൽ സമർത്ഥമായും ഫലപ്രദമായും ഗുണമുള്ള താക്കുകയാണ്.

14. "ക്രൂരത", ആയത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 498 എ വകുപ്പിൻകീഴിലെ കുറ്റ കൃത്യത്തിന്റെ കാതലായ ഭാഗം, ബ്ലാക്സ് ലാ ഡിക്ഷണറിയിൽ, ഒരു ഓജസ്സുള്ള ജീവിയുടെ, പ്രത്യേകിച്ച് ഒരു മനുഷ്യനുമേൽ, മനഃപൂർവ്വവും ദുരുദ്ദേശത്തോടെയും ഏൽപ്പി ക്കുന്ന മാനസികമോ ഭൗതികമോ ആയ ക്ലേശം; അസഭ്യമായ പെരുമാറ്റം; നിഷ്ഠൂരത (അധിക്ഷേപം, മനുഷ്യത്വമില്ലാത്ത പെരുമാറ്റം, അനാദരവ്) എന്ന അർത്ഥത്തിൽ നിർവ്വചി ച്ചിരിക്കുന്നു. ക്രൂരത ഭൗതികവും മാനസി കവും ആകുന്നതാണ്. ഭർത്താവിന്റെയും അയാളുടെ ബന്ധുക്കളുടെയും ഭാഗത്തു നിന്നുള്ള പ്രത്യക്ഷമായ പ്രവൃത്തികൾ മൂലമുള്ള ഭാര്യയുടെ ആരോഗ്യത്തിന്മേലുള്ള ആഘാതം; മാനസിക പിരിമുറുക്കത്താലും മാനസികാഘാതത്താലും ഭർത്തൃഭവനത്തിൽ നിന്നും പോകുകയും മോശമായ പെരുമാറ്റം ഭയന്ന് അവിടേക്ക് തിരികെ വരുന്നതിന് അവളുടെ നിസ്സഹാവസ്ഥ എന്നിവ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 498 എ വകുപ്പിൽ കാണപ്പെടുന്ന "ക്രൂരത" എന്ന പദപ്രയോഗ ത്തിന്റെ അർത്ഥം ഗ്രഹിക്കുമ്പോൾ തിരസ്ക്ക രിക്കാൻ കഴിയുന്നതല്ല. ഭാര്യയ്ക്കുമേലുള്ള വികാരപരമായ വൈഷമ്യമോ മനഃസംബന്ധി യായ സ്വാധീനമോ ശാരീരിക പീഢനം അല്ലാ ത്തപക്ഷം, അവൾ ഭർത്തൃഭവനം ഉപേക്ഷിച്ച് മാതാപിതാക്കൾക്കുള്ള വീട്ടിൽ അഭയം തേടി യതിന് ശേഷവും ആഘാതമേൽപ്പിക്കുന്നത് നിർബന്ധമായും തുടരുന്നതാണ്. ഭർത്തൃ ഭവനത്തിൽ നടത്തിയ ശാരീരിക പീഢനം അവസാനിക്കുകയും അത്തരം പ്രവൃത്തി കൾ മാതാപിതാക്കളുടെ വീട്ടിൽ സംഭവിക്കാ തിരിക്കുകയും വാക്കാൽ വിനിമയം ഉൾപ്പെ ടെയുള്ള ഭർത്താവിന്റെ ഏതെങ്കിലും പ്രവൃത്തികളാൽ മാനസികാഘാതവും മനഃസംബന്ധമായ വൈഷമ്യവും ഉണ്ടാകു കയും ആയത് ഭാര്യയെ ഭർത്തൃഭവനം ഉപേക്ഷിച്ച് അവളുടെ മാതാപിതാക്കളോ ടൊപ്പം അഭയം പ്രാപിക്കുന്നതിന് നിർബന്ധി തയാക്കിയാലും, അത് മാതാപിതാക്കളുടെ വീട്ടിലും തുടർന്നും നിലനിൽക്കും എന്നതിന് യാതൊരു സംശയവുമില്ല. ശാരീരിക പീഢനത്താലോ അസഭ്യവും അധിക്ഷേപി ക്കുന്നതുമായ വാക്കാൽ വിനിമയത്താലോ സംജാതമായ മാനസിക പീഢനം, മാതാപിതാ ക്കളുടെ വീട്ടിൽ, പ്രത്യക്ഷമായ ഏതെങ്കിലും ശാരീരിക പീഢന പ്രവൃത്തി അങ്ങനെയുള്ള സ്ഥലത്ത് ഇല്ലാതിരുന്നാൽ പോലും തുടരുന്ന താണ്.

15. സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഢനം സംബന്ധിച്ച ആക്റ്റ്, അതിന്റെ നിയമ നിർമ്മാണത്തിന് പിറകിലെ ഉദ്ദേശ്യം, ക്രിമിനൽ നിയമത്തിലെ പരിഹാരമായ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 498 എ വകുപ്പിൻകീഴിൽ എന്താണോ വ്യവസ്ഥ ചെയ്യുന്നത് ആയതിന് വ്യത്യസ്തമായി ഗാർഹിക പീഢനത്തിന്റെ ഇരകൾക്ക് ഒരു സിവിൽ പരിഹാരം നൽകുന്നതിന് വേണ്ടി യാണ്. 2005-ലെ സ്ത്രീകൾക്കെതിരെയുള്ള

ഗാർഹിക പീഢനം സംബന്ധിച്ച ആക്റ്റിലെ, ഗാർഹിക പീഢനത്തിന്റെ നിർവ്വചനം, മാനസികമോ ശാരീരികമോ അതുപോലെ തന്നെ വൈകാരിക അപമാനമോ എന്താ യാൽ തന്നെയും ആയത് ആരോഗ്യം, സുരക്ഷ, ജീവിതം, ക്ഷേമം എന്നിവയ്ക്ക് ദോഷം വരുത്തുന്നതായി കാണുന്നു. മേൽ പറഞ്ഞ കാരണങ്ങളാൽ, പ്രസ്തുത നിർവ്വചനത്തിന് തീർച്ചയായും, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ക്രൂരത നിർവ്വചിക്കുന്ന 498 എ വകുപ്പിന്റെ എ യും ബി യും വിശദീ കരണവുമായി വളരെ അടുത്ത ബന്ധമുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 498 എ വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ, നിസ്സംശയം, ഭാര്യയുടെ മാനസികവും അതു പോലെ തന്നെ ശാരീരികവുമായ ക്ഷേമ ത്തിൽ വ്യാപരിക്കുന്നു. ഭാര്യയുടെ മൗനം പോലും ഒരു വൈകാരിക വൈഷമ്യത്തിലും മാനസിക യാതനയിലും അന്തർഭവിച്ചിരി ക്കുന്ന ഒരു ഘടകമാവാം. മാതാ പിതാക്കളുടെ വീട്ടിലെ അവളുടെ വ്യഥകൾ, ഭർത്തൃഭവനത്തിൽ ഭർത്താവ് ക്രൂരപ്രവൃത്തി കൾ ചെയ്യുന്നതിന് നേരിട്ട് ഹേതുവാകാവുന്ന തായാൽ തന്നെയും, നിസ്സംശയമായി ഭർത്തൃ ഭവനത്തിൽ നടത്തിയ പ്രവൃത്തികളുടെ അനന്തര ഫലമാണ്. അങ്ങനെയുള്ള അനന്തരഫലങ്ങൾ, അതുകൊണ്ടു തന്നെ, അവൾ അഭയം പ്രാപിച്ച മാതാപിതാ ക്കൾക്കുള്ള വീട്ടിൽ നടത്തിയ ഭിന്നമായ കുറ്റ കൃത്യങ്ങളായി പരിണമിക്കുന്നതാണ്. മാതാപിതാക്കൾക്കുള്ള വീട്ടിൽ മാനസികാ രോഗ്യത്തിൻമേലുള്ള പ്രതികൂല പ്രഭാവങ്ങൾ ഭർത്തൃഭവനത്തിൽ നടത്തിയ പ്രവൃത്തിക ളുടെ കാരണത്താൽ ആണെങ്കിൽ തന്നെയും, ഞങ്ങളുടെ പരിഗണിത കാഴ്ചപ്പാടിൽ, 498 എ വകുപ്പിന്റെ അർത്ഥവ്യാപ്തിക്കു ള്ളിലെ ക്രൂരത മാതാപിതാക്കൾക്കുള്ള വീട്ടിൽ വച്ച് നടന്നതിൽ പരിണമിക്കുന്നു. ഭർത്തൃഭവനത്തിൽ വച്ച് നടത്തിയ ക്രൂരത യുടെ അനന്തര ഫലങ്ങൾ മാതാപിതാ ക്കൾക്കുള്ള വീട്ടിൽ വച്ച് നടത്തിയ ആവർത്തിച്ച കുറ്റകൃത്യങ്ങളായി കലാശിക്കുന്നു. ക്രിമിനൽ നടപടി നിയമസംഹിതയുടെ 179-ാം വകുപ്പിൻകീഴിൽ കാണുന്ന കുറ്റകൃത്യങ്ങൾ ഇത്തരത്തിലുള്ളതും, ആയത്, ഉന്നയിച്ച തർക്കവിഷയത്തിനുള്ള ഒരുത്തരം പോലെ സ്പഷ്ടമായി നിലവിലെ കേസിൽ ബാധകമാകുന്നതുമാണ്.

16. ഭർത്താവോ അല്ലെങ്കിൽ അയാളുടെ ബന്ധുക്കളോ നടത്തിയ ക്രൂരതാ പ്രവൃത്തി കളുടെ കാരണത്താൽ, ആയത് വസ്തുതാ പരമായ സാഹചര്യത്തെ ആശ്രയിച്ചിരിക്കും, ഭർത്തൃഭവനം ഉപേക്ഷിച്ചതോ പുറത്താക്കി യതോ ആയ ഭാര്യ അഭയം പ്രാപിച്ച സ്ഥലത്തെ കോടതിക്കും കൂടി, ഇന്ത്യൻ ശിക്ഷാനിയമത്തിലെ 498 എ വകുപ്പിൻ കീഴിലെ കുറ്റകൃത്യങ്ങൾ നടത്തിയതായി ആരോപിക്കുന്ന ഒരു പരാതി സ്വീകരിക്കുന്ന തിന് അധികാരിതയുണ്ടെന്ന് അതിനാൽ ഞങ്ങൾ വിധിക്കുന്നു.

17. മേൽപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എല്ലാ അപ്പീലുകളും തീർപ്പാക്കുന്നു.

*——————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് അഭയ് മനോഹർ സപ്രേ

&

ബഹു. ജസ്റ്റിസ് ദിനേഷ് മഹേശ്വരി

സിവിൽ അപ്പീൽ നമ്പർ 5534/2019 [2019-ലെ പ്രത്യേകാനുമതി ഹർജി (സി) നമ്പർ 3053-ൽ നിന്നും ഉത്ഭവിച്ചത്]

സർ ശോഭ സിംഗ് ആന്റ് സൺസ് പ്രൈവറ്റ് ലിമിറ്റഡ്

**Vs**

പരേതനായ ശശി മോഹൻ കപൂർ നിയമാനുസൃത പ്രതിനിധി മുഖാന്തിരം

2019 ജൂലൈ 15-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**വിധി നടത്തൽ അപേക്ഷയോടൊപ്പം ഡിക്രിയുടെ ഒരു പകർപ്പ്, വിധി ഉടമസ്ഥനോട് കോടതി, ഡിക്രിയുടെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ഫയൽ ചെയ്യണമെന്ന് നിർദ്ദേശിക്കാതിരുന്നാൽ ഫയൽ ചെയ്യേണ്ടതില്ല. വിധി നടത്തൽ അപേക്ഷ പരിഗണിക്കുന്നതിനും എതിർകക്ഷി ഉന്നയിച്ച ആക്ഷേപങ്ങൾ ഗുണദോഷത്തിന്മേൽ തീരുമാനിക്കുന്നതിനും വിധിനടത്തൽ കോടതിക്ക് അധികാരമുണ്ട്.**

**നിയമസംഹിതയിലെ 152-ാം വകുപ്പിൻ കീഴിലെ അധികാരം വിനിയോഗിക്കുന്നതിന്, അവിടെ ഒരു വിധിന്യായമോ ഡിക്രിയോ ഉത്തരവോ ഉണ്ടാകേണ്ടതും, ആയതിന്റെ തിരുത്തലിന് വേണ്ടി ഏതെങ്കിലും പിശകോ കണക്കുകൂട്ടലിൽ തെറ്റോ അടങ്ങിയിട്ടുള്ളതുമാകണം.**

### വിധിന്യായം

ജസ്റ്റിസ് അഭയ് മനോഹർ സപ്രേ

1. അനുമതി നൽകി

2. ന്യൂഡൽഹിയിലെ ഡൽഹി ഹൈക്കോടതി, എക്സിക്യൂഷൻ നം. 5665/2016-ൽ ന്യൂഡൽഹി, ന്യൂഡൽഹി ഡിസ്ട്രിക്റ്റ്, എഡിജെ-2 & വക്കഫ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 22-10-2018-ലെ ഉത്തരവ് അസാധുവാക്കിക്കൊണ്ടും ഇവിടത്തെ എതിർകക്ഷി ഫയൽ ചെയ്ത അപ്പീൽ അനുവദിച്ചുകൊണ്ടും എക്സ്. എഫ്.എ. നം. 42/2018-ൽ പുറപ്പെടുവിച്ച 31-10-2018-ലെ അന്തിമ വിധിന്യായത്തിനും ഉത്തരവിനും എതിരെ ഫയൽ ചെയ്തതാണ് ഈ അപ്പീൽ.

3. ഒരു ചെറിയ വിഷയം ഉൾക്കൊള്ളുന്ന ഈ അപ്പീലിന്റെ തീർപ്പാക്കലിന് വേണ്ടി കുറച്ച് വസ്തുതകൾ താഴെ പ്രതിപാദിക്കേണ്ടത് ആവശ്യമാണ്.

4. അപ്പീൽവാദി, വാദി/വിധിഉടമസ്ഥനും എതിർകക്ഷി, പ്രതി/വിധി കടക്കാരനുമാണ്.

5. തർക്കം വിധി നടത്തിപ്പ് നടപടികളിൽ നിന്നും ഉത്ഭവിച്ചതും അത് 1-6-2012-ൽ തീർപ്പുകൽപ്പിച്ച 369/2009-ാം നമ്പർ (പുതിയ

നം. 675/2009) സിവിൽ വ്യവഹാരത്തിൽ നിന്നും ഉത്ഭവിച്ചതുമാണ്.

6. അപ്പീൽവാദി, ന്യൂഡൽഹി, സുജൻ സിംഗ് റോഡിൽ സ്ഥിതി ചെയ്യുന്ന മൂന്നാം നിലയിലെ ജെ-3-62 സർവെന്റ് ക്വാർട്ടറിനോടൊപ്പം 2-ാം നിലയിലെ ഫ്ളാറ്റ് നം. ജി-81-ന്റെ ഉടമസ്ഥനാണ്.

7. അപ്പീൽവാദി, വ്യവഹാരവസതി, വളരെ മുമ്പ് 1959-ലെ പ്രഥമ എതിർ കക്ഷിയുടെ പിതാവ്-പരേതനായ മിസ്റ്റർ ആർ.എൽ. കപൂറിന് വാടകയ്ക്ക് കൊടുത്തിരുന്നു. എന്നിരുന്നാലും, അപ്പീൽവാദി, വസിക്കുന്നതിന് തീരുമാനിച്ചുകൊണ്ട് 21-12-2004-ൽ വീടൊഴിയുന്നതിന് ഒരു നോട്ടീസ് മിസ്റ്റർ. ആർ.എൽ. കപൂറിന് നൽകി. മിസ്റ്റർ. ആർ.എൽ. കപൂർ, എതിർകക്ഷിയെ നിയമാനുസൃത പ്രതിനിധിയായി അവശേഷിപ്പിച്ചുകൊണ്ട് 13-7-2007-ൽ മരണപ്പെട്ടു.

8. അപ്പീൽവാദി, വ്യവഹാരവസതി ഒഴിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 16-1-2009-ൽ മറ്റൊരു ഒഴിപ്പിക്കൽ നോട്ടീസ് എതിർകക്ഷിക്ക് നൽകി. എതിർകക്ഷി വ്യവഹാരവസതി ഒഴിയാത്തതിനാൽ, അപ്പീൽവാദി, അയാളെ വ്യവഹാരവസതിയിൽ നിന്നും ഒഴിപ്പിക്കുന്നതിനും ഇടക്കാലാദായത്തിനുമായി എഡിജെ കോടതിയിൽ എതിർകക്ഷിക്കെതിരെ 2009-ൽ ഒരു സിവിൽ വ്യവഹാരം (പഴയ നമ്പർ-369/2009, പുതിയ നമ്പർ-675/2009) ഫയൽ ചെയ്യാൻ നിർബന്ധിതനായി.

9. എതിർകക്ഷി കോടതിയിൽ ഹാജരായ ശേഷം, തർക്കിക്കാത്തതും ആ വിഷയത്തിൽ അപ്പീൽവാദിയുമായി ഒത്തുതീർപ്പാകുകയും ചെയ്തു. എതിർകക്ഷി (വാടകക്കാരൻ) 31-5-2016-നോ അതിന് മുൻപോ വ്യവഹാര വസതി ഒഴിഞ്ഞ് കൈവശാവകാശം അപ്പീൽവാദിക്ക് കൈമാറണം; രണ്ടാമതായി 1-6-2012 മുതൽ അപ്പീൽവാദിക്ക് വ്യവഹാര വസതി കൈമാറുന്ന തീയതി വരെ പ്രയോജക ചെലവിനത്തിൽ പ്രതിമാസം 5000 രൂപ നൽകണം; മൂന്നാമതായി എതിർകക്ഷി വ്യവഹാരവസതി ഉപവാടകയ്ക്ക് നൽകുകയോ ഏതെങ്കിലും മൂന്നാംകക്ഷി അവകാശങ്ങൾ സൃഷ്ടിക്കുകയോ ചെയ്യാൻ പാടില്ല എന്ന പ്രകാരം ഉടമ്പടിയിൽ എത്തി.

10. വിചാരണകോടതി, കക്ഷികളുടെ പ്രസ്താവന രേഖപ്പെടുത്തുകയും, തദനുസരണം മേൽപ്രതിപാദിച്ച ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ, അതിന്റെ 1-6-2012-ലെ വിധിന്യായത്താൽ സിവിൽ വ്യവഹാരം തീർപ്പാക്കി, ആയത് താഴെ പറയും പ്രകാരം വായിക്കാം:

ജുഡീഷ്യൽ ഇടപെടലോടെ കക്ഷികൾ തമ്മിലുള്ള തർക്കം രമ്യമായി ഒത്തുതീർന്നു. സൈറ്റ് പ്ലാനിൽ എഗ്സിബിറ്റ്.പിഡബ്ല്യൂ 1/14-ഉം, എഗ്സിബിറ്റ്.പിഡബ്ല്യൂ 1/15-ഉം ആയി കാണിച്ചിട്ടുള്ള വ്യവഹാര വസ്തുവായ, അതായത്, ന്യൂഡൽഹിയിലെ സുജൻ സിംഗ് പാർക്കിലെ രണ്ടാംനിലയിലെ ഫ്ളാറ്റ് നം. ജി-81-ഉം, മൂന്നാം നിലയിലെ സർവെന്റ് ക്വാർട്ടർ നം. ജെ.3-62-ഉം പ്രതി ഒഴിയേണ്ടതും കൈവശാവകാശം വാദിക്ക് 31-5-2016-നോ അതിനുമുൻപോ കൈമാറേണ്ടതാണെന്നും സമ്മതിച്ചു. 1-6-2012 മുതൽ വാദിക്ക് വ്യവഹാര വസ്തു കൈമാറുന്നതു വരെ പതിവായി പ്രതിമാസം 5000 രൂപ എന്ന നിരക്കിൽ വ്യവഹാര വസ്തുവിന്റെ പ്രയോജക ചെലവായി നൽകുന്നതിന് പ്രതി ഉറപ്പുകൊടുക്കുകയും ചെയ്തു. വ്യവഹാര വസ്തു ഉപവാടകയ്ക്ക് നൽകുകയോ ഏതെങ്കിലും മൂന്നാം കക്ഷി അവകാശങ്ങൾ സൃഷ്ടിക്കുകയോ ചെയ്യില്ല എന്നുകൂടി പ്രതി ഉറപ്പ് നൽകി.

ഒത്തുതീർപ്പായ പോലെ കേസ് തീർപ്പാക്കണമെന്നഭ്യർത്ഥിച്ചു.

ബ്രിഗ്.ഗുർബക്സ് സിംഗിന്റെയും, മിസ്റ്റർ. ശശിമോഹൻ കപൂറിന്റെയും പ്രസ്താവനകൾ പ്രത്യേകം രേഖപ്പെടുത്തുകയും അവ അവരുടെ ബന്ധപ്പെട്ട അഭിഭാഷകൻ തിരിച്ചറിഞ്ഞിട്ടുമുണ്ട്.

കേട്ടു, പരിശോധിച്ചു, പരിഗണിച്ചു.

പ്രസ്താവനകൾ സ്വമേധയാ നൽകിയതാണെന്ന് ബോധ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്തു.

അവനവന്റെ പ്രസ്താവനയിൽ ഇരുഭാഗത്തുമുള്ളവരും ബാദ്ധ്യസ്ഥമാണ്.

ഇരുഭാഗങ്ങളും ബോധിപ്പിച്ചതിന്റെയും അതുപോലെ പ്രസ്താവനകളുടെയും അടിസ്ഥാനത്തിൽ കേസ് ഒത്തുതീർത്തപോലെ ഇതിനാൽ തീർപ്പാക്കുന്നു.

അഭ്യർത്ഥന പ്രകാരം ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഇരുഭാഗങ്ങൾക്കും നൽകി.

നടപടിക്രമമെല്ലാം പൂർത്തിയാക്കിയ ശേഷം ഫയൽ റിക്കാർഡു റൂമിൽ ഏൽപ്പിച്ചു.

11. 27-5-2016-ൽ എതിർകക്ഷി, 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (ഇതിനുശേഷം 'നിയമസംഹിത' എന്ന് പരാമർശിക്കപ്പെടുന്നു) 148-ാം വകുപ്പ് 151-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം ഒരു അപേക്ഷ ഫയൽ ചെയ്യുകയും അതിൽ വ്യവഹാരവസതി ഒഴിയുന്നതിന് കാലപരിധി നീട്ടിക്കിട്ടണം എന്നും അഭ്യർത്ഥിച്ചു. വ്യവഹാരവസതി ഒഴിയുന്നതിന് സാവകാശം തേടിയത് ചികിത്സാപരമായ കാരണങ്ങളാലാണ്.

12. 9-6-2016-ലെ ഉത്തരവ് പ്രകാരം വിചാരണ കോടതി പ്രസ്തുത അപേക്ഷ അനുവദിക്കുകയും എതിർകക്ഷിക്ക് വ്യവഹാരവസതി ഒഴിയുന്നതിന് 15-7-2016 വരെ സമയം നൽകുകയും ചെയ്തു. വാടകകുടിശ്ശിക തീർക്കുന്നതിനും കൂടി എതിർകക്ഷിയോട് നിർദ്ദേശിച്ചു.

13. 15-7-2016-ന് വ്യവഹാരവസതി ഒഴിയുന്നതിന് പകരം എതിർകക്ഷി, 18-7-2016-ൽ വ്യവഹാരവസതി ഒഴിയുന്നതിന് വീണ്ടും സമയം ആവശ്യപ്പെട്ടുകൊണ്ട് മറ്റൊരു അപേക്ഷ ഫയൽ ചെയ്തു. വിചാരണ കോടതി 8-8-2016-ലെ ഉത്തരവിനാൽ വ്യവഹാരവസതി ഒഴിയുന്നതിന് സമയം നീട്ടി നൽകാനുള്ള അപേക്ഷ നിരസിച്ചുകൊണ്ട് തള്ളി. ഈ അപേക്ഷ തള്ളിയതിന്റെ ഫലത്താൽ, വ്യവഹാരവസതി ഉടനെ ഒഴിയുന്നതിന് എതിർകക്ഷിക്ക് നിയമപരമായ ബാധ്യത ഉണ്ട്.

14. വ്യവഹാരവസതി ഒഴിയുന്നതിന് എതിർകക്ഷി പരാജയപ്പെട്ടതിനാൽ, വ്യവഹാരവസതി ഒഴിഞ്ഞ് കൈവശാവകാശം നേടുന്നതിന് വേണ്ടി, 1-6-2012-ലെ കൺസെന്റ് ഡിക്രിയുടെ നടത്തിപ്പിനായി വിധിനടത്തൽ കോടതിയിൽ എതിർകക്ഷിക്കെതിരെ (5655/2016) വിധി നടത്തൽ ഹർജി ഫയൽ ചെയ്യുന്നതിന് അപ്പീൽവാദി നിർബന്ധിതനായി.

15. വിധിനടത്തൽ കോടതി, 30-9-2016-ലെ ഉത്തരവ് പ്രകാരം, വ്യവഹാരവസതി സംബന്ധിച്ച് എതിർകക്ഷിക്ക്/വിധി കടക്കാരന് എതിരെ ഒരു കൈവശാവകാശത്തിന്റെ വാറണ്ട് പുറപ്പെടുവിച്ചു. ഡിക്രി നടപ്പാക്കുന്നതിന് എതിർകക്ഷി തടസ്സം നിന്നതിനാൽ, എതിർകക്ഷിയിൽ നിന്നും വ്യവഹാരവസതിയുടെ കൈവശാവകാശം നേടുന്നതിനായി പോലീസ് സഹായം അയാൾക്ക് നൽകുന്നതിനായി വിധിനടത്തൽ കോടതിയിൽ അപ്പീൽവാദി അപേക്ഷ സമർപ്പിച്ചു. ഇതിനിടയിൽ യഥാർത്ഥ വാടകക്കാരന്റെ നിയമാനുസൃത പ്രതിനിധിയായി നിലവിലെ എതിർകക്ഷിയെ അവശേഷിപ്പിച്ചുകൊണ്ട് വിധികടക്കാരൻ മരണപ്പെട്ടു.

16. 18-10-2016-നും 23-7-2018-നും ഇവിടത്തെ എതിർകക്ഷി നാല് അപേക്ഷകൾ ഫയൽ ചെയ്തു. ഒന്ന്, നിയമസംഹിതയുടെ ഓർഡർ 47, 114-ാം വകുപ്പും, 151-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം ഉത്തരവ് പുനഃപരിശോധിക്കുന്നതിന് വേണ്ടി; രണ്ടാമത് നിയമസംഹിതയിലെ 47-ഉം, 151-ഉം വകുപ്പുകൾ ഓർഡർ 21 ചട്ടങ്ങൾ 11(2)-ഉം 26-ഉം കൂട്ടി വായിച്ച പ്രകാരം; മൂന്നാമത്, നിയമസംഹിതയുടെ 47-ാം ഓർഡർ 114-ഉം 151-ഉം വകുപ്പുകളുമായി കൂട്ടിവായിച്ച പ്രകാരം; നാലാമത്, നിയമസംഹിതയുടെ 151-ാം വകുപ്പ് പ്രകാരം ഒരപേക്ഷ, ഒരു മിസ്റ്റർ. മൻമോഹൻ കപൂർ, നിയമസംഹിതയുടെ ഓർഡർ1, 10-ാം ചട്ടത്തിൻ കീഴിൽ ഫയൽ ചെയ്തു.

17. ഈ അപേക്ഷകൾ, 1-6-2012-ലെ കൺസെന്റ് ഡിക്രിയുടെ പൂർത്തീകരണത്തിനെ, ആയത് നിയമപരമായി നിലനിൽക്കാത്തതിനാൽ ചോദ്യം ചെയ്തുകൊണ്ട് ഫയൽ ചെയ്തതാണ്. ഈ അപേക്ഷകളിൽ, എതിർകക്ഷി പ്രധാനമായും താഴെപറയുന്ന മൂന്നു കാരണങ്ങൾ ഉന്നയിച്ചു.

18. ഒന്നാമത്തെ കാരണം, അപ്പീൽവാദി, 1-6-2012-ലെ കൺസെന്റ് ഉത്തരവ് എതിർകക്ഷിയിൽ നിന്നും സാരവത്തായ വസ്തുതകൾ മറച്ചുവച്ചുകൊണ്ട് നേടി, ആയതിന് അയാൾ പറയുന്ന പ്രകാരം ചതിയുടെ സ്വഭാവമാണ്. രണ്ടാമത്തെ കാരണം, 1-6-2012-ലെ കൺസെന്റ് ഉത്തരവ് പുറപ്പെടുവിച്ച ശേഷം വിചാരണ കോടതി യാതൊരു ഡിക്രിയും പുറപ്പെടുവിച്ചില്ല; കൂടാതെ, മൂന്നാമത്തെ കാരണം, ഡൽഹി വാടക നിയന്ത്രണ ആക്റ്റിലെ 50-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ 1-6-2012-ലെ കൺസെന്റ് ഉത്തരവ് പുറപ്പെടുവിച്ച വ്യവഹാരം നിലനിൽക്കുന്നതല്ല. അപ്പീൽവാദി, എതിർകക്ഷി ഉന്നയിച്ച എല്ലാ മൂന്നു കാരണങ്ങളും നിരസിച്ചുകൊണ്ട് മേൽ പ്രതിപാദിച്ച അപേക്ഷകളിൽ അയാളുടെ മറുപടി ഫയൽ ചെയ്തു.

19. വിധിനടത്തൽ കോടതി, 22-10.2018-ലെ ഉത്തരവിനാൽ എതിർകക്ഷി (വിധി കടക്കാരൻ) ഫയൽ ചെയ്ത അപേക്ഷകൾ തള്ളി. വിധിനടത്തൽ കോടതി, 1-6-2012-ലെ കൺസെന്റ് ഉത്തരവ് നടപ്പിലാക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ടി മാത്രം എതിർകക്ഷി തന്ത്രങ്ങൾ പ്രയോഗിച്ച് വൈകിപ്പിച്ച് രസിക്കുന്നു എന്ന് വിധിച്ചു. വിധി നടത്തൽ കോടതി എതിർകക്ഷി ഉന്നയിച്ച ഓരോ ആക്ഷേപവും പരിശോധിക്കുകയും അവയിലൊന്നും തന്നെ യാതൊരു യോഗ്യതയും ഇല്ലെന്ന് കണ്ടെത്തുകയും ചെയ്തു. വ്യവഹാരവസതി ഒഴിയുന്നതിന് രണ്ട് പ്രാവശ്യം സമയം നൽകിയിട്ടും കോടതിയുടെ ഉത്തരവ് എതിർകക്ഷി മാനിക്കാത്തതും അതിനാൽ അയാളുടെ അപേക്ഷകളും ഒരു മിസ്റ്റർ. മൻമോഹൻ കപൂറിന്റെ അപേക്ഷയും തള്ളിക്കൊണ്ട്, അവരിൽ ഓരോരുത്തർക്കും 5 ലക്ഷം രൂപ ചെലവിനത്തിൽ ചുമത്തിക്കൊണ്ട് 50% അപ്പീൽവാദിക്കും ശേഷിക്കുന്ന 50% ഡൽഹി ലീഗൽ സർവ്വീസസ് അതോറിറ്റിക്കും നൽകുന്നതിനും നിർദ്ദേശിച്ചുകൊണ്ട് വിധിനടത്തൽ കോടതി വിധിച്ചു.

20. സങ്കടമനുഭവിച്ച എതിർകക്ഷി, ഡൽഹി ഹൈക്കോടതിയിൽ ആദ്യ അപ്പീൽ സമർപ്പിച്ചു. ദോഷമാരോപിക്കപ്പെട്ട ഉത്തരവിനാൽ ഹൈക്കോടതി അപ്പീൽ അനുവദിക്കുകയും വിധിനടത്തൽ കോടതി 22-10-2018-ൽ പുറപ്പെടുവിച്ച ഉത്തരവ് അസ്ഥിരപ്പെടുത്തുകയും ചെയ്തു. 1-6-2012-ലെ കൺസെന്റ് ഉത്തരവ് പുറപ്പെടുവിച്ച ശേഷം വിചാരണകോടതി നിയമാനുരൂപമായ ഡിക്രി തയ്യാറാക്കാത്തതിനാൽ അപ്പീൽവാദി (വിധി ഉടമസ്ഥൻ) ഫയൽ ചെയ്ത വിധിനടത്തൽ ഹർജി നിലനിൽക്കു

തല്ലെന്ന് ഹൈക്കോടതി വിധിച്ചു. എന്നിരുന്നാലും, 1-6-2012-ലെ കൺസെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു ഡിക്രി തയ്യാറാക്കുന്നതിന് നിയമസംഹിതയിലെ 152-ാം വകുപ്പിൻകീഴിൽ വിചാരണ കോടതിയിൽ അപേക്ഷ നൽകുന്നതിന് അപ്പീൽ വാദിയെ (വിധി ഉടമസ്ഥൻ) ഹൈക്കോടതി അനുവദിച്ചു. ഹൈക്കോടതിയുടെ ഈ ഉത്തരവിൽ സങ്കടപ്പെട്ടുകൊണ്ട് അപ്പീൽവാദി (വിധി ഉടമസ്ഥൻ) ഈ കോടതിയുടെ പ്രത്യേകാനുമതി മുഖാന്തിരം നിലവിലെ അപ്പീൽ ഫയൽ ചെയ്തു.

21. അതുകൊണ്ട്, ഈ അപ്പീലിൽ പരിഗണനയ്ക്ക് ഉയർന്നുവന്ന ഹ്രസ്വചോദ്യം, എതിർകക്ഷിയുടെ (വിധി കടക്കാരന്റെ) അപ്പീൽ ഹൈക്കോടതി അനുവദിച്ചത് ന്യായീകരിക്കത്തക്കതാണോ എന്നും, തന്നിമിത്തം, 1-6-2012-ലെ ഉത്തരവ് പുറപ്പെടുവിച്ച ശേഷം കോടതിയുടെ നിയമാനുരൂപമായ ഡിക്രിയുടെ അഭാവത്തിൽ അപ്പീൽവാദി ഫയൽ ചെയ്ത വിധി നടത്തൽ ഹർജി (5655/2016) നിലനിൽക്കില്ല എന്ന് വിധിച്ചത് ന്യായീകരിക്കത്തക്കതാണോ എന്നുമാണ്.

22. അപ്പീൽവാദിക്ക് വേണ്ടിയുള്ള മുതിർന്ന അഭിഭാഷകൻ മിസ്റ്റർ. ഹുസേഫാ അഹ്മാദിയേയും എതിർകക്ഷിക്ക് വേണ്ടിയുള്ള മുതിർന്ന അഭിഭാഷക മിസ്. ഐശ്വര്യാ ഭാട്ടിയേയും കേട്ടു.

23. കക്ഷികൾക്ക് വേണ്ടിയുള്ള മുതിർന്ന അഭിഭാഷകരെ കേട്ടതിനും കേസിന്റെ റിക്കാർഡ് പരിശോധിച്ചതിനും ശേഷം ഞങ്ങൾ ഈ അപ്പീൽ അനുവദിക്കുന്നതിന് താത്പര്യപ്പെടുന്നതും ദോഷമാരോപിക്കപ്പെട്ട ഉത്തരവ് അസ്ഥിരപ്പെടുത്തുകയും വിചാരണ കോടതിയുടെ ഉത്തരവ് താഴെ ചൂണ്ടിക്കാണിച്ച പോലെ ഭേദഗതി ചെയ്ത് പുനഃസ്ഥാപിക്കുകയും ചെയ്യുന്നു.

24. ഞങ്ങളുടെ അഭിപ്രായത്തിൽ, നിയമാനുരൂപമായി തയ്യാറാക്കിയ ഒരു ഡിക്രിയുടെ അഭാവത്തിൽ, 1-6-2012-ലെ കൺസെന്റ് ഉത്തരവിന്റെ ബലത്തിൽ, അപ്പീൽവാദിക്ക് (വിധി ഉടമസ്ഥൻ) വിധിനടത്തൽ ഹർജി ഫയൽ ചെയ്യാൻ യാതൊരവകാശവും ഇല്ലെന്ന് ഹൈക്കോടതി വിധിച്ചത് ശരിയല്ല. ഹൈക്കോടതിയുടെ കണ്ടെത്തൽ, ഞങ്ങളുടെ വീക്ഷണത്തിൽ, ഇവിടെ ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങളാൽ നിയമപരമായി നിലനിൽക്കുന്നതല്ല.

25. ഈ കേസിലെ പ്രശ്നവിഷയം, നിയമസംഹിതയിലെ ഓർഡർ 20 6-ാം ചട്ടം, ഓർഡർ 20 6എ ചട്ടം, ഓർഡർ 20 7-ാം ചട്ടം, ഓർഡർ 21 11(2)-ഉം, (3)-ഉം ചട്ടങ്ങൾ, ഓർഡർ 23 3-ാം ചട്ടം എന്നിവയുടെ വെളിച്ചത്തിൽ തീരുമാനിക്കേണ്ടത് ആവശ്യമാണ്. ഈ വ്യവസ്ഥകൾ താഴെ പറയും പ്രകാരം വായിക്കാം:

ഓർഡർ 20, 6-ാം ചട്ടം

**വിധിയുടെ ഉള്ളടക്കം.**- (1) വിധി, വിധിന്യായത്തിന് അനുരൂപമായിരിക്കേണ്ടതും, അതിൽ വ്യവഹാരത്തിന്റെ നമ്പരും, കക്ഷികളുടെ പേരും വിവരണവും, അവരുടെ രജിസ്റ്റർ മേൽവിലാസവും, അവകാശവാദത്തിന്റെ വിവരങ്ങളും അടങ്ങിയിരിക്കേണ്ടതും, അനുവദിക്കപ്പെടുന്ന നിവൃത്തിയോ, വ്യവഹാരത്തിന്റെ മറ്റു തീർപ്പോ വ്യക്തമായി നിർദ്ദേശിക്കേണ്ടതുമാകുന്നു.

(2) വിധിയിൽ വ്യവഹാരങ്ങളിൽ നേരിട്ടിട്ടുള്ള കോടതിച്ചെലവിന്റെ തുകയും, അങ്ങനെയുള്ള കോടതിച്ചെലവ് കൊടുക്കേണ്ടത് ആരാണ്, അല്ലെങ്കിൽ ഏതു വസ്തുവിൽ നിന്നാണെന്നും, ഏത് അനുപാതത്തിലാണെന്നും പ്രസ്താവിക്കേണ്ടതാകുന്നു.

(3) ഒരു കക്ഷിക്ക് മറ്റേ കക്ഷി കൊടുക്കേണ്ട കോടതിച്ചെലവ്, ആദ്യം പറഞ്ഞയാൾ

രണ്ടാമത് പറഞ്ഞയാൾക്ക് കൊടുക്കാനുള്ള തായി സമ്മതിക്കപ്പെടുന്നതോ കാണപ്പെടുന്നതോ ആയ ഏതെങ്കിലും തുകയിലേക്ക് തട്ടിക്കിഴിക്കേണ്ടതാണെന്ന് കോടതിക്ക് നിർദ്ദേശിക്കാവുന്നതാണ്.

ഓർഡർ 20, 6എ ചട്ടം

**വിധി തയ്യാറാക്കുന്നത്.**-(1) വിധി, സാധ്യമായിടത്തോളം സത്വരമായും, ഏതു സംഗതിയിലും വിധിന്യായം പ്രസ്താവിച്ച തീയതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലും തയ്യാറാക്കപ്പെടുന്നത് ഉറപ്പുവരുത്താൻ എല്ലാ യത്നവും ചെയ്യേണ്ടതാകുന്നു.

(2) വിധിയുടെ പകർപ്പ് ഫയൽ ചെയ്യാതെ വിധിക്കെതിരായി അപ്പീൽ കൊടുക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, കോടതി കക്ഷിക്ക് ലഭ്യമാക്കിയ പകർപ്പ്, ഓർഡർ XLI, 1-ാം ചട്ടത്തിന്റെ ആവശ്യങ്ങൾ വിധിയായി കണക്കാക്കുന്നതുമാണ്. എന്നാൽ, വിധി തയ്യാറാക്കപ്പെട്ട ഉടൻ നടത്തലിന്റെ ആവശ്യത്തിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വിധിന്യായത്തിന്, വിധിയുടെ പ്രഭാവം ഇല്ലാതായിത്തീരുന്നതുമാണ്.

ഓർഡർ 20, 7-ാം ചട്ടം

**വിധിയുടെ തീയതി.**-വിധി, വിധിന്യായം പ്രസ്താവിച്ച ദിവസത്തെ തീയതി വഹിക്കേണ്ടതും, വിധി വിധിന്യായമനുസരിച്ചാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് ജഡ്ജിക്ക് ബോദ്ധ്യപ്പെടുമ്പോൾ അദ്ദേഹം വിധി ഒപ്പിടേണ്ടതുമാകുന്നു.

ഓർഡർ 21, 11(2)-ാം ചട്ടം

**ലിഖിതമായ അപേക്ഷ.**-(1)-ാം ഉപചട്ടത്തിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഒരു വിധിയുടെ നടത്തലിനുള്ള ഏതൊരപേക്ഷയും, ലിഖിതവും, അപേക്ഷകനോ, കേസിന്റെ വസ്തുതകൾ നേരിട്ട് അറിവുള്ളവനാണെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുന്ന വിധം തെളിയിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും ആളോ ഒപ്പിടുകയും സത്യബോധപ്പെടുകയും ചെയ്തതും ആയിരിക്കേണ്ടതും, അതിൽ താഴെപ്പറയുന്ന വിവരങ്ങൾ ഒരു പട്ടികയുടെ രൂപത്തിൽ അടങ്ങിയിരിക്കേണ്ടതുമാകുന്നു, അതായത്:-

(എ) വ്യവഹാരത്തിന്റെ നമ്പർ;

(ബി) കക്ഷികളുടെ പേരുകൾ;

(സി) വിധിയുടെ തീയതി;

(ഡി) വിധിയിൽ നിന്നും ആരെങ്കിലും അപ്പീൽ കൊടുത്തിട്ടുണ്ടോ എന്ന്;

(ഇ) വിധിക്കുശേഷം, കക്ഷികൾ തമ്മിൽ ഏതെങ്കിലും പണം കടം കൊടുക്കലോ തർക്കത്തിലുള്ള വിഷയം സംബന്ധിച്ചുള്ള മറ്റ് ഒത്തുതീരലോ ഉണ്ടായിട്ടുണ്ടോ എന്നും (ഉണ്ടെങ്കിൽ) അതെന്താണെന്നും;

(എഫ്) വിധിയുടെ നടത്തലിന് മുൻ അപേക്ഷകൾ കൊടുത്തിട്ടുണ്ടോ എന്നും, (ഉണ്ടെങ്കിൽ) അവ എന്തെന്നും, അങ്ങനെയുള്ള അപേക്ഷകളുടെ തീയതികളും അവയുടെ ഫലങ്ങളും;

(ജി) വിധിയിന്മേൽ കിട്ടാനുള്ള തുക പലിശ (എന്തെങ്കിലുമുണ്ടെങ്കിൽ) സഹിതം, അല്ലെങ്കിൽ വിധി നൽകുന്ന മറ്റു നിവൃത്തി, ഏതെങ്കിലും എതിർവിധിയുടെ, അത് നടത്താൻ അപേക്ഷിക്കുന്ന വിധിയുടെ തീയതിക്ക് മുൻപോ പിൻപോ പാസ്സാക്കിയതായാലും വിവരങ്ങൾ സഹിതം;

(എച്ച്) അവാർഡ് ചെയ്ത കോടതി ചെലവിന്റെ (എന്തെങ്കിലുമുണ്ടെങ്കിൽ) തുക;

(ഐ) ഏതാൾക്ക് എതിരായാണോ വിധി നടത്താൻ അപേക്ഷിക്കുന്നത്, അയാളുടെ പേര്;

(ജെ) കോടതിയുടെ സഹായം ആവശ്യമുള്ളത്, ഏത് രൂപത്തിലാണെന്നത്,-

(i) നിർദ്ദിഷ്ടമായി വിധിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വസ്തുവിന്റെ ഡെലിവറി വഴിയോ;

(ii) ഏതെങ്കിലും വസ്തുവിന്റെ ജപ്തി വഴിയോ, ജപ്തിയും വിൽപ്പനയും വഴിയോ, ജപ്തി കൂടാതെയുള്ള വിൽപ്പന വഴിയോ;

(iii) ഏതെങ്കിലും ആളുടെ അറസ്റ്റും കാരാഗൃഹത്തിൽ തടങ്കലിൽ വയ്ക്കലും വഴിയോ;

(iv) റിസീവർ നിയമനം വഴിയോ;

(v) നൽകപ്പെട്ടിട്ടുള്ള നിവൃത്തിയുടെ പ്രകൃതം ആവശ്യപ്പെടുന്നത് മറ്റു വിധത്തിലോ; എന്ന്

ഓർഡർ 21, 11 (3)-ാം ചട്ടം

ഏത് കോടതിക്കാണോ (2)-ാം ഉപചട്ടത്തിൻകീഴിൽ അപേക്ഷ കൊടുക്കുന്നത്, ആ കോടതിക്ക്, അപേക്ഷകനോട് വിധിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതാണ്.

ഓർഡർ 23, 3-ാം ചട്ടം

**വ്യവഹാരത്തിന്റെ രാജി.**-ഒരു വ്യവഹാരം ലിഖിതവും കക്ഷികൾ ഒപ്പിട്ടതുമായ നിയമാനുസൃതമായ ഏതെങ്കിലും കരാറോ രാജിയോ വഴി പൂർണ്ണമായോ ഭാഗികമായോ ഒത്തുതീർന്നിട്ടുണ്ടെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കപ്പെടുന്നിടത്തോ, അല്ലെങ്കിൽ വ്യവഹാരത്തിലെ വിഷയം മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് പ്രതി, വാദിയുമായി ഉള്ള കാര്യം തീരുന്നിടത്തോ, കോടതി അങ്ങനെയുള്ള കരാറോ രാജിയോ കാര്യം തീരലോ റിക്കാർഡാക്കാൻ ഉത്തരവിടേണ്ടതും, അതനുസരിച്ച്, അത് വ്യവഹാരത്തിലെ കക്ഷികളെ സംബന്ധിക്കുന്നിടത്തോളം, കരാറിന്റെയോ രാജിയുടെയോ കാര്യം തീരുന്നതിന്റെയോ വിഷയം വ്യവഹാരത്തിലെ അതേ വിഷയമാണെങ്കിലും അല്ലെങ്കിലും, വിധി പുറപ്പെടുവിക്കേണ്ടതുമാണ്.

26. നിയമസംഹിതയുടെ ഓർഡർ 20 6-ാം ചട്ടം, വിധിയുടെ ഉള്ളടക്കത്തെ പ്രതിപാദിക്കുന്നതും, ഡിക്രി വിധിന്യായവുമായി യോജിക്കുന്നതാകണമെന്നും, അതിൽ വ്യവഹാരത്തിന്റെ നമ്പർ, കക്ഷികളുടെ പേരുകളും വിവരണങ്ങളും, അവരുടെ രജിസ്റ്റർ മേൽവിലാസവും, അവകാശവാദത്തിന്റെ വിവരണവും അനുവദിക്കപ്പെടുന്ന നിവൃത്തിയോ, വ്യവഹാരത്തിന്റെ മറ്റു തീർപ്പോ, വ്യവഹാരത്തിൽ നേരിട്ടിട്ടുള്ള കോടതിച്ചെലവിന്റെ തുകയും, ആരാലാണ് അല്ലെങ്കിൽ ഏത് വസ്തുവിൽ നിന്നാണ് എന്നതും, ഏത് അനുപാതത്തിലാണ് കോടതിച്ചെലവ് കൊടുക്കേണ്ടത് എന്നതും അടങ്ങിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. 6എ ചട്ടം വിധി തയ്യാറാക്കുന്നത് പ്രതിപാദിക്കുന്നു. വിധി, സാധ്യമായിടത്തോളം സത്വരമായും, ഏത് സംഗതിയിലും വിധിന്യായം പ്രസ്താവിച്ച തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കുള്ളിലും തയ്യാറാക്കുന്നു എന്നുറപ്പുവരുത്താൻ എല്ലാ യത്നവും ചെയ്യേണ്ടതാണെന്ന് അതിൽ പറയുന്നു. നിയമസംഹിതയുടെ ഓർഡർ 20 6എ (2)-ാം ചട്ടത്തിൽ, വിധിയുടെ പകർപ്പ് ഫയൽ ചെയ്യാതെ വിധിക്കെതിരെ അപ്പീൽ കൊടുക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ, കോടതി കക്ഷിക്ക് ലഭ്യമാക്കിയ പകർപ്പ്, ഓർഡർ 41, 1-ാം ചട്ടത്തിന്റെ ആവശ്യങ്ങൾക്ക് വിധിയായി കണക്കാക്കുന്നതുമാണ്, എന്നാൽ, വിധി തയ്യാറാക്കപ്പെട്ട ഉടൻ നടത്തലിന്റെ ആവശ്യത്തിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വിധിന്യായത്തിന് വിധിയുടെ പ്രഭാവം ഇല്ലാതായിത്തീരുന്നതുമാണ് എന്ന് പറയുന്നു.

27. ഞങ്ങളുടെ പരിഗണിത അഭിപ്രായത്തിൽ, നിയമസംഹിതയിലെ ഓർഡർ 20 6എ (2)-ാം ചട്ടം, വിധിന്യായത്തോടൊപ്പം വിധിയുടെ പകർപ്പ് ഉൾപ്പെടുത്താതെ അപ്പീൽ ഫയൽ ചെയ്യുന്നത് പ്രതിപാദിക്കുന്നതും,

കൂടാതെ ഡിക്രി അതുവരെ തയ്യാറാക്കാതിരിക്കുന്നതിന്റെ അനന്തരഫലം വ്യവസ്ഥ ചെയ്യുന്നതും, ഞങ്ങളുടെ അഭിപ്രായത്തിൽ, 6എ (2)-ാം ചട്ടത്തിൽ അടിവരയിട്ടിട്ടുള്ള തത്വം, നിയമസംഹിതയുടെ ഓർഡർ 21, 2-ാം ചട്ടത്തിൻകീഴിൽ വിധിനടത്തൽ ഹർജി ഫയൽ ചെയ്യുന്നതിന് കൂടി ബാധകമാക്കാൻ കഴിയും എന്നതാണ്.

28. ഓർഡർ 20, 7-ാം ചട്ടം വിധിയുടെ തീയതി പ്രതിപാദിക്കുന്നു. അത്, വിധി, വിധിന്യായം പ്രസ്താവിച്ച ദിവസത്തെ തീയതി വഹിക്കേണ്ടതും, വിധി, വിധിന്യായമനുസരിച്ചാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്ന് ജഡ്ജിക്ക് ബോദ്ധ്യപ്പെടുമ്പോൾ അദ്ദേഹം വിധി ഒപ്പിടേണ്ടതുമാണ് എന്ന് പറയുന്നു.

29. നിയമസംഹിതയുടെ ഓർഡർ 21. 11(2)-ാം ചട്ടം, വിധിയുടെ വിധിനടത്തൽ പ്രതിപാദിക്കുന്നു, അത്, വിധിനടത്തൽ അപേക്ഷയിൽ മറ്റു വിശദാംശങ്ങൾക്കൊപ്പം [(എ) മുതൽ (ജെ) വരെ ഖണ്ഡങ്ങൾ കാണുക] വിധിന്യായത്തിന്റെയും ഡിക്രിയുടെയും വിശദാംശങ്ങൾ മാത്രം വിധി ഉടമസ്ഥൻ നൽകിയാൽ മതി എന്ന് വ്യവസ്ഥ ചെയ്യുന്നു.

30. സമാനമായി, നിയമസംഹിതയുടെ ഓർഡർ 21, 11(3)-ാം ചട്ടം, ഡിക്രിയുടെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ഹാജരാക്കാൻ കോടതിക്ക് വിധി ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതാണ് എന്ന് വ്യക്തമാക്കുന്നു. വിധി നടത്തൽ അപേക്ഷയോടൊപ്പം ഡിക്രിയുടെ ഒരു പകർപ്പ് വിധി ഉടമസ്ഥനോട് കോടതി ഡിക്രിയുടെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ഫയൽ ചെയ്യണമെന്ന് നിർദ്ദേശിക്കാതിരുന്നാൽ ഫയൽ ചെയ്യേണ്ട ആവശ്യമില്ല.

31. മേൽപ്പറഞ്ഞ പരിശോധന, ഏതെങ്കിലും വിധിയുടെ വിധി നടത്തലിനായി ഒരപേക്ഷ വിധി ഉടമസ്ഥൻ ഫയൽ ചെയ്യുമ്പോൾ, അയാൾ മൂന്നു വസ്തുതകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ആവശ്യമുണ്ടെന്ന ഒരു നിഗമനത്തിലേക്ക് ഞങ്ങളെ നയിക്കുന്നു.

32. ആദ്യം, നിയമസംഹിതയുടെ ഓർഡർ 21, 10-ഉം, 11(2)-ഉം ചട്ടങ്ങൾക്ക് കീഴിലെ ലിഖിതമായ അപേക്ഷ, കോടതിയെ ബോദ്ധ്യപ്പെടുത്തുന്ന വിധം, അപേക്ഷകനോ കേസിന്റെ വസ്തുതകൾ അറിയാവുന്ന ഏതൊരാളോ ഒപ്പിട്ട് പരിശോധിച്ച് ഫയൽ ചെയ്യേണ്ടതാണ്; രണ്ടാമത്, അപേക്ഷ, നിയമസംഹിതയുടെ 11(2)-ാം ചട്ടത്തിന്റെ (എ) മുതൽ (ജെ) വരെയുള്ള ഖണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വിശദാംശങ്ങൾ അടങ്ങുന്നതും, ആയതിൽ വിധിന്യായത്തിന്റെയും ഡിക്രിയുടെയും തീയതി പ്രതിപാദിക്കുന്നതും ഉൾക്കൊള്ളുന്നു; കൂടാതെ, മൂന്നാമത്, വിധി ഉടമസ്ഥനോട്, കോടതി ഡിക്രിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഫയൽ ചെയ്യുന്നതിന് ആവശ്യപ്പെടുന്നപക്ഷം, അത് നിയമസംഹിതയുടെ ഓർഡർ 21, 11(3) ചട്ടത്തിൻ കീഴിൽ ഫയൽ ചെയ്യണം.

33. ഇത്, അപ്പീൽവാദിക്ക് വേണ്ടിയുള്ള മുതിർന്ന അഭിഭാഷകൻ ഉദ്ബോധിപ്പിച്ച വിഷയം കൈകാര്യം ചെയ്യുന്നതിന് ഞങ്ങളെ ക്ഷണിച്ചുകൊണ്ടുപോകുന്നു. അഭിഭാഷകൻ പറയുന്നതനുസരിച്ച്, നിയമസംഹിതയുടെ 36-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ, 1-6-2012-ലെ ഉത്തരവ് തന്നെ നടപ്പാക്കാൻ പ്രാപ്തമാകുന്നതും അതുകൊണ്ട് ഡിക്രി തയ്യാറാക്കേണ്ട ആവശ്യമുണ്ടെന്ന് ഹൈക്കോടതി വിധിച്ചത് ശരിയായില്ല.

34. വാദം ഒന്നിൽകൂടുതൽ കാരണങ്ങളാൽ സ്വീകാര്യമല്ല. ചില ഉത്തരവുകൾ, ആയത് ഡിക്രിയുടെ സ്വഭാവത്തിലുള്ളതും അങ്ങനെ അപ്രകാരം നടപ്പാക്കാൻ പ്രാപ്തമാകുന്നതുമാണ് എന്നത് ശരിയാണ്, എന്നാൽ, ഈ സംഗതിയിൽ, പരിഗണനയ്ക്കുയർന്നു

വന്ന പ്രശ്നവിഷയം നിയമസംഹിതയുടെ ഓർഡർ 23, 3-ാം ചട്ടത്തിൻ കീഴിൽ പുറപ്പെടുവിച്ച ഉത്തരവ് അങ്ങനെയുള്ള ഒരു ഉത്തരവാണോ എന്നതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ അതല്ല.

35. ആദ്യം, നിയമസംഹിതയുടെ ഓർഡർ 23, 3-ാം ചട്ടത്തിലെ ഭാഷാരീതി, അപ്പീൽവാദിക്ക് വേണ്ടിയുള്ള മുതിർന്ന അഭിഭാഷകൻ ഉദ്ബോധിപ്പിച്ച സ്വഭാവത്തിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നത് അംഗീകരിക്കുന്നില്ല; രണ്ടാമത്, നിയമസംഹിതയുടെ ഓർഡർ 23, 3-ാം ചട്ടത്തിൽ നിലകൊള്ളുന്ന "കോടതി അങ്ങനെയുള്ള കരാറോ രാജിയോ കാര്യം തീരലോ റിക്കാർഡാക്കാൻ ഉത്തരവാകേണ്ടതും അതനുസരിച്ച്" എന്ന പദപ്രയോഗം, ഉത്തരവിലെ രാജി റിക്കാർഡു ചെയ്തശേഷം, വീണ്ടും അതനുസരിച്ച് ഒരു ഡിക്രി പുറപ്പെടുവിക്കണമെന്ന് വ്യക്തമായി വ്യവസ്ഥ ചെയ്യുന്നു എന്ന് നിർദ്ദേശിക്കുന്നു.

36. മറ്റൊരു വിധത്തിൽ, "അതനുസരിച്ച് ഒരു ഡിക്രി പുറപ്പെടുവിക്കേണ്ടതുമാണ്" എന്ന പദപ്രയോഗം, കോടതി രാജി റിക്കാർഡു ചെയ്തശേഷം "ഒരു ഡിക്രി പുറപ്പെടുവിക്കാൻ" അത് മുന്നോട്ടു പോകേണ്ടതാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്നു. അതുകൊണ്ട്, രാജി റിക്കാർഡു ചെയ്തുകൊണ്ടുള്ള ആദ്യ ഉത്തരവും പിന്നീട്, ഒരേ സമയത്ത് ഉത്തരവനുസരിച്ച് ഒരു ഡിക്രിയും പുറപ്പെടുവിക്കേണ്ടതാണെന്ന് ചട്ടം വിഭാവനം ചെയ്യുന്നു.

37. നിയമസംഹിതയുടെ ഓർഡർ 23, 3-ാം ചട്ടത്തിലെ വ്യക്തമായ ഭാഷാരീതിയുടെ വെളിച്ചത്തിൽ, 1-6-2012-ലെ ഉത്തരവ് തന്നെ ഒരു ഡിക്രിയാകുന്നതും, അപ്രകാരം, കോടതി ഒരു ഡിക്രി പുറപ്പെടുവിക്കേണ്ട ആവശ്യമില്ല എന്നും അപ്പീൽവാദിക്ക് വേണ്ടിയുള്ള മുതിർന്ന അഭിഭാഷകൻ ബോധിപ്പിച്ചത് സ്വീകരിക്കുവാൻ കഴിയില്ല. ഉദ്ദേശ്യം ഇതായിരിക്കെ, നിയമനിർമ്മാണ സഭ, "കൂടാതെ അതനുസരിച്ച് ഒരു ഡിക്രി പുറപ്പെടുവിക്കേണ്ടതുമാണ്" എന്ന പദപ്രയോഗം നിയമസംഹിതയുടെ ഓർഡർ 23, 3-ാം ചട്ടത്തിൽ ഉപയോഗിച്ചില്ല.

38. ഇത്, ഹൈക്കോടതി യോഗ്യതയിന്മേൽ തീരുമാനിക്കാത്തതാണെങ്കിലും, അടുത്ത പ്രശ്നവിഷയം പരിശോധിക്കുന്നതിലേക്ക് ഞങ്ങളെ കൊണ്ടുപോകുന്നു.

39. മേൽ പ്രതിപാദിച്ചപോലെ, എതിർകക്ഷി ഫയൽ ചെയ്ത അപേക്ഷകൾ, വിധി നടത്തൽ കോടതി, 5 ലക്ഷം രൂപയുടെ ചെലവു സഹിതം തള്ളുകയും, ആയത്, വ്യവഹാരവസതിയുടെ കൈവശാവകാശത്തിന് വാറണ്ട് നൽകുന്നതിൽ കലാശിക്കുകയും ചെയ്തു. ഹൈക്കോടതി, ദോഷമാരോപിക്കപ്പെട്ട ഉത്തരവിലൂടെ വിധി നടത്തൽ കോടതിയുടെ ഉത്തരവ് അസ്ഥിരപ്പെടുത്തുകയും വിധിനടത്തൽ അപേക്ഷ നിലനിൽക്കുന്നതല്ലാത്തതിനാൽ തള്ളുകയും ചെയ്തു. എന്നിരുന്നാലും ഹൈക്കോടതി, എതിർകക്ഷിയുടെ അപേക്ഷകൾ വിധി നടത്തൽ കോടതി നിരസിച്ചത് ശരിയായിരുന്നോ എന്ന പ്രശ്നവിഷയം പരിശോധിക്കേണ്ടത് ആവശ്യമാണോ എന്നത് പരിഗണിച്ചില്ല.

40. ഞങ്ങൾ, അതിനാൽ, വിധിനടത്തൽ കോടതിയുടെ ഉത്തരവ് പരിശോധിച്ചു. അത് പരിശോധിച്ചതിൽ, എതിർകക്ഷി അയാളുടെ അപേക്ഷകളിൽ ഉന്നയിച്ച ആക്ഷേപങ്ങൾ വിധിനടത്തൽ കോടതി നിരസിച്ചത് ശരിയായിരുന്നു എന്നും, വിധിനടത്തൽ കോടതിയുടെ അത്തരം കണ്ടെത്തലുകളിൽ ഇടപെടുന്നതിന് ഉത്തമമായ യാതൊരു കാരണവും കാണുന്നില്ല എന്നതാണ് ഞങ്ങളുടെ പരിഗണിത വീക്ഷണം.

41. ഞങ്ങളുടെ വീക്ഷണത്തിൽ, എതിർകക്ഷി ഉന്നയിച്ച എല്ലാ ആക്ഷേപങ്ങളും ബാലിശവും, രാജി ഡിക്രി നടപ്പാക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ടി മാത്രം ഉന്നയിച്ചതുമാണ്. ഏത് സംഗതിയിലും, എതിർകക്ഷി ഉന്നയിച്ച യാതൊരു ആക്ഷേപത്തിനും മെരിറ്റിൽ യാതൊരു അർത്ഥവുമില്ലാത്തതും, അതിനാൽ, വിധിനടത്തൽ കോടതി ശരിയായി നിരസിച്ചു, ആയതിൽ ഞങ്ങൾ യോജിക്കുന്നു. ഞങ്ങളുടെ വീക്ഷണത്തിൽ, എതിർകക്ഷി, വ്യവഹാരവസതി ഒഴിയുന്നതിന് രണ്ട് പ്രാവശ്യം സമയം എടുത്തിട്ടും, നൽകിയ ഉറപ്പ് നാളിതുവരെ കർക്കശമായി പാലിക്കാത്തതും, എതിർകക്ഷിയുടെ അപ്രകാരമുള്ള സ്വഭാവം ഈ കോടതി അനുകൂലിക്കാത്തതുമാണ്. ഇത് ആക്ഷേപാർഹമായതാണ്.

42. ഇത്, ഞങ്ങളെ അടുത്ത പ്രശ്ന വിഷയം പരിശോധിക്കുന്നതിലേക്ക് കൊണ്ടുപോകുന്നു, അതായത്, അപ്പീൽവാദി ഫയൽചെയ്ത വിധിനടത്തൽ അപേക്ഷയോടൊപ്പം ഡിക്രിയുടെ പകർപ്പ് കൂടി ഫയൽ ചെയ്യാത്തത് എന്ത് ഫലം ഉളവാക്കുന്നു. ഞങ്ങളുടെ വീക്ഷണത്തിൽ, അപ്പീൽവാദി വിധിനടത്തൽ അപേക്ഷയോടൊപ്പം ഡിക്രിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ആയത് കോടതി പുറപ്പെടുവിച്ചില്ല എന്ന കാരണത്താൽ ഫയൽ ചെയ്യാതിരുന്നെങ്കിലും, കൂടാതെ അപ്പീൽവാദി ഫയൽ ചെയ്ത വിധിനടത്തൽ അപേക്ഷ, ഞങ്ങളുടെ കാഴ്ചപ്പാടിൽ, നിലനിൽക്കും. തീർച്ചയായും, നിയമസംഹിതയുടെ ഓർഡർ 20, 6എ(2) ചട്ടത്തിന്റെ ഫലമായി, നിയമാനുരൂപമായ ഡിക്രി പുറപ്പെടുവിക്കാത്തിടത്തോളം, ഇടവേളക്കാലയളവിൽ, 1-6-2012-ലെ ഉത്തരവ് ഒരു ഡിക്രി പോലെ കരുതേണ്ടിയിരുന്നു. മറ്റു വിധത്തിൽ, ഡിക്രി പുറപ്പെടുവിച്ചില്ല എന്ന വസ്തുത ഉണ്ടെങ്കിൽതന്നെയും, നിയമസംഹിതയുടെ ഓർഡർ 20, 6എ(2) ചട്ടത്തിൽ ഊന്നിപ്പറയുന്ന തത്വത്തിന്റെ ഫലത്തിൽ, 1-6-2012-ലെ ഉത്തരവ്, വിധിനടത്തലിന്റെ ആവശ്യത്തിലേക്കോ മറ്റേതെങ്കിലും ആവശ്യത്തിലേക്കോ കോടതി യഥാർത്ഥത്തിൽ ഡിക്രി പുറപ്പെടുവിക്കുന്ന തീയതി വരെ ഒരു ഡിക്രിയുടെ പ്രഭാവത്തിൽ നിലനിൽക്കും. ഇത് വിധിനടത്തൽ അപേക്ഷ പരിഗണിക്കുന്നതിനും എതിർകക്ഷി ഉന്നയിച്ച ആക്ഷേപങ്ങൾ ഗുണദോഷത്തിന്മേൽ തീരുമാനിക്കുന്നതിനും വിധിനടത്തൽ കോടതിയെ അധികാരപ്പെടുത്തുന്നു.

43. ഇത്, നിയമസംഹിതയുടെ 152-ാം വകുപ്പിൻകീഴിൽ ഒരു ഡിക്രി തയ്യാറാക്കുന്നതിനായി അപേക്ഷിക്കുന്നതിന് അപ്പീൽവാദിയോട് ഹൈക്കോടതി നിർദ്ദേശിച്ചത് നീതിയുക്തമാണോ എന്ന അവസാനത്തെ വിഷയം പരിശോധിക്കുന്നതിന് ഞങ്ങളെ കൊണ്ടുപോകുന്നു.

44. ഞങ്ങളുടെ അഭിപ്രായത്തിൽ, ഒരു ഡിക്രി തയ്യാറാക്കുന്നതിന് കോടതിയിൽ അപേക്ഷിക്കുന്നതിന് അപ്പീൽവാദിയെ ഹൈക്കോടതി നിർദ്ദേശിച്ചത് ശരിയായിരുന്നെങ്കിലും, നിയമസംഹിതയുടെ 152-ാം വകുപ്പിൻകീഴിൽ അപേക്ഷിക്കുന്നതിന് നിർദ്ദേശിച്ചത് ശരിയല്ല.

45. നിയമസംഹിതയുടെ 152-ാം വകുപ്പ്, വിധിന്യായങ്ങൾ, ഡിക്രികൾ അല്ലെങ്കിൽ ഉത്തരവുകൾ എന്നിവയുടെ ഭേദഗതി പ്രതിപാദിക്കുന്നു. വിധിന്യായങ്ങളിലെയോ വിധികളിലെയോ ഉത്തരവുകളിലെയോ ഏതെങ്കിലും പിശകുകളോ കണക്കുകൂട്ടലിലെ തെറ്റുകളോ അല്ലെങ്കിൽ ഏതെങ്കിലും യാദൃശ്ചികമായ അബദ്ധത്തിൽ നിന്നോ, വിട്ടുപോകലിൽ നിന്നോ, അവയിൽ ഉത്ഭവിക്കുന്ന പിശകുകളോ, കോടതിക്ക് ഏതു സമയത്തും സ്വയമേവ അല്ലെങ്കിൽ കക്ഷികളുടെ ആരുടെയെങ്കിലും അപേക്ഷയിന്മേൽ തിരുത്താവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

152-ാം വകുപ്പിൻകീഴിലോ പുനഃപരിശോധ നയിലോ വിധിന്യായം രൂപഭേദം വരുത്തു കയോ കൂട്ടിച്ചേർക്കുകയോ ചെയ്യാം എന്നു കൂടി ഓർഡർ 20, 3-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു.

46. ഞങ്ങളുടെ അഭിപ്രായത്തിൽ, നിയമ സംഹിതയിലെ 152-ാം വകുപ്പിൻ കീഴിലെ അധികാരം വിനിയോഗിക്കുന്നതിന് രണ്ട് നിബന്ധനകൾ ഉണ്ടാകണം. ആദ്യം, അവിടെ, അതതുസംഗതിപോലെ, ഒരു വിധി ന്യായമോ ഡിക്രിയോ ഒരു ഉത്തരവോ ഉണ്ടാകണം, രണ്ടാമത്, അതതുസംഗതി പോലെ വിധിന്യായമോ ഡിക്രിയോ ഉത്തരവോ, അതിന്റെ തിരുത്തലിന് വേണ്ടി ഏതെങ്കിലും പിശകോ കണക്കുകൂട്ടലിൽ തെറ്റോ അടങ്ങിയിട്ടുള്ളതുമാകണം. മറ്റു വിധത്തിൽ, നിയമസംഹിതയുടെ 152-ാം വകുപ്പ്, വിധിന്യായം, ഡിക്രി അല്ലെങ്കിൽ ഉത്തരവ് കോടതി പുറപ്പെടുവിച്ചതും, ആയ തിൽ പിശകോ കണക്കുകൂട്ടലിൽ തെറ്റോ അടങ്ങുന്നതായും വിഭാവനം ചെയ്യുന്നു.

47. അതതുസംഗതിപോലെ, അങ്ങനെ യുള്ള വിധിന്യായത്തിലെയോ ഡിക്രിയി ലെയോ ഉത്തരവിലെയോ ഏത് കക്ഷിക്കും, അതതുസംഗതിപോലെ, ആ വിധിന്യായ ത്തിലോ ഡിക്രിയിലോ ഉത്തരവിലോ ഉള്ള പിശകോ കണക്കുകൂട്ടലിലെ തെറ്റോ തിരുത്തുന്നതിന് ബന്ധപ്പെട്ട കോടതിയിൽ, നിയമസംഹിതയുടെ 152-ാം വകുപ്പ് പ്രകാരം ഏതുസമയത്തും അപേക്ഷിക്കുന്നതിന് അവകാശമുണ്ട്.

48. നിലവിലെ കേസിൽ, വ്യവഹാരം തീർപ്പാക്കിയ കോടതി ഡിക്രി തയ്യാറാക്കാതെ ഉത്തരവ് മാത്രം പുറപ്പെടുവിച്ചതായി ഞങ്ങൾ കണ്ടെത്തുന്നു. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ, നിയമസംഹിതയുടെ 151-ാം വകുപ്പ് ഓർഡർ 20, 6എ ചട്ടവുമായി കൂട്ടി വായിച്ച പ്രകാരം, 1-6-2012-ലെ ഉത്തരവിന നുസൃതമായി ഒരു ഡിക്രി തയ്യാറാക്കുന്നതിന് വിധി ഉടമസ്ഥൻ കോടതിയിൽ ഒരു അപേക്ഷ ഫയൽ ചെയ്യേണ്ടത് അനിവാര്യമായിരുന്നു. തീർച്ചയായും 1-6-2012-ലെ ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ ഔപചാരികത്വ ങ്ങളുടെ പാലനം ഉറപ്പുവരുത്തുന്നതിന് കോടതി നിർദ്ദേശിച്ചിരുന്നതായി ഞങ്ങൾ കണ്ടെത്തി. അപ്രകാരം, അങ്ങനെയുള്ള സാഹചര്യങ്ങളിൽ, കോടതി, ഒരേ സമയത്ത്, അതേ ദിവസം തന്നെയോ, അല്ലെങ്കിൽ, ഓർഡർ 20, 6എ ചട്ടത്തിൽ വ്യവസ്ഥ ചെയ്തി രിക്കുന്നതുപോലെ ഏതെങ്കിലും സംഗതി യിൽ 15 ദിവസങ്ങൾക്കുള്ളിലോ ഒരു ഡിക്രി തയ്യാറാക്കുന്നത് ഉചിതമായിരിക്കും.

49. അതങ്ങനെയായിരിക്കെ, ഇത് ചെയ്തി ല്ലെങ്കിൽ പോലും, ഇതൊരു നടപടിക്രമ സംബന്ധിയായ കാര്യമാകുന്നതും, വിധി നടത്തൽ അപേക്ഷ ഫയൽ ചെയ്തശേഷം, ഒരു ഡിക്രി തയ്യാറാക്കുന്നതിന് അപേക്ഷിച്ചു കൊണ്ട് അപ്പീൽവാദിയുടെ (വിധി ഉടമസ്ഥൻ) പ്രേരണയാൽ ആയത് ഇനിയും കോടതിക്ക് നിർവ്വഹിക്കാം.

50. എതിർകക്ഷിക്കെതിരെയുള്ള ഡിക്രി നടപ്പാക്കുന്നത് ഒഴിവാക്കുന്നതിനായി ബാലിശമായ ആക്ഷേപങ്ങൾ ഉന്നയിച്ചു കൊണ്ട് അപേക്ഷകൾ ഫയൽ ചെയ്യുന്ന തിന്, വിധിനടത്തൽ കോടതി, ചെലവിന ത്തിൽ 5 ലക്ഷം രൂപ അവർക്ക് മേൽ ചുമത്തിയത് ശരിയാണോ എന്ന അവസാന പ്രശ്നവിഷയം ഞങ്ങൾ പരിശോധിക്കുന്നു. മേൽ പ്രതിപാദിച്ച പോലെ, എതിർകക്ഷി യുടെ ആക്ഷേപം നിരസിച്ചുകൊണ്ട് വിധി നടത്തൽ കോടതി എതിർകക്ഷിക്ക് മേൽ 5 ലക്ഷം രൂപയുടെ ഒരു പ്രായശ്ചിത്ത ചെലവ് ചുമത്തി. ഞങ്ങളുടെ വീക്ഷണത്തിൽ, ചെലവ് ചുമത്തുന്നത് ഇത് ഉചിതമായ ഒരു കേസ്സാണെന്ന് ഞങ്ങൾ കണ്ടെത്തുന്നെങ്കിലും, 5 ലക്ഷം രൂപ ചെലവ് ചുമത്തുന്നത് അമിതമാണ്.

51. ഞങ്ങൾ മേൽ കേസിലെ എല്ലാ വസ്തുതകളും സാഹചര്യങ്ങളും പരിശോധിച്ചതിൽ നിയമസംഹിതയുടെ 35 എ വകുപ്പിൻ കീഴിൽ, എതിർകക്ഷിക്ക് 50,000 രൂപയുടെ ഒരു പ്രായശ്ചിത്ത ചെലവ് ചുമത്തുന്നത് നീതിയുക്തമാണെന്ന് ഞങ്ങൾ കരുതുന്നു. ഈ ഉത്തരവിന്റെ തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഇത് എതിർകക്ഷി, അപ്പീൽ വാദിക്ക് നൽകണം.

52. അതിനാൽ, വിധിനടത്തൽ ഹർജി തന്നെ നിലനിൽക്കുന്നതല്ല എന്ന് ഹൈക്കോടതി വിധിച്ചത് ശരിയായില്ല എന്നതാണ് ഞങ്ങളുടെ പരിഗണിത അഭിപ്രായം. ഒരു ഡിക്രി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട കോടതിയിൽ അപേക്ഷിക്കുന്നതിന് അപ്പീൽവാദിയോട് ഹൈക്കോടതി നിർദ്ദേശിച്ചത് ശരിയായിരുന്നെങ്കിലും, നിയമസംഹിതയുടെ 152-ാം വകുപ്പിൻ കീഴിൽ അപേക്ഷിക്കുന്നതിന് അപ്പീൽവാദിയോട് ഹൈക്കോടതി നിർദ്ദേശിച്ചത് ശരിയല്ല.

53. മേൽപ്പറഞ്ഞ പരിശോധനയുടെ അടിസ്ഥാനത്തിൽ, അപ്പീൽവാദി ബോധിപ്പിച്ച വിധിനടത്തൽ ഹർജി നിലനിൽക്കുന്നതും, മുകളിൽ സൂചിപ്പിച്ച രണ്ട് ഭേദപ്പെടുത്തലൊഴികെ, എതിർകക്ഷി ഉന്നയിച്ച ആക്ഷേപങ്ങൾ നിരസിച്ചുകൊണ്ട് വിധിനടത്തൽ കോടതി ഹർജി അനുവദിച്ചത് ശരിയായിരുന്നു എന്ന് ഞങ്ങൾ വിധിക്കുന്നു.

54. നിയമസംഹിതയിലെ ഓർഡർ 23, 3-ാം ചട്ടത്തിൻകീഴിൽ പുറപ്പെടുവിച്ച 1-6-2012-ലെ ഉത്തരവിനനുസൃതമായി ഒരു ഡിക്രി പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട കോടതിയിൽ, നിയമസംഹിതയുടെ 151-ാം വകുപ്പ് ഓർഡർ 20, 6എ ചട്ടവുമായി കൂട്ടിവായിച്ച പ്രകാരം അപേക്ഷ നൽകുന്നതിന് അപ്പീൽവാദിക്ക് ഇതിനാൽ രണ്ടാഴ്ചത്തെ സമയം അനുവദിക്കുന്നു. ഈ കേസിന്റെ പ്രത്യേകതരമായ സാഹചര്യത്തിൽ, ഏത് സംഗതിയിലും, അപ്പീൽവാദി അപേക്ഷ സമർപ്പിച്ച് ഒരാഴ്ചക്കുള്ളിൽ ബന്ധപ്പെട്ട കോടതി യാതൊരു കാലവിളംബവും ഇല്ലാതെ ഡിക്രി തയ്യാറാക്കി പുറപ്പെടുവിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഡിക്രി അപ്രകാരം തയ്യാറാക്കുന്നതും പുറപ്പെടുവിക്കുന്നതും നിയമാനുരൂപമാകേണ്ടതും അത് സംബന്ധിച്ച യാതൊരു ആക്ഷേപമോ തർക്കമോ ഏതൊരു കോടതിയും സ്വീകരിക്കരുതെന്നും വ്യക്തമാക്കുന്നു. ഡിക്രി ഒരിക്കൽ തയ്യാറാക്കിയതും അതിന്റെ വിശദാംശങ്ങൾ വിധിനടത്തൽ അപേക്ഷയിൽ ഓർഡർ 21, 11(2) (സി) ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പോലെ നിർദ്ദേശിച്ചിട്ടുള്ളതും, കോടതി, നിയമസംഹിതയുടെ ഓർഡർ 21, 11(3) ചട്ടത്തിലെ വ്യവസ്ഥ പ്രകാരം ആവശ്യപ്പെടുന്ന പക്ഷം ഡിക്രിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഫയൽ ചെയ്താൽ, ചെലവ് നൽകുന്നത് സംബന്ധിച്ച മേൽ ഭേദപ്പെടുത്തലോടൊപ്പം 22-10-2018-ലെ വിധിനടത്തൽ കോടതിയുടെ ഉത്തരവിന് എതിർകക്ഷിക്കെതിരെ പ്രഭാവം നൽകുന്നു.

55. മേൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ ബന്ധപ്പെട്ട കോടതി ചിട്ടപ്പെടുത്തിയ സമയത്തിനുള്ളിൽ പൂർത്തിയാക്കണം. എന്നിരുന്നാലും, എതിർകക്ഷിക്ക്, ബന്ധപ്പെട്ട കോടതി നിയമാനുരൂപമായ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയശേഷവും അപ്പീൽ വാദിക്ക് വ്യവഹാരവസതിയുടെ കൈവശാവകാശം നൽകുന്ന തീയതി വരെയുള്ള വാടകകുടിശ്ശിക കൊടുത്തതിനു ശേഷവും വ്യവഹാരവസതി ഒഴിയുന്നതിന് ഒരു മാസത്തെ സമയം അനുവദിച്ചു.

56. മേൽപ്പറഞ്ഞ പരിശോധനയുടെ അടിസ്ഥാനത്തിൽ, അപ്പീൽ വിജയിക്കുന്നതും തദനുസൃതമായി അനുവദിച്ചു. ദോഷമാരോപിക്കപ്പെട്ട ഉത്തരവ് അസാധുവാക്കി, എന്നാൽ വിധിനടത്തൽ കോടതിയുടെ ഉത്തരവ് മേൽ സൂചിപ്പിച്ച അളവിൽ രൂപഭേദപ്പെടുത്തി.

## ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് നവീൻ സിൻഹ

&

ബഹു. ജസ്റ്റിസ് ബി. ആർ. ഗവായ്

ക്രിമിനൽ അപ്പീൽ നമ്പർ 937, 938, 939/2011

ഫൈനുൽ ഖാനും മറ്റുള്ളവരും

**Vs**

സ്റ്റേറ്റ് ഓഫ് ജാർഖണ്ഡും മറ്റുള്ളവരും

2019 ഒക്ടോബർ 4-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പിന് പിന്നിൽ ഊന്നിപ്പറയുന്ന ലക്ഷ്യം, തെളിവിൽ അയാൾക്കെതിരെ കാണുന്ന ഏതെങ്കിലും സാഹചര്യം വിശദീകരിക്കുന്നതിന് പ്രതിയെ പ്രാപ്തനാക്കുന്നതിനാണെന്നത് ശരിയാണെന്നതിൽ യാതൊരു സംശയവുമില്ല, കൂടാതെ, ഈ ലക്ഷ്യം 'ഓഡി ആൾട്ടറം പാർട്ടം' എന്ന മഹത് വചനത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതും ആയത് സ്വാഭാവിക നീതിയുടെ തത്വങ്ങളിൽ ഒന്നാകുന്നതുമാണ്. ഏതെങ്കിലും കുറ്റം ചുമത്തുന്ന സാഹചര്യം, പ്രസ്തുത കുറ്റം ചുമത്തുന്ന സാഹചര്യത്തിനെ വിശദീകരിക്കുന്നതിന് പ്രതിക്ക് ഒരവസരം നൽകാതെ അവലംബിക്കുന്നത് അനീതിയായി എപ്പോഴും കരുതപ്പെടുന്നു. അതിനാൽ 313-ാം വകുപ്പിലെ വ്യവസ്ഥ, പ്രതി നേരിടേണ്ടതായ കൃത്യമായ കേസ് അയാളെ അറിയിക്കുന്നതിന് വേണ്ടി, അയാൾക്കെതിരെ കാണുന്ന തെളിവിന്മേലും സാഹചര്യത്തിന്മേലും പ്രതിയെ ചോദ്യം ചെയ്യേണ്ടത് കോടതിയുടെ കർത്തവ്യമാക്കുന്നു. എന്നാൽ ഇത്, ഒരു പ്രത്യേക സാഹചര്യത്തിന്മേൽ അയാളെ ചോദ്യം ചെയ്യുകയോ വിസ്തരിക്കുകയോ ചെയ്തിട്ടില്ല എന്ന് കാണിക്കുന്നതിന് പ്രതിക്ക് പര്യാപ്തമാകുന്നില്ല, എന്നാൽ, അങ്ങനെ വിസ്തരിക്കാതിരുന്നത്, വാസ്തവത്തിലും വസ്തുതാപരമായും അയാൾക്ക് പ്രതികൂലമാകുകയും നീതിയുടെ പരാജയത്തിൽ കലാശിക്കുകയും ചെയ്തു എന്നുകൂടി അയാൾ തെളിയിക്കേണ്ടതാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, പ്രതിക്കെതിരെ കാണപ്പെടുന്ന ഏതെങ്കിലും കുറ്റം ചുമത്തുന്ന സാഹചര്യത്തിന്മേൽ പ്രതിയെ ചോദ്യം ചെയ്യുന്നതിൽ കോടതിയുടെ ഭാഗത്ത് നിന്നും എന്തെങ്കിലും അശ്രദ്ധമായ വീഴ്ച ഉണ്ടാകുന്നപക്ഷം, ആയത്, ചില മുൻവിധി അയാൾക്കുണ്ടായിട്ടുണ്ടെന്ന് തെളിയിച്ചില്ലെങ്കിൽ, അക്കാരണം കൊണ്ടു തന്നെ വിചാരണ വികലമാക്കാൻ കഴിയില്ല.

### വിധിന്യായം

ജസ്റ്റിസ് നവീൻ സിൻഹ

1. അപ്പീൽവാദികൾ, ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 323/149-ഉം, 147-ഉം വകുപ്പുകൾ പ്രകാരം അവരെ കുറ്റസ്ഥാപനം നടത്തി ആയതിൻകീഴിൽ അവരെ വിവിധ കാലത്തേക്കുള്ള തടവിന് ശിക്ഷിച്ചതോടൊപ്പം ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 302/149 വകുപ്പുകളിൻ കീഴിൽ അവരെ കുറ്റസ്ഥാപനം നടത്തി ജീവപര്യന്തം തടവിനും ശിക്ഷിച്ചതിൽ സങ്കടപ്പെടുന്നു. ശിക്ഷകൾ സമകാലവർത്തിയായി അനുഭവിക്കുന്നതിന് നിർദ്ദേശിച്ചു.

2. സംഭവം 1-11-1983-ന് ഏകദേശം 6.30 പി.എം.-ന് നടന്നതായി പറയപ്പെടുന്നു. പ്രതികൾ ബഹുവിധമായി കുന്തങ്ങളും ലാത്തികളും ആയി സന്നദ്ധരായിരുന്നു. പി.ഡബ്ല്യൂ. 7-ഉം, 8-ഉം പരിക്കേറ്റ ദൃക്സാക്ഷികളാണെന്ന് പറയുന്നു. പോലിസ് റിപ്പോർട്ട് പി.ഡബ്ല്യൂ-8 ഹോസ്പിറ്റലിൽ സമർപ്പിച്ചു.

3. അപ്പീൽവാദിക്ക് വേണ്ടി പ്രധാന വാദങ്ങൾ ഉന്നയിച്ചുകൊണ്ട് മുതിർന്ന അഭിഭാഷകൻ ശ്രീ. സിദ്ധാർത്ഥ് ലുത്ര, ആറ് വ്യക്തികൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 302/149-ഉം 323/149-ഉം വകുപ്പുകൾക്ക് കീഴിൽ കുറ്റം ചമച്ചിട്ടുണ്ടെന്ന് ബോധിപ്പിച്ചു. എന്നാൽ, 147-ാം വകുപ്പിൻ കീഴിൽ ചമച്ച കുറ്റം നാല് വ്യക്തികൾക്കെതിരെ മാത്രമാകയാൽ ന്യൂനതയുള്ളതും 141-ഉം, 146-ഉം വകുപ്പുകളുടെ തുണയോടെയല്ലാത്തതുമാണ്. അപ്പീൽവാദികൾക്ക് അവരുടെ പ്രതിരോധത്തിൽ ഗൗരവമായി മുൻവിധിയുണ്ടായി, കാരണം, അപരാധിയാക്കുന്ന തരത്തിൽ അവരോടുള്ള ചോദ്യങ്ങൾ കേവലം രണ്ട് പേജുകളിലുള്ള അത്യന്തം ആകസ്മികവും സൂക്ഷ്മമില്ലാത്തതും ആയതിനാൽ, 1973-ലെ ക്രിമിനൽ നടപടിനിയമസംഹിത (സി ആർ പി സി)-യുടെ 313-ാം വകുപ്പിൻകീഴിൽ പ്രതിരോധിക്കുന്നതിനുള്ള ശരിയായ അവസരം നിഷേധിച്ചു എന്ന് അടുത്തതായി ബോധിപ്പിച്ചു. കുറ്റാരോപണവുമായി ബന്ധപ്പെട്ട എല്ലാ പ്രസക്ത ചോദ്യങ്ങളും അപ്പീൽവാദികളോട് വ്യക്തമാക്കാതെ അവരുടെ പ്രതിരോധം കാഴ്ചവയ്ക്കുന്നതിന് അവർക്ക് അവസരം നിഷേധിച്ചു. അപ്പീൽവാദികൾക്ക് യാതൊരു മുൻവിധിയും ഉണ്ടായിട്ടില്ല എന്ന് ഗ്രഹിക്കുന്നതിന് ഇത് വെറും ഒരു ക്രമരാഹിത്യമായി കണക്കാക്കാൻ സാധിക്കില്ല. പ്രോസിക്യൂഷൻ തെളിവിലെ പൊരുത്തമില്ലായ്മ ഊന്നിപ്പറഞ്ഞുകൊണ്ട്, പി.ഡബ്ല്യൂ-7 അയാളുടെ തുടയിലും കാലിനും പരിക്കുപറ്റിയതായി അവകാശപ്പെട്ടു, എന്നാൽ, പി.ഡബ്ല്യൂകൾ 6-ഉം, 8-ഉം അപ്പീൽവാദി ഫൈനുൽ ഖാന്റെ പങ്കിന്മേൽ മൗനം പാലിച്ചതും, അപ്പീൽവാദി മിർ ഷൗക്കത്ത്, പി.ഡബ്ല്യൂ-6-ന്റെയും, 7-ന്റെയും തുടയിൽ അടിച്ചതായി പറയുമ്പോൾ, എഫ്.ഐ.ആർ. പ്രകാരം അയാൾ പി.ഡബ്ല്യൂ-8-ന്റെ തലയിൽ അടിച്ചു എന്ന് ബോധിപ്പിച്ചു. സമർപ്പണങ്ങളുടെ പിന്തുണയ്ക്കായി **മാസാൽറ്റി Vs സ്റ്റേറ്റ് ഓഫ് യു.പി, (മനു/എസ്സി/0074/1964 : എഐആർ 1965 എസ്സി 202), രൺവീർ യാദവ് Vs സ്റ്റേറ്റ് ഓഫ് ബീഹാർ (മനു/എസ്സി/0735/2009: (2009) 6 എസ്സിസി 595)** കൂടാതെ **സാംസുൾ ഹക്ക് Vs സ്റ്റേറ്റ് ഓഫ് ആസ്സാം, (മനു/എസ്സി/1159/2019:2019 (11) എസ്സിഎഎൽഇ 458)** -യിൽ അവലംബം അർപ്പിച്ചു.

4. ആക്രമണത്തിന് പി.ഡബ്ല്യൂ-6 ഒരു ദൃക്സാക്ഷി അല്ലായിരുന്നു എന്ന് അടുത്തതായി ബോധിപ്പിച്ചു. അപ്പീൽവാദികൾ പോയശേഷം ബഹളം കേട്ടുകൊണ്ട് അയാൾ എത്തുകയും പരേതൻ നിലത്ത് കിടക്കുകയുമായിരുന്നു. പി.ഡബ്ല്യൂ-6-ഉം സംഭവസ്ഥലത്ത് പി.ഡബ്ല്യൂ-7-ന്റെ സാന്നിദ്ധ്യം പരാമർശിച്ചിരുന്നു.

5. പി.ഡബ്ല്യൂകൾ 6-ന്റെയും 8-ന്റെയും തെളിവ്, പരേതനുമായി അവർക്ക് ബന്ധമുള്ളത് കണക്കിലെടുത്ത് അവിശ്വസിക്കേണ്ട

താണെന്ന് ആവശ്യപ്പെട്ടു. പി.ഡബ്ല്യൂ-7-ന്റെയും 8-ന്റെയും പരിക്കേറ്റ ദൃക്സാക്ഷികളാണെന്ന അവകാശവാദവും കൂടി അവരെ സംബന്ധിച്ച് ഏതെങ്കിലും ഇൻചാറി റിപ്പോർട്ടിന്റെ അഭാവത്തിൽ ചോദ്യം ചെയ്തു. പ്രോസിക്യൂഷൻ സാക്ഷികൾ സമ്മതിച്ച മുൻ ശത്രുതയുടെ വെളിച്ചത്തിൽ, അപ്പീൽവാദികളുടെ തെറ്റായ അകപ്പെടുത്തൽ തള്ളിക്കളയാനാകില്ല. പരേതനെ അയാളുടെ തലയുടെ പിറകിൽനിന്നും അടിക്കുകയും അയാളുടെ മുഖത്ത് അടിയേൽക്കുകയും ചെയ്തു എന്ന് പി.ഡബ്ല്യൂ-8 മൊഴി നൽകി, എന്നാൽ മുഖവിഷയകമായ യാതൊരു പരിക്കും പരേതനിൽ കണ്ടെത്തിയില്ല.

6. പ്രതികളായ സിദ്ധിക്കും സബ്ബാറും പരേതനെ ഒരു കുന്തം കൊണ്ട് ആക്രമിച്ചു. മുഴങ്കൈക്കും മണിബന്ധത്തിനും ഇടയിലുള്ള ഭാഗത്ത് ഒരേ ഒരു ക്ഷതം മാത്രം കണ്ടെത്തിയതിനാൽ അപ്പീൽവാദികൾ ഒരു ലാത്തികൊണ്ട് പരേതനെ ആക്രമിച്ചു എന്നത് കൂട്ടത്തിലെ ആരോപണങ്ങളാണ്. അവിടെ യാതൊരു പൊതുലക്ഷ്യവും ഉണ്ടായിരുന്നില്ല, കാരണം, ആ സംഭവത്തിൽ, പരേതന്റെ ശരീരത്തിലെ തലപോലുള്ള സചേതനമായ ഓരോ ഭാഗത്തേക്കും ഒറ്റയായ ആക്രമണങ്ങൾ നടത്തുന്നതിന് അപ്പീൽവാദികൾക്ക് യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല. മറ്റൊരുവിധത്തിൽ, **നജാഭായി ദേസുർഭായി വാഘ് Vs വലേരാ ഭായി ഡേഗൻഭായി വാഘും മറ്റുള്ളവരും (മനു/എസ്സി/0098/2017: (2017)3 എസ്സിസി 261)**-ൽ അവലംബിച്ചുകൊണ്ട് മൂന്ന് അപ്പീൽവാദികളെയും ഒരു ചെറിയ കുറ്റത്തിന് ബാദ്ധ്യസ്ഥമാക്കുന്നതാണ് ഉത്തമമായത്.

7. ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പിൻകീഴിൽ പ്രതിയെ ചോദ്യം ചെയ്തതിൽ യാതൊന്നും തന്നെ വിട്ടുപോയിട്ടില്ലെന്ന് സംസ്ഥാനത്തിന് വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. യാതൊരു തരത്തിലും ഏതെങ്കിലും മുൻവിധി തെളിയിക്കാൻ അപ്പീൽവാദികൾക്ക് കഴിയില്ല. കൂടാതെ ഈ ആക്ഷേപം മുമ്പ് ഏതെങ്കിലും ഘട്ടത്തിൽ ഉന്നയിക്കാത്തതിനാൽ നിലവിൽ വൈകിയ ഘട്ടത്തിൽ ഉന്നയിക്കാൻ കഴിയില്ല. **ഷോഭിറ്റ് ചാമർ Vs സ്റ്റേറ്റ് ഓഫ് ബീഹാർ (മനു/ എസ്സി/0181/1998: (1998)(3) എസ്സിസി 455)-ഉം ഫാഹിംഖാൻ Vs സ്റ്റേറ്റ് ഓഫ് ബീഹാർ (മനു/ എസ്സി/0455/2011: (2011)(13) എസ്സിസി 142)**-ഉം അവലംബിച്ചു.

8. പി.ഡബ്ല്യൂകൾ 7-ഉം 8-ഉം ആയി ബന്ധപ്പെട്ട ഇൻചാറി റിപ്പോർട്ടിന്റെ അഭാവം അതിരറ്റ ന്യൂനതയുള്ള അന്വേഷണത്തിന്റെ ഒരു കേസാവാം. അവരുടെയും, പരേതനേയും പരിക്കേറ്റയാളെയും ചികിത്സക്കായി കൊണ്ടുപോയ കിസ്കോ പോലീസ് സ്റ്റേഷനിലെ ആഫീസർ ഇൻ-ചാർജായ പി.ഡബ്ല്യൂ-11-ന്റെയും വാക്കാൽ തെളിവിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ, പരിക്കേറ്റ ദൃക്സാക്ഷികളെന്ന നിലയിൽ അവരെ അവിശ്വസിക്കാൻ കഴിയില്ല. അപ്പീൽവാദികളുടെ സാന്നിദ്ധ്യം സംബന്ധിച്ച് സമകാലവർത്തിയായ കണ്ടെത്തലുകൾ ഉണ്ട്. അപ്പീൽവാദികൾ സഹപ്രതികളുമായി ചേർന്നുള്ള ഒരു പൊതുലക്ഷ്യം പങ്കുവച്ചതിന്റെ മതിയായ തെളിവുണ്ട്.

9. കക്ഷികൾക്ക് വേണ്ടിയുള്ള സമർപ്പണങ്ങളും കൂടാതെ, റിക്കാർഡിലെ വസ്തുതകളും ഞങ്ങൾ പരിഗണിച്ചു. തുടക്കത്തിൽ ആറ് പ്രതികൾ ഉണ്ടായിരുന്നു. അവരിൽ രണ്ട് പേർ മരണപ്പെടുകയും ഒരാളുടെ ഭാഗധേയം അറിയപ്പെടുന്നുമില്ല. ക്രിമിനൽ നടപടി നിയമസംഹിതയുടെ 464-ാം വകുപ്പ് താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

**464. ചാർജ് തയ്യാറാക്കാൻ വിട്ടുപോകുന്നതിന്റെയോ ചാർജ് ഇല്ലാതിരിക്കുന്നതിന്റെയോ ചാർജിലെ തെറ്റിന്റെയോ പ്രഭാവം.**-ക്ഷമതയോടുകൂടിയ അധികാരിതയുള്ള ഒരു കോടതിയുടെ ഏതെങ്കിലും തീരുമാനമോ ശിക്ഷാവിധിയോ ഉത്തരവോ, ചാർജ് തയ്യാറാക്കിയിട്ടില്ലെന്ന കാരണത്താലോ ചാർജുകൾ തെറ്റായി ചേർക്കലുൾപ്പെടെ ചാർജിലെ ഏതെങ്കിലും തെറ്റോ വിട്ടുപോകലോ ക്രമക്കേട് കാരണത്താൽ മാത്രം, അപ്പീൽക്കോടതിയുടെയോ സ്ഥിരപ്പെടുത്തുന്ന കോടതിയുടെയോ റിവിഷൻ കോടതിയുടെയോ അഭിപ്രായത്തിൽ, അത് വാസ്തവത്തിൽ നീതിലോപത്തിന് കാരണമാക്കിയിട്ടില്ലാത്ത പക്ഷം അസാധുവാകുന്നില്ല.

x x x x x x x x

അപ്പീൽവാദികൾക്ക്, അവർ ഒരു പൊതു ലക്ഷ്യം പങ്ക് വച്ചതിനാൽ 302/149-ഉം 323/149-ഉം വകുപ്പുകൾ പ്രകാരം ഒരു പൊതു ആക്രമണത്തിന് അവരിൽ ആറ് പേർക്ക് ഒരുമിച്ച് കുറ്റം ചാർത്തിയിട്ടുള്ളതായി ഉത്തമ ബോധ്യമുണ്ട്. പ്രതികളിൽ രണ്ടുപേർ ഒരു മാരകായുധവും കുന്തങ്ങളും വഹിച്ചിരുന്നതും, ആയത് ആക്രമണത്തിനായി ഉപയോഗിച്ചതും കൂടി അപ്പീൽവാദികൾക്ക് ബോദ്ധ്യമുണ്ട്. അപ്പീൽവാദികൾക്ക് യാതൊരു മുൻവിധിയും ഉണ്ടായിട്ടില്ലെന്നും, നാലു പേർക്കെതിരെ മാത്രം വെറും 147-ാം വകുപ്പിൻകീഴിൽ ചാർജ് ചമച്ചുകൊണ്ടുള്ള കോടതിയുടെ വീഴ്ച കേവലം ഒരു അശ്രദ്ധമായ വീഴ്ചയാണെതാണ് ഞങ്ങളുടെ പരിഗണിത അഭിപ്രായം. പരേതനിലെ ഒരു ക്ഷതത്തിന്റെ സാന്നിദ്ധ്യം, കേസിന്റെ വസ്തുതയിൽ പ്രസക്തമായതായി പരിഗണിക്കേണ്ടതില്ല. മുൻവിധിയുണ്ടായതിന്റെ യാതൊരു തെളിവുമില്ലാതെ ന്യൂനതയുള്ള ഒരു ചാർജിനെ കുറിച്ചുള്ള ആക്ഷേപം നിലവിലെ അപ്പീലിൽ ആദ്യമായി ഉന്നയിക്കുകയും, ആ കാരണത്താൽ കൂടി പരിഗണന അർഹിക്കുന്നുമില്ല.

10. പി.ഡബ്ല്യൂ-8-ഉം പരേതനും ഒരുമിച്ച് പോകുമ്പോൾ പ്രതികൾ അവരെ വളയുകയും ആക്രമിക്കുകയും ചെയ്തു. അയാളുടെ സാന്നിദ്ധ്യത്തിലും, അതേ സംഭവത്തിൽ അയാൾക്ക് പരിക്കുകൾ ഏറ്റതിലും സംശയിക്കുന്നതിന് സാക്ഷിയുടെ തെളിവിലോ എതിർ വിസ്താരത്തിലോ യാതൊരു വിടവും ഞങ്ങൾ കണ്ടെത്തിയിട്ടില്ല. ഒരു തദ്ദേശവാസിയും ഒരു സ്വതന്ത്ര സാക്ഷിയുമായ പി.ഡബ്ല്യൂ-7-നും കൂടി അതേ സംഭവത്തിൽ പരിക്കുകൾ ഏറ്റു. എന്നിരുന്നാലും പി.ഡബ്ല്യൂ-6 ഒരു ദൃക്സാക്ഷി ആണെന്നതിൽ ഞങ്ങൾ സംതൃപ്തരല്ല. സാക്ഷി വീട്ടിലായിരുന്നതും സംഭവസ്ഥലത്ത് ബഹളം കേട്ടതിനുശേഷം എത്തിച്ചേർന്നതും, ആ സമയം പരേതൻ നിലത്ത് കിടക്കുകയുമായിരുന്നു. പി.ഡബ്ല്യൂ-6 അയാൾക്ക് ശേഷം എത്തിച്ചേർന്നതായി പി.ഡബ്ല്യൂ-7 മൊഴി നൽകി. അപ്പീൽവാദി സൈനുൾ, പി.ഡബ്ല്യൂ-8-നെ ലാത്തി കൊണ്ട് ആക്രമിക്കുകയും സാക്ഷിയുടെ തന്നെ തലയ്ക്കും വലത് കൈയ്ക്കും അപ്പീൽവാദികളായ ഫൈനുലും മീർ ഷൗക്കത്തും പരിക്കേൽപ്പിച്ചു എന്ന് പി.ഡബ്ല്യൂ-7 മൊഴി നൽകി. അപ്പീൽവാദി മീർ ഷൗക്കത്തും, സാക്ഷി അയാളുടെ തുടയിൽ ലാത്തി കൊണ്ട് അടിച്ചു എന്ന് പ്രസ്താവിച്ചു. പ്രതികൾ അയാളെയും പരേതനെയും വളഞ്ഞു എന്ന് പി.ഡബ്ല്യൂ-8 മൊഴി നൽകി. അപ്പീൽവാദി സൈനുൾ പരേതന്റെ തലയ്ക്ക് ആക്രമിച്ചു. സാക്ഷിയുടെ മുഖത്തും തലയിലും കൈയ്യിലും ലാത്തികൊണ്ട് ആക്രമിച്ചു. അവരെ പരേതനോടൊപ്പം ആശുപത്രിയിൽ കൊണ്ടുപോവുകയും അവിടെ അവരുടെ പരിക്കുകൾ പരിശോധിക്കുകയും ചെയ്തു എന്ന് ഇരു സാക്ഷികളും

മൊഴി നൽകി. പി.ഡബ്ല്യൂ-8 അയാൾ മൊഴി നൽകുന്ന വേളയിൽ, അയാൾക്ക് പറ്റിയ പരിക്കുകളാൽ ഉണ്ടായ പാടുകൾ കാണിക്കുകയും വിചാരണ ജഡ്ജിയുടെ ശ്രദ്ധയിൽ വരുകയും ചെയ്തു. രണ്ട് സാക്ഷികളുടെ പ്രസ്താവനയും ആശുപത്രിയിൽ വച്ച് രേഖപ്പെടുത്തിയതായി പറഞ്ഞു. യാതൊരു ഇൻചാറി റിപ്പോർട്ടും ഉണ്ടായിരുന്നില്ല എന്ന വസ്തുത, ഞങ്ങളുടെ അഭിപ്രായത്തിൽ, ഉത്തമമായും ഒരു വികലമായ അന്വേഷണം പോലെ തരംതിരിക്കാം, എന്നാൽ, അതേ സംഭവത്തിൽ പരിക്കേറ്റ സാക്ഷികളുടെ വിശ്വാസ്യതയെ കുറിച്ച് സംശയങ്ങൾ ഉന്നയിക്കാൻ കഴിയില്ല. പി.ഡബ്ല്യൂ-8 പരേതനുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ മുൻ ശത്രുത ഉള്ളതോ ആയ വസ്തുത, ഈ കേസിലെ വസ്തുതകളിൽ പ്രസക്തിയില്ല. പരേതനെയും പരിക്കേറ്റയാളെയും കൊണ്ടുപോയ കിസ്കോ പോലീസ് സ്റ്റേഷനിലെ ആഫീസർ-ഇൻ-ചാർജ്, പി.ഡബ്ല്യൂ-11, സാക്ഷികളുടെ ഇൻചാറി റിപ്പോർട്ടിനുവേണ്ടി അയാൾ ഒരു അപേക്ഷ സമർപ്പിച്ചതായും അതിനെ തുടർന്ന് അവരുടെ ഇൻചാറി റിപ്പോർട്ടുകൾ അയാൾക്ക് ലഭ്യമാക്കി എന്നും വ്യക്തമായി മൊഴി നൽകി. അതിനുശേഷം മാത്രമാണ് അയാൾ കുറ്റപത്രം സമർപ്പിച്ചത്. അയാളുടെ എതിർ വിസ്താരത്തിൽ, അയാളുടെ പ്രസ്താവനകളെ അവിശ്വസിക്കുന്നതിന് ഞങ്ങൾ യാതൊരു വസ്തുതയും കണ്ടെത്തിയില്ല.

11. ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പിൽ, 'ഔഡി ആൾട്ടെറം പാർട്ടം', എന്ന തത്വം ഉൾപ്പെടുന്നു. ആയതിൽ, പ്രതിക്കെതിരെയുള്ള പ്രോസിക്യൂഷൻ ആരോപണങ്ങൾ, അയാൾക്ക് പ്രതിരോധിക്കുന്നതിനായി പൂർണ്ണമായും അയാളെ ബോധ്യപ്പെടുത്തുന്നതിനും അയാളുടെ നിരപരാധിത്വത്തിന് ആശ്രയമായി ആയതിന് മറുപടി നൽകുന്നതിനും പ്രതിക്ക് ഒരു അവസരം വ്യവസ്ഥ ചെയ്യുന്നു. ഒരു നീതിപൂർവ്വകമായ വിചാരണയ്ക്ക് വേണ്ടിയുള്ള വ്യവസ്ഥയുടെ പ്രാധാന്യം യാതൊരു വിവാദവും സഹിക്കുകയില്ല.

**313. പ്രതിയെ വിസ്തരിക്കാനുള്ള അധികാരം.**-(1) ഏതൊരു അന്വേഷണ വിചാരണയിലും, അല്ലെങ്കിൽ വിചാരണയിലും തെളിവിൽ തനിക്കെതിരായി കാണപ്പെടുന്ന ഏതെങ്കിലും പരിതഃസ്ഥിതികൾ നേരിട്ടു വിശദീകരിക്കുവാൻ പ്രതിക്ക് കഴിവുണ്ടാക്കുന്നതിനുവേണ്ടി-

(എ) കോടതിക്ക് ഏതെങ്കിലും ഘട്ടത്തിൽ പ്രതിക്ക് മുന്നറിയിപ്പ് നൽകാതെ ആവശ്യമാണെന്ന് കോടതി കരുതുന്ന ചോദ്യങ്ങൾ അയാളോട് ചോദിക്കാവുന്നതും

(ബി) പ്രോസിക്യൂഷൻ ഭാഗം സാക്ഷികളെ വിസ്തരിച്ചതിനുശേഷമായും, അയാളോട്, പ്രതിവാദത്തിൽ പ്രവേശിക്കാൻ ആവശ്യപ്പെടുന്നതിനുമുമ്പായും കോടതി കേസ് സംബന്ധിച്ച് അയാളെ സാമാന്യമായി ചോദ്യം ചെയ്യേണ്ടതും

ആകുന്നു:

എന്നാൽ സമൻസ് കേസിൽ, കോടതി പ്രതി നേരിട്ട് ഹാജരാകുന്നത് വേണ്ടെന്ന് വച്ചിട്ടുള്ളിടത്ത്, കോടതിക്ക്, (ബി) ഖണ്ഡത്തിൻകീഴിലെ അയാളുടെ വിസ്താരവും വേണ്ടെന്ന് വയ്ക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ വിസ്തരിക്കപ്പെടുമ്പോൾ, പ്രതിയെ ശപഥം ചെയ്യിക്കാൻ പാടുള്ളതല്ല.

(3) അങ്ങനെയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാൻ വിസമ്മതിക്കുന്നതുകൊണ്ടോ, അവയ്ക്ക് വ്യാജമായ മറുപടി നൽകുന്നതുകൊണ്ടോ പ്രതി സ്വയം ശിക്ഷാർഹനാകുന്നില്ല.

(4) പ്രതി നൽകുന്ന മറുപടികൾ അങ്ങനെയുള്ള അന്വേഷണ വിചാരണയിലോ വിചാരണയിലോ പരിഗണനയിൽ എടുക്കാവുന്നതും, ഏതു കുറ്റം അയാൾ ചെയ്തതായി കാണിക്കാൻ പ്രവണതയുള്ളവയാണോ ആ മറുപടികൾ, അങ്ങനെയുള്ള മറ്റേതെങ്കിലും കുറ്റത്തിന്റെ അന്വേഷണ വിചാരണയിലോ വിചാരണയിലോ അയാൾക്ക് അനുകൂലമായോ, പ്രതികൂലമായോ ഉപയോഗിക്കപ്പെടാവുതാണ്.

(5) പ്രതിയോട് ഉന്നയിക്കേണ്ട പ്രസക്ത ചോദ്യങ്ങൾ തയ്യാറാക്കുന്നതിൽ കോടതിക്ക്, പ്രോസിക്യൂട്ടറുടെയും പ്രതിഭാഗം വക്കീലിന്റെയും സഹായം സ്വീകരിക്കാവുന്നതും പ്രതിയുടെ ലിഖിതമായ സ്റ്റേറ്റ്മെന്റിന്റെ ഫയലിംഗ് ഈ വകുപ്പിന്റെ മതിയായ പാലിക്കലായി കോടതിക്ക് അനുവദിക്കാവുന്നതാണ്.

12. എന്നാൽ, അതിൻകീഴിൽ, ഒരു പ്രതിയോട് ചോദ്യം ചോദിച്ചതിൽ വീഴ്ച വരുത്തുകയോ അപര്യാപ്തമായ ചോദ്യങ്ങൾ ചോദിച്ചു എന്ന മാത്രം കാരണത്താൽ ഒരു പ്രതിക്ക് മുൻവിധിയുടെ അനുമാനം സാമാന്യമായി പറയുവാൻ കഴിയില്ല. അന്തിമമായി, ഇത്, ലഭ്യമാക്കിയ മറ്റു തെളിവുകളുടെ സ്വഭാവവും പ്രതിയോട് ചോദിച്ച ചോദ്യങ്ങളുടെ തരവും, പ്രതി അയാളുടെ പ്രതിരോധത്തിനായി കൂടുതലായി പറയാവുന്ന എന്തെങ്കിലും പരിഗണിച്ചതുൾപ്പെടെ ഓരോ കേസിന്റെയും വസ്തുതകളിലും സാഹചര്യങ്ങളിലും പരിഗണിക്കേണ്ട ഒരു ചോദ്യമാകും. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ധാരാളം വസ്തുതകളുടെ വർദ്ധിക്കുന്ന സന്തുലിതമാക്കൽ അവിടെ ഉണ്ടാകും. നീതിപൂർവ്വകമായ ഒരു വിചാരണയ്ക്ക് വേണ്ടിയുള്ള ഒരു പ്രതിയുടെ അവകാശങ്ങൾ നിസ്സംശയമായും പ്രധാനമായിരിക്കെ, വഴിതെറ്റിയ പെരുമാറ്റത്തിന്റെ തിരുത്തലിനായുള്ള ഇരയുടെയും മുഴുവൻ സമൂഹത്തിന്റെയും അവകാശങ്ങൾ, ഒടുവിൽ പറഞ്ഞതിന് നീതിപൂർവ്വകമായ വിചാരണയ്ക്ക് ആവശ്യമായതിനേക്കാൾ മികച്ച ഉന്നത സ്ഥാനം നൽകിക്കൊണ്ട് പ്രതിയുടെ അവകാശങ്ങൾക്ക് ഉതകുന്ന തരത്തിലാക്കാൻ കഴിയില്ല.

13. നിലവിലെ കേസിലെ വസ്തുതയിൽ, അപ്പീൽവാദികൾ എതിർവിസ്താരം നടത്തിയ പി.ഡബ്ല്യൂ-7-ഉം 8-ഉം പരിക്കേറ്റ സാക്ഷികളുടെ ലഭ്യമായ ദൃഷ്ടിഗോചരമായ തെളിവിന്റെ സ്വഭാവവും പി.ഡബ്ല്യൂ-11-ന്റെ തെളിവും പരിഗണിക്കുമ്പോൾ അപ്പീൽവാദിക്ക് പ്രതികൂലമായി യാതൊന്നും തന്നെയില്ല എന്നതാണ് ഞങ്ങളുടെ പരിഗണിത അഭിപ്രായം. പരേതനെ കൊലപ്പെടുത്തണമെന്ന പൊതുലക്ഷ്യത്തോടെ ഒരു നിയമാനുസൃതമല്ലാത്ത ഒത്തുചേരലിൽ അവർ പങ്കെടുത്തു എന്ന ഒരു നിർദ്ദിഷ്ട ചോദ്യം അപ്പീൽവാദിയോട് ഉന്നയിച്ചു. അവർ പി.ഡബ്ല്യൂ-7-നും 8-നും പരിക്കുകൾ ഏൽപ്പിച്ചു എന്നുകൂടി കൂടുതലായി അവരോട് ഉന്നയിച്ചു. അപ്പീൽവാദികളോട്, അവർ ഓരോരുത്തരും നടത്തിയ വ്യക്തിപരമായ ആക്രമണം സംബന്ധിച്ച് യാതൊരു ചോദ്യങ്ങളും ഉന്നയിച്ചില്ല എന്ന മാത്രം കാരണത്താൽ കേസിന്റെ വസ്തുതയിൽ ഏതെങ്കിലും മുൻവിധി അവർക്ക് ഉണ്ടായതായി പറയാൻ കഴിയില്ല. ചോദിച്ച ചോദ്യങ്ങൾ സമാനമായതിനാൽ, അത് അപ്പീൽവാദികളിൽ ഒരാളെ സംബന്ധിച്ച് നേടിയെടുക്കുന്നത് ഉചിതമാണെന്ന് ഞങ്ങൾ കരുതി. അപ്പീൽവാദികൾ അവരെ തെറ്റായി ഉൾപ്പെടുത്തിയതാണെന്ന് പറഞ്ഞതല്ലാതെ, ഏതെങ്കിലും വിശദീകരണം നൽകുകയോ തെളിവ് നൽകുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുകയോ ചെയ്തില്ല. ഫൈനുൽ ഖാനോട് ചോദിച്ച ചോദ്യങ്ങൾ ചുരുക്കത്തിൽ താഴെ കൊടുക്കുന്നു:

*ചോദ്യം* : പ്രോസിക്യൂഷൻ സാക്ഷികൾ പറയുന്ന പോലെ, 1983 നവംബർ 1-ന് നിങ്ങൾ മറ്റു പ്രതികളോടൊപ്പം ഒരു നിയമ വിരുദ്ധ കൂട്ടംചേരലിൽ പങ്കെടുക്കുകയും ഏറ്റുമുട്ടലിൽ ഭാഗമാകുകയും ചെയ്തു. ഇത് ശരിയാണോ?

*മറുപടി* : അല്ല. ഇത് തെറ്റാണ്.

*ചോദ്യം* : റബ്ബാനി ഖാനെ കൊലപ്പെടുത്തുന്നതിനുള്ള നിയമവിരുദ്ധ കൂട്ടം ചേരലിന്റെ പൊതുലക്ഷ്യത്തിൽ നിങ്ങൾ പങ്കെടുത്തു എന്നുംകൂടി പറയുന്നു. ഇത് ശരിയാണോ?

*മറുപടി* : ഇത് തെറ്റാണ്.

*ചോദ്യം* : പ്രസ്തുത സംഭവസമയത്ത്, നിങ്ങൾ നബ്യൂൾ ഹസ്സൻ ഖാനും ഇഷാനുൾ ഖാനും മിർ താരാബുളിനും മിർ സാനിഫിനും കൂടി പരിക്കുകൾ ഏൽപ്പിച്ചു എന്ന് കൂടി പറയുന്നു. ഇത് ശരിയാണോ?

*മറുപടി* : അല്ല. ഇത് തെറ്റാണ്.

*ചോദ്യം* : നിങ്ങളുടെ പ്രതിരോധത്തിനായി നിങ്ങൾ എന്തെങ്കിലും പറയാൻ ആഗ്രഹിക്കുന്നുണ്ടോ?

*മറുപടി* : ഞങ്ങളെ തെറ്റായി ഉൾപ്പെടുത്തിയതാണ്.

**14. സുരേഷ് ചന്ദ്രബഹ്രി Vs സ്റ്റേറ്റ് ഓഫ് ബീഹാർ [മനു/എസ്സി/0500/1994 : 1995 സപ്ലി(1)എസ്സിസി 80]-ൽ താഴെ കാണും പ്രകാരം നിരീക്ഷിച്ചു:**

26 .................. ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പിന് പിന്നിൽ ഊന്നിപ്പറയുന്ന ലക്ഷ്യം, തെളിവിൽ അയാൾക്കെതിരെ കാണുന്ന ഏതെങ്കിലും സാഹചര്യം വിശദീകരിക്കുന്നതിന് പ്രതിയെ പ്രാപ്തനാക്കുന്നതിനാണെന്നത് ശരിയാണെതിൽ യാതൊരു സംശയവുമില്ല, കൂടാതെ, ഈ ലക്ഷ്യം 'ഓഡി ആൾട്ടറം പാർട്ടം' എന്ന മഹത് വചനത്തെ അടിസ്ഥാനമാക്കിയുള്ളതും ആയത് സ്വാഭാവിക നീതിയുടെ തത്വങ്ങളിൽ ഒന്നാകുന്നതുമാണ്. ഏതെങ്കിലും കുറ്റം ചുമത്തുന്ന സാഹചര്യം, പ്രസ്തുത കുറ്റം ചുമത്തുന്ന സാഹചര്യത്തിനെ വിശദീകരിക്കുന്നതിന് പ്രതിക്ക് ഒരവസരം നൽകാതെ അവലംബിക്കുന്നത് അനീതിയായി എപ്പോഴും കരുതപ്പെടുന്നു. അതിനാൽ 313-ാം വകുപ്പിലെ വ്യവസ്ഥ, പ്രതി നേരിടേണ്ടതായ കൃത്യമായ കേസ് അയാളെ അറിയിക്കുന്നതിന് വേണ്ടി, അയാൾക്കെതിരെ കാണുന്ന തെളിവിന്മേലും സാഹചര്യത്തിന്മേലും പ്രതിയെ ചോദ്യം ചെയ്യേണ്ടത് കോടതിയുടെ കർത്തവ്യമാകുന്നു. എന്നാൽ ഇത്, ഒരു പ്രത്യേക സാഹചര്യത്തിന്മേൽ അയാളെ ചോദ്യം ചെയ്യുകയോ വിസ്തരിക്കുകയോ ചെയ്തിട്ടില്ല എന്ന് കാണിക്കുന്നതിന് പ്രതിക്ക് പര്യാപ്തമാകുന്നില്ല, എന്നാൽ, അങ്ങനെ വിസ്തരിക്കാതിരുന്നത്, വാസ്തവത്തിലും വസ്തുതാപരമായും അയാൾക്ക് പ്രതികൂലമാകുകയും നീതിയുടെ പരാജയത്തിൽ കലാശിക്കുകയും ചെയ്തു എന്നുകൂടി അയാൾ തെളിയിക്കേണ്ടതാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, പ്രതിക്കെതിരെ കാണപ്പെടുന്ന ഏതെങ്കിലും കുറ്റം ചുമത്തുന്ന സാഹചര്യത്തിന്മേൽ പ്രതിയെ ചോദ്യം ചെയ്യുന്നതിൽ കോടതിയുടെ ഭാഗത്ത് നിന്നും എന്തെങ്കിലും അശ്രദ്ധമായ വീഴ്ച ഉണ്ടാകുന്നപക്ഷം, ആയത്, ചില മുൻവിധി അയാൾക്കുണ്ടായിട്ടുണ്ടെന്ന് തെളിയിച്ചില്ലെങ്കിൽ, അക്കാരണം കൊണ്ടുതന്നെ വിചാരണ വികലമാക്കാൻ കഴിയില്ല. **ബിജോയ് ചന്ദ് പത്രാ Vs സ്റ്റേറ്റ് ഓഫ് ഡബ്ല്യൂ. ബി (മനു/എസ്സി/0034/1951 : എഐആർ 1952 എസ്സി 105)**-ൽ, പ്രതി, ക്രിമിനൽ നടപടി നിയമസംഹിതയുടെ

342-ാം വകുപ്പ് (ഇപ്പോൾ പുതിയ നിയമ സംഹിതയുടെ 313-ാം വകുപ്പ്) ആവശ്യപ്പെടുന്ന പോലെ പൂർണ്ണമായും വിസ്തരിച്ചിട്ടില്ല എന്ന് കാണിക്കുന്നതിന് മാത്രം ഇത് പര്യാപ്തമല്ല, എന്നാൽ, അങ്ങനെയുള്ള വിസ്താരം അയാൾക്ക് വസ്തുതാപരമായി പ്രതികൂലമായി എന്ന് കൂടി അയാൾ തെളിയിക്കേണ്ടതാണെന്ന് ഈ കോടതി നിരീക്ഷിച്ചു. അതേ വീക്ഷണം **രാമ ശങ്കർ സിംഗ് Vs സ്റ്റേറ്റ് ഓഫ് ഡബ്ല്യൂ.ബി [മനു/എസ്‌സി/0143/1961 : 1962 സപ്ലി (1) എസ്‌സിആർ 49]**-ലും ഈ കോടതി വീണ്ടും ആവർത്തിച്ചു......

15. ഷോഭിറ്റ് ചാമർ (മുകളിലെ)-ൽ ദൃഷ്ടിഗോചരമായ തെളിവിന്റെ സ്വഭാവം പരിഗണിച്ചുകൊണ്ട്, ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പിന് വൈകല്യങ്ങൾ ഉണ്ടെന്നിരുന്നാലും താഴെപറയും പോലെ നിരീക്ഷിച്ചു:

> 18 .........ഞങ്ങളുടെ മുന്നിലുള്ള കേസിൽ, പ്രോസിക്യൂഷൻ കേസ്, ദൃക്സാക്ഷികളുടെ ദൃഷ്ടിഗോചരമായ തെളിവിന്മേൽ പ്രധാനമായും അവലംബിച്ചു. പ്രോസിക്യൂഷൻ തെളിവിന്റെ അവസാനം, വിചാരണകോടതി, അപ്പീൽവാദികൾ ഇരുവരോടും ദൃക്സാക്ഷികളുടെ തെളിവുമായി ബന്ധപ്പെട്ട ആവശ്യമായ ചോദ്യങ്ങൾ ഉന്നയിക്കുകയും അതിനുശേഷം, അവർ നൽകിയ മറുപടികൾ രേഖപ്പെടുത്തുകയും ചെയ്തു.

XXX XXX XXX

24. കക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകൻ അവലംബിച്ച റിപ്പോർട്ടു ചെയ്ത ഈ തീരുമാനങ്ങളെല്ലാം ഞങ്ങൾ പരിശോധിക്കുകയും, ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പ് പാലിക്കാത്തതിനെ അടിസ്ഥാനമാക്കിയുള്ള കുറ്റസ്ഥാപനത്തിനെ ഈ അപ്പീലിൽ ആദ്യമായി ചോദ്യം ചെയ്തത്, അപ്പീൽവാദികൾക്ക് മുൻവിധിയുണ്ടായി എന്ന് അവർ ബോധ്യപ്പെടുത്താതിരുന്നാൽ അംഗീകരിക്കാൻ കഴിയില്ല എന്ന നിഗമനത്തിൽ എത്തുന്നതിന് യാതൊരു ശങ്കയും ഞങ്ങൾ കാണുന്നില്ല. ആരംഭത്തിൽ സൂചിപ്പിച്ച പോലെ, നിലവിലെ ഈ കേസിൽ പ്രോസിക്യൂഷൻ, ദൃക്സാക്ഷികളുടെ ദൃഷ്ടിഗോചരമായ തെളിവിന്മേൽ പ്രബലമായി അവലംബിക്കുകയും ആ തെളിവിനോടനുബന്ധമായ പ്രസക്തമായ ചോദ്യങ്ങൾ അപ്പീൽവാദികളോട് ഉന്നയിക്കുകയും ചെയ്തു. ഈ സാക്ഷികളുടെ തെളിവ് സ്വീകാര്യമാണെന്ന് കണ്ടെത്തുന്ന പക്ഷം, അപ്പീൽവാദികൾ അവർക്ക് ഒരു മുൻവിധി ഉണ്ടായി എന്ന് ബോധ്യപ്പെടുത്താതിരുന്നാൽ കുറ്റസ്ഥാപനം ഉറപ്പിക്കാൻ കഴിയും. അങ്ങനെയുള്ള യാതൊരു മുൻവിധിയും ഞങ്ങളുടെ മുമ്പാകെ ബോധ്യപ്പെടുത്താത്തതും, അതിനാൽ, അപ്പീൽവാദികൾക്ക് വേണ്ടി ഉന്നയിച്ച തർക്കം സ്വീകരിക്കാൻ ഞങ്ങൾക്ക് കഴിയില്ല.

16. അപ്പീൽവാദികൾക്ക് തീർച്ചയായും ഏതെങ്കിലും മുൻവിധി ഉണ്ടായിട്ടില്ല, വാസ്തവത്തിൽ, ഞങ്ങളുടെ നിഗമനങ്ങൾ മേൽപറഞ്ഞപോലെ ആണെന്നിരിക്കിലും ഇവിടെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പിൻ കീഴിലെ നടപടിയിൽ യാതൊരു ക്രമരാഹിത്യവുമില്ല, ആയത് സംബന്ധിച്ച് ഈ ഘട്ടത്തിൽ അപ്പീൽവാദികൾക്ക് ആക്ഷേപങ്ങൾ ഉന്നയിക്കാൻ കഴിയുമോ എന്ന പ്രശ്നവിഷയമാണ് ഞങ്ങൾ ഇപ്പോൾ കൈകാര്യം ചെയ്യുന്നത്. **സുഖാ Vs സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ [മനു/എസ്‌സി/0026/1956:1956 എസ്‌സിആർ 288]**-ൽ താഴെ പറയും പ്രകാരം നിരീക്ഷിച്ചു:

35....................വിശദാംശങ്ങൾ നൽകാതിരിക്കുമ്പോൾ മുൻവിധിയുടെ തർക്കവിഷയം ഞങ്ങൾ സാവകാശമേ പരിഗണിക്കുകയുള്ളൂ, കൂടാതെ, നേരത്തെയുള്ള ഒരു ഘട്ടത്തിൽ ആക്ഷേപം ഉന്നയിക്കാത്ത വസ്തുത കണക്കിലെടുക്കുന്നതുമാണ്. ഇവിടത്തെ അപ്പീൽവാദികൾ ഈ കോടതിയിൽ അപ്പീലിനുള്ള അനുമതിക്കായി ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൽ മുൻവിധിയെ സംബന്ധിച്ച് യാതൊരു സൂചനയും ഉണ്ടായിരിക്കുകയോ, ഈ കോടതിയിൽ പ്രത്യേകാനുമതിക്കായി സമർപ്പിച്ച വളരെ ദീർഘവും വാദിക്കത്തക്കതുമായ ഹർജിയിലും ഇത് ഒരു കാരണമായി പരിഗണിക്കുകയോ ചെയ്തില്ല. മുൻവിധിയെ കുറിച്ചുള്ള ഒരേ ഒരു പരാതി, ക്രിമിനൽ നടപടി നിയമസംഹിതയുടെ 342-ാം വകുപ്പ് പ്രകാരം ശരിയായ യാതൊരു വിസ്താരവുമില്ലായിരുന്നു എന്ന കാരണത്താൽ മാത്രമായിരുന്നു. ഇക്കാര്യം ഉന്നയിക്കുന്നതിന് ഞങ്ങൾ അനുമതി നിഷേധിച്ചു.

17. മസാൾട്ടി (മുകളിലെ) മരണശിക്ഷയെ സംബന്ധിച്ച ഒരു കേസ്സാകുന്നതും സുഖാ (മുകളിലെ)-യിലേക്ക് ശ്രദ്ധ ക്ഷണിച്ചതായി ഇവിടെ കാണപ്പെടുന്നുമില്ല. മേൽ പരിശോധനയുടെ അടിസ്ഥാനത്തിൽ, ശ്രീ ലൂത്രായുടെ ബദൽ സമർപ്പണം പരിഗണിക്കാൻ കഴിയാത്തതിൽ ഞങ്ങൾക്ക് ഖേദമുണ്ട്. അപ്പീൽവാദികൾ നിസ്സംശയം ഒരു നിയമവിരുദ്ധ ഒത്തുചേരലിലെ അംഗങ്ങളായിരുന്നതും അവരിൽ ചിലർ കുന്തങ്ങളോടെയുള്ള ആയുധധാരികൾ കൂടിയായിരുന്നതും പരേതനെ ആക്രമിക്കുകയും ചെയ്തു. എല്ലാ പ്രതികളും പരേതനെ വളയുകയും അയാളെ രക്ഷപ്പെടുന്നതിൽ നിന്നും തടഞ്ഞതും വ്യക്തമായി കാണുന്നു. അപ്പീൽവാദി സൈനുൾ ലാത്തി വച്ച് പരേതന്റെ തലയ്ക്ക് ആദ്യപ്രഹരമേൽപ്പിച്ചു. പരേതൻ താഴെ വീഴുകയും അയാൾ എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ കുന്തങ്ങളുമായി രണ്ട് പേർ അയാളെ ആക്രമിച്ചു. പി.ഡബ്ല്യൂ-7, അപ്പീൽവാദി ഫൈനുളിന്റെ തലയ്ക്ക് അടിച്ചു. ലഹളയിൽ, അപ്പീൽവാദി മിർ ഷൗക്കത്തിന്റെ ആക്രമണം സാക്ഷിയുടെ തുടയിൽ പതിച്ചു എന്ന വസ്തുതയ്ക്ക് മതിയായ പ്രസക്തി ഇല്ല. ഒരേ രീതിയിൽ, അപ്പീൽവാദി സൈനുൾ, പി.ഡബ്ല്യൂ-8-ന്റെ മുഖത്തും തലയ്ക്കും ആക്രമിച്ചു. കൂടെയുള്ള പ്രതി തലയിന്മേൽ വീണ്ടും ആക്രമിച്ചു എന്ന വസ്തുത പൊതുലക്ഷ്യത്തിന്റെ അഭാവം അകറ്റുന്നതിന് വളരെ പ്രസക്തമാണെന്ന് കണക്കാക്കാൻ കഴിയില്ല.

18. ഞങ്ങൾ, അതിനാൽ, അപ്പീൽവാദികളുടെ ശിക്ഷാവിധിയിൽ ഇടപെടുന്നതിന് യാതൊരു കാരണവും കാണുന്നില്ല. അപ്പീലുകൾ തള്ളി. അപ്പീൽവാദികൾ ജാമ്യത്തിലാണെന്ന് പറഞ്ഞു. അവരുടെ ജാമ്യ ബോണ്ടുകൾ റദ്ദാക്കുകയും ശിക്ഷാകാലാവധിയുടെ ശേഷിക്കുന്ന ശിക്ഷയനുഭവിക്കുന്നതിന് ഉടൻതന്നെ കീഴടങ്ങുതിന് അവരോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

*——————*

# ഹൈക്കോടതി വിധിന്യായങ്ങൾ

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എസ്. പി. ചാലി

റിട്ട് ഹർജി (സി) നമ്പർ 21296/2018

സുൽഫിക്കർ

Vs

റഫീക്കും മറ്റുള്ളവരും

2018 നവംബർ 16-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

സ്റ്റാറ്റ്യൂട്ടിൽ 86-ാം വകുപ്പിന് കൊണ്ടുവന്ന വിശദീകരണം-2, 1994-ലെ മുനിസിപ്പാലിറ്റി ആക്റ്റിന്റെ 86(1) വകുപ്പിൻകീഴിൽ അടങ്ങിയ വ്യവസ്ഥകൾ അവഗണിച്ചുകൊണ്ടുള്ള ഒരു പുതിയ നിബന്ധന അവതരിപ്പിച്ചതാണോ എന്നതാണ് പ്രധാന വസ്തുത.

ശ്രദ്ധാർഹമായത്, പ്രധാന വ്യവസ്ഥയുടെ ഉദ്ദേശ്യങ്ങളും കാരണങ്ങളും സംരക്ഷിക്കുന്നതിനായി വിശദീകരണത്തിന് ഒരു വ്യക്തമായ ബന്ധമുണ്ടെന്നുള്ളതാണ്. ഇതേപ്രകാരം തന്നെ, ഒരു പ്രധാന വ്യവസ്ഥയ്ക്ക് നൽകിയ വിശദീകരണം കൂടി പ്രധാന വ്യവസ്ഥയുടെ അർത്ഥത്തിനും ആവശ്യത്തിനും അനുസൃതമായി വ്യാഖ്യാനിക്കേണ്ടതാണ്. തർക്കവിഷയത്തിലെ വിശദീകരണം, ആക്റ്റിലെ 86(1) വകുപ്പിൻകീഴിൽ അടങ്ങിയ അവ്യക്തത ഒരു പരിധിവരെ സ്പഷ്ടമാക്കുന്നതും, അതിനാൽ, ഇത് നിയമത്തിൻ കീഴിൽ ദുർബലത്വം വഹിക്കുന്ന സ്വേച്ഛാപരമായതോ നിയമവിരുദ്ധമായതോ ആണെന്ന് പറയുവാൻ കഴിയില്ല. അതിനുപുറമെ, ഒരു കൗൺസിലറുടെ പ്രവർത്തനങ്ങൾ ക്ലിപ്തപ്പെടുത്തുന്നതിന് വേണ്ടിയുള്ള വ്യവസ്ഥയുടെ ബൃഹത്തായ താത്പര്യം പരിഗണിച്ചുകൊണ്ട്, നിയമനിർമ്മാണത്തിന്റെ ലക്ഷ്യത്തിന് വേണ്ടത്ര പ്രാധാന്യവും മഹത്വവും നൽകേണ്ടതാണ്. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശരിയായ ഭരണത്തിനുവേണ്ടി ഏതൊരു നിയമങ്ങളും ഉണ്ടാക്കുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ IX എ ഭാഗം 243 ഡബ്ല്യൂ (എ) അനുച്ഛേദത്തിൻ കീഴിൽ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നു. അതിനാൽ, നിർദ്ദിഷ്ട ലക്ഷ്യത്തോടെയും പൂർണ്ണമായും വാർഡ് കൗൺസിലർമാരുടെ സഹായത്തോടും പിന്തുണയോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനും, അതോടൊപ്പം ജനങ്ങളുടെ ആവശ്യവും അഭിലാഷവും താത്പര്യവുമനുസരിച്ച് കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ പ്രാപ്തമാക്കുന്നതിനും അതിനുപുറമെ 1994-ലെ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം വാർഡ് കൗൺസിലർമാർ സ്വതന്ത്രമായി സ്റ്റാറ്റ്യൂട്ടറി കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി, 1994-ലെ ആക്റ്റിലെ 86-ാം വകുപ്പിന് വിശദീകരണം-2 കൊണ്ടുവന്നു. തന്മൂലം

**86(1)-ാം വകുപ്പിനുള്ള വിശദീകരണം-2 ഏകപക്ഷീയമായതോ ഭരണഘടനാ വിരുദ്ധമായതോ ഏതെങ്കിലും തരത്തിൽ അനാവശ്യമായതോ അല്ല.**

വിധിന്യായം

ജസ്റ്റിസ് എസ്. പി. ചാലി

1. റിട്ട് ഹർജിയിലെ ഹർജികക്ഷി പ്രതിനിധാനം ചെയ്യുന്ന വാർഡായ കായംകുളം മുനിസിപ്പാലിറ്റിയുടെ 8-ാം വാർഡിലെ (റിട്ട് ഹർജിയിൽ 18-ാം വാർഡായി തെറ്റായി കാണിച്ചിരിക്കുന്നു) ഒരു സമ്മതിദായകൻ ഫയൽ ചെയ്ത ഒരു പരാതിയുടെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 86-ാം വകുപ്പിന്റെ വ്യവസ്ഥകൾ അനുസരിച്ച് കായംകുളം മുനിസിപ്പാലിറ്റിയുടെ ഒരു കൗൺസിലറായി തുടരുന്നതിന് ഹർജികക്ഷിയെ അയോഗ്യനാക്കിക്കൊണ്ട് കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഒ.പി. നം.51/2017-ൽ പുറപ്പെടുവിച്ച എഗ്സിബിറ്റ്. പി7 ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹർജികക്ഷി ഫയൽ ചെയ്തതാണ് ഈ റിട്ട് ഹർജി. റിട്ട് ഹർജി തീർപ്പാക്കുന്നതിന് വേണ്ടിയുള്ള സംക്ഷിപ്ത വസ്തുതകൾ താഴെ പറയും പ്രകാരമാണ്:

2. 5-11-2015-ൽ നടന്ന തെരഞ്ഞെടുപ്പിൽ കായംകുളം മുനിസിപ്പാലിറ്റിയുടെ 8-ാം നമ്പർ വാർഡ് കൗൺസിലറായി ഹർജികക്ഷിയെ തെരഞ്ഞെടുത്തു. അപ്രകാരം പ്രതിനിധീകരിക്കുമ്പോൾ, എഗ്സിബിറ്റ്.പി1-ൽ നിന്നും തെളിയുന്നതുപോലെ 27-12-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവനന്തപുരം എന്നതിന്റെ ഡയറക്ടറും ചെയർമാനുമായി ഹർജികക്ഷിയെ നിയമിച്ചു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, 1956-ലെ കമ്പനീസ് ആക്റ്റിൻകീഴിൽ സംയോജിക്കപ്പെട്ട ഒരു കമ്പനിയാകുന്നതും, ആ കമ്പനിയുടെ ഏകാംഗീകരണത്തിന്റെ സമയത്ത് സംസ്ഥാന സർക്കാർ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ ഒപ്പിട്ടിരുന്നതുമാണ്. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ 62-ാം ആർട്ടിക്കിൾ, പൊതുയോഗത്തിന്റെ അധ്യക്ഷത വഹിക്കുന്നതിന് ചെയർമാനെ പ്രാപ്തനാക്കുന്നതും, 63-ാം ആർട്ടിക്കിളിന്റെ ബലത്തിൽ, ചെയർമാന് യോഗം നീട്ടിവയ്ക്കാനും കഴിയുന്നതാണ്. അതുകൂടാതെ, 66-ാം ആർട്ടിക്കിൾ പ്രകാരം, ചെയർമാന് ഒരു രണ്ടാമത്/കാസ്റ്റിംഗ് വോട്ടിനു കൂടി അവകാശമുണ്ട്. അതിനാൽ, ഹർജികക്ഷി പറയുന്ന പ്രകാരം, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള അധികാരങ്ങൾ മാത്രമേ ചെയർമാന് ഉണ്ടാകുകയുള്ളൂ.

3. എഗ്സിബിറ്റ്.പി2-ൽ നിന്നും തെളിയുന്നതുപോലെ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാന്റെ കർത്തവ്യങ്ങളും ചുമതലകളും വിവരിച്ചു പറഞ്ഞുകൊണ്ടും ഓണറേറിയം, സിറ്റിംഗ് ഫീസ്, വാഹന ഉപയോഗം മുതലായവ നിശ്ചയിച്ചുകൊണ്ടും 9-9-2013 തീയതിയിലെ ഉത്തരവ് കൂടി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എഗ്സിബിറ്റ്. പി2-ന്റെ അടിസ്ഥാനത്തിൽ, എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചെയർമാൻമാർക്ക്, പ്രതിമാസം 20,000 രൂപയുടെ ഒരു ഓണറേറിയത്തിനും ബോർഡ് യോഗത്തിൽ പങ്കെടുക്കുന്നതിന് പ്രതിമാസം 500 രൂപയുടെ ഒരു സിറ്റിംഗ് ഫീസിനും അർഹതയുള്ളതും, 1,500 കിലോമീറ്ററുകൾ കവിയുന്ന ഔദ്യോഗികയാത്രയ്ക്ക് ഡ്രൈവർ സഹിതമുള്ള ഒരു കാറും നൽകിയിട്ടുള്ളതും, ആയത്, ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയുള്ളതുമാണ്.

4. അപ്രകാരമായിരിക്കെ, 1-ാം എതിർകക്ഷി, 2-ാം എതിർകക്ഷി മുമ്പാകെ, മുനിസിപ്പാലിറ്റിയുടെ കൗൺസിലർ തസ്തിക വഹിക്കുമ്പോൾ മേൽ എടുത്തുപറയപ്പെട്ട കോർപ്പറേഷന്റെ ചെയർമാൻ എന്ന നിലയിൽ ഓണറേറിയം വാങ്ങുകയും ആയതിനാൽ കായംകുളം മുനിസിപ്പാലിറ്റിയുടെ കൗൺസിലറായി തുടരാൻ അയോഗ്യനാണെന്ന് ആരോപിച്ചുകൊണ്ട്,

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (സംക്ഷിപ്തമായി '1994-ലെ ആക്റ്റ്') 92-ാം വകുപ്പിൻകീഴിൽ ഒ.പി. നം.51/2017 ആയി ഒരു ഹർജി ഫയൽ ചെയ്യുകയും, അത് എഗ്സിബിറ്റ്. പി3 പരാതിയിൽ നിന്നും പ്രകടമാവുകയും ചെയ്യുന്നു. ഒരു കൗൺസിലർ എന്ന നിലയിൽ ഹർജികക്ഷിക്ക് ഓണറേറിയം മാത്രം ലഭിക്കുന്നതും കോർപ്പറേഷന്റെ ചെയർമാൻ എന്ന നിലയിൽ അയാൾക്ക് ഓണറേറിയം മാത്രം ലഭിക്കുന്നതും, കൂടാതെ, വിഭിന്നമായി, ഹർജികക്ഷി, കമ്പനിയുടെ ഒരു ആഫീസറോ ജീവനക്കാരനോ അല്ലാത്തതും ഓണറേറിയം വാങ്ങുന്നു എന്ന കാരണത്താൽ ജീവനക്കാരൻ എന്ന് കരുതുവാൻ കഴിയില്ല എന്ന് തർക്കിച്ചുകൊണ്ട് ഹർജികക്ഷി എഗ്സിബിറ്റ്.പി4 ആക്ഷേപം ബോധിപ്പിച്ചു.

5. 1-ാം എതിർകക്ഷിയെ പിഡബ്ല്യൂ-1 ആയി വിസ്തരിക്കുകയും എഗ്സിബിറ്റുകൾ എ1 മുതൽ എ4 വരെ രേഖപ്പെടുത്തുകയും ചെയ്തു. എഗ്സിബിറ്റ്. എ1, 1-ാം എതിർകക്ഷിയുടെ ഇലക്ഷൻ തിരിച്ചറിയൽ കാർഡും, എഗ്സിബിറ്റ്. എ2, കായംകുളം മുനിസിപ്പാലിറ്റിയിലെ 8-ാം നമ്പർ വാർഡിലെ വോട്ടർ പട്ടികയുമാണ്. എഗ്സിബിറ്റ്. എ3, ഹർജികക്ഷി 31,060 രൂപയുടെ ഒരു ഓണറേറിയം കൈപ്പറ്റിയെന്ന് അറിയിച്ചുകൊണ്ടുള്ള, കായംകുളം മുനിസിപ്പാലിറ്റി പബ്ലിക് ഇൻഫർമേഷൻ ആഫീസറിൽ നിന്നുള്ള 22-5-2017 തീയതിയിലെ ഒരു കത്താണ്. എഗ്സിബിറ്റ്. എ4, ഹർജികക്ഷി യാതൊരു ശമ്പളവും വാങ്ങുന്നില്ലെന്നും പ്രതിമാസം 20,000 രൂപ നിരക്കിൽ ഓണറേറിയം വാങ്ങുന്നുവെന്നും അറിയിച്ചുകൊണ്ടുള്ള കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പബ്ലിക് ഇൻഫർമേഷൻ ആഫീസറിൽ നിന്നുള്ള 23-5-2017 തീയതിയിലെ ഒരു അറിയിപ്പാണ്. ഹർജികക്ഷിയെ ആർ.ഡബ്ല്യൂ-1 ആയി വിസ്തരിച്ചു, എന്നാൽ, യാതൊരു രേഖകളും മാർക്ക് ചെയ്തില്ല.

6. രേഖകളും കക്ഷികൾ ഉന്നയിച്ച വാദങ്ങളും പ്രതിവാദങ്ങളും വിവേചിച്ചറിഞ്ഞ ശേഷം, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കമ്പനീസ് ആക്റ്റിൻകീഴിൽ സംയോജിക്കപ്പെട്ട ഒരു കമ്പനിയാണെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഒരു കൂട്ടായ സംരംഭമാണെന്നും, 2-ാം എതിർകക്ഷി, 29-6-2018 തീയതിയിലെ എഗ്സിബിറ്റ്. പി7 ഉത്തരവ് പ്രകാരം വിധിച്ചു. ഹർജികക്ഷി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെയർമാൻ എന്ന നിലയിൽ ഓണറേറിയം വാങ്ങുന്നതിനാൽ, 1994-ലെ ആക്റ്റിന്റെ 86-ാം വകുപ്പിന്റെ 2-ാം വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അയാൾ, കോർപ്പറേഷന്റെ ഒരു ജീവനക്കാരനായി കരുതപ്പെടുന്നു എന്നും വിധിച്ചു. ഓണറേറിയം കൂടാതെ, ഹർജികക്ഷിക്ക് ഡ്രൈവറോടെയുള്ള ഒരു കാർ, സിറ്റിംഗ് ഫീസ്, മൊബൈൽ ഫോൺ സൗകര്യം മുതലായവയ്ക്ക് അർഹതയുള്ളതും ആയതിനാൽ, 1994-ലെ ആക്റ്റിന്റെ 86-ാം വകുപ്പിന് കീഴിൽ നിർണ്ണയിച്ച അയോഗ്യതയ്ക്കുള്ളിൽ വരുന്നതും, അപ്രകാരം ഹർജികക്ഷി കായംകുളം മുനിസിപ്പാലിറ്റിയുടെ ഒരു കൗൺസിലറായി തുടരുന്നതിന് അയോഗ്യനാണെന്നും കൂടുതലായി വിധിച്ചു.

7. ഹർജികക്ഷി പറയുന്ന പ്രകാരം, ആക്റ്റിന്റെ 86-ാം വകുപ്പിലെ വിശദീകരണം-2 അധികാരപരിധിക്കപ്പുറത്തുള്ളതും സംസ്ഥാനത്തിന്റെ നിയമനിർമ്മാണപരമായ ക്ഷമതയ്ക്കപ്പുറവുമാണ്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243വി-യും 243എഫ്-ഉം യഥാക്രമം ഒരു മുനിസിപ്പാലിറ്റിയുടെയോ പഞ്ചായത്തിലെയോ ഒരു അംഗമാകുന്നതും തെരഞ്ഞെടുത്ത അംഗത്തിന്റെ അയോഗ്യതയും നിർണ്ണയിക്കുന്നു. നിർണ്ണയിച്ചിട്ടുള്ള അയോഗ്യതയിൽ ഒന്ന്, നിയമസഭ ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴി നിർണ്ണയിച്ച അയോഗ്യതയുടെ അടിസ്ഥാനത്തിലാണ്. 1994-ലെ ആക്റ്റിന്റെ 86(1) വകുപ്പിന്റെ അടിസ്ഥാനത്തിൽ, ഒരു സംസ്ഥാനത്തിന്റെയോ കേന്ദ്ര സർക്കാരിന്റെയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ കോർപ്പ

റേഷന്റെയോ സേവനത്തിലുള്ള ഒരു ഉദ്യോഗസ്ഥനോ ഒരു ജീവനക്കാരനോ ഒരു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും, കൂടാതെ ഒരു മുനിസിപ്പാലിറ്റിയിലെ ഒരു കൗൺസിലറുടെ സ്ഥാനം വഹിക്കുന്നതിൽ നിന്നും അയോഗ്യനാക്കുന്നു.

8. ഹർജികക്ഷിയുടെ കേസ്, 86(1) വകുപ്പ് വിഭാവനം ചെയ്യുന്നത്, ഒരു സംസ്ഥാനത്തിന്റെ സേവനത്തിലുള്ള ഒരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ എന്നാകുന്നു. അതിനാൽ, ഹർജികക്ഷി പറയുന്ന പ്രകാരം, ആക്റ്റിന്റെ 86(1) വകുപ്പ് ബാധകമാക്കുന്നതിന്, അങ്ങനെയുള്ള വ്യക്തി, സംസ്ഥാനത്തിന്റെയോ കോർപ്പറേഷന്റെയോ സേവനത്തിലുള്ള ഒരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കണം. കൂടാതെ, ഒരു കല്പിക്കുന്ന വ്യവസ്ഥയാൽ, ഓണറേറിയം സ്വീകരിക്കുന്ന ഒരാളെ സംസ്ഥാനത്തെയോ ഒരു കോർപ്പറേഷനിലെയോ സേവനത്തിൽ കൊണ്ടുവരാൻ കഴിയില്ല. ആയതിനാൽ, 2-ാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവ്, ഏകപക്ഷീയതയും നിയമവിരുദ്ധതയുമായ ദുർവൃത്തി വഹിക്കുന്നതും ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിൽ ഈ കോടതിയുടെ ഇടപെടൽ ആവശ്യമാക്കിക്കൊണ്ട് അത്യന്തം അനീതി ഹർജികക്ഷിക്ക് ചെയ്തു എന്ന് ഹർജികക്ഷി തർക്കിച്ചു.

9. ഹർജികക്ഷി ഉന്നയിച്ച ആരോപണങ്ങളും അവകാശവാദങ്ങളും ആവശ്യങ്ങളും ഖണ്ഡിച്ചുകൊണ്ടും ഹർജികക്ഷിയെ അയോഗ്യനാക്കിക്കൊണ്ട് 2-ാം എതിർകക്ഷി പ്രകടിപ്പിച്ച നിരീക്ഷണങ്ങളോട് യോജിച്ചുകൊണ്ടും 1-ാം എതിർകക്ഷി വിശദമായ ഒരു സത്യവാങ്മൂലം ഫയൽ ചെയ്തു.

10. ഹർജികക്ഷിക്ക് വേണ്ടി ഹാജരാകുന്ന മുതിർന്ന അഭിഭാഷകൻ ശ്രീ. എസ്. ശ്രീകുമാർ, 1-ാം എതിർകക്ഷിക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ശ്രീ. ആർ. സുനിൽകുമാർ, 2-ാം എതിർകക്ഷിക്ക് വേണ്ടി ഹാജരാകുന്ന സ്റ്റാന്റിംഗ് കൗൺസിൽ ശ്രീ. മുരളി പുരുഷോത്തമൻ, മുതിർന്ന ഗവൺമെന്റ് പ്ലീഡർ ശ്രീ. പി.എം. മനോജ് എന്നിവരെ ഞാൻ കേട്ടു. റിക്കാർഡിലുള്ള രേഖകളും കക്ഷികൾ യഥാക്രമം ഉന്നയിച്ച അന്യായം, പത്രിക തുടങ്ങിയവയും പരിശോധിച്ചു.

11. ബന്ധപ്പെട്ട അഭിഭാഷകർ, അവർ ഉന്നയിച്ച അന്യായം, പത്രിക തുടങ്ങിയവയ്ക്കനുസൃതമായി അവരുടെ വാദങ്ങൾ പറഞ്ഞു. സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അയോഗ്യത സംബന്ധിച്ച പ്രശ്നവിഷയം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 86-ാം വകുപ്പിൻകീഴിൽ പ്രതിപാദിക്കുന്നു, ആയത് ഇപ്രകാരം വായിക്കാം:

"86. **സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മുതലായവയിലെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും അയോഗ്യത.**-(1) സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ ഉടമസ്ഥത വഹിക്കുന്നതോ നിയന്ത്രിക്കുന്നതോ ആയ ഒരു കോർപ്പറേഷനിലെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അൻപത്തി ഒന്നു ശതമാനത്തിൽ കുറയാതെ ഓഹരി ഉള്ള ഏതെങ്കിലും കമ്പനിയിലെയോ സംസ്ഥാന നിയമപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ബോർഡുകളിലെയോ ഏതെങ്കിലും സർവ്വകലാശാലയിലെയോ യാതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും ഒരു മുനിസിപ്പാലിറ്റിയിലെ കൗൺസിലറായി തിരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

*വിശദീകരണം 1.-* ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി കമ്പനി എന്നാൽ,

1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 617-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു ഗവൺമെന്റ് കമ്പനി എന്നർത്ഥമാകുന്നതും 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതായി കരുതുന്നതോ ആയ സഹകരണസംഘവും ഉൾപ്പെടുന്നതുമാകുന്നു.

*വിശദീകരണം 2.*-ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി അംഗനവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും ആശാവർക്കർമാരും ഒഴികെയുള്ള പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണ്.

(2) അഴിമതി പ്രവൃത്തിക്കോ കൂറില്ലായ്മക്കോ ഉദ്യോഗസ്ഥരിൽ നിന്നും പിരിച്ചുവിടപ്പെട്ട (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും അങ്ങനെയുള്ള പിരിച്ചുവിടൽ തീയതി തൊട്ട് അഞ്ച് വർഷക്കാലത്തേക്ക് ഒരു മുനിസിപ്പാലിറ്റിയിലെ കൗൺസിലറായി തിരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്."

12. ഹർജികക്ഷിക്ക് വേണ്ടി ഹാജരാകുന്ന മുതിർന്ന അഭിഭാഷകൻ മുന്നോട്ടുവച്ച തർക്കത്തിന്റെ പ്രഹരം, 86-ാം വകുപ്പിന്റെ വിശദീകരണം-2 ഭരണഘടനയുടെ വ്യവസ്ഥകളുടെ അധികാരപരിധിക്കപ്പുറമാണെന്നും, കൂടാതെ, അത് 86(1) വകുപ്പിന്റെ വ്യവസ്ഥകൾക്ക് തികച്ചും എതിരായ ഒരു ഒഴിവാക്കൽ രൂപപ്പെടുത്തുക കൂടി ചെയ്യുന്നു എന്നതാണ്. 86(1) വകുപ്പ്, ഒരു സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള ഒരു കോർപ്പറേഷന്റെയോ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അൻപത്തിയൊന്ന് ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള കമ്പനിയിലെയോ അല്ലെങ്കിൽ ബോർഡുകളിലെയോ, ഏതെങ്കിലും സർവ്വകലാശാല മുതലായവയുടെ സേവനത്തിലുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ഒരു മുനിസിപ്പാലിറ്റിയുടെ കൗൺസിലറുടെ ഉദ്യോഗം വഹിക്കുന്നതിന് ഒരു വിലക്ക് സൃഷ്ടിക്കുന്നു.

13. മുതിർന്ന അഭിഭാഷകൻ പറയുന്നതനുസരിച്ച്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ചെയർമാന്, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം പരിമിതമായ കർത്തവ്യങ്ങൾ ഉള്ളതും അയാൾ, എഗ്സിബിറ്റ്. പി-2 അനുസരിച്ച് നൽകിയ മറ്റു ആനുകൂല്യങ്ങൾക്ക് പുറമെ, ഓണറേറിയം മാത്രം കൈപ്പറ്റുന്നതുമാണ്. അപ്രകാരം, ചെയർമാൻ, ആ കോർപ്പറേഷന്റെ ഒരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ അല്ലാത്തതും, സാഹചര്യം അങ്ങനെയായിരിക്കെ, ഓണറേറിയം വാങ്ങുന്ന ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് കൂട്ടിച്ചേർത്ത വിശദീകരണം, 1994-ലെ ആക്റ്റിന്റെ 86(1) വകുപ്പിൻകീഴിൽ അടങ്ങിയ വ്യവസ്ഥകളെ ലംഘിക്കുന്നതുമാണ്.

14. മുതിർന്ന അഭിഭാഷകൻ, **ബിഹ്താ കോപ്പറേറ്റീവ് ഡവലപ്പ്മെന്റ് കെയ്ൻ മാർക്കറ്റിംഗ് യൂണിയൻ ലിമിറ്റഡും മറ്റൊരാളും Vs ബാങ്ക് ഓഫ് ബീഹാറും മറ്റുള്ളവരും (മനു/എസ്‌സി/0260/1966 : എഐആർ 1967 എസ്‌സി 389), എസ്. സുന്ദരൻപിള്ളയും മറ്റുള്ളവരും Vs വി.ആർ. പട്ടാഭിരാമനും മറ്റുള്ളവരും (മനു/എസ്‌സി/0387/1985: (1985) 1 എസ്‌സിസി 591), എം.പി. സിമെന്റ് മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ Vs സ്റ്റേറ്റ് ഓഫ് എം.പി.-യും മറ്റുള്ളവരും (മനു/എസ്‌സി/1006/2003 : (2004) 2 എസ്‌സിസി 249)** എന്നീ കേസുകളിലെ പരമോന്നത കോടതിയുടെ വിധിന്യായങ്ങളിലേക്കും കൂടാതെ, ഈ കോടതിയുടെ **രാജേഷ് ഒ. Vs കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനും മറ്റൊരാളും (മനു/കെഇ/2301/**

2010 : 2010 (4) കെഎച്ച്സി 140: 2010 (4) കെഎൽറ്റി 124)-ലെ ഒരു സിംഗിൾ ജഡ്ജിയുടെ വിധിന്യായത്തിലേക്കും എന്റെ ശ്രദ്ധ ക്ഷണിച്ചു.

15. മേൽപ്പറഞ്ഞ വിധിന്യായങ്ങളെ അവലംബിച്ചുകൊണ്ട്, ഹർജികക്ഷിക്ക് വേണ്ടി ഹാജരാകുന്ന മുതിർന്ന അഭിഭാഷകൻ, മുന്നോട്ടുവച്ച പ്രധാന തർക്കം, സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥയോട് കൂട്ടിച്ചേർത്ത വിശദീകരണം, ഉപയോഗിക്കപ്പെട്ട ഭാഷയുടെ ഏതൊരു അർത്ഥത്തിലും പ്രാധാന്യമുള്ള ഒരു വ്യവസ്ഥയല്ലാത്തതും, എന്നാൽ, ആ പദത്തിന്റെ തന്നെ ലളിതമായ ഒരു വായന, സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥയിൽ കടന്നുകൂടിയ ചില അവ്യക്തതകൾ വിശദീകരിക്കുന്നതിനോ സ്പഷ്ടീകരിക്കുന്നതിനോ മാത്രം സൂചിപ്പിക്കുന്നതിനാണെന്ന് കാണിക്കുന്നു എന്നതാണ്. എന്നുതന്നെയല്ല, യാതൊരു വിശദീകരണവും, ആയത് വിശദീകരിക്കുന്ന പ്രഥമമായ വകുപ്പിന്റെ പരിധി സാമാന്യേന വിശാലമാക്കുന്നില്ല, എന്നാൽ, അത് തർക്കത്തിനതീതമായി അർത്ഥം വ്യക്തമാക്കുക മാത്രമാണ് എന്ന് തർക്കിച്ചു. അപ്രകാരം മുതിർന്ന അഭിഭാഷകൻ മുന്നോട്ടുവച്ച തർക്കത്തിന്റെ പൊരുളും സാരാംശവും, വിശദീകരണം നൽകിക്കൊണ്ട് പ്രധാന വ്യവസ്ഥയ്ക്ക് വിരുദ്ധമായി സാരവത്തായ എന്തോ ഒന്ന് കൂട്ടിച്ചേർത്തതും, അങ്ങനെയുള്ള ഒരു വിശദീകരണം, 1994-ലെ ആക്റ്റിന്റെ 86(1) വകുപ്പിലെ ഏതെങ്കിലും വസ്തുതകൾ സ്പഷ്ടീകരിക്കാത്തതും, ഒരു പരിധിവരെ, ഒരു വിശദീകരണത്തിലൂടെ ഒരു പുതിയ വസ്തുത അവതരിപ്പിച്ചു എന്നും ബോധിപ്പിച്ചു. അയാൾ പറയുന്നതനുസരിച്ച്, വിശദീകരണം അതുകൊണ്ടുതന്നെ, ദൗർഭാഗ്യകരമാണ്, അതിനാൽ, വിശദീകരണം 2 അടിസ്ഥാനമാക്കിയുള്ള 2-ാം എതിർകക്ഷിയുടെ കണ്ടെത്തലുകൾക്ക് നിയമത്തിൻ കീഴിൽ നിലനിൽക്കാൻ കഴിയില്ല.

16. മറുവശത്ത്, ഇലക്ഷൻ കമ്മീഷന് വേണ്ടി ഹാജരാകുന്ന സ്റ്റാന്റിംഗ് കൗൺസിൽ, വിശദീകരണം-2, 1994-ലെ ആക്റ്റിന്റെ 86(1) വകുപ്പിൻ കീഴിൽ അടങ്ങിയ ശാസനയ്ക്കനുസൃതമായി, ആരാണ് ഉദ്യോഗസ്ഥൻ എന്ന് മാത്രം സ്പഷ്ടീകരിക്കുന്നതും, അത് ഒരു സ്പഷ്ടീകരണം മാത്രം ആകുന്നതും, അതിനാൽ, 1994-ലെ 86(1) വകുപ്പിൻ കീഴിൽ അടങ്ങിയ വ്യവസ്ഥകൾക്ക് നേരെ വിപരീതമായ യാതൊരു ദുർബലത്വവും ബാധിക്കുന്നില്ല എന്ന് ബോധിപ്പിച്ചു. 1-ാം എതിർകക്ഷിക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകനും കൂടി അതേ വാദമുഖങ്ങൾ സ്വീകരിച്ചു.

17. സാഹചര്യം വിലയിരുത്തുകയും വാദങ്ങളും റിക്കാർഡിലെ രേഖകളും ഇലക്ഷൻ കമ്മീഷനുവേണ്ടിയുള്ള സ്റ്റാന്റിംഗ് കൗൺസിൽ ഹാജരാക്കിയ ഫയലുകളും പരിശോധിച്ചുകൊണ്ട്, എന്റെ പരിഗണിത അഭിപ്രായം, പരിശോധിക്കേണ്ട ഏക തർക്കവിഷയം, സ്റ്റാറ്റ്യൂട്ട് ബുക്കിൽ 86-ാം വകുപ്പിന് കൊണ്ടുവന്ന വിശദീകരണം-2, 1994-ലെ ആക്റ്റിന്റെ 86(1) വകുപ്പിൻകീഴിൽ അടങ്ങിയ വ്യവസ്ഥകൾ അവഗണിച്ചുകൊണ്ടുള്ള ഒരു പുതിയ നിബന്ധന അവതരിപ്പിച്ചതാണോ എന്നാണ്. മേൽ പരിശോധിച്ചപോലെ, 1994-ലെ ആക്റ്റിന്റെ 86(1)-ാം വകുപ്പ്, അതിൻകീഴിൽ നിർണ്ണയിച്ച സംഭവ്യാവസ്ഥകൾക്ക് കീഴിൽ, ഒരു മുനിസിപ്പാലിറ്റിയുടെ ഒരു കൗൺസിലറുടെ ഉദ്യോഗം വഹിക്കുന്നത് സംബന്ധിച്ച് പ്രതിപാദിക്കുന്നു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഒരു സ്വകാര്യ കമ്പനിയാണെന്ന് റിട്ട് ഹർജിയിൽ ഹർജികക്ഷിക്ക് ഒരു തർക്കം ഉണ്ടെന്നിരിക്കിലും, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെയും അതുപോലെ തന്നെ കേന്ദ്രസർക്കാരിന്റെയും ഉടമസ്ഥതയിലുള്ള ഒരു കമ്പനിയാണെന്ന് വ്യക്തമാകുന്നതും, അതിനാൽ, അത്, സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള കോർപ്പറേഷന്റെ നിർവ്വചനത്തിനുള്ളിൽ വരുന്നതുമാണ്.

18. അതുകൂടാതെ, വിശദീകരണം-1, 14-6-2010 മുതൽ പ്രാബല്യത്തിൽ അവതരിപ്പിച്ചതും, അതിൻപ്രകാരം, 86-ാം വകുപ്പിലെ ആവശ്യത്തിലേക്കായി, കമ്പനി എന്നാൽ 1956-ലെ കമ്പനീസ് ആക്റ്റിലെ 617-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു സർക്കാർ കമ്പനി എന്നർത്ഥമാകുന്നതും, അതിൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘം ഉൾപ്പെടുന്നതുമാകുന്നു എന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ, വിശദീകരണം-1-ഉം ആയി 86(1)-ാം വകുപ്പ് വായിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒരു മുനിസിപ്പാലിറ്റിയുടെ ഒരു കൗൺസിലറെ പ്രസ്തുത വ്യവസ്ഥയിൽ നിയന്ത്രിക്കുമെന്നത് നിസ്സംശയവും സ്പഷ്ടവുമാണ്. എന്റെ പരിഗണിത വീക്ഷണത്തിൽ, സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഒരു സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷനിലെയോ ഒരു ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുന്നതിന് വേണ്ടി, വിശദീകരണം-2 14-6-2010 മുതൽ പ്രാബല്യത്തോടെ സ്റ്റാറ്റ്യൂട്ട് ബുക്കിൽ കൊണ്ടുവന്നതും, ആ നടപടിയിൽ, ഒരു ജീവനക്കാരൻ ഓണറേറിയം കൈപ്പറ്റുന്ന ഒരാളും കൂടിയാണെന്ന് വിശദീകരിക്കുന്നു.

19. അതിനാൽ, വിശദീകരണം-2 പ്രകാരം, സ്പഷ്ടീകരിച്ചത് എന്താണെന്നാൽ 'ജീവനക്കാരൻ' എന്ന പദമാകുന്നതും, ആ നടപടിയിൽ, ഓണറേറിയം കൈപ്പറ്റുന്ന ഒരാളും കൂടി ഒരു ജീവനക്കാരനാണെന്ന് ഇത് നിർവ്വചിക്കുന്നു. അതുകൊണ്ട്, 1994-ലെ ആക്റ്റിന്റെ 86(1) വകുപ്പിലെ ഉള്ളടക്കങ്ങൾ സ്പഷ്ടീകരിക്കുന്നതിന് വേണ്ടി മാത്രമാണ് വിശദീകരണം നൽകിയത്. കൂടാതെ 86(1) വകുപ്പിന്റെ ഉദ്ദേശ്യം, ഒരു വ്യക്തി, അയാളുടെ സമയം, അയാളുടെ വാർഡിന്റെ സേവനത്തിന്റെ ആവശ്യത്തിനായി വിനിയോഗിക്കുന്നുയെന്നും മറ്റൊരു തരത്തിലും ശല്യപ്പെടുത്താതെ മുനിസിപ്പാലിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതാണ്. ഇതേ പ്രകാരം തന്നെ, കോർപ്പറേഷന്റെ അദ്ധ്യക്ഷത വഹിക്കുന്ന ഹർജികക്ഷിയാലോ, അയാളും തർക്ക വിഷയത്തിലെ മുനിസിപ്പാലിറ്റിയും തമ്മിലോ ഏതെങ്കിലും താത്പര്യ സംഘർഷങ്ങൾ ഉള്ളപ്പോൾ, അത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നതും, അതിനാലായിരുന്നു ഈ സാഹചര്യം തരണം ചെയ്യുന്നതിന് ആവശ്യമായ ഭേദഗതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്.

20. ശ്രദ്ധാർഹമായത്, പ്രധാന വ്യവസ്ഥയുടെ ഉദ്ദേശ്യങ്ങളും കാരണങ്ങളും സംരക്ഷിക്കുന്നതിനായി വിശദീകരണത്തിന് ഒരു വ്യക്തമായ ബന്ധമുണ്ടെന്നുള്ളതാണ്. ഇതേ പ്രകാരം തന്നെ, ഒരു പ്രധാന വ്യവസ്ഥയ്ക്ക് നൽകിയ വിശദീകരണം കൂടി പ്രധാന വ്യവസ്ഥയുടെ അർത്ഥത്തിനും ആവശ്യത്തിനും അനുസൃതമായി വ്യാഖ്യാനിക്കേണ്ടതാണ്. തർക്കവിഷയത്തിലെ വിശദീകരണം, ആക്റ്റിലെ 86(1) വകുപ്പിൻകീഴിൽ അടങ്ങിയ അവ്യക്തത ഒരു പരിധിവരെ സ്പഷ്ടമാക്കുന്നതും, അതിനാൽ, ഇത് നിയമത്തിൻ കീഴിൽ ദുർബലത്വം വഹിക്കുന്ന സ്വേച്ഛാപരമായതോ നിയമവിരുദ്ധമായതോ ആണെന്ന് പറയുവാൻ കഴിയില്ല. അതിനുപുറമെ, ഒരു കൗൺസിലറുടെ പ്രവർത്തനങ്ങൾ ക്ലിപ്തപ്പെടുത്തുന്നതിന് വേണ്ടിയുള്ള വ്യവസ്ഥയുടെ ബൃഹത്തായ താത്പര്യം പരിഗണിച്ചുകൊണ്ട്, നിയമനിർമ്മാണത്തിന്റെ ലക്ഷ്യത്തിന് വേണ്ടത്ര പ്രാധാന്യവും മഹത്വവും നൽകേണ്ടതാണ്. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശരിയായ ഭരണത്തിനുവേണ്ടി ഏതൊരു നിയമങ്ങളും ഉണ്ടാക്കുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ IXഎ ഭാഗം 243ഡബ്ല്യൂ(എ) അനുച്ഛേദത്തിൻ കീഴിൽ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നു. അതിനാൽ, നിർദ്ദിഷ്ട ലക്ഷ്യത്തോടെയും പൂർണ്ണമായും വാർഡ്

കൗൺസിലർമാരുടെ സഹായത്തോടും പിന്തുണയോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനും, അതോടൊപ്പം ജനങ്ങളുടെ ആവശ്യവും അഭിലാഷവും താത്പര്യവുമനുസരിച്ച് കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ പ്രാപ്തമാക്കുന്നതിനും അതിനുപുറമെ 1994-ലെ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം വാർഡ് കൗൺസിലർമാർ സ്വതന്ത്രമായി സ്റ്റാറ്റ്യൂട്ടറി കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി, 1994-ലെ ആക്റ്റിലെ 86-ാം വകുപ്പിന് വിശദീകരണം-2 കൊണ്ടുവന്നു. തന്മൂലം എന്റെ പരിഗണിത അഭിപ്രായത്തിൽ, 86(1)-ാം വകുപ്പിനുള്ള വിശദീകരണം-2 ഏകപക്ഷീയമായതോ ഭരണഘടനാ വിരുദ്ധമായതോ ഏതെങ്കിലും തരത്തിൽ അനാവശ്യമായതോ ആക്കുന്നതിന് ഹർജികക്ഷിക്ക് യാതൊരു കേസ്സുമില്ല.

21. 2-ാം എതിർകക്ഷിയുടെ ന്യായനിർണ്ണയവുമായി ബന്ധപ്പെട്ട പ്രശ്നവിഷയം സംബന്ധിച്ചിടത്തോളം, 1-ാം എതിർകക്ഷി സമർപ്പിച്ച തെളിവിന്റെയും ഹാജരാക്കിയതും മാർക്കുചെയ്തതുമായ രേഖകളുടെയും അടിസ്ഥാനത്തിലും വാദം കേൾക്കുന്നതിന് മതിയായ അവസരം നൽകിയും 2-ാം എതിർകക്ഷി വ്യക്തമായ കണ്ടെത്തലിൽ എത്തിച്ചേർന്നു. ഞാൻ ഉത്തരവിലൂടെ പോകുകയും, ഹർജികക്ഷിയും അതുപോലെ തന്നെ 1-ാം എതിർകക്ഷിയും മുന്നോട്ടുവച്ച ഓരോ വസ്തുതകളും കണക്കിലെടുത്തുകൊണ്ട്, അതിനുശേഷം മാത്രമാണ് അന്തിമ തീരുമാനം എടുത്തത്.

ഇപ്രകാരം എല്ലാ വസ്തുതകളും വിവേചിച്ചറിഞ്ഞുകൊണ്ട്, 2-ാം എതിർകക്ഷി പുറപ്പെടുവിച്ച ദോഷമാരോപിക്കപ്പെട്ട ഉത്തരവ്, ഏത് രീതിയിലും നിയമവിരുദ്ധമോ ഏകപക്ഷീയമോ ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിൽ ഈ കോടതിയുടെ ഇടപെടൽ സാധൂകരിക്കുന്ന കാരണം ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. മേൽ പരിശോധനയുടെ പരിണതഫലം, റിട്ട് ഹർജിയിൽ തേടിയ പരിഹാരങ്ങൾ ഉറപ്പായും ലഭിക്കുന്നതിന് ഹർജികക്ഷിക്ക് യാതൊരു കേസ്സുമില്ല എന്നതാണ്. തദനുസൃതമായി റിട്ട് ഹർജി തള്ളി.

*————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് സി. കെ. അബ്ദുൾ റഹീം

&

ബഹു. ജസ്റ്റിസ്. റ്റി. വി. അനിൽകുമാർ

ഒ. പി. (എഫ്. സി.) 228/2018

2019 ജനുവരി 15-ന് വിധി കല്പിച്ചത്

രേഷ്മാ മജീദ്

Vs

ഷമീർ ബാബു

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**അഭിഭാഷകരുടെ വിസ്താരം ഒഴിവാക്കാനാകാത്തപ്പോൾ ഒഴികെ, അവരുടെ തന്നെ കക്ഷിയാലോ എതിർകക്ഷിയാലോ അഭിഭാഷകരെ സാക്ഷികളായി ഉദ്ധരിച്ചു കൊണ്ട് വിളിച്ചുവരുത്തുമ്പോൾ കോടതികൾ ജാഗ്രത പാലിക്കണം. യാന്ത്രികമായോ വെറുമൊരു ചോദ്യം കൊണ്ടോ വിസ്തരിക്കാനുള്ള അപേക്ഷ അനുവദിക്കുവാൻ കഴിയുകയില്ല. ഒരു പ്രത്യേക വസ്തുതയോ വിവരമോ മറ്റു തെളിവിനാൽ ഫലപ്രദമായി തെളിയിക്കാമെങ്കിൽ, കോടതികൾക്ക് കഴിയുന്ന അത്രയും അഭിഭാഷകന്റെ വിസ്താരത്തിന് ഉത്തരവിടുന്നതിൽ നിന്നും ഉറപ്പായും മാറിനിൽക്കാവുന്നതാണ്. എന്നിരുന്നാലും, ഇക്കാര്യത്തിൽ ഒരു കർശനമായ ചട്ടവും നിലവിലില്ലാത്തതും കോടതി അതിനു മുമ്പിലുള്ള ഓരോ പ്രത്യേക കേസിലും തീരുമാനമെടുക്കേണ്ടത് ആത്യന്തികമായി അതിനു മുമ്പിലുള്ള ഓരോ കേസിലെ വസ്തുതകളേയും സാഹചര്യങ്ങളേയും ആശ്രയിച്ചു കൊണ്ടും ആയിരിക്കേണ്ടതാണ്.**

### വിധിന്യായം

ജസ്റ്റിസ്. റ്റി. വി. അനിൽകുമാർ

1. തൃശ്ശൂർ കുടുംബകോടതി 2018 ഏപ്രിൽ 16 തീയതിയിലെ ഒ.പി.നം. 337/2017-ലെ ഇടക്കാല അപേക്ഷകൾ 1832/2018-ഉം ഇടക്കാല അപേക്ഷ നമ്പർ 802/2018-ലെ 1833/2018-ലും പുറപ്പെടുവിച്ച പൊതു ഉത്തരവിനെതിരെയാണ് ഭരണഘടനയുടെ 227-ാം അനുച്ഛേദത്തിൻ കീഴിൽ മുകളിലത്തെ നടപടികൾ എതിർത്തിരിക്കുന്നത്.

2. കുട്ടിയുടെ സ്ഥിരമായ സംരക്ഷണം തേടിക്കൊണ്ട് കുടുംബകോടതി മുമ്പാകെ എതിർകക്ഷി (പിതാവ്) ഫയൽ ചെയ്ത ഒ.പി. 337/2017-നെ എതിർക്കുന്ന പ്രായപൂർത്തിയാകാത്ത കുട്ടിയുടെ അമ്മയാണ് ഇവിടത്തെ ഹർജിക്കക്ഷി. പ്രസ്തുത ഒ.പി നിലനിൽക്കുമ്പോൾ, അവർ കക്ഷികളായിട്ടുള്ള മറ്റു വ്യവഹാരങ്ങളോടൊപ്പം ഉൾപ്പെട്ടിട്ടുള്ള മറ്റു തർക്കങ്ങളും കക്ഷികൾ ഒത്തുതീർപ്പാക്കി. 21-8-2017-ൽ ഒരു മധ്യസ്ഥ കരാർ എഴുതിയുണ്ടാക്കി. കരാറിലെ വ്യവസ്ഥകൾ മറ്റു പലതിന്റേയും കൂട്ടത്തിൽ, പ്രായപൂർത്തിയാകാത്ത കുട്ടിയെ രക്ഷാകർത്താക്കളിൽ ഒരാളിന്റെ സ്ഥിരമായ സംരക്ഷണത്തിൽ ഏൽപ്പിക്കുന്നതും അടങ്ങുന്നു. മാധ്യസ്ഥ കരാർ സ്വീകരിച്ചുകൊണ്ട് ഒറിജിനൽ ഹർജി

337/2017 ഉൾപ്പെടെയുള്ള എല്ലാ വ്യവഹാരങ്ങളും കുടുംബകോടതി തീർപ്പാക്കി. അവൾ ഒപ്പുവച്ചിട്ടുള്ള മാദ്ധ്യസ്ഥ കരാർ, കക്ഷികൾ തമ്മിൽ എത്തിച്ചേർന്നിട്ടുള്ള യഥാർത്ഥ അഭിപ്രായ ഐക്യം പ്രകടിപ്പിക്കുന്നില്ലെന്നും അത് അവർക്ക് മേൽ ആവിഷ്ക്കരിച്ചിട്ടുള്ള ഒരു വഞ്ചനയുടെ ഫലമായുള്ളതായിരുന്നു എന്ന് ഹർജി കക്ഷിയ്ക്ക് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ, സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ XXIII 3-ാം ചട്ടത്തിലെ ക്ലിപ്ത നിബന്ധനയുടെ പ്രചോദനത്താൽ വഞ്ചനയുടെ പശ്ചാത്തലത്തിൽ മാദ്ധ്യസ്ഥ കരാർ റദ്ദാക്കുന്നതിനു വേണ്ടി 802/2018 നമ്പരായി അപേക്ഷ ഫയൽ ചെയ്തു.

3. മാദ്ധ്യസ്ഥ കരാറിലെ യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാതെയാണ് അവൾ അതിൽ ഒപ്പുവച്ചതെന്നും അവളുടെ ഒപ്പ് നേടുന്നതിനു മുൻപ് അഭിഭാഷകരോ കരാർ തയ്യാറാക്കിയ മാധ്യസ്ഥനോ അവളോടു കരാറിലെ വ്യവസ്ഥകൾ വിശദീകരിച്ചിട്ടില്ലെന്നുമാണ് അവളുടെ കേസ്. മദ്ധ്യസ്ഥത്തിനിടയിൽ കക്ഷികൾ തമ്മിൽ സമ്മതിച്ചിരുന്ന അതേ വ്യവസ്ഥകളും നിബന്ധനകളും അതിൽ ഉൾപ്പെട്ടിട്ടുണ്ടാകുമെന്ന് കരാറിൽ ഒപ്പിടുമ്പോൾ അവൾ അനുമാനിച്ചു. അവളുടെ അഭിഭാഷകനും മാദ്ധ്യസ്ഥ കരാറിൽ അതിലെ വ്യവസ്ഥകൾ മനസ്സിലാക്കാൻ ശ്രമിക്കാതെ വളരെ യാന്ത്രികമായി ഒപ്പു വച്ചിട്ടുള്ളതാണ്. ഉടമ്പടിയിലെ വ്യവസ്ഥകൾ അവളോടു വിശദീകരിക്കുന്നതിന് അവളുടെ അഭിഭാഷകൻ യാതൊരു ശ്രമവും നടത്തിയിരുന്നില്ല.

4. പരാതിക്കാരൻ ഉയർത്തിയിട്ടുള്ള തട്ടിപ്പിന്റെ ആരോപണങ്ങൾ ഇവിടത്തെ എതിർകക്ഷി നിഷേധിച്ചിട്ടുള്ളതും കരാർ നിയമപരമായി എഴുതിയിട്ടുള്ളതാണെന്നും കക്ഷികൾ ബാദ്ധ്യസ്ഥരാണെന്നും സ്ഥാപിച്ചുകൊണ്ട് നിലനിർത്തുന്നതിന് ശ്രമിച്ചിട്ടുള്ളതാണ്. ഇവിടത്തെ പരാതിക്കാരിയെ ഇടക്കാല അപേക്ഷ 802/2018-ൽ പി.ഡബ്ല്യു.1 ആയി വിസ്തരിക്കുകയും അവളുടെ സാക്ഷി വിസ്താരം പൂർത്തിയായിട്ടുള്ളതുമാണ്. അവളുടെ വിസ്താരം പൂർത്തിയായപ്പോൾ വിസ്താര വേളയിൽ വിട്ടുപോയിട്ടുള്ള ചില കാര്യങ്ങൾ സംബന്ധിച്ച് പുനർവിസ്തരിക്കുന്നതിനു വേണ്ടി എതിർകക്ഷി ഇടക്കാല അപേക്ഷ നമ്പർ 1832/2018 സമർപ്പിച്ചു. സമകാലികമായി, നടപടിയിൽ, ഒരു സാക്ഷിയായി പരാതിക്കാരിയുടെ മുൻ അഭിഭാഷകയെ വിളിച്ചു വരുത്തുന്നതിനും വിസ്തരിക്കുന്നതിനുമായി അയാൾ ഇടക്കാല അപേക്ഷ നമ്പർ 1833/2018 ഫയൽ ചെയ്തു. ഈ രണ്ടു ഹർജികളും ഇവിടത്തെ പരാതിക്കാരി എതിർക്കുകയുണ്ടായി. കീഴ്ക്കോടതി, ഹർജികക്ഷി ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളെ അസാധുവാക്കിക്കൊണ്ട് എതിർകക്ഷിയുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 1872-ലെ ഇൻഡ്യൻ തെളിവ് നിയമത്തിലെ (ചുരുക്കത്തിൽ ദി ആക്റ്റ്) 126-ാം വകുപ്പിൽ ഉൾക്കൊള്ളുന്ന നിയമ തടസ്സത്തിൽ അവലംബം അർപ്പിച്ചുകൊണ്ട് അഭിഭാഷകനെ ഒരു സാക്ഷിയായി വിളിച്ചുവരുത്തുന്നതിലുള്ള തടസ്സം ഉന്നയിച്ചു. എതിർകക്ഷിയ്ക്ക് ഇതിനുമുമ്പ് മതിയായ അവസരം കിട്ടിയിട്ടുണ്ടെന്നും ആയതിനാൽ പി.ഡബ്ല്യു. 1-ന്റെ പുനർ വിസ്താരം നിരന്തരമായ പീഡനം മാത്രമാകുമെന്നായിരുന്നു പി.ഡബ്ല്യു.1-നെ തിരിച്ചുവിളിക്കുന്നതിലുള്ള ആക്ഷേപം.

5. ഇവിടെ പരിഗണിക്കേണ്ട പ്രധാന തർക്കവിഷയം ഹർജിക്കാരിയുടെ അഭിഭാഷകനെ വിളിച്ചുവരുത്തിയ കീഴ്ക്കോടതിയുടെ ഉത്തരവ് നിയമവിരുദ്ധമെന്നു പറയാൻ കഴിയുമോ എന്നും എതിർകക്ഷിയുടെ

അഭിഭാഷകനെ വിളിച്ചുവരുത്തുവാൻ അനുവദിക്കുകയാണെങ്കിൽ അത് ആക്റ്റിന്റെ 126-ാം വകുപ്പിനെ അവഹേളിക്കുമോ എന്നതുമാണ്.

6. ഇരുഭാഗവും കേട്ടു.

7. തെളിവ് നിയമത്തിന്റെ 126-ാം വകുപ്പ് താഴെ പറയും പ്രകാരം വായിക്കാവുന്നതാണ്:

"126. വൃത്തിസംബന്ധമായി അറിയിച്ച സംഗതികൾ.-ബാരിസ്റ്ററോ അറ്റോർണിയോ പ്ലീഡറോ വക്കീലോ ആയ യാതൊരാളേയും, അയാളുടെ കക്ഷിയുടെ പ്രകടമായ അനുവാദത്തോടുകൂടിയല്ലാതെ, അങ്ങനെയുള്ള ബാരിസ്റ്ററോ പ്ലീഡറോ അറ്റോർണിയോ വക്കീലോ ആയുള്ള അയാളുടെ നിയോജനത്തിന്റെ അടിസ്ഥാനത്തിലും നിയോജനത്തിനുവേണ്ടിയും അയാളുടെ കക്ഷിയോ കക്ഷിക്കുവേണ്ടിയോ അയാളെ അറിയിച്ചിട്ടുള്ള ഏതെങ്കിലും സംഗതി വെളിപ്പെടുത്തുകയോ അല്ലെങ്കിൽ അയാളുടെ വൃത്തി സംബന്ധമായ നിയോജനത്തിന്റെ അടിസ്ഥാനത്തിലും നിയോജനത്തിനുവേണ്ടിയും അയാൾ പരിചയപ്പെട്ട ഏതെങ്കിലും രേഖയുടെ ഉള്ളടക്കമോ ഉപാധിയോ എന്തെന്ന് പ്രസ്താവിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള നിയോജനത്തിന്റെ അടിസ്ഥാനത്തിലുള്ള നിയോജനത്തിനുവേണ്ടിയും അയാൾ തന്റെ കക്ഷിക്ക് നൽകിയ ഏതെങ്കിലും ഉപദേശം വെളിപ്പെടുത്തുകയോ ചെയ്യുവാൻ ഒരിക്കലും അനുവദിക്കുവാൻ പാടുള്ളതല്ല.

എന്നാൽ ഈ വകുപ്പിലെ യാതൊന്നും-

(1) ഏതെങ്കിലും നിയമവിരുദ്ധമായ ആവശ്യത്തെ പുരോഗമിപ്പിക്കുന്നതിൽ ചെയ്ത അങ്ങനെ അറിയിച്ചിട്ടുള്ള ഏതെങ്കിലും സംഗതിയോ;

(2) ഏതെങ്കിലും ബാരിസ്റ്ററോ, പ്ലീഡറോ, അറ്റോർണിയോ വക്കീലോ അങ്ങനെയുള്ള അയാളുടെ നിയോജനത്തിന്റെ അടിസ്ഥാനത്തിൽ അയാളുടെ നിയോജനത്തിന്റെ പ്രാരംഭത്തിനുശേഷം നിരീക്ഷണം ചെയ്തതും, ഏതെങ്കിലും കുറ്റമോ വഞ്ചനയോ ചെയ്തുവെന്ന് കാണിക്കുന്നതുമായ ഏതെങ്കിലും വസ്തുതയോ, വെളിപ്പെടുത്തുന്നതിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതല്ല.

അങ്ങനെയുള്ള ബാരിസ്റ്ററുടെയോ പ്ലീഡറുടെയോ അറ്റോർണിയുടെയോ വക്കീലിന്റെയോ ശ്രദ്ധ അങ്ങനെയുള്ള വസ്തുതയിലേക്ക് അയാളുടെ കക്ഷിയോ കക്ഷിക്കുവേണ്ടിയോ തിരിച്ചുവിട്ടിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് സാരമുള്ളതല്ല.

വിശദീകരണം.-ഈ വകുപ്പിൽ പ്രസ്താവിച്ച കടപ്പാട് നിയോജനം അവസാനിച്ചതിനുശേഷം തുടരുന്നതാകുന്നു.".

8. തെളിവ് നിയമത്തിന്റെ 126-ാം വകുപ്പ് മറ്റു പലതിന്റേയും കൂട്ടത്തിൽ, കക്ഷികളുടെ സമ്മതമില്ലാതെ, അഭിഭാഷകർ അവരുമായുള്ള കരാർ നിലനിൽക്കുമ്പോൾ, കക്ഷികൾ അവരോടു നടത്തിയിട്ടുള്ള തൊഴിൽ സംബന്ധമായ ആശയവിനിമയങ്ങൾ വെളിവാക്കുന്നതിൽ നിന്നും അഭിഭാഷകരെ തടയുന്നു. ഈ സംരക്ഷണം മുഖ്യമായും കക്ഷികളെ ഉദ്ദേശിച്ചുള്ളതാണ്, എന്നിരുന്നാലും, ആക്റ്റിന്റെ 126-ാം വകുപ്പിലെ ക്ലിപ്ത നിബന്ധനയ്ക്കു വിധേയമായി മാത്രം പ്രവർത്തിക്കുന്നു. നിയമപരമായി കാണപ്പെടുന്നത്, കക്ഷിതന്നെ അയാൾ വെളിപ്പെടുത്താമെന്ന് സമ്മതിക്കുമ്പോൾ ഒരു അഭിഭാഷകന് തൊഴിൽ സംബന്ധമായ വിനിമയങ്ങൾ തടഞ്ഞുവയ്ക്കുവാനോ കാത്തുസൂക്ഷിക്കുന്നതിനോ യാതൊരു ബാദ്ധ്യതയുമില്ല. അത്തരമൊരു അഭിപ്രായ ഐക്യം അംഗീകരിക്കുന്നതോ സൂചിപ്പിക്കുന്നതോ കക്ഷി അയാളുടെ തന്നെ സാക്ഷിയായി അഭിഭാഷകനെ തിരഞ്ഞെടുക്കുമ്പോഴാണ്. ഒരു അഭിഭാഷകനെ എതിർഭാഗം സാക്ഷിയായി കാണിക്കുമ്പോൾ,

സ്ഥാനം എങ്ങനെ ആയാലും മാറുന്നു, എന്തെന്നാൽ ആക്റ്റിന്റെ 126-ാം വകുപ്പ് വിലക്കുന്നതൊന്നും അത്തരം കേസിൽ വെളിവാക്കാൻ സമ്മതിച്ചതായി അനുമാനിക്കാൻ കഴിയുകയില്ല. എന്നിരുന്നാലും, സാഹചര്യങ്ങളാൽ അയാളുടെ വിസ്താരം ന്യായീകരിക്കാവുന്ന കേസുകളിൽ, 126-ാം വകുപ്പിലെ വിലക്കിനെ എതിർകക്ഷിയുടെ അഭിഭാഷകനെ അയാളുടെ തന്നെ സാക്ഷിയായി വിസ്തരിക്കുന്നതിൽ നിന്നും തടയുന്നതായി തെറ്റിദ്ധരിക്കരുത്. അത്തരം കേസുകളിൽ, വെളിപ്പെടുത്തലിനെതിരെയുള്ള കക്ഷിയുടെ അവകാശം, അഭിഭാഷകനെ ഏർപ്പെടുത്തുന്ന കാര്യത്തിലേയ്ക്കും അതേപോലെ തന്നെ അതുമായി ബന്ധപ്പെട്ട വസ്തുതകളിലേയ്ക്കും വ്യാപിച്ചിരിക്കുന്നു. അഭിഭാഷകന് അയാളെ നിയോഗിച്ചത് നിലനിൽക്കുന്ന കാലയളവിൽ ലഭിച്ച വിവരവും, അറിവും ആശയവിനിമയങ്ങളും അയാളുടെ നിയമനം അവസാനിക്കുകയോ തുടരാതെയിരിക്കുകയോ ചെയ്തതിന് ശേഷവും രഹസ്യമാക്കി വയ്ക്കുന്നതിനും വെളിപ്പെടുത്താതെ സംരക്ഷിക്കാനുമുള്ള നിയമപരമായ കടമയുണ്ട്. 126-ാം വകുപ്പിന്റെ കൃത്യമായ വാചാർത്ഥത്തിലേയ്ക്ക് പോകുമ്പോൾ, അയാളെ നിയോഗിച്ച കക്ഷിയുടെ വ്യവഹാരത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് വേണ്ടി അഭിഭാഷകന് നൽകിയ തികച്ചും തൊഴിൽ സംബന്ധിയായ അത്തരത്തിലെ വിവരവും ആശയവിനിമയങ്ങളും മാത്രം വെളിപ്പെടുത്തുന്നതിന് വിലക്ക് ബാധകമാകുന്നു.

9. കോടതിയിൽ ഉദ്ധരിച്ചിട്ടുള്ളതും അറ്റോർണി ഇൻറെ [എഐആർ 1925 ബോംബെ ഹൈക്കോർട്ട് (ഫുൾ ബഞ്ച്)], ചാത്തുക്കുട്ടി ഇൻറെ [മനു/കെഇ/0040/1959: 1959 കെഎൽജെ 436], മെസ്സേഴ്സ് മരിക്കാർ (മോട്ടോഴ്സ്) ലിമിറ്റഡ്, തിരുവനന്തപുരം Vs എഐ. രായികുമാറും മറ്റുള്ളവരും [മനു/കെഇ/0053/1989: എഐആർ 1989 കേരള 244], ശങ്കരൻ Vs ഡോ. അംബുജാക്ഷൻ നായർ [1989(2) കെഎൽറ്റി 570], എൻ. യോവാസും മറ്റൊരാളും Vs ഇമ്മാനുവേൽ ജോസും മറ്റുള്ളവരും [മനു/കെഇ/0001/1996: എഐആർ 1996, കേരള (1)] എന്നിവയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു തീരുമാനങ്ങളിലും ഒരു എതിർകക്ഷിയുടെ അഭിഭാഷകനെ ഏതൊരു സാഹചര്യങ്ങളിലും വിളിച്ചു വരുത്താൻ കഴിയുകയില്ലെന്ന് പ്രതിപാദിക്കുന്നു. അഭിഭാഷകരോട് അവരുടെ കക്ഷികൾ നടത്തിയിട്ടുള്ള തൊഴിൽ സംബന്ധിയായ ആശയവിനിമയങ്ങൾ അവരെ ഏർപ്പെടുത്തിയിട്ടുള്ള കക്ഷിയുടെ സമ്മതത്തോടെയല്ലാതെ ആരോടും വെളിപ്പെടുത്താൻ കഴിയുകയില്ല എന്ന് മാത്രം ഈ തീരുമാനങ്ങൾ പറയുന്നു.

10. രേഖയിലുള്ള വസ്തുതകളിൽ നിന്നും, നിലവിലുള്ള നടപടിയിൽ പരാതിക്കാരന്റെ അഭിഭാഷകനെ ഒരു സാക്ഷിയായി വിസ്തരിക്കുന്നത് വഞ്ചനയെപ്പറ്റിയുള്ള ചില ആരോപണങ്ങൾ നിഷേധിക്കുന്നതിനായി ചില അവശ്യഘടകങ്ങൾ വെളിവാക്കുന്നതിനെ ഉദ്ദേശിച്ചാണ് എന്ന് കാണപ്പെടുന്നു. കക്ഷി അവളുടെ മുമ്പിൽ വച്ചാണോ ഒപ്പിട്ടതെന്നും ഉടമ്പടി ഒപ്പിടുന്നതിനു മുമ്പ് അതിലെ വ്യവസ്ഥകളും നിബന്ധനകളും വിശദീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച അഭിഭാഷകന്റെ ഉത്തരങ്ങൾ അവശ്യ വസ്തുതകളിൽ ഉൾപ്പെടുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ, സാക്ഷിയ്ക്ക് ആക്റ്റിന്റെ 126-ാം വകുപ്പിൻ കീഴിലുള്ള വിശേഷാധികാരം അവകാശപ്പെടുന്നതിന് അത്തരം സാരവത്തായ ഉത്തരങ്ങൾ തടഞ്ഞുവയ്ക്കുവാൻ കഴിയുകയില്ല. കുടുംബ കോടതി മുമ്പാകെ തർക്കത്തിലുള്ള വസ്തുതകളുടെ തീരുമാനത്തിനായി അത്തരം വിവരം വളരെ വിലപ്പെട്ടതും നിയമത്താൽ സംരക്ഷിക്കപ്പെട്ടിട്ടുള്ള തൊഴിൽ സംബന്ധിയായ ആശയവിനിമയങ്ങളുടെ വെളിപ്പെടുത്ത

ലിനെതിരെയുള്ള ഒരു വിലക്കായി എടുക്കാൻ കഴിയുകയുമില്ല. അവയ്ക്ക്, വ്യവഹാരം നടത്തുന്നതിനായി അഭിഭാഷകരെ ഏർപ്പെടുത്തുന്നതുമായ ബന്ധപ്പെട്ട വസ്തുതകളുമായി യാതൊരു ആധാരമോ പ്രസക്തിയോ ഇല്ല.

11. അതുകൊണ്ട് കീഴ്ക്കോടതിയുടെ ഇടക്കാല അപേക്ഷ 1833/2018-ലെ പരാതിക്കാരന്റെ അഭിഭാഷകനെ വിസ്തരിക്കാൻ അനുവദിക്കുന്ന ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് നമ്മളുടെ ഇടപെടൽ ഉറപ്പാക്കുന്ന യാതൊരു നിയമവൈരുദ്ധ്യവും വഹിക്കുന്നതാണെന്നു പറയുവാൻ കഴിയുകയില്ല. അവളുടെ മുമ്പുള്ള വിസ്താരവേളയിൽ വിട്ടുപോയിട്ടുള്ള ചില വസ്തുതകളെ സംബന്ധിച്ച് പി.ഡബ്ല്യു.1-നെ വീണ്ടും വിസ്തരിക്കുന്നതിനായി എതിർകക്ഷിയ്ക്ക് ഒന്നിലധികം അവസരം നൽകുന്നത് നീതിയുക്തവും അനുയോജ്യവുമാണെന്നു ഞങ്ങൾ കണ്ടതുകൊണ്ട് അതേ കാഴ്ചപ്പാടു തന്നെ ഇടക്കാല അപേക്ഷ 1832/2018-ലെ ഉത്തരവിന്റെ കാര്യത്തിലും ഞങ്ങൾ എടുത്തു.

12. കോടതികൾ എതിർഭാഗം അഭിഭാഷകനെ സാക്ഷിയായി ഹാജരാക്കുകയും വിസ്തരിക്കുകയും ചെയ്യാൻ അനുവദിക്കുകയാണെങ്കിൽ, അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരെ അത് വളരെയധികം കുഴയ്ക്കുകയും മാനക്കേടു വരുത്തുകയും ചെയ്യുമെന്ന് ഹർജിക്കാരനു വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. അത്തരം ബുദ്ധിമുട്ടുകൾ അഭിഭാഷകർക്ക് ഉണ്ടാക്കുന്നത് കോടതികൾ അവശ്യമായും ഒഴിവാക്കേണ്ടതാണെന്നും അവരുടെ തെളിവ് പൂർണ്ണമായും ആവശ്യമുള്ളിടത്തും അത്യന്താപേക്ഷിതമായിടത്തും അഭിഭാഷകരെ വിസ്തരിക്കുന്നതിന് അനുവദിച്ചുകൊണ്ട് ഇത് ഉറപ്പാക്കാൻ കഴിയുമെന്ന വ്യക്തമായ കാഴ്ചപ്പാട് ഞങ്ങൾക്കുണ്ട്. അവരുടെ വിസ്താരം ഒഴിവാക്കാനാകാത്തപ്പോൾ ഒഴികെ, അവരുടെ തന്നെ കക്ഷിയാലോ എതിർകക്ഷിയാലോ അഭിഭാഷകരെ സാക്ഷികളായി ഉദ്ധരിച്ചുകൊണ്ട് വിളിച്ചു വരുത്തുമ്പോൾ കോടതികൾ ജാഗ്രത പാലിക്കണം. യാന്ത്രികമായോ വെറുമൊരു ചോദ്യം കൊണ്ടോ വിസ്തരിക്കാനുള്ള അപേക്ഷ അനുവദിക്കുവാൻ കഴിയുകയില്ല. ഒരു പ്രത്യേക വസ്തുതയോ വിവരമോ മറ്റു തെളിവിനാൽ ഫലപ്രദമായി തെളിയിക്കാമെങ്കിൽ, കോടതികൾക്ക് കഴിയുന്ന അത്രയും അഭിഭാഷകന്റെ വിസ്താരത്തിന് ഉത്തരവിടുന്നതിൽ നിന്നും ഉറപ്പായും മാറിനിൽക്കാവുന്നതാണ്. എന്നിരുന്നാലും, ഇക്കാര്യത്തിൽ ഒരു കർശനമായ ചട്ടവും നിലവിലില്ലാത്തതും കോടതി അതിനു മുമ്പിലുള്ള ഓരോ പ്രത്യേക കേസിലും തീരുമാനമെടുക്കേണ്ടത് ആത്യന്തികമായി അതിനു മുമ്പിലുള്ള ഓരോ കേസിലേയും വസ്തുതകളേയും സാഹചര്യങ്ങളേയും ആശ്രയിച്ചുകൊണ്ടിരിക്കേണ്ടതാണ്.

13. ഞങ്ങളുടെ മുമ്പാകെയുള്ള കേസിൽ, പരാതിക്കാരന്റെ അഭിഭാഷകനെ വിസ്തരിച്ചത് തികച്ചും ആവശ്യമാണെന്നും ഈ കാര്യത്തിൽ കീഴ്ക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഒരു ഇടപെടൽ ആവശ്യപ്പെട്ടിട്ടില്ലാത്തതുമാണ്. അഭിഭാഷകന്റെ വിസ്താരം പുരോഗമിക്കുമ്പോൾ തെളിവായി നൽകിയ ഉത്തരങ്ങൾ തെളിവ് ആക്റ്റിന്റെ 126-ാം വകുപ്പിനെ ഭ്രണപ്പെടുത്തിയിട്ടില്ലായെന്നും അപ്രകാരം കക്ഷിയുടെ താല്പര്യങ്ങളെ ബാധിച്ചിട്ടുണ്ടോ എന്നും കീഴ്ക്കോടതി ഉറപ്പാക്കേണ്ടതാണ്.

14. ഞങ്ങൾ, മേൽ പ്രതിപാദിച്ച സാഹചര്യങ്ങളാൽ, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് സ്ഥിരപ്പെടുത്തുന്നു.

അതനുസരിച്ച്, ഒ.പി. (എഫ്സി) പരാജയപ്പെടുന്നതും ഇതിനാൽ തള്ളപ്പെടുകയും ചെയ്യുന്നു.

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. എം. ഷഫീക്ക്

&

ബഹു. ജസ്റ്റിസ് വി. ഷേർസി

ക്രിമിനൽ അപ്പീൽ നം. 1402/2013

അനിൽദാസ്

Vs

സ്റ്റേറ്റ് ഓഫ് കേരള

2019 ജനുവരി 16-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ടെസ്റ്റ് ഐഡന്റിഫിക്കേഷൻ പരേഡ് തെളിവിന്റെ സ്ഥിരമായ ഒരു ശകലമല്ലെന്നും ഇതിന്റെ പ്രാഥമിക ഉദ്ദേശ്യം അന്വേഷണം, പ്രത്യേകിച്ചും പ്രതിയുടെ വ്യക്തിത്വം പരിഗണിക്കുമ്പോൾ ശരിയായ ദിശയിൽ പോകുന്നുണ്ടെന്നുള്ളതും സാരവത്താണ്. മറ്റു പ്രബലമായ തെളിവുകൾ ഉള്ളപ്പോൾ തിരിച്ചറിയൽ പരേഡ് നടത്താതിരുന്നത് സാരവത്തല്ലാത്തതും പ്രോസിക്യൂഷൻ കേസിനു വിനാശകരമല്ലാത്തതുമാണ്.**

### വിധിന്യായം

ജസ്റ്റീസ് എ. എം. ഷഫീക്ക്

1. 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ (സംക്ഷിപ്തമായി 'ഐപിസി') 302-ാം വകുപ്പ് 34-ാം വകുപ്പുമായി കൂട്ടിവായിച്ചതിൻപ്രകാരവും 1908-ലെ സ്ഫോടകവസ്തുക്കൾ ആക്റ്റിലെ 3-ാം വകുപ്പിൻകീഴിലും അയാൾ കുറ്റക്കാരനാണെന്നു കണ്ടതിനാൽ ജീവപര്യന്തം തടവിനും 10 വർഷം കഠിനതടവിനും 50,000/- രൂപ പിഴ അടയ്ക്കാനും ആയതിൽ വീഴ്ച വരുത്തുകയാണെങ്കിൽ മുകളിൽ പരാമർശിച്ചിട്ടുള്ള കുറ്റങ്ങൾക്ക് യഥാക്രമം 1 വർഷം വെറും തടവും 10 വർഷം കഠിനതടവും ശിക്ഷിച്ചുകൊണ്ടുള്ള തിരുവനന്തപുരം അഡീഷണൽ സെഷൻസ് ജഡ്ജ് ഫാസ്റ്റ് ട്രാക്ക്-II-ന്റെ എസ്.സി. നം. 974/2006-ലെ 24-07-2013 തീയതിയിലെ വിധിന്യായത്തെ ചോദ്യംചെയ്തു കൊണ്ടാണ് അപ്പീൽവാദി ഈ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

2. കേസിനു താഴെപ്പറയുന്ന പശ്ചാത്തലമാണ്: 12 പേരെ പ്രതിസ്ഥാനത്തു അണിനിരത്തിക്കൊണ്ട് ഫോർട്ട് പോലീസ് സ്റ്റേഷനിൽ 223/1999 നമ്പരായി ഒരു ക്രൈം രജിസ്റ്റർ ചെയ്യുകയുണ്ടായി. എ3-ഉം എ10-ഉം എ11-ഉം ഒഴികെയുള്ള എല്ലാ പ്രതികളും കമ്മിറ്റൽ കോടതി മുമ്പാകെ ഹാജരാകുകയും തിരുവനന്തപുരം സെഷൻസ് കോടതി മുമ്പാകെ അവരുടെ കേസ് വിചാരണയ്ക്കും തീർപ്പാക്കലിനുമായി 1999-ലെ എസ്.സി. നം. 745 സമർപ്പിക്കുകയും ചെയ്തു. എ1, എ2, എ4 മുതൽ എ9-ഉം എ12-നും

എതിരെയുള്ള കേസ്, 5-ഉം 6-ഉം പ്രതികൾ ഒഴികെ മറ്റുള്ളവരെല്ലാം വിവിധ കുറ്റങ്ങൾക്ക് കുറ്റക്കാരാണെന്ന കണ്ടെത്തലോടെ അവരെ ജീവപര്യന്തം ഉൾപ്പെടെയുള്ള തടവിനു ശിക്ഷിച്ചുകൊണ്ടും എ1-നും എ2-നും വധശിക്ഷ നൽകിക്കൊണ്ടും വിചാരണ കോടതി കേസ് തീർപ്പാക്കി. അവർ ദോഷമാരോപിക്കപ്പെട്ട വിധിന്യായം ഈ കോടതി മുമ്പാകെ ചോദ്യംചെയ്യുകയും എ4-ഉം എ 12-ഉം ഒഴികെയുള്ള എല്ലാ പ്രതികളുടെയും കുറ്റസ്ഥാപനവും ശിക്ഷാ വിധിയും ഈ കോടതി സ്ഥിരീകരിക്കുകയും ചെയ്തു. എ4-നെയും എ12-നെയും കുറ്റവിമുക്തരാക്കി. ആയതിൽ സങ്കടപ്പെട്ടു കൊണ്ട്, എ1-ഉം എ2-ഉം എ7-ഉം എ8-ഉം സുപ്രീംകോടതി മുമ്പാകെ 656/2001, 657/2001 എന്നീ നമ്പരുകളിലായി ക്രിമിനൽ അപ്പീലുകൾ ഫയൽ ചെയ്തു. എ4-നെയും എ12-നെയും കുറ്റവിമുക്ത രാക്കിയതിനെതിരെ 1049/2001, 1050/2001 എന്നീ ക്രിമിനൽ അപ്പീലുകൾ കേരള സർക്കാരും ഫയൽ ചെയ്തു. ഫറൂഖും മറ്റുള്ളവരും Vs സ്റ്റേറ്റ് ഓഫ് കേരള (മനു/എസ്.സി./0295/2002: എ.ഐ.ആർ 2002 എസ്.സി. 1826)-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 9-4-2002-ലെ പരമോന്നത കോടതിയുടെ വിധിന്യായ പ്രകാരം എ4-ന്റേയും എ12-ന്റേയും കുറ്റവിമുക്തി ശരിവയ്ക്കുകയും എ7, എ8 എന്നിവരുടെ അപ്പീൽ അനുവദിക്കുകയും ഇരുവരെയും കുറ്റവിമുക്തരാക്കുകയും എ1-ന്റേയും എ2-ന്റേയും കുറ്റസ്ഥാപനം ശരിവയ്ക്കുകയും, എന്നാൽ അവരുടെ വധശിക്ഷ ജീവപര്യന്തം തടവാക്കി പരിവർത്തനം ചെയ്യുകയും ചെയ്തു. അനന്തരം, 2006 വർഷത്തിൽ, അസ്സൽ കുറ്റപത്രത്തിലെ എ3 ഇവിടത്തെ അപ്പീൽവാദി കമ്മിറ്റൽ കോടതി മുമ്പാകെ കീഴടങ്ങുകയും അയാളുടെ കേസ് പുനരാരംഭിക്കുകയും സി.പി. നം. 64/2004 ആയി റീഫയൽ ചെയ്യുകയും ചെയ്തു. കേസ് സെഷൻസ് കോടതിയിലേയ്ക്ക് സമർപ്പിക്കുകയും ഫയലിൽ എസ്.സി. നം. 974/2006 ആയി സ്വീകരിക്കുകയും മുകളിൽ പ്രതിപാദിച്ച കോടതി ആയതിനെ തീർപ്പാക്കുകയും ചെയ്തു.

പ്രോസിക്യൂഷൻ കേസ്, ചുരുക്കത്തിൽ, താഴെ പറയും പ്രകാരമാണ്: 12-ാം പ്രതി സുലൈമാൻ, തക്കതായ സമയം മറ്റൊരു കൊലപാതക കേസിൽ റിമാൻഡ് അനുഭവിച്ചു വന്നിരുന്ന പരേതനായ കബീറിനോടുള്ള മുൻവൈരാഗ്യത്താൽ, കബീറിനെ കൊലചെയ്യുന്നതിനുവേണ്ടി എ1 മുതൽ എ11 വരെയുള്ളവരുമായി ഗൂഢാലോചന ആസൂത്രണം ചെയ്യുകയും, പ്രസ്തുത ഗൂഢാലോചന പുരോഗമിപ്പിക്കുന്നതിനുവേണ്ടി എ12 കബീറിനെ കൊല്ലുന്നതിനുവേണ്ടി എ1 മുതൽ എ11 വരെയുള്ളവരെ പ്രേരിപ്പിക്കുകയും എ12 ഒഴികെയുള്ള എല്ലാ പ്രതികളും 16-07-1999 ഏകദേശം 1 പി.എം-ന് അട്ടക്കുളങ്ങര സബ്ജയിലിനു മുമ്പിൽ താഴെപ്പറയുന്ന രീതിയിൽ സ്ഥാനമുറപ്പിച്ചുകൊണ്ട് പതിയിരുന്നു: ഒരു പ്ലാസ്റ്റിക് കവറിൽ സ്ഫോടകവസ്തുക്കൾ വഹിച്ചുകൊണ്ട് എ2-ഉം എ3-ഉം ജയിൽ ഗേറ്റിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തിനു സമീപം നിന്നു; ടി.എൻ. 74 എ 6718 നമ്പരിലുള്ള എ7-ന്റെ ഉടമസ്ഥതയിലുള്ള ഹീറോ ഹോണ്ടാ ബൈക്കിൽ എ4 ബുഹാരി ഹോട്ടലിനു സമീപം കാത്തുനിന്നു; കെ.ആർ.ബി. 3106 നമ്പർ അംബാസിഡർ കാറിൽ എ1-ഉം എ8-ഉം എ9-ഉം എ11-ഉം മാടൻ തമ്പുരാൻ ക്ഷേത്രത്തിനു സമീപം നിൽക്കുകയും, എ1 ഒരു മൊബൈൽ ഫോൺ പിടിച്ചുകൊണ്ട് മറ്റ് പ്രതികൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു; എ2-നെയും എ3-നെയും സഹായിക്കുന്നതിനുവേണ്ടി

കെ.എൽ-01-എം-2108 നമ്പർ യമഹ മോട്ടോർ സൈക്കിളുമായി എയർ-ട്രാവൽ ബ്യൂറോയ്ക്കു സമീപം എ5-ഉം എ6-ഉം നിലയുറപ്പിച്ചു. വിചാരണത്തടവുകാരായ കബീറിനേയും (ഇവിടത്തെ പരേതൻ) വിനിൽകുമാറിനേയും (പി.ഡബ്ല്യു.11) പോലീസുദ്യോഗസ്ഥർ (അസ്സൽ കുറ്റപത്രത്തിലെ സി.ഡബ്ല്യു.22-ഉം, 24-ഉം 25-ഉം) സബ് ജയിലിലേയ്ക്കു കൊണ്ടുപോകുമ്പോൾ എ3 (ഇവിടത്തെ അപ്പീൽവാദി) അയാളുടെ കൈയ്യിലുണ്ടായിരുന്ന പ്ലാസ്റ്റിക് ബാഗിൽ നിന്നും സ്ഫോടകവസ്തു (ഒരു നാടൻ ബോംബ്) എടുക്കുകയും എ2-ന് നൽകുകയും എ2 അതിനെ പരേതന്റെ നേരെ വീശിയെറിഞ്ഞ് ഒരു ഉഗ്രസ്ഫോടനം നടത്തി തൽക്ഷണം കബീറിനെ കൊല്ലുകയും പി.ഡബ്ല്യു. 11 പോലീസ് കോൺസ്റ്റബിളിനും പി.ഡബ്ല്യു. 12 ഒരു വഴിയാത്രക്കാരനും ഗുരുതരമായ പരിക്കേൽപ്പിക്കുകയും ചെയ്തു. അതിനു ശേഷം, എ2 മുന്നോട്ടു കുതിയ്ക്കുകയും ഒരു സവാരിയ്ക്കായി തയ്യാറാക്കിയിരുന്ന മുകളിൽ പ്രതിപാദിച്ച ഹീറോ ഹോണ്ട മോട്ടോർബൈക്കിൽ കയറുകയും എ1-ഉം മറ്റുള്ളവരും സജ്ജമാക്കിയ അംബാസഡർ കാറിനു നേരെ എ3 ഓടുകയും മറ്റുള്ള പ്രതികൾക്ക് സൂചന നൽകിയതിനുശേഷം മറ്റെല്ലാ പ്രതികളും നടന്നു നീങ്ങി. അവരെ എല്ലാവരേയും ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെ 302, 307, 324, 120 ബി, 109, 114 എന്നീ വകുപ്പുകൾ 34-ാം വകുപ്പുമായി കൂട്ടിവായിച്ചതിൻ പ്രകാരവും 1908-ലെ സ്ഫോടക വസ്തുക്കൾ ആക്റ്റിന്റെ 3-ഉം 5-ഉം വകുപ്പുകൾ പ്രകാരവും കുറ്റാരോപിതരായി.

4. പ്രോസിക്യൂഷൻ പി.ഡബ്ല്യു.1 മുതൽ 73 വരെ സാക്ഷികളെ വിസ്തരിക്കുകയും എഗ്സിബിറ്റ് പി1 മുതൽ പി 71 വരെ രേഖകൾ മാർക്കുചെയ്യുകയും എം.ഓ. 1 മുതൽ 9 വരെയുള്ള തൊണ്ടിമുതലുകൾ തിരിച്ചറിയുകയും ചെയ്തു. 313 പരിശോധനാവേളയിൽ, ഇവിടത്തെ അപ്പീൽവാദി അയാൾക്കെതിരെ ഉയർത്തിയിട്ടുള്ള എല്ലാ ആരോപണങ്ങളും തെളിവും നിഷേധിക്കുകയും അയാൾ 1998 മുതൽ ബാംഗ്ലൂരിലുള്ള ബ്ലൂ സ്റ്റാർ കമ്പനിയിൽ ജോലി ചെയ്തുവരുന്നുവെന്ന് പ്രസ്താവിച്ചു. അയാൾ നിരപരാധിയാണെന്ന് വാദിച്ചു. യാതൊരു പ്രതിഭാഗം തെളിവും ഹാജരാക്കിയില്ല.

5. ഇവിടത്തെ അപ്പീൽവാദിയ്ക്കെതിരെ തികച്ചും യാതൊരു തെളിവും ഇല്ലെന്ന് അപ്പീൽവാദിയ്ക്കു വേണ്ടിയുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. ബി. രാമൻപിള്ള വാദിച്ചു. ദൃക്സാക്ഷികൾ പ്രോസിക്യൂഷന് എതിരായി. അപ്പീൽവാദിയ്ക്ക് സാക്ഷികളെ പരിചയമില്ലായിരുന്നു. ആയതുകൊണ്ട് തിരിച്ചറിയൽ പരേഡ് നടത്താതിരുന്നത് പ്രോസിക്യൂഷനു വിനാശകരമായി. പി.ഡബ്ല്യു. 3 ശരിയായ രീതിയിൽ അപ്പീൽവാദിയെ കോടതിയിൽ തിരിച്ചറിഞ്ഞിട്ടില്ല. അപ്പീലിൽ, ബഹുമാനപ്പെട്ട സുപ്രീംകോടതി മറ്റു പ്രതികൾക്കെതിരെ ഹാജരാക്കിയ തിരിച്ചറിയലിനുള്ള തെളിവ് അവിശ്വസനീയമായതിനാൽ നിരസിച്ചു. സ്ഥിതി അതായിരിക്കെ, അപ്പീൽവാദിയുടെ കാര്യത്തിലും അയാളും അപ്രകാരം പരമോന്നത കോടതി കുറ്റവിമുക്തി നൽകിയ പ്രതിയുടെ അതേ അവസ്ഥയിലായതിനാൽ അതേ തത്വം ബാധകമാകുന്നതാണ്. ബോംബ് കൊണ്ടുവരുന്നതിനായി ഉപയോഗിച്ചിട്ടുള്ളതെന്നു ആരോപിക്കുന്ന പ്ലാസ്റ്റിക് കവർ എ1-ന്റെ അഭ്യർത്ഥനപ്രകാരം അയാളുടെ എഗ്സിബിറ്റ് പി 4(എ) വെളിപ്പെടുത്തൽ മൊഴിയെ അടിസ്ഥാനമാക്കിയ എഗ്സിബിറ്റ് പി4 മഹസ്സർ മുഖേന വീണ്ടെടുത്തിട്ടുള്ളതാണ്. കീഴ്ക്കോടതി തെളിവ് വിവേചിച്ചറിയുന്നതിലും അപ്പീൽവാദിയെ ശിക്ഷിക്കുന്നതിലും

പൂർണ്ണമായും പിഴവ് വരുത്തി. അയാൾ ഒരു കുറ്റവിമുക്തിയ്ക്കായി അപേക്ഷിച്ചു. അറിയപ്പെടാത്ത ആൾക്കാർക്ക് എതിരെ ഒരു പ്രഥമ വിവര റിപ്പോർട്ട് ചമയ്ക്കുമ്പോൾ തിരിച്ചറിയൽ പരേഡ് നടത്താതെ 10 വർഷത്തിനുശേഷം ഒരു ചുരുങ്ങിയ തിരിച്ചറിയൽ പരേഡ് സംശയകരവും തികച്ചും ഒരു അസംഭവ്യവുമാണെന്ന നിരീക്ഷണത്തിൽ ഊന്നൽ നൽകിയിട്ടുള്ള പരമോന്നത കോടതിയുടെ ഒമാ അഥവാ **ഓം പ്രകാശും മറ്റുള്ളവരും Vs സ്റ്റേറ്റ് ഓഫ് തമിഴ്നാട്** (എ.ഐ.ആർ 2013 എസ്.സി-805) എന്ന വിധിന്യായത്തിൽ അയാൾ അവലംബം അർപ്പിച്ചു.

6. മറ്റൊരു വിധത്തിൽ, അപ്പീൽവാദിയ്ക്കെതിരെയുള്ള കേസ് ന്യായമായ സംശയമില്ലാതെ പ്രോസിക്യൂഷൻ തെളിയിച്ചിട്ടുളളതായി മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. എസ്.യു. നാസർ വാദിച്ചു. പി.ഡബ്ല്യു. 3-ഉം പി.ഡബ്ല്യു. 11-ഉം അപ്പീൽവാദിയെ തിരിച്ചറിഞ്ഞു. ഈ വിഷയങ്ങളിൻമേൽ യാതൊരു എതിർ വിസ്താരവും ഇല്ലായിരുന്നു. ബോംബ് അടങ്ങുന്ന എം.ഒ. 1 പ്ലാസ്റ്റിക് കവർ അപ്പീൽവാദി വഹിച്ചിട്ടുള്ളതാണെന്ന വസ്തുത പി.ഡബ്ല്യു.3 തെളിയിച്ചിട്ടുള്ളതാണ്. പി.ഡബ്ല്യു. 11-ന്റെ വിവരണം അയാൾ പരിക്കു പറ്റിയ ഒരു സാക്ഷി ആയതിനാൽ പൂർണ്ണമായും വിശ്വസിക്കാവുന്നതാണ്. കീഴ്ക്കോടതി പ്രതിയെ ശിക്ഷിച്ചിട്ടുള്ളത് പൂർണ്ണമായും ന്യായീകരിക്കാവുന്നതും ആയതിനാൽ ഇടപെടൽ ആവശ്യമില്ലാത്തതുമാണ്. അയാൾ വാദിച്ചു.

7. പ്രോസിക്യൂഷൻ ഹാജരാക്കിയ തെളിവ് ചുരുക്കത്തിൽ, താഴെ പറയും പ്രകാരമാണ്: പി.ഡബ്ല്യു. 1 മുതൽ 6,9,11,12,20-ഉം 69-ഉം ദൃക്സാക്ഷികളായി വിസ്തരിച്ചു. ഇൻക്വസ്റ്റ് റിപ്പോർട്ട് ഉൾപ്പെടെയുള്ള വിവിധ മഹസ്സറുകൾ തെളിയിക്കുന്നതിനായി 10, 21, 23 മുതൽ 28 വരെയും, 30, 31, 32 മുതൽ 37 വരെയും 64-ഉം പ്രോസിക്യൂഷൻ സാക്ഷികളെ വിസ്തരിച്ചു. കുറ്റകൃത്യം നടത്തിയതിന്റെ പ്രേരണ തെളിയിക്കുന്നതിനായി പി.ഡബ്ല്യുകൾ 7, 8, 19, 29, 33, 43, 47, 48, 54, 55-ഉം 66-ഉം വരെ വിസ്തരിച്ചു. കേസിലെ മെഡിക്കൽ തെളിവ് പി.ഡബ്ല്യു. 46 മുതൽ 48-ഉം 63-ഉം 73-ന്റേയും വാക്കാൽ തെളിവ് ഉൾപ്പെടുന്നു. പി.ഡബ്ല്യു. 58-ഉം പി.ഡബ്ല്യു. 60-ഉം തിരുവനന്തപുരത്തെ എഫ്.എസ്.എൽ. ഡയറക്ടർമാരാണ്. കൃത്യസ്ഥലത്തു നിന്നും അക്രമികൾ രക്ഷപ്പെട്ടു എന്നാരോപിക്കുന്ന കാറിന്റേയും മോട്ടോർ ബൈക്കിന്റെയും ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി 17, 18, 21, 26, 27-ഉം 28 വരെയുള്ള പ്രോസിക്യൂഷൻ സാക്ഷികളെ വിസ്തരിച്ചു. എ1 ഉപയോഗിച്ച മൊബൈൽ ഫോണിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി പി.ഡബ്ല്യു.15-നേയും 16-നേയും വിസ്തരിച്ചു. പരേതനും പി.ഡബ്ല്യു.11-ഉം അവർ മറ്റു കേസിലെ റിമാൻഡ് പ്രതികൾ ആയിരുന്നതിനാൽ കൃത്യസ്ഥലത്ത് തക്ക സമയത്ത് ഉണ്ടായിരുന്നതുകൊണ്ട് പ്രതിയ്ക്കെതിരെയുള്ള അനുകൂല സാഹചര്യങ്ങൾ തെളിയിക്കുന്നതിനായി മറ്റു സാക്ഷികളേയും വിസ്തരിച്ചു. അപ്പീൽവാദിക്കെതിരെയുള്ള കേസിനെ സംബന്ധിച്ചിടത്തോളം, പി.ഡബ്ല്യു. 3-ന്റേയും പി.ഡബ്ല്യു. 11-ന്റേയും തെളിവ് നിർണ്ണായകമായതിനാൽ കീഴ്ക്കോടതി അവരുടെ തെളിവുകളെ ശക്തിയായി ആശ്രയിച്ചു.

8. മെഡിക്കൽ തെളിവിലേക്കു വരുമ്പോൾ, 17-7-1999 രാവിലെ 11 മണിയ്ക്ക് കബീറിന്റെ മൃതശരീരത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഓഫ് ഫോറൻസിക്

മെഡിസിനും ഡെപ്യൂട്ടി പോലീസ് സർജനുമായ പി.ഡബ്ല്യു. 46 ഡോക്ടർ പി. രമ നടത്തിയ പോസ്റ്റ്മോർട്ടം പരിശോധനയുടെ ഫലമാണ് എഗ്സിബിറ്റ് പി.36 താഴെപ്പറയുന്ന ആന്റി മോർട്ടം പരിക്കുകൾ അവർ ശ്രദ്ധിച്ചു:-

"1. തലയോട്ടിയുടെ കുഴിഭാഗത്തിൽ തുറന്ന 25 X 21 സെ.മീറ്ററിലുള്ള തിരശ്ചീനമായ ആഴത്തിലുള്ള മുറിവ് വലതു ഭാഗത്തും തലയുടെ മുകൾഭാഗത്തായി വലതു ചെവി നഷ്ടമാകുകയും; ഇടത് ഭാഗത്ത് ഇതിന്റെ വ്യാപ്തി ചെവിയ്ക്ക് മുകളിൽ പിറകിലായി 7 സെ.മീറ്ററും കണ്ണിന്റെ പുറം കോണിനു പിറകിലായി 7 സെ.മീറ്റർ വ്യാപ്തിയിലും, ഇടത് കൺ പുരികത്തിന്റെ മുകളിൽ മദ്ധ്യഭാഗത്തായി മുൻഭാഗം 10 സെ.മീറ്റർ വ്യാപ്തിയിലും കഴുത്തിനു പുറകിൽ മുകളിൽ 5 സെ.മീറ്റർ പുറം വ്യാപ്തിയിൽ അനേകം ചെറിയ ആഴത്തിലുള്ള മുറിവുകളോടുകൂടിയ പ്രദേശങ്ങളും, കഴുത്തിന്റെ പിറകിലും വലതു ഭുജത്തിലും ശരീരത്തിന്റെ ഭാഗങ്ങളിലും 20x19 സെ.മീറ്ററും അതിന്റെ പുറം വ്യാപ്തിയിൽ തൊട്ടുതാഴെയായി പൊള്ളിയ രീതിയിലുള്ള നീർക്കെട്ടും. പുറംപരിധിയ്ക്ക് ചുറ്റുമുള്ള തലമുടി അരികുകൾ കരിഞ്ഞ നിലയിൽ കൂടിയിരിക്കുന്നു. കരിപുരണ്ട പ്രദേശത്തിന്റെ അരികിലായി കഴുത്തിന്റെ വലതുഭാഗത്തായി 2.5 സെ.മീറ്റർ നീളത്തിൽ ഒരു ഇരുമ്പ് ആണി തുളച്ചു കയറിയതായി കാണപ്പെട്ടു. മുകളിലും താഴെയുമുള്ള തലയോട്ടിയെല്ല് പൊട്ടിയ നിലയിലും പുറകിൽ വലതുഭാഗത്തായി ചില അംശങ്ങൾ മുറിഞ്ഞ നിലയിലും കാണപ്പെട്ടു. തലച്ചോറിൽ ദ്രവ്യനഷ്ടത്തോടെ ഡ്യുറാ മുറിഞ്ഞനിലയിൽ കാണപ്പെട്ടു. കുഴമ്പു രൂപത്തിലുള്ള തലച്ചോറിന്റെ കാണ്ഡത്തിന്റെ ഒരു ഭാഗം കട്ടപിടിച്ചതായി കാണപ്പെട്ടു.

2. മൂക്കിൽ 0.5 സെ.മീറ്റർ താഴെയായി 2x1 സെ.മീറ്റർ പ്രദേശത്തായി അനേകം ചെറിയ പോറലുകൾ.

3. കൺപുരികം മദ്ധ്യഭാഗം 1 സെ.മീറ്റർ മുകളിലായി നെറ്റിത്തടത്തിനു ഇടതുവശത്ത് 3x2 സെ.മീറ്റർ അനേകം ചെറിയ പോറലുകൾ.

4. മിഡ്ലൈനിനു തൊട്ടു ഇടതുഭാഗത്തായി കീഴ്ചുണ്ടിന്റെ പുറംഭാഗത്തായി

1 x 0.5 സെ.മീറ്ററിലുള്ള പോറലുകൾ.

5. മിഡ്ലൈനിനു തൊട്ടു ഇടത് ഭാഗത്ത് ഇടതു ചുണ്ടിനു അകംഭാഗം

1 x 0.5 x 0.3 സെ.മീറ്റർ ആഴത്തിലുള്ള മുറിവ്.

6. മദ്ധ്യഭാഗം ഉളിപ്പല്ലിന്റെ അഗ്രത്ത് പൊട്ടൽ.

7. ഇടതു കൈമുട്ടിന്റെ പുറംഭാഗം 1.5 x 1 സെ.മീറ്റർ പോറൽ.

8. കണംകൈയ്ക്കു താഴെ ഇടതു കൈയ്ക്കു പിറകിൽ 1.5x1 സെ.മീറ്ററിലുള്ള പോറൽ.

9. തലയ്ക്ക് സ്ഫോടനത്താലുണ്ടായിട്ടുള്ള പരിക്കാണ് മരണകാരണമെന്നു കാണിക്കുന്നു. പി.ഡബ്ല്യു. 46-ന്റെ തെളിവ് മറ്റു തെളിവുകളായ അങ്ങനെയുള്ള മറ്റു ശാസ്ത്രീയ തെളിവും എഗ്സിബിറ്റ് പി-46 ഇൻക്വസ്റ്റ് റിപ്പോർട്ടുമായി കൂട്ടിവായിക്കുമ്പോൾ പരേതൻ മരണപ്പെട്ടതു ഒരു ബോംബ് സ്ഫോടനത്തിന്റെ സംഭവത്താലാണെന്നും ഇതൊരു നരഹത്യയാണെന്നും തികച്ചും വ്യക്തമാണ്.

10. പി.ഡബ്ല്യു.3-നേയും പി.ഡബ്ല്യു. 11-നേയും പ്രോസിക്യൂഷൻ ദൃക്സാക്ഷികളായി കാണിക്കുകയും പി.ഡബ്ല്യു. 11 ഒരു പരിക്കേറ്റ സാക്ഷിയുമാണ്. അട്ടക്കുളങ്ങര

സബ് ജയിലിനു സമീപം ജോലിചെയ്യുന്ന ഒരു ചുമട്ടുതൊഴിലാളിയാണ് പി.ഡബ്ല്യു. 3 എന്ന് അയാൾ മൊഴി നൽകി. തക്ക സമയത്ത് അയാൾ സുപ്രീം എന്റർപ്രൈസസിൽ ജോലി ചെയ്യുകയായിരുന്നു. അയാൾ സംഭവം കണ്ടുവെന്നും അത് സംഭവിച്ചത് 16-7-1999 ഏതാണ്ട് 1.45 പി.എം-നായിരുന്നു എന്നുമാണ് അയാളുടെ വിവരണം. ലോട്ടറി ടിക്കറ്റ് പരിശോധിക്കുന്നതിനായി അയാൾ പി.ഡബ്ല്യു.1-ന്റെ കടയിൽ നിൽക്കുകയായിരുന്നു. അയാൾ ഒരു സിഗററ്റ് വാങ്ങിക്കുകയും പ്രസ്തുത കടയുടെ മുമ്പിൽ നിന്നും അത് പുകയ്ക്കുവാനും തുടങ്ങി. ആ സമയം, ഒരു വെള്ള അംബാസഡർ കാർ എത്തുകയും അത് ശ്രീവരാഹം ഭാഗത്തേയ്ക്ക് തിരിച്ചു നിർത്തുകയും ചെയ്തു. പ്രസ്തുത കാറിൽ നിന്നും 4 പേർ പുറത്തേയ്ക്കു വന്നു. അയാൾ അവരിലൊരാളെ എ1 ഫറൂക്കാണെന്നും തിരിച്ചറിഞ്ഞു. അവർ സബ്ജയിലിനു നേരെ നോക്കിക്കൊണ്ട് പരസ്പരം സംസാരിച്ചു കൊണ്ടു നിൽക്കുകയായിരുന്നു എന്നതാണ് അയാളുടെ വിവരണം. എ1 ഒരു മൊബൈൽ ഫോൺ പിടിച്ചിട്ടുണ്ടായിരുന്നു. പെട്ടെന്ന്, ജയിൽ ഗേറ്റിനു മുമ്പിലായി ഒരു ഉച്ചത്തിലുള്ള സ്ഫോടനം ഉണ്ടാകുകയും, രണ്ടു പേർ അവിടെ നിന്നും ഓടിവരുന്നതു അയാൾ കാണുകയും, ആയതിൽ ഒരാൾ കാറിൽ കയറുകയും ആയതിന്റെ വാതിലുകൾ തുറന്ന നിലയിലും അവിടെ നിന്നിരുന്ന നാലു പേർ കാറിൽ കയറുകയും ചെയ്തു. മറ്റേയാൾ സമീപത്ത് കാത്തുനിന്ന മോട്ടോർ ബൈക്കിൽ ചാടിക്കയറി. മറ്റൊരു ബൈക്കിലായി ബാർബർ ഷോപ്പിനു സമീപത്തായി രണ്ടാളുകളുണ്ടായിരുന്നു. കാറിന്റെ ഡോർ അടയ്ക്കുകയും കാറും ബൈക്കും സ്ഥലം വിടുകയും ചെയ്തു. അയാൾ കാറിൽ നിന്നും 10 മുതൽ 15 മീറ്റർ അകലെയായി നിൽക്കുകയായിരുന്നു. കാറിൽ നിന്നും അകലെയായി കാറിന്റെ അടുത്തേയ്ക്ക് ഓടി അതിനുള്ളിൽ കയറിയ ആളെ അയാൾക്ക് തിരിച്ചറിയാൻ കഴിഞ്ഞതായി അയാൾ മൊഴി നൽകി. പ്രതിക്കൂട്ടിൽ നിൽക്കുന്ന പ്രതി/അപ്പീൽവാദിയുടെ അതേ മുഖഭാവമാണ് പ്രസ്തുത വ്യക്തിയ്ക്കെന്ന് ആദ്യം അയാൾ മൊഴി നൽകി. സംഭവസമയത്ത് അയാൾ അത്രയും തടിച്ചിട്ടില്ലായിരുന്നുവെന്ന് അയാൾ പ്രസ്താവിച്ചു. അയാൾ പറയുന്നതനുസരിച്ച്, മോട്ടോർ സൈക്കിളിൽ കയറിയ ഒരാൾ ഒരു കത്തിയും കാറിൽ കയറിയ (ഇവിടത്തെ അപ്പീൽവാദി എന്നാരോപിക്കുന്ന) ആൾ ഒരു പ്ലാസ്റ്റിക് കവറും പിടിച്ചിട്ടുണ്ടായിരുന്നു. അയാൾ അപ്പീൽവാദിയെ കാറിൽ കയറിയ ആളായി തിരിച്ചറിഞ്ഞു. അയാൾ പറയുന്ന പ്രകാരം, കെ.ആർ.സി. 3106 രജിസ്റ്റർ നമ്പറോടു കൂടിയ പ്രസ്തുത കാർ പോലീസ് അയാളെ കാണിക്കുകയുണ്ടായി. തല പൊട്ടി മരിച്ച നിലയിൽ ഒരാളേയും ജയിൽ ഭിത്തിയ്ക്കു സമീപം പരിക്കേറ്റ നിലയിൽ കൈവിലങ്ങുമായി ഒരാളേയും അയാൾ കണ്ടു. അയാൾ രണ്ടു പോലീസുകാരേയും കണ്ടു.

11. എതിർ വിസ്താര വേളയിൽ, പോലീസ് മുമ്പ് അയാളെ അപ്പീൽവാദിയെ കാണിച്ചിട്ടില്ലെന്നു സമ്മതിച്ചു. അപ്പീൽവാദിയെ തിരിച്ചറിയുന്നതിനായി യാതൊരു തിരിച്ചറിയൽ ലക്ഷണങ്ങളും അയാളോട് പോലീസ് ചോദിച്ചില്ലെന്നു കൂടി അയാൾ മൊഴി നൽകി. പ്ലാസ്റ്റിക് കവർ അയാളെ പോലീസ് കാണിച്ചില്ലെന്നു അയാൾ കൂടുതലായി മൊഴി നൽകി. സംഭവത്തിനുശേഷം, ഇപ്പോൾ മാത്രമാണ് അയാൾ അപ്പീൽവാദിയെ കാണുന്നത്. സാക്ഷിക്കൂട്ടിലേയ്ക്ക് വീണ്ടും പ്രവേശിക്കുമ്പോൾ, അപ്പീൽവാദി അഞ്ച്

വർഷം അല്ല, അഞ്ചു ദിവസം മുമ്പാണ് അപ്പീൽവാദിയെ സന്ദർശിച്ചതെന്ന് പറഞ്ഞ് അയാളുടെ മുമ്പുള്ള മൊഴി തിരുത്തുകയുണ്ടായി.

12. പി.ഡബ്ല്യു. 11 പരിക്കു പറ്റിയ ഒരു ദൃക്സാക്ഷിയാണ്. അയാൾ പറയുന്ന പ്രകാരം, സംഭവ ദിവസം, അയാളും പരേതനും പ്രതിയായിട്ടുള്ള ഒരു കേസുമായി ബന്ധപ്പെട്ട് അയാളെ ആറ്റിങ്ങൽ കോടതിയിലേക്ക് കൊണ്ടുപോയിരുന്നു. പ്രസ്തുത കേസിൽ അവരെ കുറ്റവിമുക്തരാക്കിയിരുന്നു. പരേതനായ കബീറിനൊപ്പം അയാളെയും കൈവിലങ്ങു ഇട്ടിരുന്നു. അവർ ആറ്റിങ്ങലിൽ നിന്നും തിരിച്ചു വരികയും തമ്പാനൂരിൽ ബസ് ഇറങ്ങുകയും ചെയ്തു. അതിനുശേഷം, അവർ ഒരു ആട്ടോറിക്ഷയിൽ സബ്ജയിലിലേക്ക് പോകുകയും അതിന്റെ മുമ്പിൽ ഇറങ്ങുകയും ചെയ്തു. ആ സമയം, രണ്ടു പേർ ഒരു മരച്ചുവട്ടിൽ നിൽക്കുന്നത് കണ്ടു. അവരിലൊരാൾ അയാളുടെ കയ്യിൽ ഒരു പ്ലാസ്റ്റിക് കവർ പിടിച്ചിരിക്കുന്നത് അയാൾ കണ്ടു. കാഴ്ചയിൽ ആപ്പിളുമായി സാദൃശ്യമുള്ള ഒരു വസ്തു പ്ലാസ്റ്റിക് കവറിനുള്ളിൽ ഉള്ളതായും അയാൾ ശ്രദ്ധിച്ചു. അവർ പരേതനേയും പി.ഡബ്ല്യു. 11 നേയും കണ്ടപ്പോൾ അവർ പരസ്പരം സംസാരിക്കാൻ തുടങ്ങി. അയാളും പരേതനും അടുത്തുള്ള ഒരു കടയിൽ പോകുകയും ഒരു സിഗററ്റും കബീറിനു ഒരു ബീഡിയും വാങ്ങി എന്നും ആയിരുന്നു അയാളുടെ വിവരണം. കബീറിനെ കാണാൻ അയാളുടെ അമ്മ ആറ്റിങ്ങൽ കോടതിയിൽ വരുമ്പോൾ പണം കൊടുത്തതിനാൽ കബീറാണ് പണം നൽകിയത്. പരേതനും പി.ഡബ്ല്യു. 11-ഉം ഇരുവരും സബ്-ജയിലിലേക്ക് വരുകയും അവർ സബ് ജയിലിന്റെ ചുറ്റുമതിലിനു സമീപമെത്തിയപ്പോൾ, ഒരു വലിയ പൊട്ടിത്തെറിയുണ്ടാകുകയും ആയതിന്റെ ഫലമായി കബീർ മരിക്കുകയും പി.ഡബ്ല്യ.11-ന് അയാളുടെ തല, ചെവി മുതലായവയ്ക്ക് പരിക്കുകൾ ഏൽക്കുകയും അയാൾ ബോധരഹിതനാവുകയും ചെയ്തു. കൈയ്യിൽ കവർ പിടിച്ചിരുന്ന വ്യക്തി ഇവിടത്തെ അപ്പീൽവാദിയാണെന്ന് അയാൾ തിരിച്ചറിഞ്ഞു. അയാൾ പറയുന്ന പ്രകാരം, മറ്റുള്ളവരിൽ നിന്നും അയാളുടെ ജീവനു ഭീഷണിയുള്ളതായി കബീർ അയാളോടു പറഞ്ഞിരുന്നു. കബീർ അയാളുടെ അമ്മയ്ക്ക് കത്തുകൾ എഴുതുകയും അയാളുടെ ജീവനു ഭീഷണിയുള്ളതിനെ സംബന്ധിച്ച് ഒരു പരാതി സമർപ്പിക്കുവാൻ സജ്ജീകരണങ്ങളും ചെയ്തിരുന്നു.

13. ടെസ്റ്റ് ഐഡന്റിഫിക്കേഷൻ പരേഡ് തെളിവിന്റെ സ്ഥിരമായ ഒരു ശകലമല്ലെന്നും ഇതിന്റെ പ്രാഥമിക ഉദ്ദേശം അന്വേഷണം, പ്രത്യേകിച്ചും പ്രതിയുടെ വ്യക്തിത്വം പരിഗണിക്കുമ്പോൾ ശരിയായ ദിശയിൽ പോകുന്നുണ്ടെന്നുള്ളതും സാരവത്താണ്. മറ്റു പ്രബലമായ തെളിവുകൾ ഉള്ളപ്പോൾ തിരിച്ചറിയൽ പരേഡ് നടത്താതിരുന്നത് സാരവത്തല്ലാത്തതും പ്രോസിക്യൂഷൻ കേസിനു വിനാശകരമല്ലാത്തതുമാണ്. നിലവിലെ കേസിൽ, പ്രോസിക്യൂഷൻ പി.ഡബ്ല്യു.3-ന്റെയും പി.ഡബ്ല്യു.11-ന്റേയും തെളിവിനെ ഇവിടത്തെ അപ്പീൽവാദിയാണ് പ്രതികളിൽ ഒരാളെന്നു തെളിയിക്കാൻ ശക്തമായി അവലംബിച്ചിട്ടുള്ളതാണ്. ഇവിടെ വ്യക്തിത്വത്തിന്റെ തെളിവ് പ്രാധാന്യമർഹിക്കുന്നു, കാരണം, പി.ഡബ്ല്യു. 3-ന്റേയും പി.ഡബ്ല്യു. 11-ന്റേയും തെളിവ് കൂടാതെ, കുറ്റകൃത്യത്തിൽ അപ്പീൽവാദിയുടെ ഇടപെടൽ തെളിയിക്കുന്നതിനായി മറ്റു യാതൊരു വിശ്വസനീയമായ തെളിവും പ്രോസിക്യൂഷൻ ഹാജരാക്കിയിട്ടില്ല. മുമ്പ് പരിശോധിച്ചതു പോലെ, അപ്പീൽവാദിയു

മായി മുൻപരിചയമുണ്ടായിരുന്നതായി പി.ഡബ്ല്യു.3-നും പി.ഡബ്ല്യു.11-നും യാതൊരു കേസുമില്ല. ഇവിടത്തെ അപ്പീൽവാദിയെ സംബന്ധിച്ചിടത്തോളം അവർ യാതൊരു തിരിച്ചറിയൽ ലക്ഷണങ്ങളും അന്വേഷണ ഉദ്യോഗസ്ഥന് നൽകിയതായി അവർക്കൊരു കേസില്ലാത്തതുമാണ്. പി.ഡബ്ല്യു. 11 (നേരത്തെയുള്ള കേസിലെ പി.ഡബ്ല്യു.9) ബന്ധപ്പെട്ട കേസായ എസ്.സി. നം. 745/1999-ൽ പ്രോസിക്യൂഷനു പൂർണ്ണമായും വിരുദ്ധമായിട്ടുള്ളതാണ്. എഗ്സിബിറ്റ് ഡി1 പ്രസ്തുത കേസിലെ പി.ഡബ്ല്യു. 9 ആയിരുന്ന പി.ഡബ്ല്യു. 11-ലൂടെ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

14. അക്രമികളിൽ ഒരാൾ സംഭവസ്ഥലത്തേയ്ക്ക് ഓടിവരുകയും കാറിലേക്ക് കയറുകയും, ഓടിച്ചതിൽ ഒരാൾ എ1 ആയിരുന്നതും അവർ കാർ ഓടിച്ചു പോയതായും പി.ഡബ്ല്യു.3 മൊഴി നൽകി. ആ സമയം എം.ഒ 1 ആയ പ്ലാസ്റ്റിക് കവർ അക്രമിയുടെ കൈയ്യിൽ ഉണ്ടായിരുന്നുവെന്നും അയാൾ പറയുകയും പ്രസ്തുത പ്ലാസ്റ്റിക് കവറിനുള്ളിലായിരുന്ന എം.ഒ 2 ആയ പേപ്പർ അയാൾ തിരിച്ചറിയുകയും ചെയ്തു. അപ്പീൽവാദിയാണ് അക്രമി എന്ന് കോടതിയിൽ സ്പഷ്ടമായും അസന്നിഗ്ദ്ധമായും അയാൾക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല എന്നത് രസകരമാണ്. അപ്പീൽവാദി അവർക്കു നേരെ ബോംബ് എറിഞ്ഞത് അവർ കണ്ടതായി പി.ഡബ്ല്യു. 11-ന് ഒരു കേസില്ല. മുകളിൽ പ്രതിപാദിച്ച ബന്ധപ്പെട്ട കേസിൽ, സാക്ഷികൾക്ക് അപരിചിതരായവരെ തിരിച്ചറിയാതിരുന്ന കാരണത്താൽ 1-ഉം 2-ഉം പ്രതികൾ ഒഴികെയുള്ളവരെ പരമോന്നത കോടതി കുറ്റവിമുക്തമാക്കി എന്നത് മറ്റുള്ളവയ്ക്കിടയിൽ ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ഭിന്നമായ ഈ കേസിൽ അപ്പീൽവാദി മാത്രം വിചാരണ നേരിടുന്നതും അതും 14 വർഷങ്ങൾക്കുശേഷമുള്ള ഒരു ഇടവേളയിലുമാണ്. ഇത്, അപ്പീൽവാദിയെ സാക്ഷികൾ ആദ്യമായി കോടതിയിൽ വച്ച് തിരിച്ചറിഞ്ഞിട്ടുള്ളതും, അതും ഒരു 14 വർഷത്തെ ഇടവേളയ്ക്ക് ശേഷം മാത്രമാകുന്ന ഒരു കേസാണ്. 2004-ൽ അപ്പീൽവാദി കീഴടങ്ങുന്നതുവരെ അയാളെ അറസ്റ്റ് ചെയ്തിട്ടില്ല. സാക്ഷികളുടെ തിരിച്ചറിയലിലൂടെ അപ്പീൽവാദിയുടെ വ്യക്തിത്വം സ്ഥിരീകരിക്കുന്നതിന് അന്വേഷണ ഏജൻസി യാതൊരു ശ്രമവും നടത്തിയിട്ടില്ല. മുമ്പുള്ള കേസായ എസ്.സി.നം. 745/1999-ൽ പി.ഡബ്ല്യു.11 പ്രോസിക്യൂഷന് പൂർണ്ണമായും എതിരായിരുന്നതിനാൽ, അതേ വ്യവഹാരത്തിൽ നിന്നുമുള്ള ബന്ധപ്പെട്ട ഈ കേസിൽ അയാളുടെ തെളിവിനു ഒരു ബലവും കാണുന്നില്ല. മറ്റു കേസുകളുമായി ബന്ധപ്പെട്ട് തക്കസമയത്ത് അയാൾ ജയിലിലായിരുന്നുവെന്നും എ1-ഉം എ2-ഉം വിചാരണ തടവുകാരായി അതേ ജയിലിൽ ഉണ്ടായിരുന്നുവെന്നും ആയതിനാൽ അയാൾ ഭയത്തിലായിരുന്നുവെന്നും പി.ഡബ്ല്യു. 11 മൊഴി നൽകി. ജീവനു ഭീഷണി, ഭയം മുതലായ കാരണങ്ങളാൽ ബന്ധപ്പെട്ട ഒരു കേസിൽ ഒരു സാക്ഷി പ്രോസിക്യൂഷനു വിരുദ്ധമായാൽ തുടർന്നുവരുന്ന ഭിന്നമായ കേസുകളിൽ അയാളുടെ തെളിവ് പൂർണ്ണമായും നിരാകരിക്കാവുന്നതല്ലാത്തതും ധാരാളമായ ജാഗ്രതയോടും മുൻവിധിയില്ലാതെയും ഇതിനെ പരിഗണിക്കാവുന്നതാണെന്നത് പൊതുവായി അംഗീകരിച്ചിട്ടുള്ളതാണ്.

15. എന്നാൽ, ഈ കേസിലെ തെളിവ് അപൂർണ്ണവും സംശയാസ്പദവും അവ്യക്തവുമാണ്. ഇവിടത്തെ അപ്പീൽവാദിയെ കുറ്റകൃത്യവുമായി ബന്ധിപ്പിക്കുന്ന മറ്റു യാതൊരു തെളിവുമില്ല. കുറ്റകൃത്യവുമായി അപ്പീൽവാദിയെ ബന്ധിപ്പിക്കുന്നതിന് മറ്റു

യാതൊരു വസ്തുതയും ലഭ്യമല്ല. അപ്പീൽ വാദിയുടെ കൈകളിൽ സ്ഫോടകവസ്തുക്കൾ ഉണ്ടായിരുന്നോ എന്നതായിരുന്നു മറ്റൊരു പ്രധാന ചോദ്യം. അവർ ആരോപിച്ചിട്ടുള്ളതുപോലെ സ്ഫോടകവസ്തു കൈവശം വച്ചിരുന്ന ഒരാൾ അപ്പീൽവാദിയാണെന്ന് ഞങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് പ്രോസിക്യൂഷൻ മതിയായ തെളിവ് ഹാജരാക്കിയിട്ടില്ല. എം.ഒ 1-ഉം എം.ഒ 2-ഉം എ1-ന്റെ നിർദ്ദേശത്താൽ മാത്രം വീണ്ടെടുത്തിട്ടുള്ളതാണ്. ഈ സാഹചര്യങ്ങളിൽ , ഈ കോടതിയെ തൃപ്തിപ്പെടുത്തുന്നതിലേക്കായി പ്രധാന പ്രോസിക്യൂഷൻ സാക്ഷികളായ, അതായത്, പി.ഡബ്ല്യു. 3-ഉം പി.ഡബ്ല്യ. 11-ഉം, അപ്പീൽവാദിയാണ്, അവർ എതിരായി മൊഴി നൽകുന്ന സാക്ഷിയെന്ന് തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടതിനാൽ അപ്പീൽവാദിയ്ക്ക് അനുകൂലമായി സംശയത്തിന്റെ ആനുകൂല്യം വ്യാപിപ്പിക്കുന്നതിനു ഞങ്ങൾക്ക് യാതൊരു ശങ്കയുമില്ല. പി.ഡബ്ല്യു. 3-ന്റേയും പി.ഡബ്ല്യു.11-ന്റേയും സാരവത്തായ സ്ഥിതിവിശേഷങ്ങളിലെ തെളിവിലെ പൊരുത്തമില്ലായ്മ പരിഗണിക്കുന്നതിൽ കീഴ്ക്കോടതി പ്രത്യക്ഷത്തിൽ പരാജയപ്പെട്ടു. സമാന സംഭവത്തിൽ ചില സാക്ഷികൾ പ്രതിയെ തിരിച്ചറിഞ്ഞത് അവലംബിക്കാതെ ചില പ്രതികൾക്ക് സംശയത്തിന്റെ ആനുകൂല്യം പരമോന്നത കോടതി നൽകിയതും കൂടി ഞങ്ങളുടെ നിഗമനത്തിൽ എത്തിച്ചേരുന്നതിന് ഒരു അധിക വസ്തുതയാണ്.

ഫലത്തിൽ, അപ്പീൽ അനുവദിച്ചു. വിചാരണ കോടതി പുറപ്പെടുവിച്ചിട്ടുള്ള കുറ്റസ്ഥാപനവും ശിക്ഷയും ഇതിനാൽ അസ്ഥിരപ്പെടുത്തുന്നു. മറ്റേതെങ്കിലും കേസുമായി ബന്ധപ്പെട്ട് അപ്പീൽവാദിയുടെ കസ്റ്റഡി ആവശ്യമില്ലെങ്കിൽ ഉടൻതന്നെ അപ്പീൽവാദിയെ മോചിപ്പിക്കേണ്ടതാണ്.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് പി. ആർ. രാമചന്ദ്രമേനോൻ

&

ബഹു. ജസ്റ്റിസ് എൻ. അനിൽകുമാർ

റിട്ട് പെറ്റീഷൻ (സി) നം. 9041/2019

ജോമോൾ മാത്യുവും മറ്റുള്ളവരും

Vs

കോട്ടയം ഡിസ്ട്രിക്റ്റ് പോലീസ് ചീഫും മറ്റുള്ളവരും

2019 ഏപ്രിൽ 10-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**പരാതിക്കാരുടെ കടമുറികളുടേയും വീടിന്റേയും മുമ്പിൽ ഹൈവേയുടെ അതിർത്തിയിലുള്ള അവരുടെ സ്വകാര്യ അവകാശത്തെ തടസ്സപ്പെടുത്തിക്കൊണ്ട് നിയമാനുസൃതമല്ലാതെ ആട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നതിന് സ്വകാര്യ എതിർകക്ഷികളെ അനുവദിക്കുന്നത് ഒരിക്കലും നീതീകരിക്കാവുന്നതല്ല. പരാതിക്കാരുടെ വീടുകൾക്കും കടമുറികൾക്കും മുമ്പിൽ എതിർകക്ഷികളെ അവരുടെ ആട്ടോറിക്ഷകൾ സ്ഥിരമായി പാർക്ക് ചെയ്യാൻ അനുവദിക്കുന്നത് ഹൈവേയിലേക്കുള്ള അവരുടെ സ്വതന്ത്ര ഗമനത്തിന്റെ സ്വകാര്യ അവകാശത്തിലുള്ള ഒരു കൈവശപ്പെടുത്തലാണ്.**

### വിധിന്യായം

### ജസ്റ്റീസ് എൻ. അനിൽകുമാർ

പരാതിക്കാരൻ താഴെപ്പറയുന്ന പരിഹാരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടാണ് ഈ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തത്:-

"(i) കടകളിൽ നിന്നും കിഴക്കോട്ടുള്ള എം.സി. റോഡിലേക്ക് പ്രവേശനം തടഞ്ഞുകൊണ്ട് പരാതിക്കാരുടെ കടകൾക്കു മുമ്പിൽ നിയമാനുസൃതമല്ലാതെ പാർക്കു ചെയ്ത ഓട്ടോറിക്ഷകൾ നീക്കം ചെയ്യുന്നതിനായി അടിയന്തര നടപടികൾ എടുക്കുന്നതിനുവേണ്ടി 1 മുതൽ 3 വരെ എതിർകക്ഷികളോടു ആജ്ഞാപിച്ചുകൊണ്ട് മൻഡാമസിന്റെ സ്വഭാവത്തിലുള്ള ഒരു റിട്ടോ മറ്റേതെങ്കിലും ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിക്കുക.

(ii) എഗ്സിബിറ്റ് പി2-ഉം പി5-ഉം നിവേദനങ്ങളിൽ പെട്ടെന്നു നടപടിയെടുക്കുവാനും, കിഴക്കോട്ടേക്കുള്ള എം.സി. റോഡിലേക്ക് കടകളിൽ നിന്നുള്ള പ്രവേശനവും നിർഗമനവും തടഞ്ഞുകൊണ്ട് പരാതിക്കാരുടെ കടകളുടെ മുമ്പിൽ നിയമപരമല്ലാതെ പാർക്ക് ചെയ്ത ആട്ടോറിക്ഷകൾ നീക്കംചെയ്യുന്നതിനും വേണ്ടി 1 മുതൽ 3 വരെ എതിർകക്ഷികളോടു ആജ്ഞാപിച്ചുകൊണ്ട് മൻഡാമസിന്റെ രൂപത്തിലുള്ള ഒരു റിട്ടോ മറ്റേതെങ്കിലും ഉത്തരവോ പുറപ്പെടുവിക്കുക.".

2. പരാതിക്കാരനുവേണ്ടിയുള്ള അഭിഭാഷകൻ ശ്രീ. പി.എൻ. സന്തോഷിനേയും 1-ഉം 2-ഉം എതിർകക്ഷികൾക്കു

വേണ്ടി ഹാജരാകുന്ന മുതിർന്ന സർക്കാർ അഭിഭാഷകൻ ശ്രീ. സിബി ചേനപ്പടിയേയും ആർ 3-ന് വേണ്ടിയുള്ള അഭിഭാഷകനേയും നാലാം എതിർകക്ഷിക്കുവേണ്ടിയുള്ള ശ്രീ. ലിജി. ജെ. വടക്കേടത്തിനേയും കേട്ടു.

3. ഗിഫ്റ്റ് വസ്തുക്കളുടെയും അതേ പോലെ ഫാൻസി വസ്തുക്കളുടേയും കച്ചവടത്തിൽ പ്രധാനമായും ഏർപ്പെട്ടിട്ടുള്ള മെസ്സേഴ്സ് ബ്യൂട്ടി സെന്ററിന്റെ ഒരു ലൈസൻസിയാണ് 1-ാം ഹർജിക്കാരൻ. എം.സി. റോഡിന്റെ കിഴക്കു ഭാഗത്ത് പൊതുവഴിയിലേക്ക് ചേർന്നിരിക്കുന്ന പരിസരത്ത് 1-ാം ഹർജിക്കാരൻ പ്രസ്തുത കച്ചവടം നടത്തി വരുന്നു. 2-ാം ഹർജിക്കാരൻ ഒരു ഗ്ലാസ്സ് വ്യാപാരിയും 1-ാം ഹർജിക്കാരൻ നടത്തുന്ന കടയോടു ചേർന്നുള്ള മുറിയിൽ 'അനുരാഗ് ഗ്ലാസ്സ് ഹൗസ്' എന്ന പേരിൽ ഒരു കട നടത്തിവരുകയും ചെയ്യുന്നു. 1-ഉം 2-ഉം പരാതിക്കാരുടെ കടയുടെ സമീപത്തായി 'ടോസ് ഫുട്വെയർ' എന്ന പേരിലും ശൈലിയിലും ഒരു കട മൂന്നാം ഹർജിക്കാരൻ നടത്തിവരുന്നു. മുകളിൽ പരാമർശിച്ചിട്ടുള്ള കടകളുടെ പിൻഭാഗത്തായി 1-ാം ഹർജിക്കാരന്റെ വീട് സ്ഥിതിചെയ്യുന്നു. ഹർജിക്കാരൻ പറയുന്നപ്രകാരം, റിട്ട് ഹർജിയോടൊപ്പം ഹാജരാക്കിയിരുന്ന റഫ് സ്കെച്ചിൽ നിന്നും വെളിവാകുന്നതുപോലെ എം.സി. റോഡിൽ നിന്നുള്ള വാതിലിൽ കൂടി മാത്രമേ വീടിനുള്ളിൽ പ്രവേശിക്കുവാൻ കഴിയുകയുള്ളൂ. കടകളുടെ മുമ്പിൽ ആട്ടോറിക്ഷകളുടെ സ്ഥിരമായ പാർക്കിംഗ് കടകളിലേക്കും വീടുകളിലേക്കുമുള്ള പ്രവേശനത്തിനും നിർഗമനത്തിനും തടസ്സം സൃഷ്ടിക്കുന്നതായി ആരോപിക്കുന്നു. ആയതിനാൽ, ഹർജികക്ഷികളുടെ വീടുകളിലേക്കും കടകളിലേക്കുമുള്ള സ്വതന്ത്രമായ പ്രവേശനത്തിനു തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ എതിർകക്ഷികൾ ആട്ടോറിക്ഷ പാർക്ക് ചെയ്യുന്നത് നീക്കുന്നതിനായി 1-ാം എതിർകക്ഷി മുമ്പാകെ ഹർജികക്ഷികൾ എഗ്സിബിറ്റ് പി3 പരാതി സമർപ്പിച്ചു. 1-ാം ഹർജികക്ഷി മൂന്നാം എതിർകക്ഷി മുനിസിപ്പാലിറ്റിയെ സമീപിക്കുകയും വിവരാവകാശ നിയമത്തിൻ കീഴിൽ മൂന്നാം എതിർകക്ഷി മുമ്പാകെ നൽകിയ ഒരു ചോദ്യത്തിനു മറുപടിയായി, ഹർജികക്ഷികളുടെ കടമുറികൾക്കു മുമ്പിലായി യാതൊരു അംഗീകൃത സ്റ്റാൻഡും അനുവദിച്ചിട്ടില്ലെന്നു മറുപടി നൽകി. അവരുടെ സ്വതന്ത്രമായ ഗമനത്തിനു തടസ്സം സൃഷ്ടിച്ചുകൊണ്ട്, ഹർജിക്കാരുടെ വീടുകൾക്കും കടമുറികൾക്കും മുമ്പിലുള്ള ആട്ടോറിക്ഷകളുടെ അനധികൃത പാർക്കിംഗിൽ സങ്കടപ്പെട്ടുകൊണ്ട് യഥാക്രമം കടകളിലേക്കും വീടുകളിലേക്കുമുള്ള അവരുടെ സ്വതന്ത്ര ഗമനം തടസ്സപ്പെടുത്താതിരിക്കുന്നതിനു വേണ്ടി പര്യാപ്തമായ പോലീസ് സംരക്ഷണം നൽകുന്നതിനു വേണ്ടി ഹർജികക്ഷികൾ 2-ഉം 3-ഉം എതിർകക്ഷികൾ മുമ്പാകെ എഗ്സിബിറ്റ് പി-4-ഉം പി-5-ഉം പരാതികൾ സമർപ്പിച്ചു.

4. എം.സി. റോഡിലെ ടാർ റോഡ് ഭാഗത്തിനും ഹർജിക്കാരന്റെ കച്ചവട സ്ഥാപനത്തിനും ഇടയിലായി ഒരു ടൈൽഡ് നടപ്പാത ഉണ്ടെന്ന് തർക്കിച്ചുകൊണ്ട് നാലാം എതിർകക്ഷി എതിർ സത്യവാങ്മൂലം സമർപ്പിച്ചു. പ്രസ്തുത സാഹചര്യത്തിൽ, ഹർജികക്ഷികളുടെ വസ്തുവിൽ നിന്നുള്ള പ്രവേശനം നടവഴിയിലേക്കാണെന്നും ആയത് റിട്ട് ഹർജിയിൽ ആരോപിക്കപ്പെട്ടിട്ടുള്ളതുപോലെ യാതൊരു തരത്തിലും തടസ്സപ്പെട്ടിട്ടില്ലെന്നും പറഞ്ഞു. പരാതിക്കാരുടെ ഉടമസ്ഥതയിലുള്ള കടകളുടെ സ്ഥാനവും പ്രസ്തുത കടമുറികളുടെ മുമ്പിലൂടെയുള്ള നടവഴിയും കാണിക്കുന്നതിനായി എഗ്സിബിറ്റ് ആർ 4(എ) ഫോട്ടോഗ്രാഫുകൾ ഹാജരാക്കി. ആയതുകൊണ്ട്, ആട്ടോറിക്ഷയോ മറ്റു വാഹനങ്ങളോ സീബ്രാ ലൈനിൽ പാർക്ക് ചെയ്യുന്നില്ലെന്ന് പ്രസ്താവിച്ചു. ഒന്നാം ഹർജിക്കാരന്റെ വീട്ടിലേക്ക് എം.സി. റോഡിൽ നിന്നുള്ള പ്രവേശനം ഒരു

നടപ്പാതയിലൂടെയാണെന്ന് എഗ്സിബിറ്റ് ആർ 4(ബി) ഫോട്ടോഗ്രാഫിൽ നിന്നും വ്യക്തമാണെന്ന് ഇവിടെ കൂടുതലായി പ്രസ്താവിച്ചിട്ടുണ്ട്. നാലാം എതിർകക്ഷിയും മറ്റു ആട്ടോറിക്ഷാ ഡ്രൈവർമാരും അവരുടെ ഉപജീവനത്തിനാണ് ആട്ടോറിക്ഷകൾ ഓടിക്കുതെന്നും ഇവിടെ കൂടുതലായി മൊഴി നൽകി.

5. എം.സി. റോഡിനു സമീപത്തുള്ള കടമുറികളും വീടുകളും കൈവശമുള്ള ഉടമസ്ഥർക്ക് പ്രത്യേകിച്ചും ഒരു പൊതുവഴി യുള്ളപ്പോൾ അവരുടെ കടമുറികളിൽ നിന്നും വീടുകളിൽ നിന്നും ഏതെങ്കിലും സ്ഥാനത്തു കൂടി റോഡിലേക്ക് പോകുന്നതിന് ഒരു അവകാശമുണ്ടോ; കൂടാതെ, ആരെങ്കിലും ആ അവകാശം തടസ്സപ്പെടുത്തുകയാണെങ്കിൽ തടസ്സം ഒരു സാമൂഹ്യദ്രോഹം സ്ഥാപിക്കു ന്നുണ്ടോ ഇല്ലയോ എന്നതു കാര്യമാക്കാതെ കടമുറികളുടേയും വീടുകളുടേയും ഉടമ സ്ഥർക്ക് ദ്രോഹം ചെയ്യുന്നതിൽ ഒരു നടപടിയ്ക്കുള്ള അവകാശമുണ്ടോ എന്നതാണ് ഈ കേസിൽ പരിഗണനയ്ക്കു വന്ന ചോദ്യം.

6. പാർക്കിംഗിനെപ്പറ്റി പരാതി പറഞ്ഞി ട്ടുള്ള പ്രത്യേക റോഡ് ഒരു പൊതുവഴിയായി നിർമ്മിച്ചിട്ടുള്ളതാണെന്നും എം.സി. റോഡിന്റെ ടാർ ചെയ്ത ഭാഗത്തിനും ഹർജിക്കാരന്റെ കച്ചവടസ്ഥാപനത്തിനും ഇടയിലായി ഒരു ടൈൽഡ് ഫുട്പാത്ത് ഉള്ളതായും, ആയതിനാൽ, യാതൊരു സാഹചര്യത്തിലും ഫുട്പാത്തിൻമേൽ യാതൊരു വ്യക്തിയ്ക്കും അവകാശമുന്നയിക്കാൻ പൂർണ്ണമായ ഒരു അവകാശമില്ലെന്നും കക്ഷികളായ എതിർ കക്ഷികൾക്കുവേണ്ടിയുള്ള അഭിഭാഷകൻ തർക്കിച്ചു. കക്ഷികളായ എതിർകക്ഷികൾ പറയുന്ന പ്രകാരം, ഹർജിക്കാരുടെ കടമുറികളിലോ താമസകെട്ടിടത്തിലേക്കോ ഉള്ള പ്രവേശനവും നിർഗമനവും തടസ്സ പ്പെടുത്താതെയുള്ള ആട്ടോറിക്ഷകളുടെ പാർക്കിംഗ് എതിർക്കുന്നതിന് ഹർജിക്കാർക്ക് യാതൊരു അവകാശവുമില്ല.

7. മുകളിൽ പ്രതിപാദിച്ച തർക്കം നിയമത്തിന്റേയും വസ്തുതകളുടേയും പ്രധാന ചോദ്യം ഉയർത്തുന്നതും പരമോന്നത കോടതിയുടേയും ഈ കോടതിയുടേയും വിവിധ വിധിന്യായങ്ങൾ പരിശോധിക്കേണ്ടത് ഇവിടെ അനിവാര്യവുമാണ്.

8. **മുനിസിപ്പൽ കമ്മിറ്റി Vs മുഹമ്മദ് ഇബ്രാഹിം** (എ.ഐ.ആർ. 1935 ലാഹോർ 196), **ഷിയോനാരായൺ Vs ദീൻദയാൽ** (എ.ഐ. ആർ. 1931 നാഗ് 189), **മന്ദാകിനി ദെബി Vs ബസന്തകുമാരി ദെബി** (എ.ഐ.ആർ. 1933 കൽ 884) **പാറ്റ്നാ സിറ്റി മുനിസിപ്പാലിറ്റി Vs ദ്വാരകാ പ്രസാദ് സിംഗും മറ്റുള്ളവരും** (എ.ഐ.ആർ. 1939 പാറ്റ് 683) **ദാമോദര നായിഡുവും മറ്റുള്ളവരും Vs തിരുപുരസുന്ദരി അമ്മാളും മറ്റുള്ളവരും** (എ.ഐ.ആർ. 1972 മദ്രാസ് 386) **താനൂർ പഞ്ചായത്ത് Vs കുഞ്ഞ്യാമുട്ടി** (1978 കെ.എൽ.റ്റി. 813) **ജോസഫ് Vs ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്** (1996 (2) കെ.എൽ.റ്റി. 490) **ഉമ്മർ ഫാറൂക്ക് Vs സ്റ്റേഷൻ ഹൗസ് ആഫീസറും മറ്റുള്ളവരും** (2014 (1) കെ.എച്ച്.സി. 317) (ഡി.ബി), **ജയപ്രസാദ് Vs സ്റ്റേറ്റ് ഓഫ് കേരള** (2018 (2) കെ.എൽ.റ്റി ഷോർട്ട് നോട്ട് 47 (സി.നമ്പർ 56) (ഡി.ബി) യും **നൗഷാദ് എം-ഉം മറ്റുള്ളവരും Vs കേരള സംസ്ഥാനവും മറ്റുള്ളവരും** (റിട്ട് ഹർജി (സി) നമ്പർ 382/2019-ന്റെ 22-2-2019 തീയതിയിലെ വിധിന്യായം)-ലും പൊതുവഴിയോടു ചേർന്നുള്ള ഭൂമിയുടെ ഉടമസ്ഥന്റെ അവകാശം പരിഗണിക്കുമ്പോൾ, പൊതു വായ ഒരു നടപ്പാതയുള്ളിടത്ത്, ഹൈവേക്ക് സമീപത്തുള്ള ഭൂവുടമകൾക്ക് അവരുടെ വസ്തുവിന്റെ ഏതു ഭാഗത്തു നിന്നും ഹൈവേയിലേക്ക് പോകുവാൻ അവകാശ മുള്ളതും, ആരെങ്കിലും ആ അവകാശം തടസ്സപ്പെടുത്തുകയാണെങ്കിൽ, പ്രസ്തുത തടസ്സം ഒരു പൊതു ദ്രോഹം രൂപപ്പെടുത്തി യാലും ഇല്ലെങ്കിലും ഹൈവേയിലേക്ക് തൊട്ടിരിക്കുന്ന വസ്തുവിന്റെ ഉടമസ്ഥന്

ദ്രോഹത്തിനെതിരെ ഒരു നടപടി തുടങ്ങുന്നതിനുള്ള അവകാശമുണ്ടെന്ന് വിവിധ ഹൈക്കോടതികളും സുപ്രീം കോടതിയും വിധിച്ചിട്ടുണ്ട്.

9. മുകളിലത്തെ നിയമ ദൃഷ്ടാന്തങ്ങളിലേക്കു പോകുമ്പോൾ, പരാതിക്കാരുടെ കടമുറികളുടേയും വീടിന്റേയും മുമ്പിൽ ഹൈവേയുടെ അതിർത്തിയിലുള്ള അവരുടെ സ്വകാര്യ അവകാശത്തെ തടസ്സപ്പെടുത്തിക്കൊണ്ട് നിയമാനുസൃതമല്ലാതെ ആട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നതിന് സ്വകാര്യ എതിർകക്ഷികളെ അനുവദിക്കുന്നത് ഒരിക്കലും നീതീകരിക്കാവുന്നതല്ല. പരാതിക്കാരുടെ വീടുകൾക്കും കടമുറികൾക്കും മുമ്പിൽ എതിർകക്ഷികളെ അവരുടെ ആട്ടോറിക്ഷകൾ സ്ഥിരമായി പാർക്ക് ചെയ്യാൻ അനുവദിക്കുന്നത് ഹൈവേയിലേക്കുള്ള അവരുടെ സ്വതന്ത്ര ഗമനത്തിന്റെ സ്വകാര്യ അവകാശത്തിലുള്ള ഒരു കൈവശപ്പെടുത്തലാണ്.

10. പൊതുജനത്തിനു പ്രയാസമുണ്ടാക്കാത്ത രീതിയിൽ നിയമാനുസൃതമായ പാർക്കിംഗ് സ്ഥലം സ്ഥാപിച്ചുകൊണ്ട് അവരുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ നിയമാനുസൃത അധികാരസ്ഥാനങ്ങൾ പരാജയപ്പെട്ടു എന്നതായിരുന്നു പരാതിക്കാർക്കു വേണ്ടിയുള്ള അഭിഭാഷകൻ ഉയർത്തിയ തർക്കങ്ങളിൽ ഒന്ന്. ടാക്സികൾക്കും മറ്റു വാഹനങ്ങൾക്കും സ്റ്റാൻഡുകൾ നിശ്ചയിക്കുന്നതു സംബന്ധിച്ച് ഇതുമായി ബന്ധപ്പെട്ട്, ടാക്സികൾക്കും മറ്റു വാഹനങ്ങൾക്കും സ്റ്റാൻഡുകൾ നിശ്ചയിക്കുന്ന വിവിധ വ്യവസ്ഥകളും ചട്ടങ്ങളും പരിശോധിക്കുന്നത് ഉചിതവും ശരിയുമാണെന്ന് ഞങ്ങൾ കരുതുന്നു.

11. സന്ദർഭത്തെ നിയന്ത്രിക്കുന്ന നിയമപരമായ വ്യവസ്ഥകൾ ചുരുക്കത്തിൽ ഞങ്ങൾ പരാമർശിക്കാം. 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിന്റെ 117-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരോ, സംസ്ഥാന സർക്കാർ ഈ ആവശ്യത്തിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനമോ, ബന്ധപ്പെട്ട പ്രദേശത്തെ അധികാരമുള്ള തദ്ദേശ അധികാരസ്ഥാനവുമായി കൂടിയാലോചിച്ചശേഷം, മോട്ടോർ വാഹനങ്ങൾ ക്ലിപ്തമല്ലാതെയോ ഒരു നിശ്ചിത കാലയളവിലേക്കോ നിർത്തിയിടുന്നതിനും യാത്രക്കാരെ കയറ്റുന്നതിനും ഇറക്കുന്നതിനും ആവശ്യമുള്ളതിലധികം സമയം പൊതു വാഹനങ്ങൾ നിർത്തിയിടാവുന്ന സ്ഥലവും നിർണ്ണയിക്കാവുന്നതാണ്. മോട്ടോർ വാഹന ആക്റ്റിന്റെ 117-ാം വകുപ്പിലേക്കും 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളുടെ 344-ാം ചട്ടത്തിലേക്കും പോകുമ്പോൾ, നിയമാനുസൃത അധികാരസ്ഥാനങ്ങളുമായി കൂടിയാലോചിച്ചതിനുശേഷം ആട്ടോറിക്ഷകൾ/ടാക്സികളുടെ പാർക്കിംഗ് സ്ഥലത്തിന്റെ സ്ഥാനം നിർണ്ണയിക്കേണ്ടത് മൂന്നാം എതിർകക്ഷിയുടെ വിഷയമാണ്. കേരള പോലീസ് ആക്റ്റിന്റെ 72(1) വകുപ്പ്, ട്രാഫിക് സംബന്ധിച്ച കാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ അനുശാസിക്കുന്നു. കേരള പോലീസ് ആക്റ്റിന്റെ 72(2) വകുപ്പ്, ബന്ധപ്പെട്ട തദ്ദേശ സർക്കാർ സ്ഥാപനത്തിന്റെ തലവൻ ട്രാഫിക് റഗുലേറ്ററി കമ്മിറ്റിയുടെ ചെയർമാനും ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന്റെയും ജില്ലാ പോലീസ് മേധാവിയുടെയും റീജിയണൽ ട്രാൻസ്പോർട്ട് ആഫീസറുടെയും പൊതുമരാമത്ത് വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും നോമിനികൾ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളും ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. 72(3)-ാം വകുപ്പ്, ട്രാഫിക് റഗുലേറ്ററി കമ്മിറ്റി, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെയും 2007-ലെ കേരള റോഡ് സേഫ്റ്റി ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിരുദ്ധമല്ലാതെയും 72-ാം വകുപ്പിന്റെ (3) (എ) മുതൽ (3) (ജി) ഉപവകുപ്പുകൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള വസ്തുതകളിൽ ട്രാഫിക്കുമായി

ബന്ധപ്പെട്ട് പൊതുജനത്തിനുണ്ടാകുന്ന അപകടവും തടസ്സവും ബുദ്ധിമുട്ടും തടയുന്നതിനായി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നു.

12. മേൽ വകുപ്പുകളാൽ, ഏതു തടസ്സത്തിൽ നിന്നും എം.സി. റോഡിലേക്ക് തൊട്ടിരിക്കുന്ന കടമുറികളിലേക്കും വീടുകളിലേക്കും പരാതിക്കാർക്ക് പ്രവേശനത്തിനുള്ള അവകാശമുണ്ട് എന്നതാണ് ഞങ്ങളുടെ പരിഗണിത കാഴ്ചപ്പാട്. ഇതിനു മുകളിലായി നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ, താഴെ സൂചിപ്പിച്ചിരിക്കുന്നതുപോലെ റിട്ട് ഹർജി തീർപ്പാക്കുന്നു:

(1) എം.സി. റോഡിന്റെ വശത്തുള്ള പരാതിക്കാരുടെ വീടുകൾക്കും കടമുറികൾക്കും ആട്ടോറിക്ഷകളുടേയും മറ്റു വാഹനങ്ങളുടേയും നിയമാനുസൃതമല്ലാത്ത പാർക്കിംഗ് നിർത്തലാക്കിക്കൊണ്ട് പരാതിക്കാരുടെ കടമുറികളിലും മുകളിൽ സൂചിപ്പിച്ച വീട്ടിലും കച്ചവടം നടത്തിക്കൊണ്ടു പോകുന്നതിനായി മതിയായും കാര്യക്ഷമവുമായ പോലീസ് സംരക്ഷണം നൽകുന്നതിനായി രണ്ടാം എതിർകക്ഷിയ്ക്ക് ഒരു നിർദ്ദേശം നൽകുന്നു.

(2) ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ കേരളാ പോലീസ് ആക്റ്റിന്റെ 72-ാം വകുപ്പിനനുസൃതമായി ഒരു ട്രാഫിക് റഗുലേറ്ററി കമ്മിറ്റി രൂപീകരിക്കുവാൻ 3-ാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

(3) ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് നാലു മാസത്തിനുള്ളിൽ ജില്ലാ പോലീസ് മേധാവിയും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുമായി കൂടിയാലോചിച്ച് ആട്ടോറിക്ഷകളുടെ പാർക്കിംഗ് സ്ഥലത്തിന്റെ സ്ഥാനം നിർണ്ണയിക്കുവാൻ 3-ാം എതിർകക്ഷിയോടു നിർദ്ദേശിക്കുന്നു.

(4) ക്ഷമതയുള്ള അധികാരസ്ഥാനം ഒരു തീരുമാനം എടുക്കുന്നതു വരെ, തദ്ദേശ അധികാരസ്ഥാനവുമായി കൂടിയാലോചിച്ചതിനുശേഷം, റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുക്കുന്ന മറ്റേതെങ്കിലും തീരുമാനത്തിനു വിധേയമായി പൊതുജനത്തിനെ സഹായിക്കുന്നതിനായി സമയബന്ധിതമായി നിലവിലുള്ള പാർക്കിംഗ് സ്ഥലത്ത്, തത്ക്കാലം, ഒരു സമയം രണ്ട് ആട്ടോറിക്ഷകൾ പാർക്ക് ചെയ്യുവാൻ അനുവദിക്കാവുന്നതാണ്. ആട്ടോറിക്ഷകൾ പാർക്ക് ചെയ്യുവാൻ അനുവദിച്ചിട്ടുള്ള സ്ഥലത്ത് രണ്ട് ആട്ടോറിക്ഷകൾ മാത്രമേ പാർക്ക് ചെയ്യുവാൻ കഴിയുകയുള്ളൂ എന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ഒരു സമയം രണ്ട് ആട്ടോറിക്ഷകൾ പാർക്കു ചെയ്യുവാൻ നൽകിയിട്ടുള്ള ഈ താൽക്കാലിക ക്രമീകരണം, പ്രസ്തുത സ്ഥലത്ത് പാർക്കിംഗ് ഒരു അവകാശമായി യാതൊരു അവകാശവാദവും ഉന്നയിക്കാൻ കഴിയുകയില്ലെന്നു കൂടി ഞങ്ങൾ ഇവിടെ വ്യക്തമാക്കുന്നു.

മുകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ റിട്ട് ഹർജി തീർപ്പാക്കുന്നു.

*————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് രാജാ വിജയരാഘവൻ വി.

ക്രിമിനൽ എം.സി. നമ്പർ 2874/2019

മിഥുൻ

**Vs**

സ്റ്റേറ്റ് ഓഫ് കേരള

2019 മേയ് 21-ന് ഉത്തരവ് പുറപ്പെടുവിച്ചത്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

പ്രാരംഭഘട്ടത്തിൽ, ഒരു ജാമ്യമില്ലാ കേസിലെ ഒരു ജാമ്യം നിരസിക്കുന്നതും, അപ്രകാരം നൽകിയ ജാമ്യം റദ്ദാക്കുന്നതും വ്യത്യസ്ത അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതും കൈകാര്യം ചെയ്യേണ്ടതുമാണെന്ന് ഇപ്പോൾ നിശ്ചിതമായതാണ്. നൽകിയ ജാമ്യത്തിന്റെ റദ്ദാക്കലിന് നിർദ്ദേശിക്കുന്ന ഒരുത്തരവിന് വളരെ പ്രബലവും വിപുലവുമായ സാഹചര്യങ്ങൾ അനിവാര്യമാണ്. അന്വേഷണവേളയിലോ വിചാരണവേളയിലോ തെളിവിൽ പ്രതിയുടെ അനാവശ്യ ഇടപെടൽ കണ്ടെത്തുന്നിടത്തോ, ജാമ്യത്തിലുള്ള ആൾ, ജാമ്യക്കാലയളവിൽ, സമാനമായ കുറ്റകൃത്യം നടത്തുകയോ ചെയ്യുമ്പോൾ, പ്രതി ശിക്ഷയിൽ നിന്ന് ഒളിഞ്ഞ് നിൽക്കുമ്പോൾ, കീഴ്ക്കോടതി അതിന്റെ വിവേചനാധികാരം ഒരു ശരിയായ രീതിയിലല്ല നിർവ്വഹിച്ചതെന്ന് ഉയർന്ന കോടതി കണ്ടെത്തുന്നെങ്കിലോ ജാമ്യത്തിന്റെ വിശേഷാവകാശം പ്രതി ദുരുപയോഗപ്പെടുത്തുകയോ ചെയ്യുന്ന സംഗതികളിലോ പ്രസ്തുത അധികാരത്തിന്റെ പ്രചോദനം ഉണ്ടാകും. ഈ കാരണങ്ങൾ സമഗ്രമായതല്ലാത്തതും, തികച്ചും ഉദാഹരണമായുതകുന്നതുമാണ്. വിചാരണവേളയിൽ ജാമ്യത്തിന്റെ ആനുകൂല്യം ആസ്വദിച്ചുകൊണ്ട് പ്രതിയെ അയാളുടെ സ്വാതന്ത്ര്യം നിലനിർത്തുന്നതിന് അനുവദിക്കുന്നത്, നീതിപൂർവ്വകമായ ഒരു വിചാരണ നിർവ്വഹിക്കുന്നതിന് യാതൊരു തരത്തിലും പ്രേരകമല്ലാത്ത അനന്തരം സംഭവിക്കുന്ന ഏതെങ്കിലും സാഹചര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കാതെ ഒരിക്കൽ നൽകിയ ജാമ്യം ഒരു യാന്ത്രികമായ രീതിയിൽ റദ്ദാക്കാൻ പാടില്ല എന്നത് കൂടി വ്യവസ്ഥാപിതപ്പെടുത്തിയതാണ്.

### ഉത്തരവ്

ജസ്റ്റിസ് രാജാ വിജയരാഘവൻ വി.

1. ഇരിഞ്ഞാലക്കുട പോലീസ് സ്റ്റേഷന്റെ ക്രൈം.നം.97/2018-ൽ, കീഴ്ക്കോടതി, സിആർപിസി.-യിലെ 439 (2)-ാം വകുപ്പിൻ കീഴിലെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ഹർജികക്ഷിക്ക് നൽകിയ ജാമ്യം റദ്ദാക്കിക്കൊണ്ട് സെഷൻസ് ജഡ്ജി പുറപ്പെടുവിച്ച ഉത്തരവിനെതിരെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 482-ാം വകുപ്പിൻ കീഴിൽ ഫയൽ ചെയ്തതാണ് ഈ ഹർജി.

2. ആദ്യമായി വസ്തുതകൾ ചുരുക്കത്തിൽ പറയേണ്ടത് ആവശ്യമാണ്. 28-1-2018-ന് ഏകദേശം 5.45 പി.എം-ന് 26 വയസ്സുള്ള

ശ്രീ. സുജിത്, ഇരിഞ്ഞാലക്കുട ബസ് സ്റ്റാന്റിൽ പോയിരുന്നതും അയാളുടെ കസിൻ സിസ്റ്ററായ മീനുവിനെ നിരന്തരം ശല്യം ചെയ്ത് ഉപദ്രവിക്കുന്നതിൽ നിന്നും പിൻമാറുന്നതിന് ഹർജികക്ഷിയായ ആട്ടോറിക്ഷ ഡ്രൈവറോട് ആവശ്യപ്പെടുകയും അയാളുമായി ഏറ്റുമുട്ടുകയും ചെയ്തു. അതൊരു വാക്കേറ്റത്തിലേക്ക് നയിച്ചു. ഹർജികക്ഷി നാശനഷ്ടങ്ങൾ വരുത്തിക്കൊണ്ട് അക്രമാസക്തമായി കുതിച്ചു പാഞ്ഞുകൊണ്ട് സുജിത്തിനെ താഴെ തള്ളിയിട്ടശേഷം അയാളുടെ തലയ്ക്ക് ഗുരുതര പരിക്കുകൾ ഏൽപ്പിച്ചു എന്ന് സൂചിപ്പിക്കുന്നു. സുജിത്തിനെ ഉടൻതന്നെ ആശുപത്രിയിലെത്തിച്ചു. എന്നാൽ, അപ്പോഴേക്കും, അയാൾ ബോധരഹിതനായി. മറ്റുകാര്യങ്ങൾക്കിടയിൽ, ഐപിസി-യിലെ 307, 324, 341 എന്നീ വകുപ്പുകൾ പ്രകാരം ഇരിഞ്ഞാലക്കുട പോലീസ് സ്റ്റേഷനിൽ ക്രൈം നം. 97/2018 രജിസ്റ്റർ ചെയ്തു. എന്നിരുന്നാലും, മെഡിക്കൽ സഹായം നൽകിയിട്ടും, പരിക്കേറ്റയാളുടെ ജീവൻ രക്ഷിക്കാനായില്ല. അയാൾ 31-1-2018-ന് അന്ത്യശ്വാസം വലിച്ചു. അയാളുടെ മരണാനന്തരം, ഐപിസി-യിലെ 307-ാം വകുപ്പ് ഒഴിവാക്കുകയും ഐപിസി-യിലെ 302-ഉം, 212-ഉം വകുപ്പുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു.

3. ഹർജികക്ഷിയെ 5-2-2018-ൽ അറസ്റ്റു ചെയ്യുകയും കർശന ഉപാധികൾ ചുമത്തിക്കൊണ്ട് 13-4-2018-ലെ ഉത്തരവിലൂടെ അയാളെ ജാമ്യത്തിൽ വിട്ടയക്കുകയും ചെയ്തു. മറ്റു നിബന്ധനകൾക്കിടയിൽ, കോടതി മുമ്പാകെ തെളിവ് നൽകുന്ന സാക്ഷികളെ ഭീഷണിപ്പെടുത്തുകയോ സ്വാധീനിക്കുകയോ ചെയ്യരുതെന്നും വിചാരണയുമായി സഹകരിക്കണമെന്നും നിർദ്ദേശിച്ചു. ഏതെങ്കിലും കുറ്റകൃത്യത്തിൽ ഉൾപ്പെടാതിരിക്കണമെന്നുകൂടി ഹർജികക്ഷിയോട് ആജ്ഞാപിച്ചു.

4. പ്രോസിക്യൂഷൻ പറയുന്നതനുസരിച്ച്, ജാമ്യത്തിലിറങ്ങിയ ശേഷം, പരേതന്റെ കസിൻ മീനുവിനെ, ഹർജികക്ഷി ഭീഷണിപ്പെടുത്തുന്നതിനും ഉപദ്രവിക്കുന്നതിനും ആരംഭിച്ചു. അവൾ, പ്രോസിക്യൂഷൻ അതിന്റെ കേസ് തെളിയിക്കുന്നതിന് ഉദ്ധരിച്ച പ്രധാന സാക്ഷിയായിരുന്നു. അയാൾ അയാളുടെ ഫെയ്സ്ബുക്ക് അക്കൗണ്ടിൽ സന്ദേശങ്ങൾ പോസ്റ്റു ചെയ്യുകയും ഫലത്തിൽ പ്രത്യക്ഷമായി പെൺകുട്ടിയെ തുടർച്ചയായി വേട്ടയാടുകയും ചെയ്തു. പെൺകുട്ടി എലൈറ്റ് ആശുപത്രിയിൽ ഒരു നഴ്സായി ജോലി ചെയ്തുവരുന്നതും അവളുടെ തൊഴിൽ തുടരുന്നതിന് അവൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തു. അവളുടെ പിതാവ്, അന്വേഷണ ഉദ്യോഗസ്ഥനോട് പരാതിപ്പെടുകയും അയാൾ ഹർജികക്ഷിയെ വിളിച്ചു വരുത്തുകയും അയാളെ താക്കീത് നൽകി വിടുകയും ചെയ്തു. സ്വസ്ഥതയില്ലാത്തതിനാൽ ഇരിഞ്ഞാലക്കുട പോലീസ് സ്റ്റേഷനിൽ ഐപിസി-യുടെ 354 ഡി വകുപ്പിൻ കീഴിൽ ക്രൈം നമ്പർ 868/2018 രജിസ്റ്റർ ചെയ്തു.

5. ആ ദൗർഭാഗ്യ ദിനം ഉണ്ടായ സംഭവം വെളിപ്പെടുത്തുന്നതിന് ദൃക്സാക്ഷികളെ ഓർമ്മിപ്പിച്ചുകൊണ്ട് ഒരു ഫെയ്സ്ബുക്ക് പോസ്റ്റ് തയ്യാറാക്കുന്നതിന്, പരേതന്റെ ഒരു അടുത്ത സുഹൃത്തായ ശ്രീ. വിദ്യാമാധവനെ ഭീഷണിപ്പെടുത്തിയതിന് ഹർജികക്ഷിക്കെതിരെ ഇരിഞ്ഞാലക്കുട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 866/2018 രജിസ്റ്റർ ചെയ്തു എന്നതുകൂടി പ്രോസിക്യൂഷന്റെ ഒരു കേസ്സാണ്. പ്രോസിക്യൂഷൻ പറയുന്നതനുസരിച്ച് ഹർജികക്ഷി, അയാളുടെ ആട്ടോറിക്ഷയിൽ ശ്രീ. വിദ്യാ മാധവനെ പിന്തുടരുകയും, അയാളെ വഴിക്കു തടഞ്ഞുനിർത്തിയശേഷം, ഹർജികക്ഷിക്കെതിരെ അയാൾ നീങ്ങുകയാണെങ്കിൽ, ദാരുണമായ അനന്തരഫലങ്ങൾ ഉണ്ടാകുമെന്ന് അയാളെ ഭീഷണിപ്പെടുത്തുകയും ചെയ്തു.

6. ഹർജികക്ഷി അനാവശ്യമായി ഇടപെടുകയും സാക്ഷികളെ ഭീഷണിപ്പെടുത്തുകയും ജാമ്യ വ്യവസ്ഥകൾ അയാൾ

ലംഘിക്കുകയും ചെയ്തു എന്നാരോപിച്ചു കൊണ്ട്, ജാമ്യം റദ്ദാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥൻ ഒരു ഹർജി ഫയൽ ചെയ്യുകയും ആയത് സെഷൻസ് ജഡ്ജി അനുവദിക്കുകയും ചെയ്തു.

7. കുറ്റങ്ങളുടെ രജിസ്ട്രേഷൻ, വ്യക്തമായും അന്വേഷണ ഉദ്യോഗസ്ഥൻ ആസൂത്രണം ചെയ്ത ഒരു കൗശലം ആണെന്നും, അയാൾക്ക് ഹർജികക്ഷിക്കെതിരെ എന്തെങ്കിലും സ്വാർത്ഥ ഉദ്ദേശ്യം ഉണ്ടായിരുന്നു എന്നും ഹർജികക്ഷിക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ശ്രീ. ഷാബു ശ്രീധരൻ ബോധിപ്പിച്ചു. ആദ്യ കുറ്റം 11-12-2018-നും രണ്ടാമത്തേത് 14-12-2018-നും സംഭവിച്ചു എന്നാരോപിക്കുന്നെങ്കിലും ഇരു കുറ്റങ്ങളും ഒരേ സമയത്ത് 14-12-2018-ന് രജിസ്റ്റർ ചെയ്തു എന്നയാൾ തർക്കിച്ചു. അഭിഭാഷകൻ പറയുന്നതനുസരിച്ച്, ഹർജികക്ഷിക്ക് മേൽപറഞ്ഞ മീനുവുമായി ഒരടുപ്പം ഉണ്ടായിരുന്നതും, അവളുടെ മാതാപിതാക്കൾ പൂർണ്ണമായും പ്രസ്തുത ബന്ധത്തിന് എതിരുമായിരുന്നു. സാക്ഷികളുടെ പിന്നാലെ പോകുന്നതിനോ അവളെ ഉപദ്രവിക്കുന്നതിനോ അയാൾക്ക് യാതൊരു അവസരവും ഇല്ലായിരുന്നു. ഹർജികക്ഷിക്ക് നൽകിയ ജാമ്യം റദ്ദാക്കുന്നതിന് സെഷൻസ് ജഡ്ജി അവലംബിച്ച വസ്തുതകൾ ബാലിശമായ സ്വഭാവത്തോടെയുള്ളതും, ആ സംഗതിയുടെ വീക്ഷണത്തിൽ, നിയമ സംഹിതയുടെ 482-ാം വകുപ്പിൻ കീഴിൽ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് ഉത്തരവിൽ ഈ കോടതി ഇടപെടുന്നത് വളരെ നീതിയുക്തമാണെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

8. മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടർ, ഈ അപേക്ഷയെ വളരെ തീവ്രമായി എതിർത്തു. മീനു പ്രോസിക്യൂഷന്റെ പ്രധാന സാക്ഷിയാകുന്നതും, ആ സ്ത്രീ, സിആർപിസി 164-ാം വകുപ്പിൻ കീഴിൽ മജിസ്ട്രേറ്റിന് മുമ്പാകെ നൽകിയ മൊഴി, ഇവിടുത്തെ ഹർജികക്ഷി, അവളെ ഉപദ്രവിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തിൽ പിന്നെയും പിന്തുടർന്നു എന്ന് വ്യക്തമായി കാണിക്കുന്നു എന്ന് തർക്കിച്ചു. ഹർജികക്ഷി, മീനുവിനെ നിരന്തരം ഉപദ്രവിക്കുന്നത് ചോദ്യം ചെയ്തപ്പോഴാണ് സത്യത്തിൽ സുജിത്ത് കൊല്ലപ്പെട്ടത്. ആ സംഗതിയുടെ വെളിച്ചത്തിൽ, ഹർജികക്ഷിയുടെ പ്രവൃത്തി വളരെ ഗൗരവതരമായി വീക്ഷിക്കേണ്ടതാണ്. ക്രൈം നമ്പർ 866/2018-ൽ എഫ്.ഐ.ആർ-ന്റെ രജിസ്ട്രേഷൻ കൂടി പരാമർശിക്കുകയും പ്രസ്തുത കേസിൽ അന്വേഷണശേഷം അന്തിമ റിപ്പോർട്ട് ഇതിനകം തന്നെ നൽകിയിട്ടുണ്ട് എന്നും ബോധിപ്പിച്ചു. മുതിർന്ന പബ്ലിക് പ്രോസിക്യൂട്ടർ, സെഷൻസ് ജഡ്ജി പുറപ്പെടുവിച്ച ഉത്തരവ് പരാമർശിക്കുകയും, ജാമ്യ വ്യവസ്ഥകളെല്ലാം ലംഘിച്ചും ജാമ്യത്തിന്റെ ആനുകൂല്യങ്ങൾ ആസ്വദിച്ചു കൊണ്ട് അയാളുടെ സ്വാതന്ത്ര്യം നിലനിർത്താൻ ഹർജികക്ഷിയെ അനുവദിക്കുന്നത് നീതിപൂർവ്വകമായ വിചാരണയ്ക്ക് യാതൊരു തരത്തിലും പ്രേരകമാവില്ല എന്നും ബോധിപ്പിച്ചു. ഈ വസ്തുതകളെല്ലാം അതിസൂക്ഷ്മതയോടെ സെഷൻസ് ജഡ്ജി പരിഗണിച്ചു എന്നും ഇടപെടുന്നതിന് തികച്ചും യാതൊരു കാരണവുമില്ലെന്ന് പബ്ലിക് പ്രോസിക്യൂട്ടർ ബോധിപ്പിച്ചു.

9. ബോധിപ്പിച്ച കാര്യങ്ങൾ ഞാൻ പരിഗണിക്കുകയും ലഭ്യമായ വസ്തുതകളിലൂടെ പോകുകയും ചെയ്തു.

10. പ്രാരംഭഘട്ടത്തിൽ, ഒരു ജാമ്യമില്ലാ കേസിലെ ഒരു ജാമ്യം നിരസിക്കുന്നതും, അപ്രകാരം നൽകിയ ജാമ്യം റദ്ദാക്കുന്നതും വ്യത്യസ്ത അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതും കൈകാര്യം ചെയ്യേണ്ടതുമാണെന്ന് ഇപ്പോൾ നിശ്ചിതമായതാണ്. നൽകിയ ജാമ്യത്തിന്റെ റദ്ദാക്കലിന് നിർദ്ദേശിക്കുന്ന ഒരുത്തരവിന് വളരെ പ്രബലവും വിപുലവുമായ സാഹചര്യങ്ങൾ അനിവാര്യമാണ്. അന്വേഷണവേളയിലോ വിചാരണവേളയിലോ

തെളിവിൽ പ്രതിയുടെ അനാവശ്യ ഇടപെടൽ കണ്ടെത്തുന്നിടത്തോ, ജാമ്യത്തിലുള്ള ആൾ, ജാമ്യക്കാലയളവിൽ, സമാനമായ കുറ്റകൃത്യം നടത്തുകയോ ചെയ്യുമ്പോൾ, പ്രതി ശിക്ഷയിൽ നിന്ന് ഒളിഞ്ഞ് നിൽക്കുമ്പോൾ, കീഴ്ക്കോടതി അതിന്റെ വിവേചനാധികാരം ഒരു ശരിയായ രീതിയിലല്ല നിർവ്വഹിച്ചതെന്ന് ഉയർന്ന കോടതി കണ്ടെത്തുന്നെങ്കിലോ ജാമ്യത്തിന്റെ വിശേഷാവകാശം പ്രതി ദുരുപയോഗപ്പെടത്തുകയോ ചെയ്യുന്ന സംഗതികളിലോ പ്രസ്തുത അധികാരത്തിന്റെ പ്രചോദനം ഉണ്ടാകും. ഈ കാരണങ്ങൾ സമഗ്രമായതല്ലാത്തതും, തികച്ചും ഉദാഹരണമായുതകുന്നതുമാണ്. വിചാരണ വേളയിൽ ജാമ്യത്തിന്റെ ആനുകൂല്യം ആസ്വദിച്ചുകൊണ്ട് പ്രതിയെ അയാളുടെ സ്വാതന്ത്യം നിലനിർത്തുന്നതിന് അനുവദിക്കുന്നത്, നീതിപൂർവ്വകമായ ഒരു വിചാരണ നിർവ്വഹിക്കുന്നതിന് യാതൊരു തരത്തിലും പ്രേരകമല്ലാത്ത അനന്തരം സംഭവിക്കുന്ന ഏതെങ്കിലും സാഹചര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കാതെ ഒരിക്കൽ നൽകിയ ജാമ്യം ഒരു യാന്ത്രികമായ രീതിയിൽ റദ്ദാക്കാൻ പാടില്ല എന്നത് കൂടി വ്യവസ്ഥാപിതപ്പെടുത്തിയതാണ്. **[സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ, ഹൈദരാബാദ് Vs. സുബ്രമണി ഗോപാലകൃഷ്ണൻ (മനു/ എസ്സി/0518/2011 : (2011)5 എസ്സിസി 296); ദത്താരാം സിംഗ് Vs. സ്റ്റേറ്റ് ഓഫ് ഉത്തർ പ്രദേശ് (മനു/ എസ്സി/ 0085/2018 : (2018)3 എസ്സിസി 22) ; എക്സ് Vs. സ്റ്റേറ്റ് ഓഫ് തെലങ്കാന (മനു/ എസ്സി/0583/2018 : (2018) 4 സ്കെയിൽ 494 കാണുക)]**

11. നിലവിലെ കേസിൽ, സുജിത്, അയാളുടെ കസിൻ സിസ്റ്ററെ ശല്യം ചെയ്ത് ഉപദ്രവിക്കുന്നത് ചോദ്യം ചെയ്ത് കൊണ്ട് അതിൽ നിന്നും പിൻമാറാൻ ഹർജികക്ഷിയോട് ആവശ്യപ്പെട്ടപ്പോഴാണ് കൊല്ലപ്പെട്ടത് എന്ന് സൂചിപ്പിക്കുന്നു. ക്രൈം നം. 868/2018-ലെ ആരോപണം, ഹർജികക്ഷി അയാളുടെ പ്രവൃത്തികൾ തുടർന്നത് കാണിക്കുന്നു. ആരോപണങ്ങൾ ആവർത്തിച്ച് പറഞ്ഞുകൊണ്ട് ഇര സിആർപിസി-യുടെ 164-ാം വകുപ്പു പ്രകാരം ഒരു പ്രസ്താവന നൽകി. കൂടുതലായി, പരേതന്റെ അടുത്ത ഒരു സുഹൃത്തായ മിസ്റ്റർ വിദ്യാമാധവനെ ശിക്ഷാർഹമായി ഭീഷണിപ്പെടുത്തുകയും തടയുകയും ചെയ്തതിന് അയാൾക്കെതിരെ വീണ്ടും മറ്റൊരു ക്രൈം കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിചാരണവേളയിൽ ജാമ്യത്തിന്റെ ആനുകൂല്യം ആസ്വദിച്ചുകൊണ്ട് പ്രതിയെ അയാളുടെ സ്വാതന്ത്ര്യം നിലനിർത്തുന്നതിന് അനുവദിക്കുന്നത്, നീതിപൂർവ്വകമായ ഒരു വിചാരണ നിർവ്വഹിക്കുന്നതിന് യാതൊരു തരത്തിലും പ്രേരകമല്ലാത്ത അനന്തരം സംഭവിക്കുന്ന സാഹചര്യങ്ങൾ ഉണ്ടെന്ന് കീഴ്ക്കോടതി നിർണ്ണയിച്ചു.

12. **ആഷ് മുഹമ്മദ് Vs. ഷിവ് രാജ് സിംഗ് അഥവാ ലല്ലാ ബാബുവും മറ്റൊരാളും (മനു/ എസ്സി/0758/2012 : (2012)9 എസ്സിസി 446)**-ൽ, വ്യക്തി സ്വാതന്ത്ര്യം സമൂഹത്തിലെ ക്രമസമാധാനം ലംഘിക്കുന്ന അത്രത്തോളം ദൃഢമാണെന്ന് പറയാൻ കഴിയില്ല എന്ന് വിധിക്കുന്നതിന് പരമോന്നത കോടതിക്ക് അവസരമുണ്ടായി. അത് താഴെ പറയും പ്രകാരം നിരീക്ഷിച്ചു:

"വ്യക്തി സ്വാതന്ത്ര്യം, സമൂഹത്തിൽ അരാജകത്വവും ക്രമസമാധാന ലംഘനവും കൊണ്ടുവരുന്നിടത്തോളം ദൃഢമായതും അങ്ങനെയുള്ള ഒരു ഉയർന്ന പീഠത്തിലേക്ക് ഔന്നിത്യം പ്രാപിച്ചതുമാകാൻ കഴിയില്ല എന്നതുകൂടി മനസ്സിൽ കരുതേണ്ടതാണ്. മഹനീയമായ നീതിയുടെ വീക്ഷണം, ഒരു നാഗരികത്വ പരിസ്ഥിതികളിൽ ക്രമസമാധാന പാലനം പ്രബലപ്പെടണമെന്ന് ആദേശിക്കുന്നു. കൃത്യമായ യാഥാർത്ഥ്യത്തിൽ പരിധികൾ നിശ്ചയിക്കാൻ ഗണിതശാസ്ത്രപരമായി യാതൊരു സൂത്രവാക്യവും ഇല്ല എന്നത് ശരിയാണ്, എന്നാൽ ന്യായനിർണ്ണയം, മനസ്സ് അർപ്പിച്ചുകൊണ്ടും അംഗീകരിച്ച സ്ഥാപിത മാനദണ്ഡങ്ങളിന്മേലും അധികാരിത വിനിയോഗിച്ചുകൊണ്ട് പ്രകടിപ്പിക്കേണ്ടതാണ്.

ഒരു സമൂഹത്തിലെ ക്രമസമാധാന പാലനം, സുസ്ഥാപിത ധാരണകൾ സംരക്ഷിക്കുന്നതും സാംക്രമികമായ കുറ്റങ്ങൾ സമൂഹത്തിൽ പടർന്നു പിടിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതു മാണ്. ഒരു സംഘടിത സമൂഹത്തിൽ സ്വാതന്ത്ര്യത്തിന്റെ പൊതുഭാവന, പൗരന്മാർ ഉത്തരവാദിത്വമുള്ളവരാകണമെന്നും, ശരാശരി എല്ലാ വ്യക്തികളും ആഗ്രഹിക്കുന്നതായ സമാധാനവും സുരക്ഷയും ഭഞ്ജിക്കാതിരിക്കണമെന്നും അടിസ്ഥാനപരമായി ആദേശിക്കുന്നു."

13. റിക്കാർഡുകളെല്ലാം പരിശോധിച്ചതിൽ, ജാമ്യം റദ്ദാക്കുന്ന ഒരു തീർപ്പിലേക്ക് എത്തുമ്പോൾ സെഷൻസ് ജഡ്ജി എല്ലാ പ്രസക്ത വസ്തുതകളും പരിശോധിച്ചു എന്നതാണ് എന്റെ പരിഗണിത വീക്ഷണം. സിആർപിസിയുടെ 482-ാം വകുപ്പിൻകീഴിൽ പ്രസ്തുത ഉത്തരവിൽ ഇടപെടുന്നതിന് ഞാൻ യാതൊരു കാരണവും കണ്ടെത്തുന്നില്ല.

ഹർജി തള്ളിയതായി നിലകൊള്ളുന്നു. എന്നിരുന്നാലും, ഈ ഹർജി തള്ളിയത്, ജാമ്യത്തിനായി ഒരു പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് ഹർജിക്കാരന് തടസ്സമല്ല, അയാൾ അപ്രകാരം ചെയ്യുന്നതിന് തീരുമാനിക്കുന്ന പക്ഷം, ആയത് കീഴ്ക്കോടതി പരിഗണിക്കേണ്ടതും നിയമാനുസൃതമായി തീർപ്പാക്കേണ്ടതുമാണ്.

*————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആർ. നാരായണ പിഷാരടി

ലേഖ

**Vs**

സ്റ്റേറ്റ് ഓഫ് കേരള

ക്രിമിനൽ എം.സി. നമ്പർ 2932/2019

2019 ജൂലായ് 9-ന് ഉത്തരവ് പുറപ്പെടുവിച്ചത്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 438(2)-ാം വകുപ്പുമായി കൂട്ടി വായിച്ച പ്രകാരം 438 (1)-ാം വകുപ്പിന് കീഴിലുള്ള അധികാരം പ്രയോഗിക്കുമ്പോൾ, ഒരു വ്യക്തിക്ക് മുൻകൂർ ജാമ്യം അനുവദിക്കുന്നതിനുള്ള ഒരു ഉപാധിയായി പ്രസ്തുത വ്യക്തിയോട് പണം നിക്ഷേപി ക്കാനായി ആവശ്യപ്പെടുന്നത് നിയമ വിധേയവും ഉചിതവുമാണോ?**

**സാധാരണഗതിയിൽ, പ്രതികൾക്ക് ജാമ്യം നൽകാനുള്ള ഉപാധിയായി പ്രതിയോട് പണം നിക്ഷേപിക്കാൻ കോടതി നിർദ്ദേശിക്കാൻ പാടില്ല. എന്നാൽ, ഈ തത്വം വിലക്കുകൾക്ക് വിധേയമാണ്. അത്തര ത്തിൽ ഒരു ഉപാധി ചുമത്തുന്നത് മൊത്തത്തിൽ നിയമാനുസൃതമല്ലാത്തതല്ല. വഞ്ചനാകുറ്റം, സാമ്പത്തിക തിരിമറികൾ, വെള്ളക്കോളർ കുറ്റകൃത്യങ്ങൾ മുതലായ കേസുകളിൽ മുൻകൂർ ജാമ്യം നൽകുന്നതിന് പണം നിക്ഷേപിക്കാനുള്ള ഉപാധി ചുമത്തുന്നത് അനുവദനീയമാണ്. എന്നാൽ, അത്തരം കേസുകളിൽ നിക്ഷേ പിക്കുന്നതിന് ഉത്തരവാകുന്ന തുക ദുർഭര മായതോ അത്യധികമോ ആകാതിരിക്കാൻ കോടതി ശ്രദ്ധിക്കേണ്ടതാണ്. ചുമത്തുന്ന ഉപാധി ന്യായമായിരിക്കേണ്ടതും പ്രതിക്ക് ജാമ്യത്തിന്റെ ആനുകൂല്യം വാസ്തവത്തിൽ നിരസിക്കുന്നതുമാകരുത്.**

### ഉത്തരവ്

**ജസ്റ്റിസ് ആർ. നാരായണ പിഷാരടി**

1. 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (ഇതിനുശേഷം 'നിയമ സംഹിത' എന്ന് പരാമർശിക്കപ്പെടുന്നു) 438(2)-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം 438 (1)-ാം വകുപ്പിന് കീഴിലുള്ള അധികാരം പ്രയോഗിക്കുമ്പോൾ, ഒരു വ്യക്തിക്ക് മുൻകൂർ ജാമ്യം അനുവദിക്കുന്നതിനുള്ള ഒരു ഉപാധിയായി പ്രസ്തുത വ്യക്തിയോട് പണം നിക്ഷേപിക്കാനായി ആവശ്യപ്പെടുന്നത് നിയമവിധേയവും ഉചിതവുമാണോ? നിയമ സംഹിതയിലെ 482-ാം വകുപ്പിൻ കീഴിൽ ബോധിപ്പിച്ചിട്ടുള്ള ഈ ഹർജികളിൽ പരിഗണനയ്ക്കായി ഉയർന്നുവന്നിട്ടുള്ളതാണ് ഈ ചോദ്യം.

2. എല്ലാ ഹർജികളിലെയും ഹർജികക്ഷി ഒരാളാണ്. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 420-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം അവൾ ചെയ്തു എന്നാണ് ആരോപണം. ഇൻഡ്യൻ ശിക്ഷാ നിയമ ത്തിലെ 420-ാം വകുപ്പ്, 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം വള്ളികുന്നം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 226/2019 ഉം കായംകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പരുകൾ 667/2019, 669/2019 ഉം 670/2019 ആയി

രജിസ്റ്റർ ചെയ്ത നാലു കേസുകളിലെ പ്രതികളിൽ ഒരാളാണ് ഹർജികക്ഷി.

3. ഹർജികക്ഷി ബിസിനസ്സ് ആവശ്യത്തിലേക്കായി തങ്ങളുടെ അടുത്ത ബന്ധുകൾക്ക് വിസ തരപ്പെടുത്തി നൽകാം എന്ന വാഗ്ദാനത്തിൽ നാല് വ്യക്തികളിൽ നിന്നും വലിയ തുക നേടിയെടുക്കുകയും, എന്നാൽ, വിസ തരപ്പെടുത്തി നൽകുകയോ പണം മടക്കി നൽകുകയോ ചെയ്യാത്തതും, അതിനാൽ വഞ്ചനാകുറ്റം ചെയ്തു എന്നതാണ് ഹർജികക്ഷിക്ക് എതിരെയുള്ള പ്രോസിക്യൂഷൻ കേസ്.

4. തനിക്ക് എതിരെയുള്ള മേൽ പറഞ്ഞ നാല് കേസുകളിലും മുൻകൂർ ജാമ്യം ലഭിക്കുന്നതിനായി നിയമസംഹിതയിലെ 438-ാം വകുപ്പ് പ്രകാരം ഹർജികക്ഷി ആലപ്പുഴ സെഷൻസ് കോടതി മുമ്പാകെ നാല് അപേക്ഷകൾ ബോധിപ്പിച്ചു. സെഷൻസ് ജഡ്ജി, 23-3-2019 തീയതിയിലെ പൊതു ഉത്തരവ് പ്രകാരം ഉപാധികളോടെ അപേക്ഷകൾ അനുവദിച്ചു. ജാമ്യബോണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന് മുൻപ് ഹർജികക്ഷി നാല് കേസുകളിലും 25,000 രൂപ വീതം നിക്ഷേപിക്കണം എന്നതാണ് ഉപാധികളിൽ ഒന്ന്.

5. പണം നിക്ഷേപിക്കണം എന്ന ഉപാധി ഒഴിവാക്കുകയോ പരിഷ്ക്കരിക്കുകയോ ചെയ്യുന്നതിനായി ഹർജികക്ഷി സെഷൻസ് കോടതി മുമ്പാകെ അപേക്ഷകൾ ബോധിപ്പിച്ചു. സെഷൻസ് ജഡ്ജി മേൽ പറഞ്ഞ അപേക്ഷകൾ തള്ളി. നാല് കേസുകളിലും 25000 രൂപ വീതം നിക്ഷേപിക്കാനുള്ള സെഷൻസ് ജഡ്ജിയുടെ നിർദ്ദേശം അസ്ഥിരപ്പെടുത്തണം എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഹർജികക്ഷി ഈ കോടതിയെ സമീപിച്ചു.

6. ഹർജികക്ഷിക്ക് വേണ്ടിയുള്ള അഭിഭാഷകനെയും പബ്ലിക് പ്രോസിക്യൂട്ടറെയും കേട്ടു.

7. തുക നിക്ഷേപിക്കുന്നത് സംബന്ധിച്ച ഉപാധി പാലിക്കാനായി ഹർജികക്ഷിക്ക് തൊഴിലോ വരുമാനമോ മറ്റ് തുകകളോ ഇല്ല എന്ന് ഹർജികക്ഷിക്ക് വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. നാല് കേസുകളിലും 25000 രൂപ വീതം നിക്ഷേപിക്കാനുള്ള സെഷൻസ് ജഡ്ജിയുടെ നിർദ്ദേശം നിയമവിരുദ്ധവും ഏതുതരത്തിലും ഒരു ദുർഭരമായതും യുക്തമായതല്ലാത്തതുമായ ഉപാധിയാണെന്ന് അഭിഭാഷകൻ തർക്കിച്ചു.

8. വ്യത്യസ്തമായി, ഹർജികക്ഷി നാലു വ്യക്തികളിൽനിന്നും വൻതുകകൾ നേടിയെടുത്ത് അത് അപഹരിക്കുകയും ചെയ്തതിനാൽ ഹർജികക്ഷിക്ക് മുൻകൂർ ജാമ്യം നൽകിയതിനുള്ള ഉപാധികളിൽ ഒന്നായിടിയാൾ 25000 രൂപ വീതം നാലു കേസുകളിലും നിക്ഷേപിക്കണം എന്ന സെഷൻസ് ജഡ്ജിയുടെ നിർദ്ദേശം കൃത്യമായും ന്യായയുക്തമാണ് എന്ന് പബ്ലിക് പ്രോസിക്യൂട്ടർ തർക്കിച്ചു.

9. ജാമ്യം അനുവദിക്കപ്പെടേണ്ടതല്ലാത്ത ഒരു കുറ്റം ചെയ്തിട്ടുണ്ടെന്നുള്ള കുറ്റാരാപണത്തിന്മേൽ താൻ അറസ്റ്റ് ചെയ്യപ്പെട്ടേക്കാമെന്ന് ഏതെങ്കിലും ആൾക്ക് വിശ്വസിക്കാൻ കാരണമുള്ളപ്പോൾ, അയാൾക്ക് ഈ വകുപ്പിൻകീഴിലുള്ള നിർദ്ദേശത്തിന് ഹൈക്കോടതിയോടോ സെഷൻസ് കോടതിയോടോ അപേക്ഷിക്കാവുന്നതാണ് എന്ന് നിയമസംഹിതയിലെ 438 (1)-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു. ഹൈക്കോടതിയോ സെഷൻസ് കോടതിയോ (1)-ാം ഉപവകുപ്പിൻകീഴിൽ നിർദ്ദേശം നൽകുമ്പോൾ അതിന് അങ്ങനെയുള്ള നിർദ്ദേശങ്ങളിൽ കേസിന്റെ പ്രത്യേകതയെ അടിസ്ഥാനമാക്കി വസ്തുതകളുടെ വെളിച്ചത്തിൽ കോടതിക്ക് യുക്തമെന്ന് തോന്നുന്ന ഉപാധികൾ ഉൾക്കൊള്ളിക്കാവുന്നതാണ് എന്ന് 438 (2)-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു.

10. നിയമസംഹിതയിലെ 438 (1)-ാം വകുപ്പ് പ്രകാരം ആശ്വാസം അനുവദിക്കുമ്പോൾ ഉചിതമായ ഉപാധികൾ ചുമത്താൻ കോടതിക്ക് അധികാരമുണ്ട്. ഒരു വ്യക്തി കേസന്വേഷണം തടസ്സപ്പെടുത്താവുന്ന സാദ്ധ്യത ഒഴിവാക്കുക എന്നതാണ് അങ്ങനെയുള്ള ഉപാധികൾ ചുമത്തുന്നതിന്റെ ഉദ്ദേശ്യം. നീതിയുക്തവും യുക്തിഭദ്രവുമായ അന്വേഷണത്തെയോ വിചാരണയെയോ സംബന്ധിക്കുന്നതല്ലാത്ത ഏതൊരു ഉപാധിയും നിയമപരമായി അനുവദനീയമാണ് എന്ന് അനുകൂലിക്കാൻ കഴിയില്ല. ഉപാധികൾ ചുമത്തുമ്പോൾ കോടതിക്കുള്ള വിവേചനാധികാരം പരമാവധി സംയമനത്തോടെ നിർവ്വഹിക്കേണ്ടതാണ്. ഒരു കോടതിക്കും അത് തെരഞ്ഞെടുക്കുന്ന 'ഏതൊരു ഉപാധിയും' ഏർപ്പെടുത്താനുള്ള യാതൊരു പരമാധികാരവും നൽകിയിട്ടില്ല. ചുമത്തുന്ന ഉപാധികൾ പ്രായോഗികബുദ്ധിയിൽ യുക്തിസഹവും ഫലപ്രദവുമായിരിക്കണം. ചുമത്തുന്ന ഉപാധി ജാമ്യം നൽകുന്ന ഉത്തരവിനെ പരാജയപ്പെടുത്താൻ പാടില്ല. **(സുമിത് മേത്ത Vs സ്റ്റേറ്റ് -മനു/എസ്സി/0935/2013:(2013(4) കെഎൽറ്റി എസ്എൻ 91(സി.നം.89) എസ്സി: (2013) 15 എസ്സിസി 570)** കാണുക.)

11. **അമർജിത്ത് സിങ്ങ് Vs സ്റ്റേറ്റ് (മനു/എസ്സി/1964/2009:(2009)13 എസ്സിസി 769)**-ൽ പ്രതി, വിചാരണകോടതിയുടെ പേരിൽ 15 ലക്ഷം രൂപ സ്ഥിര നിക്ഷേപ പദ്ധതി പ്രകാരം നിക്ഷേപിക്കണം എന്ന ഉപാധിക്ക് വിധേയമായി സെഷൻസ് ജഡ്ജി മുൻകൂർ ജാമ്യം നൽകി. അങ്ങനെയുള്ള ഒരു ഉപാധി ന്യായയുക്തമല്ല എന്ന് പരമോന്നത കോടതി കാണുകയും അത്തരത്തിലുള്ള നിർദ്ദേശം അസ്ഥിരപ്പെടുത്തുകയും ചെയ്തു.

12. **രമാതാൾ Vs ഇൻസ്പെക്ടർ ഓഫ് പോലീസ്, മനു/എസ്സി/0337/2009: (2009 (1) കെഎൽറ്റി ഓൺലൈൻ 1115 (എസ്സി): (2009) 12 എസ്സിസി 721)**-ൽ പ്രതിയെ അറസ്റ്റ് ചെയ്യുകയാണെങ്കിൽ 32,00,000 രൂപ കോടതിയിൽ നിക്ഷേപിക്കുന്നപക്ഷം പ്രതിയെ ജാമ്യത്തിൽ വിടണം എന്ന ഉപാധിയിന്മേൽ മുൻകൂർ ജാമ്യം അനുവദിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ഹൈക്കോടതി പുറപ്പെടുവിച്ചു. മുൻകൂർ ജാമ്യം അനുവദിക്കുന്നതിന് ഒരു യുക്തിരഹിതവും ദുർഭരവുമായ ഉപാധി ചുമത്തിയ ഹൈക്കോടതിയുടെ സമീപനം തെറ്റാണെന്ന് പരമോന്നത കോടതി കണ്ടെത്തി.

13. **ഭാരത് സ്റ്റാർസ് സർവ്വീസസ് പ്രൈവറ്റ് ലി. Vs ഹർഷ് ദേവ് താകൂർ (മനു/എസ്സി/0932/2018(2018(4) കെഎൽറ്റി ഓൺലൈൻ 3110 (എസ്സി): എഐആർ 2019 എസ്സി 718)**-ൽ 2.78 കോടി രൂപയുടെ സാമ്പത്തിക വഞ്ചനാ കേസിൽ, ജാമ്യം നൽകാനായി 50 ലക്ഷം രൂപ നിക്ഷേപിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം പര്യാപ്തമല്ല എന്ന് പരമോന്നത കോടതി കാണുകയും പ്രതിയോട് 1.25 കോടി രൂപ നിക്ഷേപിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ആ കേസ് ദീർഘകാലമായി ജയിലിൽ കഴിഞ്ഞ പ്രതിക്ക് മുറപ്രകാരമുള്ള ജാമ്യം നല്കുന്നത് സംബന്ധിച്ചുള്ളതാണെന്ന വസ്തുത ശ്രദ്ധിക്കേണ്ടതാണ്.

14. **കേശബ് നാരായൺ ബാനർജി Vs സ്റ്റേറ്റ് ഓഫ് ബീഹാർ (മനു/എസ്സി/0389/1984 : (1985 കെഎൽറ്റി ഓൺലൈൻ 1230 എസ്സി) : എഐആർ 1985 എസ്സി 1666)**-ൽ പ്രതിയെ ജാമ്യത്തിൽ വിടുന്നതിന് പ്രതി ഒരു ലക്ഷം രൂപയുടെ കടപത്രം നൽകുകയോ ഒരു ദേശസാൽകൃത ബാങ്കിൽ പ്രസ്തുത തുക സ്ഥിരം നിക്ഷേപം നടത്തുകയോ ചെയ്യുന്നതിന് ഹൈക്കോടതി ചുമത്തിയ ഉപാധി അത്യന്തം ദുർഭരവും യഥാർത്ഥത്തിൽ ജാമ്യം നിഷേധിക്കുന്നതുമാണ് എന്ന് പരമോന്നത കോടതി കണ്ടെത്തി.

15. **ശ്യാംകുമാർ Vs സ്റ്റേറ്റ് ഓഫ് കേരള (മനു/കെഇ/1789/2010 : 2010 (4) കെഎൽറ്റി 405)**-ൽ പ്രതിക്ക് മുൻകൂർ ജാമ്യം നൽകുന്നതിന് 20,000 രൂപയുടെ കടപത്രം നൽകണമെന്ന ഉപാധി യുക്തിരഹിതമാണെന്ന് ഈ കോടതി കണ്ടെത്തി. കീഴ്ക്കോടതി ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഈ കോടതി അസ്ഥിരപ്പെടുത്തുകയും ചെയ്തു.

16. **ജോമോൻ Vs സ്റ്റേറ്റ് ഓഫ് കേരള (മനു/കെഇ/0339/2010 : 2010 (2) കെഎൽറ്റി 371: 2010(2)കെഎച്ച്സി 264)**-ൽ മുറപ്രകാരമുള്ള ജാമ്യം നൽകുന്നതിന് 25,000 രൂപയുടെ കടപത്രം നിക്ഷേപിക്കുന്നതിന് സെഷൻസ് കോടതി പുറപ്പെടുവിച്ച ഒരു ഉത്തരവ് ഈ കോടതി അസ്ഥിരപ്പെടുത്തി.

17. **രാമകൃഷ്ണ പിള്ള Vs സ്റ്റേറ്റ് ഓഫ് കേരള (മനു/കെഇ/2177/2012: 2012/(4) കെഎൽറ്റി സപ്ലി.9 (കേരള): 2012 (3)കെഎച്ച്സി 411)**-ൽ മുൻകൂർ ജാമ്യം നൽകുന്നതിനുള്ള ഉപാധിയായി 3,00,000 രൂപ കടപത്രമായി നിക്ഷേപിക്കാൻ നിർദ്ദേശിച്ചുകൊണ്ട് സെഷൻസ് കോടതി പുറപ്പെടുവിച്ച ഉത്തരവ് അങ്ങനെയുള്ള ഒരു നിർദ്ദേശം നിയമാനുസരണമല്ല എന്ന കാരണത്താൽ ഈ കോടതി അസ്ഥിരപ്പെടുത്തി.

18. സുമിത് മേത്ത (മുകളിലെ)-യിൽ പ്രതിക്ക് മുൻകൂർ ജാമ്യം നൽകുന്ന വേളയിൽ, ഹൈക്കോടതി പ്രതിയോട് ഒരു കോടി രൂപ വാദിയുടെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്ഥിരം നിക്ഷേപം നടത്തി ആയതിന്റെ രസീത് അന്വേഷണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. മുൻകൂർ ജാമ്യം നൽകുമ്പോൾ മേൽപറഞ്ഞ ഉപാധി ചുമത്തുന്നത് ദുർഭരമായതും യുക്തിരഹിതവുമാണ് എന്ന് പ്രസ്താവിച്ചുകൊണ്ട് പരമോന്നത കോടതി മേൽപറഞ്ഞ ഉപാധി അസ്ഥിരപ്പെടുത്തി. അതേസമയം പരമോന്നത കോടതി താഴെപറയും പ്രകാരം നിരീക്ഷിച്ചു:

"അസന്നിഗ്ദ്ധമായ വാക്കുകളാൽ ഞങ്ങൾ ഉദ്ദേശിക്കുന്നത് എന്തെന്നാൽ, ഇത്തരത്തിലുള്ള ഒരു ഉപാധിയും ചുമത്തുന്നതിനുള്ള അധികാരം പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു, അത് വഞ്ചനാകുറ്റം, വൈദ്യുതി മോഷണം, വെള്ളക്കോളർ കുറ്റകൃത്യമോ ചിട്ടി തട്ടിപ്പ് കേസുകളോ മുതലായവയിൽ പോലും."

19. സാധാരണഗതിയിൽ, പ്രതികൾക്ക് ജാമ്യം നൽകാനുള്ള ഉപാധിയായി പ്രതിയോട് പണം നിക്ഷേപിക്കാൻ കോടതി നിർദ്ദേശിക്കാൻ പാടില്ല. എന്നാൽ, ഈ തത്വം വിലക്കുകൾക്ക് വിധേയമാണ്. സുമിത് മേത്ത-യിൽ (മുകളിലെ) പരമോന്നത കോടതി നിരീക്ഷിച്ചതുപോലെ, അത്തരത്തിൽ ഒരു ഉപാധി ചുമത്തുന്നത് മൊത്തത്തിൽ നിയമാനുസൃതമല്ലാത്തതല്ല. വഞ്ചനാകുറ്റം, സാമ്പത്തിക തിരിമറികൾ, വെള്ളക്കോളർ കുറ്റകൃത്യങ്ങൾ മുതലായ കേസുകളിൽ മുൻകൂർ ജാമ്യം നൽകുന്നതിന് പണം നിക്ഷേപിക്കാനുള്ള ഉപാധി ചുമത്തുന്നത് അനുവദനീയമാണ്. എന്നാൽ, അത്തരം കേസുകളിൽ നിക്ഷേപിക്കുന്നതിന് ഉത്തരവാകുന്ന തുക ദുർഭരമായതോ അത്യധികമോ ആകാതിരിക്കാൻ കോടതി ശ്രദ്ധിക്കേണ്ടതാണ്. ചുമത്തുന്ന ഉപാധി ന്യായമായിരിക്കേണ്ടതും പ്രതിക്ക് ജാമ്യത്തിന്റെ ആനുകൂല്യം വാസ്തവത്തിൽ നിരസിക്കുന്നതുമാകരുത്.

20. നിലവിലെ കേസുകളിൽ, വഞ്ചനാകുറ്റം ചെയ്തു എന്ന ആരോപിക്കപ്പെട്ട് പ്രതി ചേർക്കപ്പെട്ടയാളാണ് ഹർജികക്ഷി. ആയതിനാൽ, സെഷൻസ് ജഡ്ജിന് മുൻകൂർ ജാമ്യം നൽകുന്നതിനായി ഹർജികക്ഷിയോട് പണം നിക്ഷേപിക്കാൻ നിർദ്ദേശിക്കുന്നതിന് യാതൊരു അധികാരവുമില്ല എന്ന് കാണാൻ കഴിയില്ല. എന്നിരുന്നാലും, നിർണ്ണായകമായ ചോദ്യം, കേസുകളിലെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ അത്തരത്തിലുള്ള ഒരു നിർദ്ദേശം നീതീകരിക്കാവുന്നതാണോ എന്നതാണ്.

21. സെഷൻസ് ജഡ്ജ് പുറപ്പെടുവിച്ച പൊതു ഉത്തരവിന്റെ പരിശോധനയിൽ, രണ്ട് പ്രധാന വസ്തുതകൾ ശ്രദ്ധിക്കാം. പ്രഥമഗണനീയമായി, ഹർജികക്ഷി വിസ തരപ്പെടുത്തി നൽകാം എന്ന വാഗ്ദാനത്തിൽ മറ്റുള്ള വ്യക്തികളിൽനിന്നും പണം നേടിയെടുത്തു എന്നത് മാത്രമല്ല ഹർജികക്ഷിക്ക് എതിരെയുള്ള ആരോപണം. ഹർജിക്കാരി പണം നേടിയെടുത്തത് ബിസിനസ്സ് ആവശ്യത്തിലേക്കാണ് എന്ന ആരോപണം കൂടിയുണ്ട്. ഹർജി കക്ഷി എത്ര തുകയാണ് ബിസിനസ്സ് ആവശ്യത്തിലേക്ക് നേടിയെടുത്തതെന്നോ, എത്ര തുകയാണ് വിസ തരപ്പെടുത്തി നൽകാം എന്ന വാഗ്ദാനത്തിന്മേൽ കൈപ്പറ്റിയതെന്നോ അറിവില്ല. ബിസിനസ്സ് ആവശ്യത്തിലേക്കായി കടം വാങ്ങിയ തുക തിരിച്ചു നൽകാൻ പരാജയപ്പെട്ടു എന്ന കാരണത്താൽ മാത്രം വഞ്ചനാകുറ്റം പ്രഥമ ദൃഷ്ട്യാ വരുന്നില്ല.

22. ദ്വിതീയ സ്ഥാനത്ത്, സംഭവം പോലീസിനെ അറിയിക്കുന്നതിൽ ക്രമാതീതമായ കാലതാമസം വരുത്തിയതായി കാണുന്നു. ക്രൈം നമ്പർ 669/2019-ൽ ആകെ 6,00,000 രൂപ അവർ നേടിയെടുത്തു എന്നതാണ് ഹർജികക്ഷിക്കെതിരെയുള്ള ആരോപണം. ഹർജികക്ഷി 8-1-2015 മുതൽ 12-3-2016 വരെയുള്ള വിവിധ ദിവസങ്ങളിൽ ഗഡുക്കളായി രൂപ കൈപ്പറ്റി എന്നതാണ്. ക്രൈം നമ്പർ 670/2019-ൽ ഹർജികക്ഷിക്ക് എതിരെയുള്ള ആരോപണം, ഹർജികക്ഷി 15-4-2014 മുതൽ 31-3-2016 വരെയുള്ള ഏകദേശം രണ്ട് വർഷത്തെ കാലയളവിൽ ഗഡുക്കളായി ആകെ 11,00,000 രൂപ കൈപ്പറ്റി എന്നതാണ്. ക്രൈം നമ്പർ 667/2019-ൽ ഹർജികക്ഷിക്ക് എതിരെയുള്ള ആരോപണം ഹർജികക്ഷി 21-8-2014-ന് 2,00,000 രൂപ നേടിയെടുത്തു എന്നതാണ്. ക്രൈം നമ്പർ 226/2019-ൽ ഹർജികക്ഷിക്ക് എതിരെയുള്ള ആരോപണം ഹർജികക്ഷി 6-12-2015-ന് 2,50,000 രൂപ നേടിയെടുത്തു എന്നതാണ്. എന്തുതന്നെയായാലും, 2019 വർഷത്തിൽ മാത്രമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നുമാത്രമല്ല, കുറഞ്ഞത് രണ്ട് കേസുകളിലെങ്കിലും, ഒരു നീണ്ട കാലയളവിൽ വിവിധ ദിവസങ്ങളിൽ പണം ഗഡുക്കളായി ഹർജികക്ഷി കൈപ്പറ്റിയത് വിസ തരപ്പെടുത്തി നൽകാനോ അതോ ഒരു വായ്പയായി മാത്രമാണോ എന്ന സംശയം ഉളവാക്കുന്നു. എന്തായാലും, ഈ ഘട്ടത്തിൽ, കോടതിക്ക് ഹർജികക്ഷിക്ക് എതിരെ ആരോപിക്കപ്പെട്ടിട്ടുള്ള വഞ്ചനാകുറ്റം ശരിയാണോ തെറ്റാണോ എന്ന ഒരു നിഗമനത്തിൽ എത്തിച്ചേരാൻ കഴിയുന്നില്ല.

23. മേൽ വസ്തുതകളും സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട്, ഹർജികക്ഷിക്ക് മുൻകൂർ ജാമ്യം നൽകാൻ ഹർജികക്ഷി 25,000 രൂപ ഓരോ കേസിലും നിക്ഷേപിക്കണം എന്ന ഉപാധി സെഷൻസ് ജഡ്ജി നിർദ്ദേശിക്കുന്നത് നീതീകരിക്കത്തക്കതല്ല എന്ന് ഞാൻ നിരീക്ഷിക്കുന്നു. അത്തരത്തിൽ ഉണ്ടായ നിർദ്ദേശം അസ്ഥിരപ്പെടുത്താൻ ബാദ്ധ്യസ്ഥമാണ്.

24. അനന്തരഫലമായി, ഹർജികൾ അനുവദിക്കുന്നു. നാലുകേസുകളിൽ ഹർജികക്ഷിക്ക് മുൻകൂർ ജാമ്യം അനുവദിച്ചുകൊണ്ടുള്ള സെഷൻസ് ജഡ്ജിയുടെ ഉത്തരവ് നിലനിർത്തുമ്പോൾ ഓരോ കേസിലും ഹർജികക്ഷി 25,000 രൂപ വീതം നിക്ഷേപിക്കണം എന്ന നിർദ്ദേശം അസ്ഥിരപ്പെടുത്തുന്നു. സെഷൻസ് ജഡ്ജിയുടെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മറ്റ് ഉപാധികൾ പാലിക്കുന്നതിനായി ഹർജികക്ഷിക്ക് 17-7-2019 വരെ സമയം അനുവദിക്കുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് വി. ചിദംബരേഷ്

&

ബഹു. ജസ്റ്റിസ് അശോക് മേനോൻ

രേവതി വി. എസ്.

Vs

കേരള പബ്ലിക് സർവ്വീസ് കമ്മീഷനും മറ്റുള്ളവരും

ഒ. പി. (കെഎറ്റി) നമ്പർ 168/2019

2019 ജുലായ് 9-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഒരു തസ്തികയിലേക്കുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിരോധന ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് റിപ്പോർട്ട് ചെയ്യപ്പെട്ടതും ഉദ്യോഗാർത്ഥി/ഉദ്യോഗാർത്ഥികൾ പ്രവേശിക്കാത്തതുമൂലം ഉണ്ടായിട്ടുള്ളതുമായ ഒഴിവുകൾക്ക് ബാധകമല്ല. അത്തരത്തിൽ ഉണ്ടായിട്ടുള്ള ഒഴിവുകളെ പുതിയവയായി കരുതാൻ പാടില്ലാത്തതാണ്.**

### വിധിന്യായം

ജസ്റ്റിസ് വി. ചിദംബരേഷ്

1. കേരള വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ്—കൃഷി (നഴ്സറി മാനേജ്മെന്റും ഓറിയന്റൽ ഗാർഡനിങ്ങും) എന്ന തസ്തികയിലേക്കാണ് തിരഞ്ഞെടുപ്പ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിലെ 14-ാം റാങ്ക് നേടിയ ഉദ്യോഗാർത്ഥി അവർക്ക് കൃഷി വകുപ്പിൽ ജോലി ലഭിച്ചതിനാൽ ഉദ്യോഗത്തിൽ പ്രവേശിച്ചില്ല. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ച ആവശ്യമായ പ്രൊഫോർമ പ്രകാരം നിയമനത്തിനുള്ള തന്റെ അവകാശം ഉപേക്ഷിച്ചതിനാൽ 15-ാം റാങ്കുള്ള ഉദ്യോഗാർത്ഥിയും ഉദ്യോഗത്തിൽ പ്രവേശിച്ചില്ല.

2. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ കേന്ദ്ര നൈപുണ്യ യോഗ്യതാ പദ്ധതി നടപ്പിലാക്കുന്നത് വരെ തുടർന്നുള്ള ഒഴിവുകൾ നികത്തുന്നത് തത്സമയം സംസ്ഥാന സർക്കാർ നിർത്തിവച്ചു. ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനു മാത്രം സംസ്ഥാന സർക്കാരിന്റെ പ്രസ്തുത നിരോധന ഉത്തരവ് ബാധകമാകുന്നതും, ജോലിയിൽ പ്രവേശിക്കാനായി ഉദ്യോഗാർത്ഥികൾക്ക് ശിപാർശ നൽകിയിട്ടുള്ള ഒഴിവുകൾക്ക് ബാധകമാകുന്നതുമല്ല. ഒഴിവുകളെക്കുറിച്ച് അറിയിപ്പ് നൽകിയതും നിയമന ശിപാർശ നൽകിയതുമായ 19-3-2018, 10-4-2018 എന്നീ തീയതികൾക്ക് ഏറെനാളുകൾക്ക് ശേഷമാണ് നിരോധനം അറിയിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ വകുപ്പിന്റെ 9-5-2018 തീയതിയിലെ ഉത്തരവ് വന്നിട്ടുള്ളത്.

3. **ഇൻഡ്യൻ ബാങ്ക് Vs ജയശ്രീ [മനു/കെഇ/0619/1998: 1998 കെഎച്ച്സി 398:1998 (2) കെഎൽറ്റി 464: 1998 (2) കെഎൽജെ 135]** എന്ന കേസിലെ താഴെ പറയുന്ന നിരീക്ഷണങ്ങൾ സമുചിതമാണ്:

"നിലവിലെ ഒരു ഒഴിവിലേക്കോ ഒരു പുതിയ ഒഴിവിലേക്കോ ഉള്ള ഏതെങ്കിലും നിയമനമാണോ എന്നതല്ല തർക്കവിഷയം. ആയതിനാൽ ഞങ്ങളുടെ അഭിപ്രായത്തിൽ ഭാരതീയ റിസർവ്വ് ബാങ്ക് കൊണ്ടുവന്ന നിയന്ത്രണങ്ങൾ നിലവിലെ കേസിന് ബാധകമല്ല. നിലവിലെ കേസിൽ, തിരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട 15 ഉദ്യോഗാർത്ഥികളിൽ ഒരാൾ ഉദ്യോഗത്തിൽ പ്രവേശിക്കാത്തതും, ഈ ഒഴിവ് ഉദ്യോഗത്തിൽ പ്രവേശിക്കാത്തതുമൂലം ഉണ്ടായ ഒരു ഒഴിവായി കരുതേണ്ടതും ആയതിനാൽ തന്നെ അത് ഒരു പുതിയ ഒഴിവ് അല്ലാത്തതുമാണ്."

(ഊന്നൽ നൽകുന്നു)

സാധാരണഗതിയിൽ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന 14-ഉം 15-ഉം റാങ്കുകൾ ലഭിച്ച ഉദ്യോഗാർത്ഥികളെ സംബന്ധിച്ച് നിരോധന ഉത്തരവ് നിസ്സാരമായി മാത്രം ബാധിക്കുന്നതും ഉദ്യോഗത്തിൽ പ്രവേശിക്കാനുള്ള അവരുടെ വിസമ്മതം മൂലമുണ്ടായ ഒഴിവുകൾ പുതുതായി വന്ന ഒഴിവുകളായി കരുതേണ്ടതില്ല.

4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിലെ 16-ാം റാങ്ക് കരസ്ഥമാക്കിയ ഹർജികക്ഷിയാണ് അടുത്ത ഒഴിവിലേക്ക് നിയമിക്കുന്നതിന് അഡ്വൈസ് നൽകുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥി. തിരഞ്ഞെടുപ്പ് പ്രക്രിയ താല്കാലികമായി നിർത്തിവയ്ക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനത്തിൽ ഇടപെടാൻ കഴിയില്ല എന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിരീക്ഷിച്ചത് ന്യായീകരിക്കത്തക്കതല്ല. ഞങ്ങൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് അസ്ഥിരപ്പെടുത്തുകയും 9-5-2018-ാം തീയതിക്ക് മുമ്പുണ്ടായ ഒഴിവുകളിലേക്കുള്ള നിയമന പ്രക്രിയ പൂർത്തീകരിക്കാൻ എതിർകക്ഷികളോട് നിർദ്ദേശിക്കുകയും ചെയ്യുന്നു. മുഖ്യ ഹർജി അനുവദിക്കുന്നു. കോടതി ചെലവുകൾ നൽകേണ്ടതില്ല.

പ്രഥമ ഹർജി അനുവദിച്ചു. ചെലവില്ല.

*————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് വി. ജി. അരുൺ

എസ്. സന്തോഷ്കുമാറും മറ്റുള്ളവരും

**Vs**

ചർച്ച് ഓഫ് സൗത്ത് ഇന്ത്യയും മറ്റുള്ളവരും

റിട്ട് ഹർജി (സിവിൽ) നമ്പർ 39357/2015 (റ്റി)

2019 സെപ്റ്റംബർ 30-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഒരു "വ്യക്തി"ക്കെതിരെ അതൊരു സ്റ്റാറ്റ്യൂട്ടറി ബോഡിയോ അല്ലെങ്കിൽ ഒരു പൊതു ചുമതല നിർവ്വഹിക്കുകയോ ഒരു പൊതു അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഡ്യൂട്ടി നിർവ്വഹിക്കുകയോ ചെയ്യുന്നപക്ഷം 226-ാം അനുച്ഛേദത്തിൻ കീഴിലെ ഒരു റിട്ട് നില നിൽക്കുന്നതാണ്. ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിലെ ഒരു റിട്ട് ഹർജി, (i) സംസ്ഥാനം (സർക്കാർ); (ii) ഒരു അധികാരസ്ഥാനം; (iii) ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി; (iv) സംസ്ഥാനത്തിന്റെ ഇൻസ്ട്രുമെന്റാലിറ്റി അഥവാ ഏജൻസി; (v) സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലും സഹായത്തിലുമുള്ള ഒരു കമ്പനി; (vi) യഥാർത്ഥത്തിൽ സംസ്ഥാന ഫണ്ടിനാൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ നികായം; (vii) പൊതു കർത്തവ്യമോ പൊതു സ്വഭാവത്തിലെ മുഖ്യമായ ബാദ്ധ്യതയോ നിർവ്വഹിക്കുന്ന ഒരു സ്വകാര്യ നികായം; (viii) ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിൻ കീഴിൽ ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നതിന് ബാദ്ധ്യതയുള്ള ഒരു വ്യക്തിയോടോ ഒരു നികായത്തോടോ അങ്ങനെയുള്ള സ്റ്റാറ്റ്യൂട്ടറി ചുമതല നിർവ്വഹിക്കുന്നതിന് അതിനെ നിർബന്ധിക്കുന്നതിനും, നിലനിൽക്കുന്നതാണ്.**

### വിധിന്യായം

**ജസ്റ്റിസ് വി. ജി. അരുൺ**

1. ഹർജികക്ഷികൾ, 28-12-2015-ന് യഥാവിധി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിരുന്ന അവരുടെ വിവാഹം, ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെ സൗത്ത് കേരള ഡയോസിസി-ൽ നിന്നും ലഭിച്ച എഗ്സിബിറ്റ് പി.8 അറിയിപ്പിനെ തുടർന്ന് 1-ാം എതിർകക്ഷി പള്ളി, യഥാവിധി നിർവ്വഹിക്കുന്നതിന് വിസമ്മതിച്ചതിനാൽ ഈ റിട്ട് ഹർജി ഫയൽ ചെയ്തു. ഹർജികക്ഷികൾ, എഗ്സിബിറ്റ് പി.8 റദ്ദാക്കുന്നതിന് സെർഷ്യോറാറി റിട്ടും ഹർജികക്ഷികളുടെ വിവാഹം 28-12-2015-ന് തന്നെ യഥാവിധി നിർവ്വഹിക്കുന്നതിന് 1-ഉം 2-ഉം എതിർകക്ഷികളോട് നിർദ്ദേശിച്ചുകൊണ്ട് ഒരു മാൻഡമസ് റിട്ടും പുറപ്പെടുവിക്കണമെന്ന് അതിനാൽ അഭ്യർത്ഥിച്ചു. 28-12-2015-ന് തന്നെ വിവാഹം യഥാവിധി നിർവ്വഹിക്കുന്നതിന് 1-ഉം, 2-ഉം എതിർകക്ഷികളോട് നിർദ്ദേശിക്കണമെന്ന ഇടക്കാല അഭ്യർത്ഥന നിരസിക്കുകയും അതിനാൽ വിവാഹം പ്രഖ്യാപിച്ച പോലെ നടന്നില്ല.

2. ഹർജികക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകൻ ശ്രീ. വിനോദ് എസ്. ഭട്ട്, ഹർജികക്ഷികളുടെ വിവാഹം, പിന്നീട് പ്രത്യേക വിവാഹ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തു, എങ്കിലും, ഹർജികക്ഷികൾ അംഗങ്ങളായുള്ള പള്ളിക്കോ ഡയോസിസിനോ അവരുടെ വിവാഹം യഥാവിധി നിർവ്വഹിക്കുന്നതിന്

വിസമ്മതിക്കാൻ കഴിയുമോ എന്ന തർക്ക വിഷയത്തിൽ പരിഗണന ആവശ്യമാക്കുന്നു എന്ന് ബോധിപ്പിച്ചു.

3. ഈ റിട്ട് ഹർജിയിൽ ഉൾപ്പെട്ട സാരവത്തായ വസ്തുത താഴെപറയും പ്രകാരമാണ്:

1-ാം ഹർജികക്ഷി, 1-ാം എതിർകക്ഷി പള്ളിയിലെ ഒരംഗമാകുന്നതും വിവാഹത്തിന് വേണ്ടി ഒരപേക്ഷ സമർപ്പിച്ചിരുന്നതുമാണ്. തെങ്ങുവിളകുഴി സി.എസ്.ഐ. ചർച്ചിലെ ഒരംഗമായ 2-ാം ഹർജികക്ഷിയും വിവാഹത്തിന് വേണ്ടി ഒരു അപേക്ഷ സമർപ്പിച്ചു. അതിനുശേഷം, 1-10-2015 മുതൽ 3-10-2015 വരെ ഹർജികക്ഷികളുടെ വിവാഹപൂർവ്വ കൗൺസിലിംഗ് വിജയകരമായി പൂർത്തിയാക്കിയതായി തെളിയിക്കുന്ന സർട്ടിഫിക്കറ്റും പുറപ്പെടുവിച്ചു. അതിനുശേഷം തുടർന്നുള്ള മൂന്നു ഞായറാഴ്ചകളിലെ പ്രാർത്ഥനാ ശുശ്രൂഷക്കാലയളവിൽ, അവരുടെ ഉദ്ദിഷ്ടമായ വിവാഹത്തിന്റെ അറിയിപ്പ് പ്രസിദ്ധപ്പെടുത്തുന്ന/പ്രഖ്യാപിക്കുന്ന ഉദ്ദേശ്യത്തിലേക്കായി, അവരുടെ പുരോഹിതന്മാർക്ക് 1000 രൂപ വീതം ഹർജികക്ഷികൾ അടയ്ക്കുകയും ചെയ്തു. അതനുസരിച്ച്, ഹർജികക്ഷികളുടെ വിവാഹതീരുമാനം സംബന്ധിച്ച അറിയിപ്പ് 8-11-2015-നും 15-11-2015-നും വായിച്ചു. ആ സമയത്ത്, അഡിഷണൽ 4-ാം എതിർകക്ഷി, തീരുമാനിച്ച വിവാഹത്തിനെതിരെ ആക്ഷേപങ്ങൾ ഉന്നയിക്കുകയും, 1-ാം ഹർജികക്ഷി, 4-ാം എതിർകക്ഷിയെ വിവാഹം ചെയ്യാമെന്ന് വാഗ്ദാനം നൽകുകയും, 1-ാം ഹർജികക്ഷിയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയും അവളെ അതിനാൽ ചതിക്കുകയും, 4-ാം എതിർകക്ഷി ചതി തിരിച്ചറിഞ്ഞപ്പോൾ, അവൾ ബാലരാമപുരം പോലീസ് സ്റ്റേഷനിൽ ഒരു പരാതി കൊടുക്കുകയും ആയത് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 376-ാം വകുപ്പിൻകീഴിലെ കുറ്റകൃത്യമായി 1-ാം ഹർജികക്ഷിക്കെതിരെ രജിസ്റ്റർ ചെയ്ത ക്രൈം നം.573/2015-ൽ കലാശിക്കുകയും ചെയ്തു എന്ന് ആരോപിച്ചുകൊണ്ട് ഒരു പരാതി സഭാസംബന്ധിയായ കോടതി മുമ്പാകെ ബോധിപ്പിക്കുകയും ചെയ്തു. ആക്ഷേപം ലഭിച്ചതിൽ, ഡയോസിസിന്റെ സഭാ സംബന്ധിയായ കോടതി മുമ്പാകെ ഹാജരാകുന്നതിന് 1-ാം ഹർജികക്ഷിയോട് നിർദ്ദേശിച്ചു. 1-ാം ഹർജികക്ഷി ഹാജരാകുകയും വ്യക്തി വിരോധത്താൽ 4-ാം എതിർകക്ഷി സ്പഷ്ടമായ ഒരു വ്യാജ പരാതി സമർപ്പിച്ചു എന്ന് പറഞ്ഞുകൊണ്ട് അയാളുടെ വിശദീകരണം സമർപ്പിക്കുകയും ചെയ്തു. എഗ്സിബിറ്റ് പി.8 മുഖേന, സഭാ സംബന്ധിയായ കോടതി 4-ാം എതിർകക്ഷിയുടെ ആക്ഷേപം ശരിവയ്ക്കുയും ഹർജികക്ഷികൾ തമ്മിലുള്ള വിവാഹം 1-ാം എതിർകക്ഷി പള്ളിയിൽ വച്ച് യഥാവിധി നിർവ്വഹിക്കാൻ സാധിക്കില്ല എന്ന് തീരുമാനിക്കുകയും ചെയ്തു.

4. ഹർജികക്ഷികൾ പറയുന്ന പ്രകാരം, 1-ാം എതിർകക്ഷി, പള്ളി, വിവാഹം യഥാവിധി നിർവ്വഹിക്കുന്നത്, 1872-ലെ ഇന്ത്യൻ ക്രിസ്ത്യൻ വിവാഹ ആക്റ്റിലെയും സി.എസ്.ഐ. പള്ളികളിലെ ഭരണഘടനയിലെയും വ്യവസ്ഥകൾക്ക് വിധേയമാണ്. അപ്രകാരം 1-ാം എതിർകക്ഷി ഒരു പൊതുചുമതല നിർവ്വഹിക്കുന്നതും, ആയതിനാൽ, ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിൽ ഈ കോടതിയുടെ അധികാരിതയ്ക്ക് വിധേയമാക്കാവുന്നതാണ്. എഗ്സിബിറ്റ് പി.8 തീരുമാനം എടുത്ത കമ്മിറ്റിയിലെ അംഗങ്ങൾക്ക് ഹർജികക്ഷികൾക്കെതിരെ വ്യക്തി വിരോധം ഉണ്ടായിരുന്നതും, ആയതുകൊണ്ട് ദുരുദ്ദേശത്താൽ എഗ്സിബിറ്റ് പി.8 തീരുമാനം എടുത്തതാണെന്നും ഹർജികക്ഷികൾ ആരോപിച്ചു. സി.എസ്.ഐ. പള്ളിയിലെ അംഗങ്ങളുടെ വിവാഹം കൈകാര്യം ചെയ്യുന്ന

സി.എസ്.ഐ. പള്ളികളുടെ ഭരണഘടനയുടെ XII-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് കീഴിലോ 1872-ലെ ക്രിസ്ത്യൻ വിവാഹ ആക്റ്റിലെ വ്യവസ്ഥകളിലോ വിവാഹത്തിലെ കക്ഷികളിൽ ഒരാളുടെ മേൽ ധാർമ്മിക ച്യുതി ആരോപിച്ചുകൊണ്ട് വിവാഹം യഥാവിധി നിർവ്വഹിക്കുന്നതിന് വിസമ്മതിക്കുന്നതിന് 1-ാം എതിർകക്ഷിക്ക് യാതൊരു അധികാരവും ഇല്ല എന്ന് തർക്കിച്ചു.

5. 3-ാം എതിർകക്ഷി, അയാൾ ബാലരാമപുരം സി.എസ്.ഐ. ജില്ലാ പള്ളിയിലെ ജില്ലാ സെക്രട്ടറി എന്ന നിലയിൽ ഒരു എതിർ സത്യവാങ്മൂലം ഫയൽ ചെയ്തു. എതിർ സത്യവാങ്മൂലത്തിൽ, പള്ളി, ഒരു വിവാഹം യഥാവിധി നിർവ്വഹിക്കുന്നിടത്ത്, ഏതെങ്കിലും പൊതു കടമയോ, പൊതു ചുമതലയോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി കർത്തവ്യമോ നിർവ്വഹിക്കുന്നില്ല എന്ന് തർക്കിച്ചു. അപ്രകാരം പള്ളി, ഇന്ത്യൻ ഭരണഘടനയുടെ 12-ാം അനുച്ഛേദത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരാത്തതും, ആയതിനാൽ, ഡയോസിസ് കമ്മിറ്റിയുടെ തീരുമാനം റദ്ദാക്കുന്നതിന് ആവശ്യപ്പെടുന്ന റിട്ട് ഹർജിയും വിവാഹം യഥാവിധി നിർവ്വഹിക്കുന്നതിന് പള്ളിയെ നിർദ്ദേശിച്ച് കൊണ്ടുള്ള മാൻഡമസ് റിട്ടും നിലനിൽക്കുന്നതല്ല. 4-ാം എതിർകക്ഷി, 1-ാം ഹർജികക്ഷിയുമായുള്ള ബന്ധവും അവളുടെ അപേക്ഷ പ്രകാരം ഐപിസി.-യിലെ 376-ാം വകുപ്പിൻകീഴിലെ കുറ്റത്തിന് 1-ാം ഹർജികക്ഷിക്കെതിരെ ഒരു ക്രൈം രജിസ്റ്റർ ചെയ്തതും ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു ആക്ഷേപം ഫയൽ ചെയ്തു എന്ന് തർക്കിച്ചു. പരാതി ലഭിച്ചതിന്മേൽ, പള്ളി കമ്മിറ്റി, ജില്ലാ കൗൺസിലിനോട് ബന്ധിപ്പിച്ച പള്ളിയുടെ അഞ്ചംഗ ജില്ലാ കോടതിക്ക് സംഗതി റഫർ ചെയ്തു. തദനന്തരം, 1-ാം ഹർജികക്ഷിക്ക്, അയാളുടെ വിശദീകരണം നൽകുന്നതിന് നോട്ടീസ് അയച്ചു. 1-ാം ഹർജികക്ഷി ഒരു വക്കീലിനെ ഏർപ്പാടാക്കുകയും എഗ്സിബിറ്റ് പി.5 പ്രസ്താവനയും ഫയൽ ചെയ്തു. അതിനുശേഷം, ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെ സിനഡ് നിയോഗിച്ച ബിഷപ്പ്, അയാൾ ഡയോസിസിന്റെ പരാമാധികാരി ആയിരിക്കുന്നതും ഡയോസിസിന്റെ അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടുകയും ചെയ്തു. എഗ്സിബിറ്റ് പി.8(എ) നിയമോപദേശം ആകുന്നതും, ആയതിൽ, വിവാഹം യഥാവിധി നിർവ്വഹിക്കുന്നതിനായുള്ള നടപടികളുമായി പള്ളി മുന്നോട്ടു പോകാൻ പാടില്ല എന്ന് ഉപദേശം നൽകി. ആയതിനാൽ, ബിഷപ്പിൽനിന്നും അനുമതി വാങ്ങിയശേഷം, വിവാഹത്തിന്റെ കൂടുതൽ നടപടികൾ നിർത്തിവച്ചു. ഹർജികക്ഷികൾ വിവാഹ കൗൺസിലിംഗിൽ ഹാജരായതും അവരുടെ തീരുമാനിച്ച വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പിന്റെ പ്രസിദ്ധീകരണത്തിന് വേണ്ടി ഫീസ് അടച്ചതും ആക്ഷേപങ്ങൾ പരിഗണിക്കാതെ അവരുടെ വിവാഹം യഥാവിധി നിർവ്വഹിക്കേണ്ടതാണ് എന്ന് അവകാശപ്പെടാൻ ഹർജികക്ഷികൾക്ക് യാതൊരു അവകാശവും നൽകുന്നില്ല.

6. ഹർജികക്ഷികളുടെ മൗലികാവകാശം ലംഘിക്കപ്പെട്ടു എന്ന് തെളിയിക്കാൻ അവർക്ക് സാധിക്കുന്നതുവരെയോ ഇന്ത്യൻ ഭരണഘടനയുടെ 12-ാം അനുച്ഛേദത്തിൻ കീഴിലെ 'സ്റ്റേറ്റി'ന്റെ നിർവ്വചനത്തിനുള്ളിൽ എതിർകക്ഷി പള്ളി വരുന്നതുവരെയോ അല്ലാതെ പള്ളിക്കെതിരെ യാതൊരു റിട്ടും പുറപ്പെടുവിക്കാൻ കഴിയില്ല എന്ന് തർക്കിച്ചുകൊണ്ട് 4-ാം എതിർകക്ഷി ഒരു എതിർ സത്യമാങ്മൂലം ഫയൽ ചെയ്തു. 2005 മുതൽ 1-ാം ഹർജികക്ഷിയും 4-ാം എതിർകക്ഷിയും തമ്മിൽ പ്രണയത്തിലായിരുന്നെന്നും 1-ാം ഹർജികക്ഷി 4-ാം എതിർകക്ഷിയെ ലൈംഗികമായി ചൂഷണം ചെയ്തുവെന്നും, പിന്നീട് വിവാഹം ചെയ്യാൻ വിസമ്മതിക്കുകയും, ആയത് 1-ാം ഹർജികക്ഷിക്കെതിരെ

ആ ക്രൈം രജിസ്റ്റർ ചെയ്തതിലേക്ക് നയിച്ച ഒരു പരാതി പോലീസിന് മുമ്പാകെ ഫയൽ ചെയ്യാൻ 4-ാം എതിർകക്ഷിയെ നിർബന്ധിത യാക്കി എന്നും ബോധിപ്പിച്ചു. 4-ാം എതിർ കക്ഷി പറയുന്ന പ്രകാരം, വിവാഹം ചെയ്യാമെന്ന വ്യാജ വാഗ്ദാനത്തിന്മേൽ അവൾ 2008 മുതൽ ലൈംഗിക ബന്ധത്തിന് വിധേയയായി. ഹർജികക്ഷികൾ തമ്മിൽ വിവാഹം തീരുമാനിച്ചതിനെതിരെ ഒരു ആക്ഷേപം അവൾ ഉന്നയിച്ചത് ഈ പശ്ചാത്തലത്തിൽ ആയിരുന്നു. 1-ാം ഹർജി കക്ഷിക്ക് അയാളുടെ വിശദീകരണം സമർപ്പി ക്കുന്നതിന് ഒരവസരം നൽകിയ ശേഷമായി രുന്നു എഗ്സിബിറ്റ് പി.8 പുറപ്പെടുവിച്ചത്. എഗ്സിബിറ്റ് പി.8 തികച്ചും ക്രമപ്രകാര മുള്ളതും ഈ കോടതിയുടെ, പ്രത്യേകിച്ചും, ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദ ത്തിൻകീഴിലെ വിവേചനപരമായ അധികാരിത വിനിയോഗിക്കുന്നിടത്ത്, യാതൊരു ഇടപെടലും ആവശ്യമാക്കുന്നില്ല.

7. വ്യവഹാരം നിലനിൽക്കുന്നതിന്റെ തർക്കവിഷയത്തിനുള്ള ഉത്തരം, ക്രിസ്ത്യൻ മാര്യേജ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, 1-ാം എതിർകക്ഷി ഏതെങ്കിലും പൊതു കർത്തവ്യമോ പൊതു ചുമതലയോ നിർവ്വ ഹിച്ചിരുന്നോ എന്നതിനെ ആശ്രയിക്കുന്നു. ക്രിസ്ത്യൻ മതവിശ്വാസികളായ ആൾക്കാ രുടെ വിവാഹങ്ങൾ ഇന്ത്യയിൽ യഥാവിധി നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്ന തിനും വേണ്ടി ക്രിസ്ത്യൻ മാര്യേജ് ആക്റ്റ് അവതരിപ്പിച്ചു. ഈ ആക്റ്റിന്, 1956 നവംബർ 1-ാം തീയതിക്ക് തൊട്ടുമുൻപ് തിരുവിതാംകൂർ-കൊച്ചി, മണിപ്പൂർ, ജമ്മു & കാശ്മീർ എന്നീ സംസ്ഥാനങ്ങളിൽ ഉൾപ്പെടുന്നതായ പ്രദേശ ങ്ങൾ ഒഴികെ ഇന്ത്യ മുഴുവൻ വ്യാപ്തിയു ണ്ടാകുന്നു. അതിനാൽ, ഈ ആക്റ്റ് തിരുവിതാംകൂർ-കൊച്ചിയിൽ ബാധകമല്ല, ആ സ്ഥിതി ഇന്നും തുടരുന്നു. അങ്ങനെയുള്ള വിഷയങ്ങളിൽ, സി.എസ്.ഐ. പള്ളികളുടെ ഭരണഘടന, പ്രത്യേകിച്ച്, അതിലെ പള്ളിയിലെ വിവാഹനിയമം കൈകാര്യം ചെയ്യുന്ന XII-ാം അദ്ധ്യായത്തിന് പ്രസക്തി വരുന്നു. XII-ാം അദ്ധ്യായത്തിന്റെ 1-ാം ഖണ്ഡം ചർച്ച് ഓഫ് സൗത്ത് ഇന്ത്യയിലെ ഓരോ ബിഷപ്പിനെയും ഡയോസിസിലെ ബിഷപ്പ് അധികാരപ്പെടു ത്തിയ ഓരോ പ്രസ്ബൈറ്ററെയും ഡീക്കണെയും ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്റ്റിലെയോ മറ്റേതെങ്കിലും നിയമത്തി ലെയോ വ്യവസ്ഥകൾക്ക് വിധേയമായി പള്ളി യിലെ വിവാഹങ്ങൾ യഥാവിധി നിർവ്വഹി ക്കുന്നതിന് അധികാരപ്പെടുത്തുന്നു. XII-ാം അദ്ധ്യായത്തിന്റെ 7-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിവാഹം യഥാവിധി നിർവ്വഹിക്കുന്നതിനുള്ള നടപടി ചുവടെ ചേർക്കുന്നു.

"7. എപ്പോഴെല്ലാം പള്ളിയുടെ ഏതെങ്കിലും പുരോഹിതൻ ഒരു വിവാഹം യഥാവിധി നിർവ്വഹിക്കുമ്പോഴും, താഴെ പറയുന്ന നടപടി പിൻതുടരേണ്ടതാണ്:

(എ) വിവാഹം ചെയ്യുന്നതിന് ഉദ്ദേശി ക്കുന്ന ഒന്നോ അല്ലെങ്കിൽ രണ്ട് പേരുമോ, ആയതിൽ കക്ഷികൾ വെവ്വേറെ താമസിക്കു ന്നിടത്ത്, പുരോഹിതൻമാരുടെ ചുമതലയുള്ള പ്രസ്ബൈറ്റർമാർക്ക് അത് സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതും, അതിൽ—

(i) വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്ന ഓരോ ആളുടെയും പൂർണ്ണമായ പേര്, പിതാവിന്റെ പേര്, വയസ്സ്, തൊഴിലും സ്ഥിതിയും,

(ii) അവരിൽ ഓരോരുത്തരുടെയും വാസസ്ഥലം,

(iii) ഓരോരുത്തരും അവിടെ താമസിക്കുന്ന കാലയളവ്,

(iv) വിവാഹം യഥാവിധി നിർവ്വ ഹിക്കുന്നതിനുള്ള സ്ഥലം എന്നിവ പ്രസ്താ വിക്കേണ്ടതാണ്.

(ബി) (i) ചുമതലയുള്ള പ്രസ്ബൈ റ്റർമാർ, അങ്ങനെയുള്ള അറിയിപ്പ് ലഭിച്ചതിൽ,

ഡിവൈൻ സർവ്വീസ് കാലയളവിൽ, വിവാഹം ചെയ്യുന്ന കക്ഷികൾ വെവ്വേറെ താമസിക്കുന്ന സ്ഥലത്ത് (അല്ലെങ്കിൽ, അപ്പറഞ്ഞ സ്ഥലങ്ങ ളിലേതിലെങ്കിലും പള്ളി ഇല്ലാത്തപക്ഷം, അതിലേക്ക് അനുയോജ്യമായ സമീപ സ്ഥലത്ത്) മൂന്നു ഞായറാഴ്ചകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(ii) ഏതെങ്കിലും ഡയോസെസൻ കൗൺസിലിന്, പ്രത്യേക സംഗതികളിൽ, നോട്ടീസ് പ്രസിദ്ധീകരണത്തിന്റെ കാലയള വിന് ഇളവിനും ഞായറാഴ്ചകളല്ലാത്ത മറ്റു ദിവസങ്ങളിൽ വിവാഹങ്ങളുടെ നോട്ടീസുകൾ പ്രസിദ്ധപ്പെടുത്തുന്നതിന് അനുമതിക്കായും വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാ വുന്നതും, എന്നാൽ, എല്ലാ സംഗതികളിലും വിവാഹത്തിന്റെ നോട്ടീസിന്റെ ആദ്യ പ്രസിദ്ധീകരണത്തിനും വിവാഹം യഥാവിധി നിർവ്വഹിക്കുന്നതിനും ഇടയ്ക്ക് കുറഞ്ഞത് 96 മണിക്കൂർ കാലയളവ് കഴിഞ്ഞിരിക്കണം.

(iii) ചുമതലയുള്ള ഓരോ പ്രസ്ബൈറ്ററും അങ്ങനെയുള്ള പ്രസിദ്ധീക രണം പൂർത്തിയായതിൽ, നിയമപരമായ യാതൊരു തടസ്സവും കാണിക്കാതെ പ്രസിദ്ധീകരണത്തിന്റെ ഒരു സർട്ടിഫിക്കറ്റ് നൽകുകയും, എന്നാൽ അങ്ങനെയുള്ള സർട്ടിഫിക്കറ്റ് എന്തുകൊണ്ട് പുറപ്പെടുവിച്ചില്ല എന്ന് അയാളെ ബോദ്ധ്യപ്പെടുത്തുന്നതിന് യാതൊരു നിയമ തടസ്സവും കാണിക്കുന്നില്ല.

(iv) അങ്ങനെയുള്ള സർട്ടിഫിക്ക റ്റുകൾ പുറപ്പെടുവിച്ചശേഷം, വിവാഹസ്ഥലം സ്ഥിതി ചെയ്യുന്നിടത്തെ പുരോഹിതന്റെ ചുമതലയുള്ള പ്രസ്ബൈറ്ററോ ആ ആവശ്യ ത്തിലേക്കായി അയാൾ അധികാരപ്പെടുത്തിയ പള്ളിയിലെ മറ്റേതെങ്കിലും പുരോഹിതനോ നോട്ടീസ് നൽകിയ സ്ഥലത്ത് വച്ച് വിവാഹം യഥാവിധി നിർവ്വഹിക്കാവുന്നതാണ്. നോട്ടീസ് നൽകിയ സ്ഥലത്തല്ലാത്ത മറ്റേതെങ്കിലും സ്ഥലത്ത് വിവാഹം, ഡയോസിസിന്റെ ബിഷപ്പിന്റെയോ ഡയോസെസൻ കൗൺസിൽ അതിലേക്ക് അധികാരപ്പെടുത്തിയ മറ്റു ഡയോസെസൻ ഉദ്യോഗസ്ഥനോ യഥാവിധി നിർവ്വഹിക്കാവുന്നതാണ്:

എന്നാൽ വിവാഹത്തിന്റെ നോട്ടീ സിന്റെ ആദ്യ പ്രസിദ്ധീകരണ തീയതിക്ക് ശേഷം മൂന്നു മാസങ്ങൾക്കുള്ളിൽ എപ്പോഴെങ്കിലും ഒരു വിവാഹം യഥാവിധി നിർവ്വഹിച്ചിട്ടില്ലെങ്കിൽ, പ്രസിദ്ധീകരണത്തിന്റെ സർട്ടിഫിക്കറ്റുകൾ അസാധുവാകുന്നതും പുതിയ നോട്ടീസും കൂടാതെ മേൽ വ്യവസ്ഥ ചെയ്ത പോലെ അതിലേക്ക് പ്രസിദ്ധീകരണ ത്തിന്റെ സർട്ടിഫിക്കറ്റുകളും നൽകുന്നതു വരെ യാതൊരാളും വിവാഹം യഥാവിധി നിർവ്വഹിക്കുന്നതുമായി മുന്നോട്ടുപോകാൻ പാടില്ല.

(v) ഏതൊരു ഡയോസെസൻ കൗൺസിലിനും, സ്പെഷ്യൽ മാര്യേജ് ലൈസൻസുകൾ പുറപ്പെടുവിക്കുന്നതിനും ആയതിൻകീഴിൽ ഈ ചട്ടത്തിൽ ആവശ്യ മായ നോട്ടീസുകളുടെ പ്രസിദ്ധീകരണ മില്ലാതെ ഒരു വിവാഹം യഥാവിധി നിർവ്വഹി ക്കുന്നതിന് വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഡയോസെസൻ കൗൺസിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടങ്ങൾക്കും സിനഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്."

8. നോട്ടീസിന്റെ പ്രസിദ്ധീകരണത്തിന്റെ സർട്ടിഫിക്കറ്റ് നൽകൽ, സർട്ടിഫിക്കറ്റ് നൽകുന്നതിൽ യാതൊരു തടസ്സവുമില്ല എന്ന് മതപുരോഹിതന് ബോദ്ധ്യപ്പെട്ടു എന്ന ഉപാധിക്ക് വിധേയമാണെന്ന് മേൽ നടപടി വെളിവാക്കുന്നു. പള്ളിയിലും സി.എസ്.ഐ ഡിസ്ട്രിക്റ്റ് ചർച്ച് അംഗങ്ങളും പറയുന്ന പ്രകാരം, 1-ാം ഹർജിക്കാരന് 4-ാം എതിർ കക്ഷിയുമായി നിയമാനുസൃതമല്ലാത്ത

ബന്ധമുണ്ടെന്നുള്ളതും അയാൾ ഐപിസി 376-ാം വകുപ്പിൻ കീഴിലെ കുറ്റകൃത്യം നടത്തിയെന്നാരോപിക്കുന്ന ഒരു ക്രൈം-ലെ ഒരു പ്രതിയായിരിക്കുന്നതുമായ വസ്തുത, ഹർജികക്ഷികളുടെ വിവാഹം യഥാവിധി നിർവ്വഹിക്കുന്നതിന് എതിരായ ഒരു തടസ്സമായിരുന്നു. അതിനാൽ, സഭാസംബന്ധിയായ കോടതിയുടെ അംഗങ്ങളുടെ ഈ വിഷയത്തെ സംബന്ധിച്ച കണ്ടെത്തൽ 226-ാം അനുച്ഛേദത്തിൻകീഴിലെ ഒരു നടപടിയിൽ നീതീകരിക്കത്തക്കതാണോ എന്നതാണ് ചുരുക്ക തർക്ക വിഷയം.

9. ക്രിസ്ത്യൻ മാര്യേജ് ആക്റ്റിൻകീഴിലെ അധികാരത്തിന്റെ അടിസ്ഥാനത്തിൽ, 1-ാം എതിർകക്ഷി, ഒരു പൊതു കർത്തവ്യം വിനിയോഗിക്കുന്നതായും, അതിനാൽ, ഹർജികക്ഷികളുടെ വിവാഹം യഥാവിധി നിർവ്വഹിക്കുന്നതിന് 1-ാം എതിർകക്ഷിയെ നിർദ്ദേശിച്ചുകൊണ്ട് ഒരു മാൻഡാമസ് റിട്ട് പുറപ്പെടുവിക്കുന്നതിൽ യാതൊരു നിയമ തടസ്സവും ഇല്ലെന്ന് ഹർജികക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകൻ തർക്കിച്ചു. ഹർജികക്ഷികളുടെ അഭിഭാഷകൻ മുന്നോട്ടു വച്ച തർക്കം പരിഗണിക്കുന്നതിനായി താഴെ പറയുന്ന ചില തീരുമാനങ്ങൾ പ്രസക്തമാണ്: **വി എസ് റ്റി ഇൻഡസ്ട്രീസ് ലിമിറ്റഡ് *Vs* വി എസ് റ്റി ഇൻഡസ്ട്രീസ് വർക്കേഴ്സ് യൂണിയൻ (മനു/എസ്‌സി/0760/2000: (2001) 1 എസ്‌സിസി 298)**-ൽ സ്വകാര്യ നികായം ഒരു പൊതു കർത്തവ്യം നിർവ്വഹിക്കുന്നത് എന്തായി പരിണമിക്കും എന്ന തർക്ക വിഷയം ബഹു. പരമോന്നത കോടതി കൈകാര്യം ചെയ്യുകയും താഴെ പറയും പ്രകാരം വിധിക്കുകയും ചെയ്തു:

"7. ഡെ സ്മിത്, വൂൾഫും ജോവൽസ്-ന്റെ ജുഡീഷ്യൽ റിവ്യൂ ഓഫ് അഡ്മിനിസ്ട്രേറ്റീവ് ആക്ഷന്റെ 5-ാം പതിപ്പിൽ, സ്വകാര്യ നികായങ്ങളുടെ എല്ലാ പ്രവൃത്തികളും സ്വകാര്യ നിയമത്തിന് വിധേയമാകുന്നില്ല എന്ന് ശ്രദ്ധിച്ചു. ഉദാഹരണത്തിന്, സ്വകാര്യ നികായങ്ങളുടെ തീരുമാനങ്ങൾ നിയമത്താൽ നൽകപ്പെട്ട കർത്തവ്യങ്ങൾക്ക് വിധേയമാകുമ്പോഴോ ചുമതലയുടെ അടിസ്ഥാനത്തിൽ അത് നിർവ്വഹിക്കുമ്പോഴോ, കഴിയുന്നിടത്തോളം അതിന്റെ മാർക്കറ്റിലെ ശ്രേഷ്ഠമായ സ്ഥാനമോ അത് പൊതു താത്പര്യത്തിൽ പ്രവർത്തിക്കണമെന്ന ഒരു പരോക്ഷ കർത്തവ്യത്തിന് കീഴിൽ വരുന്നതുമാണ്...... വിശദമായ സംവാദത്തിന് ശേഷം, ഗ്രന്ഥകർത്താക്കൾ സ്ഥിതി താഴെ പറയുന്ന പ്രകാരം സംക്ഷിപ്തമാക്കിയിട്ടുണ്ട്:

(1) ഒരു നികായം ഒരു പൊതു ചുമതല നിർവ്വഹിക്കുന്നു എന്നും അതിനാൽ ജുഡീഷ്യൽ റിവ്യൂവിന് വിധേയമാകുമോ എന്നതിന്റെ പരിശോധന, അതിന്റെ അധികാരത്തിന്റെ ഉറവിടത്തെയോ ആ നികായം പ്രകടമായ ഒരു 'പൊതു' അല്ലെങ്കിൽ ഒരു 'സ്വകാര്യ' നികായമോ ആണോ എന്നതിനെ ആശ്രയിക്കുന്നില്ല.

(2) ജുഡീഷ്യൽ റിവ്യൂവിന്റെ തത്വങ്ങൾ പ്രഥമദൃഷ്ട്യാ പൊതു ചുമതലകൾ നിർവ്വഹിക്കുന്ന നികായങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു."

10. എന്തെല്ലാം പ്രവൃത്തികൾ പൊതു ചുമതലയോ പൊതു കർത്തവ്യമോ ആക്കിത്തീർക്കും എന്ന തർക്കവിഷയം പരമോന്നത കോടതി **ജി. ബാസ്സി റെഡ്ഡി *Vs* ഇന്റർനാഷണൽ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (മനു/എസ്‌സി/0115/2003 : (2003)4 എസ്‌സിസി 225)**-ൽ പരിശോധിക്കുകയും താഴെപ്പറയും പ്രകാരം വിധിക്കുകയും ചെയ്തു:

"28. ഒരു "വ്യക്തി"ക്കെതിരെ അതൊരു സ്റ്റാറ്റ്യൂട്ടറി ബോഡിയോ അല്ലെങ്കിൽ ഒരു പൊതു ചുമതല നിർവ്വഹിക്കുകയോ ഒരു

പൊതു അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഡ്യൂട്ടി നിർവ്വഹിക്കുകയോ ചെയ്യുന്ന പക്ഷം 226-ാം അനുച്ഛേദത്തിൻ കീഴിലെ ഒരു റിട്ട് നിലനിൽക്കുന്നതാണ്........ ഐ സി ആർ ഐ എസ് എ റ്റി ഒരു സ്റ്റാറ്റ്യൂട്ടിനാൽ രൂപീകരിച്ചതോ അതിന്റെ പ്രവർത്തനങ്ങൾ സ്റ്റാറ്റ്യൂട്ടിനാൽ നിയന്ത്രിക്കുന്നതോ അല്ല എന്നു വരികിലും, ഒരു പൊതു ചുമതലയോ പൊതു കർത്തവ്യമോ എന്താണെന്ന് നിർവ്വചിക്കുന്നത് എളുപ്പമല്ല, അങ്ങനെയുള്ള ചുമതലകൾ, സംസ്ഥാനം, അതിന്റെ പരമാധികാര പദവിയിൽ, നിർവ്വഹിക്കുന്നവയുമായി അടുത്ത് ബന്ധമുള്ളതോ സമാനമായതോ ആണെന്ന് യഥോചിതം പറയാം. ഐ സി ആർ ഐ എസ് എ റ്റി -യുടെ പ്രാഥമിക പ്രവർത്തനം, കാർഷിക മേഖലയിൽ ഗവേഷണവും പരിശീലന പരിപാടികളും തികച്ചും പരപ്രേരണ കൂടാതെ നടത്തുതാണ്. സ്വമേധയാ ഏറ്റെടുക്കുന്ന ഒരു സേവനം പൊതു കർത്തവ്യമായി പറയാൻ കഴിയില്ല. കൂടാതെ ഐ സി ആർ ഐ എസ് എ റ്റി, ഇന്ത്യയുടെ പ്രാദേശികാതിർത്തികൾക്കപ്പുറം വ്യാപിച്ചു കിടക്കുന്ന ഒരു പങ്ക് വഹിക്കുന്നതും അതിന്റെ പ്രവർത്തനങ്ങൾ ലോകം മുഴുവനുമുള്ള ജനങ്ങൾക്ക് ആനുകൂല്യത്തിനായി ആസൂത്രണം ചെയ്തിരിക്കുന്നതുമാണ്. ഇന്ത്യൻ സമൂഹം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളാകുന്നിടത്ത്, ഇന്ത്യൻ ജനസമൂഹത്തിന് ഗവേഷണവും പരിശീലന സൗകര്യങ്ങളും നൽകുന്നതിന് ഐ സി ആർ ഐ എസ് എ റ്റി ഒരു കർത്തവ്യം വഹിക്കുന്നു എന്ന് തീർച്ചയായും പറയാൻ കഴിയില്ല.

11. കൂടാതെ, **ഫെഡറൽ ബാങ്ക് ലിമിറ്റഡ് *Vs* സാഗർ തോമസ് (മനു/എസ്‌സി/ 0769/ 2003: (2013) 10 എസ്‌സിസി 733)**-ൽ വീണ്ടും ഈ തർക്ക വിഷയം പരിഗണനയ്ക്കായി ഉയർന്നു. പരമോന്നത കോടതി മുൻപുണ്ടായിരുന്നവയുടെ വിശദമായ ഒരു സർവ്വേക്ക് ശേഷം, ഏതെല്ലാം വ്യക്തിത്വങ്ങൾക്കും ഘടകങ്ങൾക്കും എതിരെ ഒരു റിട്ട് ഹർജി നിലനിൽക്കുമെന്ന് താഴെപറയും പ്രകാരം തരംതിരിച്ചു:

"18. മേൽസൂചിപ്പിച്ച തീരുമാനങ്ങളിൽ നിന്നും, ആവിർഭവിച്ച സ്ഥിതി, ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിലെ ഒരു റിട്ട് ഹർജി, (i) സംസ്ഥാനം (സർക്കാർ); (ii) ഒരു അധികാരസ്ഥാനം; (iii) ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി; (iv) സംസ്ഥാനത്തിന്റെ ഇൻസ്ട്രുമെന്റാലിറ്റി അഥവാ ഏജൻസി; (v) സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലും സഹായത്തിലുമുള്ള ഒരു കമ്പനി; (vi) യഥാർത്ഥത്തിൽ സംസ്ഥാന ഫണ്ടിനാൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ നികായം; (vii) പൊതു കർത്തവ്യമോ പൊതു സ്വഭാവത്തിലെ മുഖ്യമായ ബാദ്ധ്യതയോ നിർവ്വഹിക്കുന്ന ഒരു സ്വകാര്യ നികായം; (viii) ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിൻകീഴിൽ ഏതെങ്കിലും ചുമതല നിർവ്വഹിക്കുന്നതിന് ബാദ്ധ്യതയുള്ള ഒരു വ്യക്തിയോടോ ഒരു നികായത്തോടോ അങ്ങനെയുള്ള സ്റ്റാറ്റ്യൂട്ടറി ചുമതല നിർവ്വഹിക്കുന്നതിന് അതിനെ നിർബന്ധിക്കുന്നതിനും, നിലനിൽക്കുന്നതാണ്."

12. പിന്നീട്, **കെ.കെ. സക്സേന *Vs* ഇന്റർനാഷണൽ കമ്മീഷൻ ഓൺ ഇറിഗേഷൻ ആന്റ് ഡ്രെയ്നേജ് (മനു/എസ്‌സി/1213/ 2014 : (2015) 4 എസ്‌സിസി 670)**-ൽ നിയമപരമായ സ്ഥിതി സംക്ഷിപ്തമായി ബഹു. സുപ്രീം കോടതി താഴെ പറയും പ്രകാരം പ്രതിപാദിച്ചു:

"43. ഈ കോടതിയുടെ മേൽപ്പറഞ്ഞ വിധിന്യായങ്ങളുടെ ഒരു സൂക്ഷ്മമായതും ശ്രദ്ധയോടുമുള്ള വായനയിൽ നിന്നും അർത്ഥമാക്കുന്നത്, ഏതൊരു വ്യക്തിയോ അധികാരസ്ഥാനമോ ഭരണഘടനയുടെ 12-ാം അനുച്ഛേദത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിലെ

"സ്റ്റേറ്റ്"-ൽ വരുന്ന പക്ഷം, തീർച്ചയായും, 226-ാം അനുച്ഛേദത്തിൻകീഴിലെ ഒരു റിട്ട് ഹർജി അങ്ങനെയുള്ള ഒരു വ്യക്തിക്കോ നികായത്തിനോ എതിരെ നിലനിൽക്കുന്നതാണ്. എന്നിരുന്നാലും അങ്ങനെയുള്ള കേസ്സുകളിൽ പോലും സ്വകാര്യ നിയമ അവകാശങ്ങൾ നടപ്പിലാക്കുന്നതിന് റിട്ട് നിലനിൽക്കുന്നതല്ല എന്നുംകൂടി ഞങ്ങൾ കൂട്ടിച്ചേർക്കുന്നു. ഈ വസ്തുതയിന്മേൽ പരസ്പരം ബന്ധപ്പെട്ട വിധിന്യായങ്ങളുടെ ഒരു ശൃംഖല തന്നെയുള്ളതും, അവ അഡ്മിനിസ്ട്രേറ്റീവ് ലാ-യുടെ കീഴിലെ ഒരു പ്രവൃത്തിയുടെ ജുഡീഷ്യൽ റിവ്യൂവിന്റെ അടിസ്ഥാനതത്വമായതിനാൽ അപ്പറഞ്ഞ വിധിന്യായങ്ങൾ പരാമർശിക്കേണ്ട ആവശ്യമില്ല. കാരണം സ്പഷ്ടമാണ്. ഒരു സ്വകാര്യ നിയമം, അങ്ങനെയുള്ള കരാർ നിയമമോ സിവിൽ നിയമലംഘനമോ പോലെ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ ഉൾക്കൊള്ളുന്ന പൊതുനിയമത്തിന്റെ ഒരു ഭാഗമായ ഒരു നിയമപരമായ സമ്പ്രദായത്തിന്റെ ഭാഗമാകുന്നു. അതുകൊണ്ട് ഒരു അധികാരസ്ഥാനത്തിനെതിരെ റിട്ട് ഹർജി നിലനിൽക്കുമെങ്കിൽ പോലും, ആയത് ഭരണഘടനയുടെ 12-ാം അനുച്ഛേദത്തിൻകീഴിലെ "സ്റ്റേറ്റ്" ആകുന്നതും, ഏതൊരു റിട്ടും, പ്രത്യേകിച്ച് മാൻഡാമസ് റിട്ട് പുറപ്പെടുവിക്കുന്നതിന് മുൻപ് അങ്ങനെയുള്ള ഒരു അധികാരസ്ഥാനത്തിന്റെ ചോദ്യം ചെയ്യപ്പെട്ട നടപടി സ്വകാര്യ നിയമത്തിൽ നിന്നും വേർതിരിക്കുന്ന പൊതുനിയമത്തിന്റെ വിഷയവ്യാപ്തിയിലുള്ളതാണോ എന്ന് കോടതിയ്ക്ക് ബോദ്ധ്യപ്പെടേണ്ടതുണ്ട്."

13. അതുകൊണ്ട്, ഒരു വ്യക്തിയോ, വ്യക്തികളുടെ നികായമോ അല്ലെങ്കിൽ ഒരു സ്ഥാപനമോ ഒരു പൊതു കർത്തവ്യം നിർവ്വഹിക്കുന്നു എന്നു കണ്ടെത്തുന്ന സംഗതികളിൽപോലും, തികച്ചും സ്വകാര്യ നിയമ അവകാശങ്ങൾ നടപ്പിലാക്കുന്നതിന് ഒരു റിട്ട് നിലനിൽക്കുന്നതല്ല, ആയത്, ഹർജി കക്ഷികളുടെ സംഗതിയിൽ അവരുടെ വിവാഹം യഥാവിധി നിർവ്വഹിക്കുന്നത്.

14. ഹർജികക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകൻ അയാളുടെ തർക്കമായ വ്യക്തികളുടെയോ നികായങ്ങളുടെയോ ചുമതലകൾ പൊതു സ്വഭാവത്തിലുള്ളിടത്ത് റിട്ട് അധികാരിതയ്ക്ക് വിധേയമാക്കാവുന്നതാണെന്നതിന് അവലംബിച്ച ഹൗസ് ഓഫ് ലോർഡ്സിന്റെ **ആസ്റ്റൺ കാന്തലോ ആന്റ് വിൽമ്കോട്ട് വിത്ത് ബില്ലസ്ലേ പരോച്യൽ ചർച്ച് കൗൺസിൽ *Vs* വാൾബാങ്കും മറ്റൊരാളും (മനു/യു കെ എച്ച് എൽ/0087/2003 : (2003) യു കെ എച്ച് എൽ 37)**-ലെ തീരുമാനം, ഡയോസസിലെ രണ്ടംഗങ്ങൾ തമ്മിലുള്ള വിവാഹം യഥാവിധി നിർവ്വഹിച്ചുകൊണ്ട് പള്ളി നടത്തുന്ന ചുമതല ഒരു പൊതു കർത്തവ്യമോ പൊതു ചുമതലയോ അല്ലാത്തതിനാൽ ഇവിടെ ബാധകമല്ല.

മേൽ പ്രതിപാദിച്ച കാരണങ്ങളാൽ, റിട്ട് ഹർജി നിലനിൽക്കുന്നതല്ല എന്ന് കണ്ടെത്തുകയും തത്ഫലമായി തള്ളുകയും ചെയ്യുന്നു. ചെലവിന് യാതൊരു ഉത്തരവുമില്ല.

*——————*

## കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ

'മിലൻ' റ്റി.സി. 30/1633, കെ.എസ്.വി.-120, പള്ളിമുക്ക്, പേട്ട പി. ഒ.,
തിരുവനന്തപുരം-695 024, ഫോൺ: 0471-2743131

കേന്ദ്ര നിയമങ്ങളുടെ ആധികാരിക മലയാള പരിഭാഷ

20%

വിലക്കിഴിവിൽ ലഭ്യമാണ്.




20% റിബേറ്റ് Rs. 580/-

*കമ്മീഷനിൽ നിന്നും വിൽപ്പന നടത്തുന്ന എല്ലാ പുസ്തകങ്ങൾക്കും 20% സർക്കാർ ഡിസ്ക്കൗണ്ട് അനുവദിച്ചിട്ടുണ്ട്.*

# FORM IV

Statement about ownership and other particulars about newspaper (NIYAMA DWANI) to be published in the first issue every year after the last day of February.

| | | |
|---|---|---|
| 1. Place of publication | : | Thiruvananthapuram |
| 2. Periodicity of its publication | : | FMLY |
| 3. Printer's Name | : | SUPERINTENDENT OF GOVT. PRESSES |
| Nationality | : | Indian |
| Address | : | Government Press, Mannanthala, Thiruvananthapuram. |
| 4. Publisher's Name | : | LAW SECRETARY |
| Nationality | : | Indian |
| Address | : | Law Department, Government Secretariat, Thiruvananthapuram. |
| 5. Editor's Name | : | Law Secretary |
| Nationality | : | Indian |
| Address | : | Law Department, Government Secretariat, Thiruvananthapuram. |
| 6. Name and address of individual who own the newspapers and partners or share holders holding more than one percent of the total capital | : | Aravintha Babu P. K., Law Secretary, Law Department, Government of Kerala on behalf of Government of Kerala. |

I, Aravintha Babu P. K. hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

*Signature of Publisher.*

Date: 7-12-2019.






www.keralalawsect.org

നിയമധ്വനി

NIYAMADWANI

TITLE CODE KERMAL-15918

വാല്യം 5

RNI REG. No. KERMAL/2017/74542

ഡിസംബർ 2019

December 2019

DATE OF PUBLICATION

07-04-2019

ഇഷ്യു 3


